കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ജനപ്രാതിനിധ്യ ആക്റ്റ്, 1951

(1951-ലെ 43-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1977

വില:

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ജനപ്രാതിനിദ്ധ്യ ആക്ററ്, 1951

(1951-ലെ 43-ാം നമ്പർ ആക്ററ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1977

3/2140/76/J

# ജനപ്രാതിനിധ്യ ആക്റ്റ്, 1951

(1951-ലെ 43)

## വകുപ്പുകളുടെ വിന്യാസം

ഭാഗം I

പ്രാരംഭികം

വകുപ്പുകൾ

1. ചുരുക്കപ്പേര്.
2. വ്യാഖ്യാനം.

ഭാഗം II

### യോഗ്യതകളും അയോഗ്യതകളും

അദ്ധ്യായം I

### പാർലമെൻറിലെ അംഗത്വത്തിനുള്ള യോഗ്യതകൾ

3. രാജ്യസഭയിലെ അംഗത്വത്തിനുള്ള യോഗ്യതകൾ.
4. ലോകസഭയിലെ അംഗത്വത്തിനുള്ള യോഗ്യതകൾ.

അദ്ധ്യായം II

### സ്റ്റേററ് നിയമനിർമ്മാണ മണ്ഡലങ്ങളിലെ അംഗത്വത്തിനുള്ള യോഗ്യതകൾ

5. നിയമസഭയിലെ അംഗത്വത്തിനുള്ള യോഗ്യതകൾ.
6. നിയമസമിതിയിലെ അംഗത്വത്തിനുള്ള യോഗ്യതകൾ.

അദ്ധ്യായം III

### പാർലമെൻറിലേയും സ്റ്റേററ് നിയമനിർമ്മാണ മണ്ഡലങ്ങളിലേയും അംഗത്വത്തിനുള്ള അയോഗ്യതകൾ

7. നിർവ്വചനങ്ങൾ.
8. ചില കുററങ്ങൾക്ക് കുററസ്ഥാപനം ചെയ്യപ്പെടുന്നതിൻമേലുള്ള അയോഗ്യത.

8ക. അഴിമതി പ്രവൃത്തികൾ കാരണത്തിൻമേലുള്ള അയോഗ്യത.

9. അഴിമതിയ്ക്കോ കൂറില്ലായ്മയ്ക്കോ ഡിസ്മിസ് ചെയ്യപ്പെടുന്നതിനാലുള്ള അയോഗ്യത.

9ക. ഗവൺമെൻറ് കാൺട്രാക്റ്റുകൾ മുതലായവയാലുള്ള അയോഗ്യത.

10. ഗവൺമെൻറ് കമ്പനിയിൻകീഴിലെ ഉദ്യോഗത്താലുള്ള അയോഗ്യത.

10ക. തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് ബോധിപ്പിക്കാത്തതിനാലുള്ള അയോഗ്യത.

11. അയോഗ്യത നീക്കം ചെയ്യുകയോ അതിൻെറ കാലം കുറവു ചെയ്യുകയോ ചെയ്യുന്നത്.

## അദ്ധ്യായം IV

### വോട്ട് ചെയ്യുന്നതിനുള്ള അയോഗ്യതകൾ

11ക. കുററസ്ഥാപനത്തിൽ നിന്നും അഴിമതി പ്രവൃത്തികളിൽ നിന്നും ഉദ്ഭവിക്കുന്ന അയോഗ്യത.

11ഖ. അയോഗ്യതകൾ നീക്കംചെയ്യൽ.

## ഭാഗം III

### പൊതുതിരഞ്ഞെടുപ്പുകൾ വിജ്ഞാപനംചെയ്യൽ

12. രാജ്യസഭയിലേയ്ക്കുള്ള ദ്വൈവാർഷിക തിരഞ്ഞെടുപ്പ് വിജ്ഞാപനം ചെയ്യൽ.

13. [റദ്ദാക്കപ്പെട്ടു.]

14. ലോകസഭയിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം.

15. സ്റേററ് നിയമസഭയിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം.

15ക. നിയമസമിതികളിലേയ്ക്കുള്ള ചില തിരഞ്ഞെടുപ്പുകൾക്കുള്ള വിജ്ഞാപനം.

16. സ്റേററ് നിയമസമിതിയിലേയ്ക്കുള്ള ദ്വൈവാർഷിക തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം.

## ഭാഗം IV

### തിരഞ്ഞെടുപ്പുകളുടെ നടത്തിപ്പിനുള്ള ഭരണയന്ത്രം

19. നിർവ്വചനം.

19ക. തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകളുടെ പ്രത്യായോജനം.

20. മുഖ്യ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്മാരുടെ സാമാന്യ കർത്തവ്യങ്ങൾ.

20ക. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ സാമാന്യകർത്തവ്യങ്ങൾ.

21. വരണാധികാരികൾ.

22. അസിസ്ററന്റ് വരണാധികാരികൾ.

23. വരണാധികാരിയിൽ, വരണാധികാരിയുടെ ചുമതലകൾ നിർവ്വഹിക്കുന്ന അസിസ്ററന്റ് വരണാധികാരി ഉൾപ്പെടുമെന്ന്.

24. വരണാധികാരിയുടെ സാമാന്യകർത്തവ്യം.

25. നിയോജകമണ്ഡലങ്ങൾക്ക് പോളിങ്ങ്സ്റേറഷൻ ഏർപ്പെടുത്തൽ.

26. പോളിങ്ങ്സ്റേറഷനുകൾക്ക് പ്രിസൈഡിംഗ് ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നത്.

27. പ്രിസൈഡിങ്ങ്ഉദ്യോഗസ്ഥന്റെ സാമാന്യകർത്തവ്യം.

28. പോളിങ്ങ്ഉദ്യോഗസ്ഥന്റെ കർത്തവ്യങ്ങൾ.

29. ചില തിരഞ്ഞെടുപ്പുകളുടെ സംഗതിയിലെ പ്രത്യേക വ്യവസ്ഥകൾ.

## ഭാഗം V

## തിരഞ്ഞെടുപ്പുകളുടെ നടത്തിപ്പ്

### അദ്ധ്യായം I

### സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശം


30. നാമനിർദ്ദേശങ്ങൾ മുതലായവയ്ക്ക് തീയതികൾ നിശ്ചയിക്കൽ.
31. തിരഞ്ഞെടുപ്പിന്റെ പബ്ളിക് നോട്ടീസ്.
32. തിരഞ്ഞെടുപ്പിന് സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശം.
33. നാമനിർദ്ദേശപത്രം ബോധിപ്പിക്കലും സാധുവായ നാമനിർദ്ദേശത്തിനു വേണ്ട സംഗതികളും.
34. കെട്ടിവയ്പുകൾ.
35. നാമനിർദ്ദേശങ്ങളെക്കുറിച്ചുള്ള നോട്ടീസ്സും അവയുടെ സൂക്ഷ്മ പരിശോധനയ്ക്കുള്ള സമയവും സ്ഥലവും.
36. നാമനിർദ്ദേശപത്രങ്ങളുടെ സൂക്ഷ്മപരിശോധന.
37. സ്ഥാനാർത്ഥിത്വം പിൻവലിക്കൽ.
38. മൽസരിക്കുന്ന സ്ഥാനാർത്ഥികളുടെ ലിസ്ററ് പ്രസിദ്ധപ്പെടുത്തൽ.
39. മററു തിരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശം.


### അദ്ധ്യായം II

### സ്ഥാനാർത്ഥികളും അവരുടെ ഏജൻറുമാരും


40. തിരഞ്ഞെടുപ്പ് ഏജൻറുമാർ.
41. തിരഞ്ഞെടുപ്പ് ഏജൻറായിരിക്കുന്നതിനുള്ള അയോഗ്യത.
42. തിരഞ്ഞെടുപ്പ് ഏജൻറിന്റെ നിയമനം പിൻവലിക്കൽ അല്ലെങ്കിൽ മരണം.
43. [റദ്ദാക്കപ്പെട്ടു.]
44. [റദ്ദാക്കപ്പെട്ടു.]
45. തിരഞ്ഞെടുപ്പ് ഏജൻറുമാരുടെ ചുമതലകൾ.
46. വോട്ടെടുപ്പ് ഏജൻറുമാരുടെ നിയമനം.
47. വോട്ടെണ്ണൽ ഏജൻറുമാരുടെ നിയമനം.
48. ഒരു വോട്ടെടുപ്പ് ഏജൻറിൻേറയോ വോട്ടെണ്ണൽ ഏജൻറിൻേറയോ നിയമനം പിൻവലിക്കൽ, അല്ലെങ്കിൽ മരണം.
49. വോട്ടെടുപ്പ് ഏജൻറുമാരുടേയും വോട്ടെണ്ണൽ ഏജൻറുമാരുടേയും ചുമതലകൾ.
50. മൽസരിക്കുന്ന സ്ഥാനാർത്ഥിയോ അയാളുടെ തിരഞ്ഞെടുപ്പ് ഏജൻേറാ പോളിങ്ങ് സ്റേറഷനുകളിൽ ഹാജരാകുന്നതും വോട്ടെടുപ്പ് ഏജൻറിൻേറയോ വോട്ടെണ്ണൽ ഏജൻറിൻേറയോ ചുമതലകൾ നിർവ്വഹിക്കുന്നതും.
51. വോട്ടെടുപ്പ് ഏജൻറുമാരോ വോട്ടെണ്ണൽ ഏജൻറുമാരോ ഹാജരാകാതിരിക്കൽ.


### അദ്ധ്യായം III

### തിരഞ്ഞെടുപ്പുകളിലെ സാമാന്യ നടപടിക്രമം


52. വോട്ടെടുപ്പിന് മുമ്പ് സ്ഥാനാർത്ഥിയുടെ മരണം.
53. മൽസരമുള്ളവയും മൽസരമില്ലാത്തവയുമായ തിരഞ്ഞെടുപ്പുകളിലെ നടപടിക്രമം.
54. [റദ്ദാക്കപ്പെട്ടു.]

55. പട്ടികജാതികളിലേയോ പട്ടിക ഗോത്രവർഗ്ഗങ്ങളിലേയോ അംഗങ്ങൾക്ക്, ആ ജാതികൾക്കോ ഗോത്രവർഗ്ഗങ്ങൾക്കോ സംവരണം ചെയ്യപ്പെട്ടിട്ടില്ലാത്ത സ്ഥാനങ്ങൾ വഹിക്കുന്നതിനുള്ള അർഹത.
55ക. [റദ്ദാക്കപ്പെട്ടു.]

അദ്ധ്യായം IV

## വോട്ടെടുപ്പ്

56. വോട്ടെടുപ്പിന് സമയം നിജപ്പെടുത്തൽ.
57. അടിയന്തരാവസ്ഥകളിൽ വോട്ടെടുപ്പ് നീട്ടി വയ്ക്കുന്നത്.
58. ബാലററ് പെട്ടികൾ നശിപ്പിക്കപ്പെടൽ മുതലായവ ഉണ്ടായാൽ പുതിയ വോട്ടെടുപ്പ്.
59. തിരഞ്ഞെടുപ്പുകളിൽ വോട്ട് ചെയ്യുന്ന രീതി.
60. ചിലതരത്തിൽപ്പെട്ട ആളുകൾ വോട്ട് ചെയ്യുന്നതിനുള്ള പ്രത്യേക നടപടിക്രമം.
61. നിയോജകരുടെ ആൾമാറാട്ടം തടയുന്നതിനുള്ള പ്രത്യേക നടപടിക്രമം.
62. വോട്ട് ചെയ്യാനുള്ള അവകാശം.
63. [റദ്ദാക്കപ്പെട്ടു.]

അദ്ധ്യായം V

## വോട്ടെണ്ണൽ

64. വോട്ടെണ്ണൽ.
64ക. എണ്ണൽ സമയത്ത് ബാലററ് പേപ്പറുകളുടെ നാശം, നഷ്ടം മുതലായവ.
65. വോട്ടുകളുടെ സമത.
66. ഫലപ്രഖ്യാപനം.
67. ഫലം റിപ്പോർട്ട് ചെയ്യൽ.
67ക. സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെട്ട തീയതി.

അദ്ധ്യായം VI

## ബഹുപദീയ തിരഞ്ഞെടുപ്പുകൾ

68. പാർലമെൻറിൻെറ ഇരു സഭകളിലേയ്ക്കും തിരഞ്ഞെടുക്കപ്പെടുമ്പോൾ സ്ഥാനങ്ങൾ ഒഴിയുന്നത്.
69. പാർലമെൻറിൻെറ ഒരു സഭയിൽ മുമ്പേ അംഗങ്ങളായിരിക്കുന്ന ആളുകൾ മറേറ സഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്നതിൻമേൽ സ്ഥാനങ്ങൾ ഒഴിയുന്നത്.
70. പാർലമെൻറിൻെറ ഇരു സഭകളിൽ ഏതിലേയെങ്കിലുമോ ഒരു സ്റേററിലെ നിയമനിർമ്മാണമണ്ഡലത്തിൻെറ സഭയിലേയോ, ഇരു സഭകളിൽ ഏതിലേയെങ്കിലുമോ ഒന്നിലധികം സ്ഥാനങ്ങളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്നത്.

അദ്ധ്യായം VII

## തിരഞ്ഞെടുപ്പു ഫലങ്ങളും നാമനിർദ്ദേശങ്ങളും പ്രസിദ്ധപ്പെടുത്തുന്നത്

71. രാജ്യസഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകളുടെ ഫലങ്ങളും രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുന്ന ആളുകളുടെ പേരുകളും പ്രസിദ്ധപ്പെടുത്തുന്നത്.

72. [റദ്ദാക്കപ്പെട്ടു.]
73. ലോകസഭയിലേയ്ക്കും സ്റേററ് നിയമസഭകളിലേയ്ക്കും ഉള്ള പൊതു തിരഞ്ഞെടുപ്പുകളുടെ ഫലങ്ങഠം പ്രസിദ്ധപ്പെടുത്തുന്നത്.
74. സ്റേററ് നിയമസമിതിയിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകളുടെ ഫലങ്ങളും അങ്ങനെയുള്ള സമിതികളിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന ആളുകളുടെ പേരുകളും പ്രസിദ്ധപ്പെടുത്തുന്നത്.

അദ്ധ്യായം VIII

## തിരഞ്ഞെടുപ്പു ചെലവുകഠം

76. അദ്ധ്യായത്തിന്റെ ബാധകത.
77. തിരഞ്ഞെടുപ്പു ചെലവുകളുടെ കണക്കും പരമാവധി തിരഞ്ഞെടുപ്പു ചെലവും.
78. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെപക്കൽ കണക്ക് ഏല്പിക്കുന്നത്.

ഭാഗം VI

## തിരഞ്ഞെടുപ്പുകഠം സംബന്ധിച്ചുള്ള തർക്കങ്ങഠം

അദ്ധ്യായം I

## വ്യാഖ്യാനം

79. നിർവ്വചനങ്ങഠം.
80. തിരഞ്ഞെടുപ്പു ഹർജികഠം.
80ക. ഹൈക്കോടതി തിരഞ്ഞെടുപ്പു ഹർജികഠം വിചാരണ ചെയ്യണമെന്ന്.
81. ഹർജികഠം ബോധിപ്പിക്കുന്നത്.
82. ഹർജിയിലെ കക്ഷികഠം.
83. ഹർജിയിലെ ഉള്ളടക്കം.
84. ഹർജിക്കാരന് അവകാശപ്പെടാവുന്ന നിവൃത്തി.
85. [റദ്ദാക്കപ്പെട്ടു.]

അദ്ധ്യായം III

## തിരഞ്ഞെടുപ്പു ഹർജികളുടെ വിചാരണ

86. തിരഞ്ഞെടുപ്പു ഹർജികളുടെ വിചാരണ.
87. ഹൈക്കോടതി മുമ്പാകെയുള്ള നടപടിക്രമം.
93. രേഖാമൂലമായ തെളിവ്.
94. വോട്ട് ചെയ്യലിന്റെ രഹസ്യം അതിലംഘിക്കപ്പെടരുതെന്ന്.
95. ഉത്തരം കുററക്കാരനാക്കാവുന്ന ചോദ്യങ്ങഠംക്ക് ഉത്തരം പറയുന്നതും പരിത്രാണ സർട്ടിഫിക്കററും.
96. സാക്ഷികളുടെ ചെലവുകഠം.
97. സ്ഥാനം അവകാശപ്പെടുമ്പോഴുള്ള പ്രത്യാരോപണം.
98. ഹൈക്കോടതിയുടെ തീരുമാനം.
99. ഹൈക്കോടതി പാസ്സാക്കേണ്ട മററ് ഉത്തരവുകഠം.
100. തിരഞ്ഞെടുപ്പ് ശൂന്യമാണെന്ന് പ്രഖ്യാപിക്കുന്നതിനുവേണ്ട കാരണങ്ങഠം.
101. വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയല്ലാത്ത ഒരു സ്ഥാനാർത്ഥിയെ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കാവുന്നത് ഏതെല്ലാം കാരണങ്ങളിൻമേലെന്ന്.

102. വോട്ടുകൾ സമമായാലുള്ള നടപടിക്രമം.
103. ഹൈക്കോടതിയുടെ ഉത്തരവുകൾ അറിയിക്കുന്നത്.
104. [റദ്ദാക്കപ്പെട്ടു.]
105. [റദ്ദാക്കപ്പെട്ടു.]
106. ഉത്തരവ് സമുചിതാധികാരസ്ഥാനത്തിനും മററും അയച്ചുകൊടുക്കുന്നതും അതു പ്രസിദ്ധപ്പെടുത്തുന്നതും.
107. ഹൈക്കോടതിയുടെ ഉത്തരവുകളുടെ പ്രഭാവം.

അദ്ധ്യായം IV

## തിരഞ്ഞെടുപ്പു ഹർജ്ജികൾ പിൻവലിക്കുന്നതും അവയുടെ ഉപശമനവും

108. [റദ്ദാക്കപ്പെട്ടു.]
109. തിരഞ്ഞെടുപ്പ് ഹർജ്ജികൾ പിൻവലിക്കുന്നത്.
110. തിരഞ്ഞെടുപ്പു ഹർജ്ജികൾ പിൻവലിയ്ക്കുന്നതിനുള്ള നടപടിക്രമം.
111. പിൻവലിക്കലിനെക്കുറിച്ച് തിരഞ്ഞെടുപ്പു കമ്മിഷന് ഹൈക്കോടതി റിപ്പോർട്ട് ചെയ്യുന്നത്.
112. തിരഞ്ഞെടുപ്പ് ഹർജ്ജികളുടെ ഉപശമനം.
116. എതിർകക്ഷി മരിക്കുന്നതിൻമേൽ ഉപശമനം അല്ലെങ്കിൽ പകരം ചേർക്കൽ.

അദ്ധ്യായം IVക

## അപ്പീലുകൾ

116ക. സുപ്രീം കോടതിയിലേയ്ക്കുള്ള അപ്പീലുകൾ.
116ഖ. ഹൈക്കോടതിയുടെ ഉത്തരവിൻെറ പ്രവർത്തനം നിറുത്തി വയ്ക്കുന്നത്.
116ഗ. അപ്പീലിലെ നടപടിക്രമം.

അദ്ധ്യായം V

## കോടതിച്ചെലവും കോടതിച്ചെലവിനുള്ള ജാമ്യവും

117. കോടതിച്ചെലവിനുള്ള ജാമ്യം.
118. എതിർകക്ഷിയിൽനിന്ന് കോടതിച്ചെലവിനുള്ള ജാമ്യം.
119. കോടതിച്ചെലവ്.
121. ജാമ്യം കെട്ടിവച്ചതിൽനിന്ന് കോടതിച്ചെലവു കൊടുക്കുന്നതും, അങ്ങനെ കെട്ടിവച്ചത് മടക്കിക്കൊടുക്കുന്നതും.
122. കോടതിച്ചെലവു സംബന്ധിച്ച ഉത്തരവുകൾ നടത്തുന്നത്.

ഭാഗം VII

## അഴിമതിപ്രവൃത്തികളും തിരഞ്ഞെടുപ്പു കുററങ്ങളും

അദ്ധ്യായം I

## അഴിമതിപ്രവൃത്തികൾ

123. അഴിമതിപ്രവൃത്തികൾ.

ഭാഗം IX

## ഉപതിരഞ്ഞെടുപ്പുകൾ

147. രാജ്യസഭയിലെ യാദൃച്ഛിക ഒഴിവുകൾ.
148. [റദ്ദാക്കപ്പെട്ടു.]
149. ലോകസഭയിലെ യാദൃച്ഛിക ഒഴിവുകൾ.
150. സ്റ്റേററ് നിയമസഭകളിലെ യാദൃച്ഛിക ഒഴിവുകൾ.
151. സ്റ്റേററ് നിയമസമിതികളിലെ യാദൃച്ഛിക ഒഴിവുകൾ.

ഭാഗം X

## പലവക

152. സ്റ്റേററ് നിയമസഭകളിലേയും നിയോജകഗണങ്ങളിലേയും അംഗങ്ങളുടെ ലിസ്ററ് ബന്ധപ്പെട്ട വരണാധികാരികൾ വച്ചുപോരണമെന്ന്.
153. തിരഞ്ഞെടുപ്പിന്റെ പൂർത്തീകരണത്തിനു സമയം നീട്ടിക്കൊടുക്കൽ.
154. രാജ്യസഭയിലെ അംഗങ്ങളുടെ ഉദ്യോഗകാലാവധി.
155. രാജ്യസഭയിലെ അംഗങ്ങളുടെ ഉദ്യോഗകാലാവധിയുടെ പ്രാരംഭം.
156. സ്റ്റേററ് നിയമസമിതികളിലെ അംഗങ്ങളുടെ ഉദ്യോഗകാലാവധി.
157. നിയമസമിതിയിലെ അംഗങ്ങളുടെ ഉദ്യോഗകാലാവധിയുടെ പ്രാരംഭം.
158. സ്ഥാനാർത്ഥിയുടെ കെട്ടിവച്ച പണം മടക്കി കൊടുക്കുകയോ കണ്ടുകെട്ടുകയോ ചെയ്യുന്നത്.
159. ഏതൊരു തദ്ദേശാധികാരസ്ഥാനങ്ങളിലേയും സ്റ്റാഫ് തിരഞ്ഞെടുപ്പു പ്രവൃത്തിക്ക് ലഭ്യമാക്കപ്പെടണമെന്ന്.
160. തിരഞ്ഞെടുപ്പാവശ്യങ്ങൾക്കായി കെട്ടിട പരിസരങ്ങൾ, വാഹനങ്ങൾ മുതലായവയുടെ അധിഗ്രഹണം.
161. പ്രതികരംകൊടുക്കൽ.
162. വിവരം സമ്പാദിക്കാനുള്ള അധികാരം.
163. കെട്ടിട പരിസരങ്ങൾ മുതലായവയിൽ പ്രവേശിക്കാനും പരിശോധന നടത്തുവാനുമുള്ള അധികാരം.
164. അധിഗ്രഹിക്കപ്പെട്ട കെട്ടിട പരിസരങ്ങളിൽനിന്നുള്ള ഒഴിപ്പിക്കൽ.
165. അധിഗ്രഹണത്തിൽനിന്ന് കെട്ടിടപരിസരങ്ങൾ മോചിപ്പിക്കുന്നത്.
166. അധിഗ്രഹണം സംബന്ധിച്ച് സ്റ്റേററ് ഗവൺമെൻറിൻെറ ചുമതലകളുടെ പ്രത്യായോജനം.
167. അധിഗ്രഹണം സംബന്ധിച്ച് ഏതെങ്കിലും ഉത്തരവിന്റെ ഉല്ലംഘനത്തിനുള്ള ദണ്ഡനം.
168. [റദ്ദാക്കപ്പെട്ടു.]

ഭാഗം XI

## സാമാന്യം

169. ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം.
170. സിവിൽ കോടതികളുടെ അധികാരിതയ്ക്കു തടസ്സം.
171. [റദ്ദാക്കപ്പെട്ടു.]

# ജനപ്രാതിനിദ്ധ്യ ആക്റ്റ്, 1951

(1951-ലെ 43-ാം നമ്പർ ആക്റ്റ്)

പാർലമെൻറിന്റെ സഭകളിലേയ്ക്കുള്ളതും ഓരോ സ്റ്റേററിലേയും നിയമനിർമ്മാണ മണ്ഡലത്തിന്റെ സഭയിലേയ്ക്കോ സഭകളിലേയ്ക്കോ ഉള്ളതുമായ തിരഞ്ഞെടുപ്പുകളുടെ നടത്തിപ്പിനും, ആ സഭകളിലെ അംഗത്വത്തിനുള്ള യോഗ്യതകൾക്കും, അയോഗ്യതകൾക്കും, അങ്ങനെയുള്ള തിരഞ്ഞെടുപ്പുകളിലോ, അവ സംബന്ധിച്ചോ ഉള്ള അഴിമതിപ്രവൃത്തികൾക്കും മററു കുററങ്ങൾക്കും, അങ്ങനെയുള്ള തിരഞ്ഞെടുപ്പുകളിൽനിന്നോ അവ സംബന്ധിച്ചോ ഉത്ഭവിക്കുന്ന സംശയങ്ങളുടേയും തർക്കങ്ങളുടേയും തീരുമാനത്തിനും വേണ്ടി വ്യവസ്ഥ ചെയ്യുന്ന ആക്റ്റ്.

[1951 ജൂലൈ, 17]

പാർലമെൻറ് താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:

## ഭാഗം I

## പ്രാരംഭികം

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് ജനപ്രാതിനിദ്ധ്യ ആക്റ്റ്, 1951, എന്ന് പേർ പറയാവുന്നതാണ്.

2. വ്യാഖ്യാനം.—(1) ഈ ആക്റ്റിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) ജനപ്രാതിനിദ്ധ്യ ആക്റ്റ്, 1950-ലെ 2-ാം വകുപ്പിലോ, 27-ാം വകുപ്പ് (1)-ാം ഉപവകുപ്പിലോ നിർവ്വചിച്ചിട്ടുള്ളവയും, എന്നാൽ ഈ ആക്റ്റിൽ നിർവ്വചിക്കപ്പെട്ടിട്ടില്ലാത്തവയും ആയ പദങ്ങൾ ഓരോന്നിനും, ആ ആക്റ്റിലുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ഖ) "സമുചിതാധികാരസ്ഥാന"ത്തിന്, ലോകസഭയിലേയ്ക്കോ രാജ്യസഭയിലേയ്ക്കോ ഉള്ള തിരഞ്ഞെടുപ്പു സംബന്ധിച്ച് കേന്ദ്രഗവൺമെൻറ് എന്നും, നിയമസഭയിലേയ്ക്കോ നിയമസമിതിയിലേയ്ക്കോ ഉള്ള തിരഞ്ഞെടുപ്പ് സംബന്ധിച്ച് സ്റ്റേററ് ഗവൺമെൻറ് എന്നും അർത്ഥമാകുന്നു;

(ഖഖ) "മുഖ്യ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥ"ന്, ജനപ്രാതിനിദ്ധ്യ ആക്റ്റ്, 1950 (1950-ലെ 43)-ലെ 13ക വകുപ്പിൻ കീഴിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ഗ) "അഴിമതിപ്രവൃത്തി"ക്ക്, 123-ാം വകുപ്പിൽ വിനിർദ്ദേശിക്കുന്ന പ്രവൃത്തികളിൽ ഏതെങ്കിലും എന്നർത്ഥമാകുന്നു;

(ഗ്ഗ) "ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥ"ന്, ജനപ്രാതിനിധ്യ ആക്റ്റ്, 1950-ലെ 13കക വകുപ്പിൻ കീഴിൽ സ്ഥാന നിർദ്ദേശം ചെയ്യപ്പെടുന്നതോ നാമനിർദ്ദേശം ചെയ്യപ്പെടുന്നതോ ആയ ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ഘ) "തിരഞ്ഞെടുപ്പി"ന്, പാർലമെൻറിൻെറ ഇരു സഭകളിൽ ഏതിലേയെങ്കിലും അല്ലെങ്കിൽ ജമ്മു-കാശ്മീർ സ്റേററ് അല്ലാത്ത ഒരു സ്റേററിലെ നിയമനിർമ്മാണ മണ്ഡലത്തിൻെറ സഭയിലെ, ഇരു സഭകളിൽ ഏതിലേയെങ്കിലും സ്ഥാനമോ സ്ഥാനങ്ങളോ പൂരിപ്പിക്കുന്നതിനുള്ള തിരഞ്ഞെടുപ്പ് എന്നർത്ഥമാകുന്നു;

(ങ) "നിയോജക"ന്, ഒരു നിയോജകമണ്ഡലം സംബന്ധിച്ച് ആ നിയോജകമണ്ഡലത്തിൻെറ, തൽസമയം പ്രാബല്യത്തിലുള്ള തിരഞ്ഞെടുപ്പു പട്ടികയിൽ പേർ ചേർക്കപ്പെട്ടതും ജനപ്രാതിനിധ്യ ആക്റ്റ്, 1950 (1950-ലെ 43)-ലെ 16-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള അയോഗ്യതകളിൽ ഏതിനെങ്കിലും വിധേയനായിരിക്കാത്തതുമായ ആരം എന്നർത്ഥമാകുന്നു;

(ച) "നിർണ്ണയിക്കപ്പെടുന്ന" എന്നതിന്, ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നു;

(ഛ) "പൊതു ഒഴിവു ദിവസ"ത്തിന്, കൈമാറാവുന്ന പ്രമാണങ്ങരം ആക്റ്റ്, 1881 (1881-ലെ 26)-ലെ 25-ാം വകുപ്പിൻെറ ആവശ്യങ്ങരംക്ക് പൊതു ഒഴിവ് ദിവസമായ ഏതെങ്കിലും ദിവസം എന്നർത്ഥമാകുന്നു;

(ജ) "ഒപ്പിടുക" എന്നതിന്, തൻെറ പേര് എഴുതാൻ കഴിവില്ലാത്ത ഒരാളെ സംബന്ധിച്ച്, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ പ്രമാണീകരിക്കുക എന്നർത്ഥമാകുന്നു.

2. ഈ ആക്റ്റിൻെറ ആവശ്യങ്ങരംക്ക് പാർലമെൻററി നിയോജക മണ്ഡലം, നിയമസഭാ നിയോജകമണ്ഡലം, നിയമസമിതി നിയോജക മണ്ഡലം, തദ്ദേശാധികാര സ്ഥാനങ്ങളുടെ നിയോജകമണ്ഡലം, ബിരുദധാരികളുടെ നിയോജകമണ്ഡലം, അദ്ധ്യാപകരുടെ നിയോജകമണ്ഡലം എന്നിവ ഓരോന്നും ഒരു വ്യത്യസ്ത തരം നിയോജകമണ്ഡലമായി കണക്കാക്കപ്പെടുന്നതാകുന്നു.

3. ഏതെങ്കിലും അധികാരസ്ഥാനം പുറപ്പെടുവിക്കുന്നതോ ഉണ്ടാക്കുന്നതോ ആയ വിജ്ഞാപനമോ ഉത്തരവോ ചട്ടമോ പ്രഖ്യാപനമോ നോട്ടീസോ ലിസ്റ്റോ ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നുള്ള ഈ ആക്റ്റിൻ കീഴിലെ ഏതെങ്കിലും ആവശ്യപ്പെടലിന്, ഈ ആക്റ്റിൽ മററുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, ആ വിജ്ഞാപനമോ ഉത്തരവോ ചട്ടമോ പ്രഖ്യാപനമോ നോട്ടീസോ ലിസ്റ്റോ,—

(ക) അത് കേന്ദ്ര ഗവൺമെൻറ് പുറപ്പെടുവിക്കുന്നതോ ഉണ്ടാക്കുന്നതോ ആയിട്ടുള്ളിടത്ത്, ഇൻഡ്യാ ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും;

(ഖ) അത് ഒരു സ്റേററ് ഗവൺമെൻറ് പുറപ്പെടുവിക്കുന്നതോ ഉണ്ടാക്കുന്നതോ ആയിട്ടുള്ളിടത്ത്, ആ സ്റേററിലെ ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും;

(ഗ) അത് മറേറതെങ്കിലും അധികാരസ്ഥാനം പുറപ്പെടുവിക്കുന്നതോ ഉണ്ടാക്കുന്നതോ ആയിട്ടുള്ളിടത്ത്, അത് പാർലമെൻറിൻെറ ഇരുസഭകളിൽ ഏതിലെങ്കിലുമുള്ള തിരഞ്ഞെടുപ്പിനേയോ, അതിലെ അംഗത്വത്തേയോ സംബന്ധിക്കുന്നതാണെങ്കിൽ, ഇൻഡ്യാ ഗസററിലും, അത് ഒരു സ്റേററിലെ

നിയമനിർമ്മാണ മണ്ഡലത്തിൻെറ സഭയിലേയ്ക്കോ ഇരുസഭകളിൽ ഏതിലെ ങ്കെങ്കിലുമോ ഉള്ള തിരഞ്ഞെടുപ്പിനേയോ അതിലെ അംഗത്വത്തേയോ സംബന്ധിക്കുന്നതാണെങ്കിൽ ആ സ്റേററിലെ ഔദ്യോഗിക ഗസററിലും പ്രസിദ്ധപ്പെടുത്തുകയും,

ചെയ്യേണ്ടതാണെന്നുള്ള ഒരു ആവശ്യപ്പെടലായി അർത്ഥം കല്പിക്കുന്നതാണ്.

4. ഈ ആക്ററിലെ ഏതെങ്കിലും വ്യവസ്ഥകളിൽ ഏതിനെങ്കിലും കീഴിൽ, എന്തെങ്കിലും നിർണ്ണയിക്കപ്പെടേണ്ടതായിട്ടുള്ളിടത്ത്, വ്യത്യസ്ത സംഗതികൾക്കോ വ്യത്യസ്ത തരം സംഗതികൾക്കോ വ്യത്യസ്ത വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്.

5. ജമ്മു-കാശ്മീർ സ്റേററിൽ പ്രാബല്യത്തിലില്ലാത്ത ഒരു നിയമത്തെ ക്കുറിച്ചുള്ള ഈ ആക്ററിലെ ഏതെങ്കിലും പരാമർശത്തിന്, ആ സ്റേററിനെ സംബന്ധിച്ച്, ആ സ്റേററിൽ പ്രാബല്യത്തിലുള്ള തൽസ്ഥാനീയ നിയമം, വല്ലതും ഉണ്ടെങ്കിൽ, അതിനെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കല്പിക്കുന്നതാണ്.

## ഭാഗം II

## യോഗ്യതകളും അയോഗ്യതകളും

### അദ്ധ്യായം I

### പാർലമെൻറിലെ അംഗത്വത്തിനുള്ള യോഗ്യതകൾ

3. രാജ്യസഭയിലെ അംഗത്വത്തിനുള്ള യോഗ്യതകൾ.—രാജ്യസഭയിൽ, ഏതെങ്കിലും സ്റേററിൻേറയോ, യൂണിയൻ രാജ്യക്ഷേത്രത്തിൻേറയോ പ്രതിനിധിയായി വരണം ചെയ്യപ്പെടുന്നതിന്, ഒരാൾ, ആ സ്റേററിലേയോ രാജ്യക്ഷേത്രത്തിലേയോ ഒരു പാർലമെൻറ് നിയോജകമണ്ഡലത്തിലേയ്ക്കുള്ള നിയോജകൻ അല്ലാത്തപക്ഷം, യോഗ്യനായിരിക്കുന്നതല്ല.

4. ലോകസഭയിലെ അംഗത്വത്തിനുള്ള യോഗ്യതകൾ.—ഖ ഭാഗം ഗോത്രവർഗ്ഗ പ്രദേശങ്ങൾക്കായി തിരിച്ചുവച്ചിട്ടുള്ള സ്ഥാനം പൂരിപ്പിക്കുന്നതിന് വരണം ചെയ്യപ്പെടാൻ ഒരാൾ—

(ക) ഏതെങ്കിലും സ്റേററിൽ പട്ടികജാതികൾക്ക് സംവരണം ചെയ്തിട്ടുള്ള സ്ഥാനത്തിൻെറ സംഗതിയിൽ, അയാൾ പട്ടികജാതികളിൽ ഏതിലേയെങ്കിലും അംഗവും—ആ സ്റേററിലേയോ മറേറതെങ്കിലും സ്റേററിലേയോ ആയിരുന്നാലും—ഏതെങ്കിലും പാർലമെൻറ് നിയോജക മണ്ഡലത്തിനുള്ള നിയോജകനും ആയിരിക്കുകയും;

(ഖ) ഏതെങ്കിലും സ്റേററിൽ (ആസ്സാമിലെ സ്വയംഭരണാധികാരമുള്ള ജില്ലകളിലേതല്ലാത്ത) പട്ടികഗോത്രവർഗ്ഗങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള സ്ഥാനത്തിൻെറ സംഗതിയിൽ, അയാൾ പട്ടിക ഗോത്രവർഗ്ഗങ്ങളിൽ ഏതിലേയെങ്കിലും അംഗവും—ആ സ്റേററിലേയോ മറേറതെങ്കിലും സ്റേററിലേയോ ആയിരുന്നാലും (ആസ്സാമിലെ ഗോത്ര വർഗ്ഗ പ്രദേശങ്ങൾ ഒഴിച്ചുള്ളത്)—ഏതെങ്കിലും പാർലമെൻറ് നിയോജകമണ്ഡലത്തിനുള്ള നിയോജകനും ആയിരിക്കുകയും;

(ഗ) ആസ്സാമിലെ സ്വയംഭരണാധികാരമുള്ള ജില്ലകളിലെ പട്ടിക ഗോത്ര വർഗ്ഗങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള സ്ഥാനത്തിന്റെ സംഗതിയിൽ, അയാൾ ആ പട്ടികഗോത്രവർഗ്ഗങ്ങളിൽ ഏതിലേയെങ്കിലും അംഗവും, ആ സ്ഥാനം സംവരണം ചെയ്തിട്ടുള്ളത്, ഏതു പാർലമെന്റ് നിയോജക മണ്ഡലത്തിലാണോ, ആ നിയോജക മണ്ഡലത്തിനോ, അല്ലെങ്കിൽ അങ്ങനെയുള്ള സ്വയം ഭരണാധികാരമുള്ള ജില്ല ഉൾക്കൊള്ളുന്ന മറ്റേതെങ്കിലും പാർലമെന്റ് നിയോജക മണ്ഡലത്തിനോ ഉള്ള നിയോജകനും ആയിരിക്കുകയും;

(ഗഗ) "ലക്ഷദ്വീപും മിനിക്കോയിയും അമിൻദിവിയും ദ്വീപുകൾ" യൂണിയൻ രാജ്യക്ഷേത്രത്തിലെ പട്ടിക ഗോത്രവർഗ്ഗങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള സ്ഥാനത്തിന്റെ സംഗതിയിൽ, അയാൾ ആ പട്ടികഗോത്ര വർഗ്ഗങ്ങളിൽ ഏതിലേയെങ്കിലും അംഗവും, ആ യൂണിയൻ രാജ്യക്ഷേത്രത്തിലെ പാർലമെന്റ് നിയോജക മണ്ഡലത്തിനുള്ള നിയോജകനും ആയിരിക്കുകയും;

(ഘ) മറ്റേതെങ്കിലും സ്ഥാനത്തിന്റെ സംഗതിയിൽ, അയാൾ ഏതെങ്കിലും പാർലമെന്റ് നിയോജക മണ്ഡലത്തിനുള്ള നിയോജകൻ ആയിരിക്കുകയും;

ചെയ്യാത്തപക്ഷം, യോഗ്യനായിരിക്കുന്നതല്ല.

## അദ്ധ്യായം II

## സ്റ്റേററ് നിയമനിർമ്മാണ മണ്ഡലങ്ങളിലെ അംഗത്വത്തിനുള്ള യോഗ്യതകൾ

5. നിയമസഭയിലെ അംഗത്വത്തിനുള്ള യോഗ്യതകൾ.—ഒരു സ്റ്റേററിലെ നിയമസഭയിലെ ഒരു സ്ഥാനം പൂരിപ്പിക്കുന്നതിന് വരണം ചെയ്യപ്പെടാൻ ഒരാൾ,—

(ക) ആ സ്റ്റേററിലെ പട്ടികജാതികൾക്കോ, പട്ടികഗോത്രവർഗ്ഗങ്ങൾക്കോ സംവരണം ചെയ്തിട്ടുള്ള സ്ഥാനത്തിന്റെ സംഗതിയിൽ, അയാൾ, അതതു സംഗതിപോലെ, ആ ജാതികളിൽ ഏതിലേയെങ്കിലുമോ, ആ ഗോത്ര വർഗ്ഗങ്ങളിൽ ഏതിലേയെങ്കിലുമോ അംഗവും, ആ സ്റ്റേററിലെ ഏതെങ്കിലും നിയമസഭാ നിയോജകമണ്ഡലത്തിനുള്ള നിയോജകനും ആയിരിക്കുകയും;

(ഖ) ആസ്സാമിലെ സ്വയംഭരണാവകാശമുള്ള ഒരു ജില്ലയ്ക്ക് സംവരണം ചെയ്തിട്ടുള്ളതും ഏതു സ്ഥാനത്തിനുള്ള നിയോജകമണ്ഡലമാണോ ഷില്ലോങ്ങ് കൻേറാൺമെൻറും മുൻസിപ്പാലിററിയും ഉൾക്കൊള്ളുന്നത്, ആ സ്ഥാനമല്ലാത്തതുമായ സ്ഥാനത്തിന്റെ സംഗതിയിൽ, അയാൾ സ്വയം ഭരണാവകാശമുള്ള ഏതെങ്കിലും ജില്ലയിലെ ഒരു പട്ടികഗോത്രവർഗ്ഗത്തിലെ അംഗവും, ആ ജില്ലയ്ക്കു വേണ്ടി അങ്ങനെയുള്ള സ്ഥാനമോ മറ്റേതെങ്കിലും സ്ഥാനമോ സംവരണം ചെയ്തിട്ടുള്ളത് ഏത് നിയമസഭാ നിയോജകമണ്ഡലത്തിലാണോ, ആ നിയോജ കമണ്ഡലത്തിലുള്ള നിയോജകനും ആയിരിക്കുകയും;

(ഗ) മറ്റേതെങ്കിലും സ്ഥാനത്തിന്റെ സംഗതിയിൽ, അയാൾ സ്റ്റേററിലെ ഏതെങ്കിലും നിയമസഭാ നിയോജകമണ്ഡലത്തിനുള്ള നിയോജകൻ ആയിരിക്കുകയും;

ചെയ്യാത്തപക്ഷം, യോഗ്യനായിരിക്കുന്നതല്ല:

എന്നാൽ, 371ക അനുച്ഛേദം, (2)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള കാലത്തേയ്ക്ക്, നാഗാലാൻഡിലെ നിയമസഭയിൽ റ്യൂൻസാങ്ങ് ജില്ലയ്ക്കായി തിരിച്ചുവച്ചിട്ടുള്ള സ്ഥാനം പൂരിപ്പിക്കുന്നതിന് വരണം ചെയ്യപ്പെടാൻ, ഒരാരം ആ അനുച്ഛേദത്തിൽ പരാമർശിച്ചിട്ടുള്ള പ്രാദേശിക സമിതിയിൽ അംഗമല്ലാത്ത പക്ഷം, യോഗ്യനായിരിക്കുന്നതല്ല.

6. നിയമസമിതിയിലെ അംഗത്വത്തിനുള്ള യോഗ്യതകരം.—(1) ഒരു സ്റേററിലെ നിയമസഭയിൽ തിരഞ്ഞെടുപ്പുവഴി പൂരിപ്പിക്കേണ്ട സ്ഥാനം പൂരിപ്പിക്കപ്പെടുന്നതിന് വരണം ചെയ്യപ്പെടാൻ, ഒരാരം ആ സ്റേററിലെ ഏതെങ്കിലും നിയമസഭാനിയോജകമണ്ഡലത്തിനുള്ള നിയോജകൻ അല്ലാത്തപക്ഷം, യോഗ്യനായിരിക്കുന്നതല്ല.

(2) ഒരു സ്റേററിലെ നിയമസമിതിയിൽ ഗവർണ്ണരാൽ നാമനിർദ്ദേശം വഴി പൂരിപ്പിക്കേണ്ട സ്ഥാനം പൂരിപ്പിക്കുന്നതിന് വരണം ചെയ്യപ്പെടാൻ, ഒരാരം, ആ സ്റേററിൽ സാധാരണ താമസക്കാരനല്ലാത്ത പക്ഷം, യോഗ്യനായിരിക്കുന്നതല്ല.

## അദ്ധ്യായം III

## പാർലമെൻറിലേയും സ്റേററ് നിയമനിർമ്മാണ മണ്ഡലങ്ങളിലേയും അംഗത്തിനുള്ള അയോഗ്യതകരം

7. നിർവ്വചനങ്ങരം.—ഈ അദ്ധ്യായത്തിൽ,—

(ക) "സമുചിത ഗവൺമെൻറി"ന്, പാർലമെൻറിലെ ഇരുസഭകളിൽ ഏതിലെങ്കിലും അംഗമായിവരണം ചെയ്യപ്പെടുന്നതിനോ അംഗമായിരിക്കുന്നതിനോ ഉള്ള ഏതെങ്കിലും അയോഗ്യത സംബന്ധിച്ച് കേന്ദ്രഗവൺമെൻറ് എന്നും ഒരു സ്റേററിലെ നിയമസഭയിലേയോ നിയമസമിതിയിലേയോ അംഗമായി വരണം ചെയ്യപ്പെടുന്നതിനോ, അംഗമായിരിക്കുന്നതിനോ ഉള്ള ഏതെങ്കിലും അയോഗ്യത സംബന്ധിച്ച്, സ്റേററ് ഗവൺമെൻറ് എന്നും അർത്ഥമാകുന്നു.

(ഖ) "അയോഗ്യനാവുക" എന്നതിന്; പാർലമെൻറിലെ ഇരുസഭകളിൽ ഏതിലേയെങ്കിലുമോ, അല്ലെങ്കിൽ ഒരു സ്റേററിലെ നിയമസഭയിലേയോ നിയമസമിതിയിലേയോ അംഗമായിവരണം ചെയ്യപ്പെടുന്നതിനോ, അംഗമായിരിക്കുന്നതിനോ, അയോഗ്യനാവുക എന്ന് അർത്ഥമാകുന്നു.

8. ചില കുററങ്ങരംക്ക് കുററസ്ഥാപനം ചെയ്യപ്പെടുന്നതിനുമേലുള്ള അയോഗ്യത.—(1) ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)-യിലെ 171ങ വകുപ്പിനോ, 171 ച വകുപ്പിനോ കീഴിലോ, ഈ ആക്ററിലെ 125-ാം വകുപ്പിനോ, 135-ാം വകുപ്പിനോ, 136-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിനോ കീഴിലോ ശിക്ഷിക്കപ്പെടാവുന്ന കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെടുന്ന ആരം അങ്ങനെയുള്ള കുററസ്ഥാപനത്തിന്റെ തീയതിമുതൽ ആറുവർഷക്കാലത്തേയ്ക്ക് അയോഗ്യനായിരിക്കുന്നതാണ്.

(2) ഇൻഡ്യയിലെ ഒരു കോടതിയാൽ, ഏതെങ്കിലും കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെടുകയും, രണ്ടുവർഷത്തിൽ കുറയാത്ത കാലത്തെ തടവ് ശിക്ഷ വിധിക്കപ്പെടുകയും ചെയ്യുന്ന ആരം, അങ്ങനെയുള്ള കുററസ്ഥാപനത്തിന്റെ തീയതി മുതൽ അയോഗ്യനായിരിക്കുന്നതും, അയാളുടെ മോചനത്തിന് ശേഷം അഞ്ചുവർഷക്കാലത്തേയ്ക്കുകൂടി അയോഗ്യനായി തുടരുന്നതുമാണ് :

എന്നാൽ പൂഴ്ത്തിവയ്ക്കുന്നതോ, കൊള്ളലാഭമെടുക്കുന്നതോ, ഭക്ഷണത്തിലോ മരുന്നിലോ മായം ചേർക്കുന്നതോ തടയാൻ വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും നിയമത്തിന്റെ ലംഘനത്തിന് ഇൻഡ്യയിലെ ഏതെങ്കിലും കോടതിയാൽ കുററസ്ഥാപനം ചെയ്യപ്പെടുകയും ആറുമാസത്തിൽ കുറയാത്ത കാലത്തെ തടവുശിക്ഷ വിധിക്കപ്പെടുകയും ചെയ്യുന്ന ആൾ, അങ്ങനെയുള്ള കുററസ്ഥാപനത്തിന്റെ തീയതി മുതൽ അയോഗ്യനായിരിക്കുന്നതും, അയാളുടെ മോചനത്തിനുശേഷം അഞ്ചുവർഷക്കാലത്തേയ്ക്ക് കൂടി അയോഗ്യനായി തുടരുന്നതും ആകുന്നു.

(3) (1)-ാം ഉപവകുപ്പിലും (2)-ാം ഉപവകുപ്പിലും, എന്തുതന്നെയിരുന്നാലും, ആ ഉപവകുപ്പുകളിൽ ഏതിനെങ്കിലും കീഴിലുള്ള ഒരു അയോഗ്യത, കുററസ്ഥാപനത്തീയതി, പാർലമെൻറിലേയോ, ഒരു സ്റേററിലെ നിയമനിർമ്മാണമണ്ഡലത്തിലേയോ അംഗമായിട്ടുള്ള ഒരാളുടെ സംഗതിയിൽ, ആ തീയതി മുതൽ മൂന്നുമാസം കഴിയുന്നതുവരേയോ, അല്ലെങ്കിൽ ആ കാലത്തിനുള്ളിൽ, കുററസ്ഥാപനത്തേയോ ശിക്ഷാവിധിയേയോ സംബന്ധിച്ച് ഒരു അപ്പീലോ റിവിഷനപേക്ഷയോ കൊണ്ടുവരുന്ന പക്ഷം, കോടതി ആ അപ്പീലോ അപേക്ഷയോ തീർപ്പാക്കുന്നതുവരേയോ ഫലത്തിൽ വരുന്നതല്ല.

വിശദീകരണം.—ഈ വകുപ്പിൽ,—

(ക) "പൂഴ്ത്തി വയ്ക്കുന്നതോ കൊള്ളലാഭമെടുക്കുന്നതോ തടയാൻ വ്യവസ്ഥ ചെയ്യുന്ന നിയമം" എന്നതിന്,—

(i) ഏതെങ്കിലും അവശ്യസാധനത്തിന്റെ ഉത്പാദനമോ നിർമ്മാണമോ ക്രമപ്പെടുത്തുന്നതിനോ ;

(ii) ഏതെങ്കിലും അവശ്യസാധനം ഏതുവിലയ്ക്കാണോ വാങ്ങുകയോ വില്ക്കുകയോ ചെയ്യാവുന്നത്, ആ വില നിയന്ത്രിക്കുന്നതിനോ;

(iii) ഏതെങ്കിലും അവശ്യസാധനത്തിന്റെ ആർജ്ജനമോ, കൈവശമോ, സ്റേറാർ ചെയ്യലോ, പരിവഹണമോ, വിതരണമോ, വ്യയനമോ, ഉപയോഗമോ, ഉപഭോഗമോ ക്രമപ്പെടുത്തുന്നതിനോ;

(iv) സാധാരണമായി വില്പനയ്ക്ക് വയ്ക്കപ്പെടുന്ന ഏതെങ്കിലും അവശ്യസാധനം വില്ക്കാതെ വയ്ക്കുന്നത് നിരോധിക്കുന്നതിനോ;

വ്യവസ്ഥചെയ്യുന്ന ഏതെങ്കിലും നിയമമോ, നിയമത്തിന്റെ ബലമുള്ള ഏതെങ്കിലും ഉത്തരവോ ചട്ടമോ വിജ്ഞാപനമോ എന്നർത്ഥമാകുന്നു;

(ഖ) "മരുന്നി"ന്, മരുന്നുകളും ചമയക്കൂട്ടുകളും ആക്ററ്, 1940 (1940-ലെ 23)-ൽ അതിന് നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ഗ) "അവശ്യസാധന"ത്തിന്, അവശ്യസാധന ആക്ററ്, 1955 (1955-ലെ 10)-ൽ അതിന് നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ഘ) "ഭക്ഷണ"ത്തിന്, ഭക്ഷണത്തിൽ മായം ചേർക്കൽ തടയൽ ആക്ററ്, 1954 (1954-ലെ 37)-ൽ അതിന് നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

8 ക. <u>അഴിമതി പ്രവൃത്തികൾ കാരണത്തിൻമേലുള്ള അയോഗ്യത.</u>—(1) 99-ാം വകുപ്പിൻകീഴിലെ ഒരു ഉത്തരവിനാൽ അഴിമതി പ്രവൃത്തിയ്ക്ക് അപരാധിയായി കാണപ്പെടുന്ന ഏതൊരാളുടെ കേസ്സും, കേന്ദ്ര ഗവൺമെൻറ് ഇതിലേയ്ക്കു വിനിർദ്ദേശിക്കുന്ന അധികാരസ്ഥാനം, ആ ഉത്തരവ്

പ്രാബല്യത്തിൽ വരുന്നതിനുശേഷം ആകുന്നത്രവേഗത്തിൽ, അങ്ങനെയുള്ള ആരാ അയോഗ്യനായിരിക്കുമോ എന്നും, അയോഗ്യനായിരിക്കുമെങ്കിൽ എത്ര കാലത്തേക്കെന്നും ഉള്ള പ്രശ്നം തീർപ്പാക്കുന്നതിനായി രാഷ്ട്രപതിക്ക് സമർപ്പിക്കേണ്ടതാകുന്നു:

എന്നാൽ, ഈ ഉപവകുപ്പിൻകീഴിൽ ഒരാരം അയോഗ്യനായിരിക്കാവുന്ന കാലാവധി യാതൊരു സംഗതിയിലും, അയാളെ സംബന്ധിച്ചുള്ള 99-ാം വകുപ്പിൻകീഴിലെ ഉത്തരവു പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ആറു വർഷത്തിൽ കവിയാൻ പാടുള്ളതല്ല.

(2) തിരഞ്ഞെടുപ്പു നിയമങ്ങരം (ഭേദഗതി) ആക്റ്റ്, 1975-ന്റെ പ്രാരംഭത്തിനു തൊട്ടുമുൻപ് നിലവിലുണ്ടായിരുന്ന പ്രകാരമുള്ള ഈ ആക്റ്റ്, 8 ക വകുപ്പിൻകീഴിൽ അയോഗ്യനായി നില്ക്കുന്ന ഏതെങ്കിലും ആരാക്ക്, അങ്ങനെയുള്ള അയോഗ്യതയുടെ കാലാവധി കഴിഞ്ഞിട്ടില്ലെങ്കിൽ അങ്ങനെയുള്ള അയോഗ്യത ആ കാലാവധിയുടെ, കഴിയാൻ ബാക്കിയുള്ള ഭാഗം കാലത്തേക്കു നീക്കം ചെയ്യുന്നതിന് രാഷ്ട്രപതിക്ക് ഹർജി സമർപ്പിക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും പ്രശ്നത്തിൻമേലോ 2-ാം ഉപവകുപ്പിൻകീഴിൽ സമർപ്പിക്കുന്ന ഏതെങ്കിലും ഹർജിയിൻമേലോ തന്റെ തീരുമാനം നല്കുന്നതിനുമുൻപ്, രാഷ്ട്രപതി ആ പ്രശ്നത്തിൻമേലോ ഹർജിയിൻമേലോ തിരഞ്ഞെടുപ്പുകമ്മീഷന്റെ അഭിപ്രായം നേടേണ്ടതും ആ അഭിപ്രായം അനുസരിച്ച് പ്രവർത്തിക്കേണ്ടതും ആകുന്നു.

9. <u>അഴിമതിയ്ക്കോ കൂറില്ലായ്മയ്ക്കോ ഡിസ്മിസ്സ് ചെയ്യപ്പെടുന്നതിനാലുള്ള അയോഗ്യത.</u>—(1) ഇൻഡ്യാ ഗവൺമെൻറിന്റേയോ, ഏതെങ്കിലും സ്റ്റേററ് ഗവൺമെൻറിന്റേയോ കീഴിൽ ഒരു ഉദ്യോഗം വഹിച്ചിരുന്നിരിക്കെ, അഴിമതിയ്ക്കോ സ്റ്റേററിനോടുള്ള കൂറില്ലായ്മയ്ക്കോ ഡിസ്മിസ്സ് ചെയ്യപ്പെടുന്ന ഒരാരം, അങ്ങനെ ഡിസ്മിസ്സ് ചെയ്യപ്പെടുന്ന തീയതി മുതൽ അഞ്ചു കൊല്ലക്കാലത്തേയ്ക്ക് അയോഗ്യനായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങരംക്ക്, ഒരാരം, ഇൻഡ്യാഗവൺമെൻറിന്റേയോ സ്റ്റേററ് ഗവൺമെൻറിന്റേയോ കീഴിൽ ഉദ്യോഗം വഹിച്ചിരുന്നിരിക്കെ, അഴിമതിയ്ക്കോ സ്റ്റേററിനോടുള്ള കൂറില്ലായ്മയ്ക്കോ ഡിസ്മിസ്സ് ചെയ്യപ്പെട്ടു എന്നോ ഡിസ്മിസ്സ് ചെയ്യപ്പെട്ടിട്ടില്ലെന്നോ ഉള്ള അർത്ഥത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ നല്കുന്ന ഒരു സർട്ടിഫിക്കററ്, ആ വസ്തുതയുടെ നിശ്ചായകത്തെളിവിക്കലായിരിക്കുന്നതാണ്:

എന്നാൽ, ഒരാരം അഴിമതിയ്ക്കോ, സ്റ്റേററിനോടുള്ള കൂറില്ലായ്മയ്ക്കോ ഡിസ്മിസ്സ് ചെയ്യപ്പെട്ടിട്ടുണ്ടെന്നുള്ള അർത്ഥത്തിൽ യാതൊരു സർട്ടിഫിക്കററും, അങ്ങനെയുള്ള ആരാക്ക് പറയുവാനുള്ളത് പറയുവാൻ അവസരം കൊടുത്തിട്ടില്ലാത്തപക്ഷം, നല്കാവുന്നതല്ല.

9 ക. <u>ഗവൺമെൻറ് കാൺട്രാക്ററുകരം മുതലായവയാലുള്ള അയോഗ്യത.</u>—സമുചിതഗവൺമെൻറിന് സാമാനങ്ങരം സംഭരിച്ചുകൊടുക്കുന്നതിനോ, അല്ലെങ്കിൽ ആ ഗവൺമെൻറ് ഏറെറടുത്തിട്ടുള്ള ഏതെങ്കിലും പണിയുടെ നിർവ്വഹണത്തിനോ, ആ ഗവൺമെൻറുമായി തന്റെ വ്യാപാരത്തിന്റേയോ ബിസിനസ്സിന്റേയോ ഗതിയിൽ താൻ ഏർപ്പെട്ടിട്ടുള്ള ഒരു കാൺട്രാക്ററ് നിലവിലിരിക്കുന്നപക്ഷവും നിലവിലിരിക്കുന്നിടത്തോളവും, ഒരാരം അയോഗ്യനായിരിക്കുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്, സമുചിതഗവൺമെന്റുമായി ഒരു കാൺട്രാക്ററിൽ ഏർപ്പെട്ടിട്ടുള്ള ഒരാൾ അത് പൂർണ്ണമായി നിർവ്വഹിച്ചിട്ടുള്ളിടത്ത്, ഗവൺമെന്റ് ആ കാൺട്രാക്ററിലെ, അതിന്റെ ഭാഗം, പൂർണ്ണമായോ ഭാഗികമായോ നിർവ്വഹിച്ചിട്ടില്ല എന്ന കാരണത്താൽ മാത്രം, ആ കാൺട്രാക്റ്റ് നിലവിലുള്ളതായി കരുതപ്പെടുന്നതല്ല.

10. ഗവൺമെന്റ് കമ്പനിയിൻകീഴിലെ ഉദ്യോഗത്താലുള്ള അയോഗ്യത.—സമുചിതഗവൺമെന്റിന് മൂലധനത്തിൽ ഇരുപത്തഞ്ചു ശതമാനത്തിൽ കുറയാതെ ഓഹരിയുള്ള ഏതെങ്കിലും കമ്പനിയുടേയോ, (സഹകരണസംഘമല്ലാത്ത) ഏകാംഗയോഗത്തിന്റേയോ, മാനേജിങ്ങ് ഏജന്റോ മാനേജരോ സെക്രട്ടറിയോ ആയിരിക്കുന്നപക്ഷവും ആയിരിക്കുന്നിടത്തോളവും ഒരാൾ അയോഗ്യനായിരിക്കുന്നതാണ്.

10ക. തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് ബോധിപ്പിക്കാത്തതിനാലുള്ള അയോഗ്യത.—ഒരാൾ,—

(ക) ഈ ആക്ററ്, അല്ലെങ്കിൽ ആക്ററിൻ കീഴിൽ ആവശ്യപ്പെടുന്ന സമയത്തിനുള്ളിലും രീതിയിലും തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് ബോധിപ്പിക്കാതിരുന്നിട്ടുണ്ടെന്നും,

(ഖ) അങ്ങനെ ബോധിപ്പിക്കാതിരിക്കാൻ അയാൾക്കു തക്കകാരണമോ ന്യായീകരണമോ ഇല്ലെന്നും ബോദ്ധ്യപ്പെടുന്നുവെങ്കിൽ, തിരഞ്ഞെടുപ്പു കമ്മീഷൻ, അയാൾ അയോഗ്യനാണെന്ന് ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവുവഴി, പ്രഖ്യാപിക്കേണ്ടതും, അങ്ങനെയുള്ള ഏതൊരാളും, ആ ഉത്തരവിന്റെ തീയതി മുതൽ മൂന്നു വർഷക്കാലത്തേയ്ക്ക് അയോഗ്യനായിരിക്കുന്നതും ആണ്.

11. അയോഗ്യത നീക്കം ചെയ്യുകയോ അതിന്റെ കാലം കുറവുചെയ്യുകയോ ചെയ്യുന്നത്.—തിരഞ്ഞെടുപ്പ് കമ്മീഷന് റിക്കാർഡാക്കേണ്ട കാരണങ്ങളാൽ, ഈ അദ്ധ്യായത്തിൻകീഴിലെ, (8ക വകുപ്പിൻകീഴിലേതൊഴികെയുള്ള) ഏതെങ്കിലും അയോഗ്യത നീക്കം ചെയ്യുകയോ, അങ്ങനെയുള്ള ഏതെങ്കിലും അയോഗ്യതയുടെ കാലം കുറവു ചെയ്യുകയോ ചെയ്യാവുന്നതാണ്.

## അദ്ധ്യായം IV

## വോട്ട്ചെയ്യുന്നതിനുള്ള അയോഗ്യതകൾ

11ക. കുററസ്ഥാപനത്തിൽനിന്നും അഴിമതിപ്രവൃത്തികളിൽ നിന്നും ഉദ്ഭവിക്കുന്ന അയോഗ്യത.—(1) ഈ ആക്ററിന്റെ പ്രാരംഭത്തിന് ശേഷം ഏതെങ്കിലും ആൾ,—

(ക) ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)-യിലെ 171 ഒ വകുപ്പിനോ 171 ച വകുപ്പിനോ കീഴിലോ, അല്ലെങ്കിൽ ഈ ആക്ററിലെ 125-ാം വകുപ്പിനോ 135-ാം വകുപ്പിനോ 136-ാം വകുപ്പിലെ (2)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിനോ കീഴിലോ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെടുന്നുവെങ്കിൽ, അയാൾ കുററസ്ഥാപനത്തിന്റെ തീയതി മുതല്ക്കോ. ആ ഉത്തരവ് ഫലത്തിൽ വരുന്ന തീയതിമുതല്ക്കോ ആറു വർഷക്കാലത്തേക്ക് ഏതെങ്കിലും തിരഞ്ഞെടുപ്പിൽ വോട്ടു ചെയ്യുന്നതിന് അയോഗ്യനായിരിക്കുന്നതാണ്.

(2) 8ക വകുപ്പിൻകീഴിലെ രാഷ്ട്രപതിയുടെ ഒരു തീരുമാനത്താൽ ഏതെങ്കിലും കാലത്തേയ്ക്ക് അയോഗ്യനായിരിക്കുന്ന ഏതെങ്കിലും ആരം, അതേകാലത്തേക്ക് ഏതെങ്കിലും തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യുന്നതിന് അയോഗ്യനായിരിക്കുന്നതാണ്.

(3) 8ക വകുപ്പു (2)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും ആരം സമർപ്പിക്കുന്ന ഹർജിയിൻമേലുള്ള, പാർലമെൻറിൻെറ ഇരു സഭകളിൽ ഏതിൻേറയെങ്കിലുമോ, ഒരു സ്റേററിൻെറ നിയമസഭയിലേയോ നിയമസമതിയിലേയോ അംഗമായി വരണം ചെയ്യപ്പെടാനോ അംഗമായിരിക്കാനോ ഉള്ള ഏതെങ്കിലും അയോഗ്യതസംബന്ധിച്ച രാഷ്ട്രപതിയുടെ തീരുമാനം, ആകുന്നത്ര, തിരഞ്ഞെടുപ്പു നിയമങ്ങരം (ഭേദഗതി) ആക്ററ്, 1975-ന് തൊട്ടുമുൻപ് നിലവിലുണ്ടായിരുന്ന പ്രകാരമുള്ള ഈ ആക്ററ് 11ക വകുപ്പ് (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൻ കീഴിൽ അയാരംക്ക് നേരിട്ടിട്ടുള്ള ഏതെങ്കിലും തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനുള്ള അയോഗ്യത സംബന്ധിച്ച്, ആ തീരുമാനം മുൻപറഞ്ഞ വോട്ട് ചെയ്യാനുള്ള അയോഗ്യതസംബന്ധിച്ചുകൂടി ഉള്ളതായിരുന്നാലെന്നപോലെ ബാധകമായിരിക്കുന്നതാണ്.

11 ഖ. <u>അയോഗ്യതകരം നീക്കം ചെയ്യൽ.</u>—തിരഞ്ഞെടുപ്പ് കമ്മീഷന്, റിക്കാർഡാക്കേണ്ട കാരണങ്ങളാൽ, 11 ക വകുപ്പ് (1)-ാം ഉപ വകുപ്പിൻ കീഴിലെ ഏത് അയോഗ്യതയും നീക്കം ചെയ്യാവുന്നതാണ്.

## ഭാഗം III

## പൊതു തെരഞ്ഞെടുപ്പുകരം വിജ്ഞാപനം ചെയ്യൽ

12. <u>രാജ്യസഭയിലേക്കുള്ള ദൈ്വ വാർഷിക തെരഞ്ഞെടുപ്പ് വിജ്ഞാപനം ചെയ്യൽ.</u>—തങ്ങളുടെ ഉദ്യോഗ കാലാവധി അവസാനിക്കുന്നതോടെ സ്ഥാനം ഒഴിയുന്ന രാജ്യസഭാംഗങ്ങളുടെ സ്ഥാനങ്ങരം പൂരിപ്പിക്കുന്നതിന്, രാഷ്ട്രപതി തിരഞ്ഞെടുപ്പു കമ്മീഷൻ ശിപാർശ ചെയ്യുന്ന തീയതിയിലോ തീയതികളിലോ ഇൻഡ്യാ ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന ഒന്നോ അതിലധികമോ വിജ്ഞാപനംവഴി, ബന്ധപ്പെട്ട ഓരോ സ്റേററിലേയും, അതതു സംഗതിപോലെ, തിരഞ്ഞെടുക്കപ്പെട്ട നിയമസഭാംഗങ്ങളോടോ നിയോജക ഗണത്തിലെ അംഗങ്ങളോടോ, ഈ ആക്ററിലേയും അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയും ഉത്തരവുകളിലേയും വ്യവസ്ഥകരം അനുസരിച്ച് അംഗങ്ങളെ തിരഞ്ഞെടുക്കാൻ ആവശ്യപ്പെടേണ്ടതാണ് :

എന്നാൽ, ഈ വകുപ്പിൻ കീഴിലെ യാതൊരു വിജ്ഞാപനവും സ്ഥാനം ഒഴിയുന്ന അംഗങ്ങളുടെ ഉദ്യോഗ കാലാവധി അവസാനിക്കേണ്ട തീയതിക്ക് മൂന്നു മാസത്തിലധികം മുമ്പ് പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

13. <u>ചില യൂണിയൻ രാജ്യ ക്ഷേത്രങ്ങളിലേക്കുള്ള നിയോജക ഗണങ്ങരം പുന:സംവിധാനം ചെയ്യുന്നതിനു വേണ്ടിയുള്ള വിജ്ഞാപനം.</u>—ടെറിറേററിയൽ കൗൺസിൽസ് ആക്ററ്, 1956 (1956-ലെ 103) 66-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

14. <u>ലോകസഭയിലേക്കുള്ള പൊതു തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം.</u>—(1) നിലവിലുള്ള ലോകസഭയുടെ കാലാവധി അവസാനിക്കുന്നതിൻ മേലോ, അതു വിഘടനം ചെയ്യപ്പെടുന്നതിൻമേലോ പുതിയ സഭ സംവിധാനം ചെയ്യുന്നതിനുവേണ്ടി പൊതുതിരഞ്ഞെടുപ്പു് നടത്തേണ്ടതാകുന്നു.

(2) മുൻപറഞ്ഞ ആവശ്യത്തിന് രാഷ്ട്രപതി തിരഞ്ഞെടുപ്പു കമ്മീഷൻ ശിപാർശ ചെയ്യുന്ന തീയതിയിലോ തീയതികളിലോ ഇൻഡ്യാ ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന ഒന്നോ അതിലധികമോ വിജ്ഞാപനം വഴി, എല്ലാ പാർലമെൻറ് നിയോജകമണ്ഡലങ്ങളോടും, ഈ ആക്ററിലേയും അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയും ഉത്തരവുകളിലേയും വ്യവസ്ഥകരം അനുസരിച്ചു അംഗങ്ങളെ തെരഞ്ഞെടുക്കാൻ ആവശ്യപ്പെടേണ്ടതാണ്:

എന്നാൽ, നിലവിലുള്ള ലോകസഭയുടെ വിഘടനത്തിൻമേലല്ലാതെ പൊതു തെരഞ്ഞെടുപ്പു നടത്തുന്നിടത്ത്, അങ്ങനെയുള്ള യാതൊരു വിജ്ഞാപനവും, ആ സഭയുടെ കാലാവധി, 83-ാം അനുച്ഛേദം (2)-ാം ഖണ്ഡത്തിലെ വ്യവസ്ഥകരക്ക് കീഴിൽ അവസാനിക്കുന്ന തിയതിക്ക് ആറു മാസത്തിനു മുമ്പുള്ള ഏതെങ്കിലും സമയത്ത് പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

15. <u>സ്റേററ് നിയമസഭയിലേക്കുള്ള പൊതു തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം.</u>—(1) നിലവിലുള്ള നിയമ സഭയുടെ കാലാവധി അവസാനിക്കുന്നതിൻമേലോ, അതു വിഘടനം ചെയ്യുന്നതിൻമേലോ പുതിയ നിയമ സഭ സംവിധാനം ചെയ്യുന്നതിനുവേണ്ടി പൊതു തിരഞ്ഞെടുപ്പു നടത്തേണ്ടതാകുന്നു :

(2) മുൻപറഞ്ഞ ആവശ്യത്തിനു, അതതുസംഗതിപോലെ, ഗവർണ്ണറോ ഭരണകർത്താവോ, തിരഞ്ഞെടുപ്പു കമ്മിഷൻ ശിപാർശ ചെയ്യുന്ന തീയതിയിലോ തീയതികളിലോ, ആ സ്റേററിലെ ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന ഒന്നോ അതിലധികമോ വിജ്ഞാപനം വഴി, ആ സ്റേററിലെ എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളോടും, ഈ ആക്ററിലേയും അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയും ഉത്തരവുകളിലേയും വ്യവസ്ഥകരം അനുസരിച്ചു അംഗങ്ങളെ തെരഞ്ഞെടുക്കാൻ ആവശ്യപ്പെടേണ്ടതാണ് :

എന്നാൽ, നിലവിലുള്ള നിയമസഭയുടെ വിഘടനത്തിൻമേലല്ലാതെ പൊതു തിരഞ്ഞെടുപ്പു നടത്തുന്നിടത്ത് അങ്ങനെയുള്ള യാതൊരു വിജ്ഞാപനവും ആ സഭയുടെ കാലാവധി, അതതു സംഗതിപോലെ, 172-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിലെ വ്യവസ്ഥകരക്കു കീഴിലോ അല്ലെങ്കിൽ യൂണിയൻ രാജ്യക്ഷേത്രങ്ങരം ഗവൺമെൻറ് ആക്ററ്, 1963 (1963-ലെ 20)-ലെ 5-ാം വകുപ്പിലെ വ്യവസ്ഥകരക്കു കീഴിലോ അവസാനിക്കുന്ന തീയതിക്ക് ആറു മാസത്തിനു മുമ്പുള്ള ഏതെങ്കിലും സമയത്ത് പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

15 ക. <u>നിയമസമിതികളിലേക്കുള്ള ചില തിരഞ്ഞെടുപ്പുകരക്കുള്ള വിജ്ഞാപനം.</u>—സ്റേററു പുന:സംഘടനാ ആക്ററ്, 1956 (1956-ലെ 37)-ൻ കീഴിൽ മദ്ധ്യപ്രദേശ് സ്റേററിലെ നിയമ സമിതി സംവിധാനം ചെയ്യുന്നതിനും, നിയമസമിതികരം ആക്ററ്, 1957 (1957-ലെ 37)-ൻ കീഴിൽ ആന്ധ്രാ സ്റേററിലെ നിയമസമിതി സംവിധാനം ചെയ്യുന്നതിനും വേണ്ടി, മുൻപറഞ്ഞ സ്റേററുകളിൽ ഓരോന്നിലേയും ഗവർണ്ണർക്ക്, തിരഞ്ഞെടുപ്പു കമ്മീഷൻ ശിപാർശ ചെയ്യുന്ന തിയതിയിലോ തിയതികളിലോ, ആ സ്റേററിലെ ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന ഒന്നോ അതിലധികമോ വിജ്ഞാപനം വഴി, ആ സ്റേററിലെ നിയമസഭാംഗങ്ങളോടും എല്ലാ സമിതി നിയോജക മണ്ഡലങ്ങളോടും, ഈ ആക്ററിലേയും അതിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയും ഉത്തരവുകളിലേയും വ്യവസ്ഥകരം അനുസരിച്ചു, അംഗങ്ങളെ തിരഞ്ഞെടുക്കാൻ ആവശ്യപ്പെടേണ്ടതാകുന്നു.

16. <u>സ്റേററ് നിയമസമിതിയിലേക്കുള്ള ദ്വൈ വാർഷിക തെരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം.</u>—തങ്ങളുടെ ഉദ്യോഗകാലാവധി അവസാനിക്കുന്നതിൻമേൽ സ്ഥാനമൊഴിയുന്ന ഒരു സ്റേററിലെ നിയമസമിതി അംഗങ്ങളുടെ സ്ഥാനങ്ങരം പൂരിപ്പിക്കുന്നതിനുവേണ്ടി, ഗവർണ്ണർ, തിരഞ്ഞെടുപ്പു കമ്മിഷൻ

ശിപാർശ ചെയ്യുന്ന തീയതിയിലോ തീയതികളിലോ, ആ സ്റേററിലെ ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന ഒന്നോ അതിലധികമോ വിജ്ഞാപനം വഴി, ആ സ്റേററിലെ നിയമസഭാംഗങ്ങളോടും ബന്ധപ്പെട്ട എല്ലാ സമിതി നിയോജക മണ്ഡലങ്ങളോടും, ഈ ആക്ററിലേയും അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയും ഉത്തരവുകളിലേയും വ്യവസ്ഥകരം അനുസരിച്ച്, അംഗങ്ങളെ തിരഞ്ഞെടുക്കാൻ ആവശ്യപ്പെടേണ്ടതാകുന്നു :

എന്നാൽ, ഈ വകുപ്പിൻകീഴിലെ യാതൊരു വിജ്ഞാപനവും, സ്ഥാനമൊഴിയുന്ന അംഗങ്ങളുടെ ഉദ്യോഗകാലാവധി അവസാനിക്കേണ്ട തിയതിക്കു മൂന്നു മാസത്തിലധികം മുമ്പു പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

ഭാഗം IV

## തിരഞ്ഞെടുപ്പുകളുടെ നടത്തിപ്പിനുള്ള ഭരണയന്ത്രം

19. നിർവ്വചനം.—ഈ ഭാഗത്തിലും, V-ാം ഭാഗത്തിലും, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, "നിയോജകമണ്ഡല" ത്തിന്, പാർലമെൻറ് നിയോജക മണ്ഡലമോ, നിയമ സഭാ നിയോജകമണ്ഡലമോ, നിയമസമിതി നിയോജകമണ്ഡലമോ എന്ന് അർത്ഥമാകുന്നു.

19 ക. തിരഞ്ഞെടുപ്പു കമ്മിഷൻെറ ചുമതലകളുടെ പ്രത്യായോജനം.—തിരഞ്ഞെടുപ്പു കമ്മിഷൻെറ, ഭരണഘടനയ്ക്കും, ജനപ്രാതിനിധ്യ ആക്ററ്, 1950 (1950-ലെ 43)-നും, ഈ ആക്ററിനും കീഴിലേയോ, അല്ലെങ്കിൽ അവയ്ക്കു കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങരംക്ക് കീഴിലേയോ ചുമതലകരം തിരഞ്ഞെടുപ്പു കമ്മിഷൻ ഇതിലേക്കു നൽകുന്ന സാമാന്യമോ പ്രത്യേകമോ ആയ നിർദ്ദേശങ്ങരം വല്ലതും ഉണ്ടെങ്കിൽ, അവയ്ക്കു വിധേയമായി, ഡെപ്യൂട്ടി തിരഞ്ഞെടുപ്പു കമ്മിഷണർക്കോ തിരഞ്ഞെടുപ്പു കമ്മിഷൻെറ സെക്രട്ടറിയ്ക്കോ കൂടി നിർവ്വഹിക്കാവുന്നതാണ്.

20. മുഖ്യ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻമാരുടെ സാമാന്യ കർത്തവ്യങ്ങരം.—തിരഞ്ഞെടുപ്പു കമ്മിഷൻെറ മേലന്വേഷണത്തിനും, മാർഗ്ഗ നിദേശനത്തിനും നിയന്ത്രണത്തിനും വിധേയമായി, ഓരോ സ്റേററിലേയും മുഖ്യ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ, ആ സ്റേററിലെ ഈ ആക്ററിൻകീഴിലുള്ള എല്ലാ തിരഞ്ഞെടുപ്പുകളുടേയും നടത്തിപ്പിൻെറ മേൽനോട്ടം വഹിക്കേണ്ടതാകുന്നു.

20 ക. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻെറ സാമാന്യ കർത്തവ്യങ്ങരം.—(1) മുഖ്യ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻെറ മേലന്വേഷണത്തിനും മാർഗ്ഗനിദേശത്തിനും നിയന്ത്രണത്തിനും വിധേയമായി, ജില്ലാ തിരഞ്ഞെടുപ്പു ഉദ്യോഗസ്ഥൻ പാർലമെൻറിലേയ്ക്കും, സ്റേററിലെ നിയമ നിർമ്മാണ മണ്ഡലത്തിലേയ്ക്കുമുള്ള എല്ലാ തിരഞ്ഞെടുപ്പുകളുടേയും നടത്തിപ്പുസംബന്ധിച്ചു ആ ജില്ലയിലോ, തൻെറ അധികാരിതയ്ക്കുള്ളിലുള്ള പ്രദേശത്തോ ഉള്ള എല്ലാ പ്രവൃത്തിയും ഏകോപിപ്പിക്കുകയും, അതിൻെറ മേൽനോട്ടം വഹിക്കുകയും ചെയ്യേണ്ടതാകുന്നു.

(2) ജില്ലാ തിരഞ്ഞെടുപ്പു ഉദ്യോഗസ്ഥൻ, തിരഞ്ഞെടുപ്പു കമ്മിഷനും മുഖ്യ തിരഞ്ഞെടുപ്പു ഉദ്യോഗസ്ഥനും, തന്നെ ഭാരമേൽപിക്കുന്ന മററു ചുമതലകരം നിർവ്വഹിക്കേണ്ടതും ആകുന്നു.

21. വരണാധികാരികരം.—ഏതൊരു നിയോജകമണ്ഡലത്തിനും, രാജ്യസഭയിലെ സ്ഥാനമോ സ്ഥാനങ്ങളോ പൂരിപ്പിക്കുന്നതിനുള്ള ഏതൊരു തിരഞ്ഞെടുപ്പിനും, ഒരു സ്റേററിലെ നിയമസമിതിയിലെ സ്ഥാനമോ സ്ഥാനങ്ങളോ,

പൂരിപ്പിക്കുന്നതിനുള്ള ആ സ്റ്റേററിലെ നിയമസഭയിലെ അംഗങ്ങളാലുള്ള ഏതൊരു തിരഞ്ഞെടുപ്പിനും, തിരഞ്ഞെടുപ്പു കമ്മീഷൻ, ആ സ്റ്റേററിലെ ഗവൺമെൻറുമായി ആലോചിച്ച് ഒരു വരണാധികാരിയെ സ്ഥാനനിർദ്ദേശം ചെയ്യുകയോ നാമനിർദ്ദേശം ചെയ്യുകയോ ചെയ്യേണ്ടതും, അയാഠ ഗവൺമെൻറ് ഉദ്യോഗസ്ഥനോ ഒരു തദ്ദേശാധികാരസ്ഥാനത്തിൻെറ ഉദ്യോഗസ്ഥനോ ആയിരിക്കേണ്ടതും ആകുന്നു:

എന്നാൽ, ഈ വകുപ്പിലെ യാതൊന്നും, ഒരേ ആളെ ഒന്നിലധികം നിയോജകമണ്ഡലത്തിനുള്ള വരണാധികാരിയായി സ്ഥാനനിർദ്ദേശം ചെയ്യുകയോ നാമനിർദ്ദേശം ചെയ്യുകയോ ചെയ്യുന്നതിൽ നിന്ന് തിരഞ്ഞെടുപ്പു കമ്മീഷനെ തടയുന്നതല്ല.

22. അസിസ്റ്റൻറ് വരണാധികാരികഠ.— (1) ഏതെങ്കിലും വരണാധികാരിയെ അയാളുടെ ചുമതലകഠ നിർവ്വഹിക്കുന്നതിൽ, സഹായിക്കുന്നതിന്, തിരഞ്ഞെടുപ്പു കമ്മിഷന്, ഒന്നോ അതിലധികമോ ആളുകളെ നിയമിക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഏതൊരാളും ഗവൺമെൻറുദ്യോഗസ്ഥനോ ഒരു തദ്ദേശാധികാരസ്ഥാനത്തിൻെറ ഉദ്യോഗസ്ഥനോ ആയിരിക്കേണ്ടതാകുന്നു.

(2) ഏതൊരു അസിസ്റ്റൻറ് വരണാധികാരിയ്ക്കും, വരണാധികാരിയുടെ എല്ലാ ചുമതലകളുമോ അവയിൽ ഏതെങ്കിലുമോ നിർവ്വഹിക്കാൻ വരണാധികാരിയുടെ നിയന്ത്രണത്തിനു വിധേയമായി, ക്ഷമതയുണ്ടായിരിക്കുന്നതാണ്:

എന്നാൽ, വരണാധികാരിയുടെ ചുമതലകളിൽ നാമനിർദ്ദേശങ്ങളുടെ സൂക്ഷ്മപരിശോധനയെ സംബന്ധിക്കുന്ന ഏതെങ്കിലും ചുമതല നിർവ്വഹിക്കുന്നതിൽനിന്ന് വരണാധികാരി ഒഴിച്ചുകൂടാൻ വയ്യാത്തവിധം തടയപ്പെടാത്തപക്ഷം യാതൊരു അസിസ്റ്റൻറ് വരണാധികാരിയും, മുൻപറഞ്ഞ ചുമതലനിർവ്വഹിക്കുവാൻ പാടുള്ളതല്ല.

23. വരണാധികാരിയിൽ, വരണാധികാരിയുടെ ചുമതലകഠ നിർവഹിക്കുന്ന അസിസ്റ്റൻറ് വരണാധികാരി ഉഠപ്പെടുമെന്ന്.— സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, വരണാധികാരിയെക്കുറിച്ചുള്ള ഈ ആക്ററിലെ പരാമർശങ്ങളിൽ നിർവഹിക്കാൻ 22-ാം വകുപ്പ് (2) -ാം ഉപവകുപ്പിൻകീഴിൽ, തന്നെ പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ചമുതല നിർവഹിക്കുന്ന അസിസ്റ്റൻറ് വരണാധികാരി ഉഠപ്പെടുന്നതായി കരുതപ്പെടുന്നതാകുന്നു.

24. വരണാധികാരിയുടെ സാമാന്യ കർത്തവ്യം.— ഏതെങ്കിലും തിരഞ്ഞെടുപ്പിൽ, ഈ ആക്ററും, അതിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങളും, അല്ലെങ്കിൽ ഉത്തരവുകളും വ്യവസ്ഥചെയ്യുന്ന രീതിയിൽ തിരഞ്ഞെടുപ്പ് ഫലപ്രദമായി നടത്തുന്നതിന് ആവശ്യകമായ എല്ലാ കൃത്യങ്ങളും കാര്യങ്ങളും ചെയ്യുന്നത് വരണാധികാരിയുടെ സാമാന്യകർത്തവ്യമായിരിക്കുന്നതാണ്.

25. നിയോജക മണ്ഡലങ്ങഠക്ക് പോളിങ്ങ് സ്റ്റേഷൻ ഏർപ്പെടുത്തൽ.— തിരഞ്ഞെടുപ്പു കമ്മീഷൻെറ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ, മുഴുവനുമോ അധികഭാഗമോ തൻെറ അധികാരിതയ്ക്കുള്ളിൽ കിടക്കുന്ന ഏതൊരു നിയോജകമണ്ഡലത്തിനും മതിയാകുന്നത്ര പോളിങ്ങ് സ്റ്റേഷനുകഠ ഏർപ്പെടുത്തേണ്ടതും, അപ്രകാരം ഏർപ്പെടുത്തുന്ന പോളിങ്ങ് സ്റ്റേഷനുകളും, ഏത് വോട്ടെടുപ്പ് പ്രദേശങ്ങഠക്കോ നിയോജകരുടെ ഗ്രൂപ്പുകഠക്കോ ആണോ അവ യഥാക്രമം ഏർപ്പെടുത്തി

ച്ചിട്ടുള്ളത്, ആ പ്രദേശങ്ങളും ഗ്രൂപ്പുകളും കാണിക്കുന്ന ഒരു ലിസ്റ്റ് തിരഞ്ഞെടുപ്പു കമ്മീഷൻ നിദേശിക്കുന്ന രീതിയിൽ, പ്രസിദ്ധപ്പെടുത്തേണ്ടതും ആണ്.

26. പോളിങ്ങ് സ്റ്റേഷനുകൾക്കു പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നത്.— (1) ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഓരോ പോളിങ്ങ് സ്റ്റേഷനും ഒരു പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥനേയും ആവശ്യകമെന്നു തനിക്കു തോന്നുന്ന പോളിങ്ങ് ഉദ്യോഗസ്ഥനേയും ഉദ്യോഗസ്ഥന്മാരേയും നിയമിക്കേണ്ടതും, എന്നാൽ തിരഞ്ഞെടുപ്പിലോ അത് സംബന്ധിച്ചോ ഒരു സ്ഥാനാർത്ഥിയാലോ അയാൾക്കുവേണ്ടിയോ നിയോജിക്കപ്പെട്ടിട്ടുള്ളതോ, അല്ലെങ്കിൽ സ്ഥാനാർത്ഥിക്കുവേണ്ടി മററു വിധത്തിൽ പ്രവർത്തിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും ആളെ നിയമിക്കുവാൻ പാടില്ലാത്തതും ആകുന്നു :

എന്നാൽ, ഒരു പോളിങ്ങ് ഉദ്യോഗസ്ഥൻ, പോളിങ്ങ് സ്റ്റേഷനിൽ അസന്നിഹിതനാണെങ്കിൽ, പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥന്, തിരഞ്ഞെടുപ്പിലോ അതു സംബന്ധിച്ചോ ഒരു സ്ഥാനാർത്ഥിയാലോ അയാൾക്കുവേണ്ടിയോ നിയോജിക്കപ്പെട്ടിട്ടുള്ളതോ, അല്ലെങ്കിൽ സ്ഥാനാർത്ഥിക്കുവേണ്ടി മററുവിധത്തിൽ പ്രവർത്തിച്ചിട്ടുള്ളതോ ആയ ആളല്ലാത്തവനും, പോളിങ്ങ് സ്റ്റേഷനിൽ സന്നിഹിതനുമായ മറേറതെങ്കിലും ആളെ, ആദ്യം പറഞ്ഞ ഉദ്യോഗസ്ഥന്റെ അഭാവത്തിൽ പോളിങ്ങ് ഉദ്യോഗസ്ഥനായിരിക്കാൻ നിയമിക്കുകയും അതനുസരിച്ച് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ വിവരം അറിയിക്കുകയും ചെയ്യാവുന്നതാണ് :

എന്നുമാത്രമല്ല, ഈ ഉപവകുപ്പിലെ യാതൊന്നും, ഒരേ ആളെ ഒരേ കെട്ടിടപരിസരത്തിലുള്ള ഒന്നിലധികം പോളിങ്ങ് സ്റ്റേഷനുകൾക്കുള്ള പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥനായി നിയമിക്കുന്നതിൽനിന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ തടയുന്നതല്ല.

(2) പോളിങ്ങ് ഉദ്യോഗസ്ഥൻ, ഈ ആക്ററിനോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടങ്ങൾക്കോ ഉത്തരവുകൾക്കോ കീഴിൽ പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥന്റെ ചുമതലകൾ എല്ലാം, അല്ലെങ്കിൽ ഏതെങ്കിലും, നിർവഹിക്കേണ്ടതാണെന്നു പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥൻ നിദേശിക്കുന്നുവെങ്കിൽ അയാൾ അപ്രകാരം ചെയ്യേണ്ടതാകുന്നു.

(3) പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥന്, രോഗത്താലോ ഒഴിച്ചുകൂടാൻ വയ്യാത്ത മററു വല്ല കാരണത്താലോ പോളിങ്ങ് സ്റ്റേഷനിൽ അസന്നിഹിതനാകേണ്ടിവരുന്നുവെങ്കിൽ, അയാളുടെ ചുമതലകൾ, അങ്ങനെയുള്ള ഏതെങ്കിലും അസാന്നിദ്ധ്യത്തിൽ, അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുൻപേ പ്രാധികാരപ്പെടുത്തിയിട്ടുള്ള പോളിങ്ങ് ഉദ്യോഗസ്ഥൻ നിർവ്വഹിക്കേണ്ടതാകുന്നു.

(4) സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥനെ കുറിച്ചുള്ള ഈ ആക്ററിലെ പരാമർശങ്ങളിൽ, അതതുസംഗതിപോലെ, (2) ാം ഉപവകുപ്പിനോ (3)-ാം ഉപവകുപ്പിനോ കീഴിൽ നിർവ്വഹിക്കുവാൻ തന്നെ പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ചുമതല നിർവ്വഹിക്കുന്ന ഏതെങ്കിലും ആൾ ഉൾപ്പെടുന്നതായി കരുതപ്പെടുന്നതാകുന്നു.

(5) ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെക്കുറിച്ചുള്ള 25-ാം വകുപ്പിലേയും ഈ വകുപ്പിലേയും ഏതെങ്കിലും പരാമർശത്തിന്, ഒരു യൂണിയൻ രാജ്യക്ഷേത്രത്തിലെ ഒരു നിയോജകമണ്ഡലം സംബന്ധിച്ച്, ആ നിയോജകമണ്ഡലത്തിനുള്ള വരണാധികാരിയെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കല്പിക്കപ്പെടുന്നതാകുന്നു.

27. പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥന്റെ സാമാന്യ കർത്തവ്യം.— ഒരു പോളിങ്ങ് സ്റ്റേഷനിൽ സമാധാനം പാലിക്കുന്നതും, വോട്ടെടുപ്പ് നീതി പൂർവ്വകമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതും, അവിടത്തെ പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥന്റെ സാമാന്യ കർത്തവ്യമായിരിക്കുന്നതാണ്.

28. പോളിങ്ങ് ഉദ്യോഗസ്ഥന്റെ കർത്തവ്യങ്ങൾ.— ഒരു പോളിങ്ങ് സ്റ്റേഷനിലെ പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥനെ, അയാളുടെ ചുമതലകളുടെ നിർവ്വഹണത്തിൽ സഹായിക്കുന്നത്, അങ്ങനെയുള്ള സ്റ്റേഷനിലെ പോളിങ്ങ് ഉദ്യോഗസ്ഥൻമാരുടെ കർത്തവ്യം ആയിരിക്കുന്നതാണ്.

29. ചില തിരഞ്ഞെടുപ്പുകളുടെ സംഗതിയിലെ പ്രത്യേക വ്യവസ്ഥകൾ.—(1) രാജ്യസഭയിലെ സ്ഥാനമോ സ്ഥാനങ്ങളോ പൂരിപ്പിക്കുന്നതിനുള്ള തിരഞ്ഞെടുപ്പിനുള്ളതോ, ഒരു സ്റ്റേററിലെ നിയമസമിതിയിലെ സ്ഥാനമോ സ്ഥാനങ്ങളോ പൂരിപ്പിക്കുന്നതിന്, ആ സ്റ്റേററ് നിയമസഭയിലെ അംഗങ്ങളാലുള്ള തിരഞ്ഞെടുപ്പിനുള്ളതോ ആയ വരണാധികാരി, തിരഞ്ഞെടുപ്പു കമ്മീഷന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, അങ്ങനെയുള്ള തിരഞ്ഞെടുപ്പിന് വോട്ടെടുപ്പ് നടത്തുന്ന സ്ഥലം നിജപ്പെടുത്തേണ്ടതും, അപ്രകാരം നിജപ്പെടുത്തുന്ന സ്ഥലം തിരഞ്ഞെടുപ്പു കമ്മീഷൻ നിദേശിക്കുന്ന രീതിയിൽ വിജ്ഞാപനം ചെയ്യേണ്ടതും ആകുന്നു.

(2) അപ്രകാരം നിജപ്പെടുത്തിയ സ്ഥലത്ത്, അങ്ങനെയുള്ള തിരഞ്ഞെടുപ്പിൽ വരണാധികാരി ആദ്ധ്യക്ഷ്യം വഹിക്കേണ്ടതും, തന്നെ സഹായിക്കുന്നതിന് ആവശ്യകമെന്ന് തോന്നുന്ന പോളിങ്ങ് ഉദ്യോഗസ്ഥനേയോ ഉദ്യോഗസ്ഥൻമാരേയോ നിയമിക്കേണ്ടതും, എന്നാൽ തിരഞ്ഞെടുപ്പിലോ അതുസംബന്ധിച്ചോ, ഒരു സ്ഥാനാർത്ഥിയാലോ അയാൾക്കുവേണ്ടിയോ നിയോജിക്കപ്പെട്ടിട്ടുള്ളതോ അല്ലെങ്കിൽ സ്ഥാനാർത്ഥിക്കുവേണ്ടി മററുവിധത്തിൽ പ്രവർത്തിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും ആളെ നിയമിക്കുവാൻ പാടില്ലാത്തതും ആകുന്നു.

## ഭാഗം V

## തിരഞ്ഞെടുപ്പുകളുടെ നടത്തിപ്പ്

### അദ്ധ്യായം I

### സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശം

30. നാമനിർദ്ദേശങ്ങൾ മുതലായവയ്ക്കു തീയതികൾ നിശ്ചയിക്കൽ.— ഒരു നിയോജകമണ്ഡലത്തോട്, ഒരംഗത്തേയോ അംഗങ്ങളെയോ തിരഞ്ഞെടുക്കാൻ ആവശ്യപ്പെടുന്ന വിജ്ഞാപനം പുറപ്പെടുവിച്ച ഉടൻ, തിരഞ്ഞെടുപ്പു കമ്മീഷൻ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി,—

(ക) നാമനിർദ്ദേശങ്ങൾ നല്കുന്നതിനുള്ള അവസാനത്തീയതിയും, അത്, ആദ്യം പറഞ്ഞ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിക്കുശേഷമുള്ള ഏഴാമത്തെ ദിവസമോ, ആ ദിവസം പൊതു ഒഴിവു ദിവസമാണെങ്കിൽ, അടുത്തു പിന്നീടുവരുന്നതും പൊതു ഒഴിവു ദിവസമല്ലാത്തതുമായ ദിവസമോ ആയിരിക്കേണ്ടതാണ്;

(ഖ) നാമനിർദ്ദേശങ്ങളുടെ സൂക്ഷ്മപരിശോധനയ്ക്കുള്ള തീയതിയും അത് നാമനിർദ്ദേശങ്ങൾ നല്കുന്നതിനുള്ള അവസാന ത്തീയതിക്കു

തൊട്ടുപിന്നീടുവരുന്ന ദിവസമോ, ആ ദിവസം പൊതു ഒഴിവുദിവസമാണെങ്കിൽ, അടുത്തു പിന്നീടുവരുന്നതും പൊതു ഒഴിവുദിവസം അല്ലാത്തതുമായ ദിവസമോ ആയിരിക്കേണ്ടതാണ്;

(ഗ) സ്ഥാനാർത്ഥിത്വങ്ങൾ പിൻവലിക്കുന്നതിനുള്ള അവസാന ത്തീയതിയും, അത് നാമനിർദ്ദേശങ്ങളുടെ സൂക്ഷ്മ പരിശോധനയ്ക്കുള്ള തീയതിയ്ക്കു ശേഷമുള്ള രണ്ടാം ദിവസമോ, ആ ദിവസം പൊതു ഒഴിവു ദിവസമാണെങ്കിൽ, അടുത്തു പിന്നീടുവരുന്നതും, പൊതു ഒഴിവുദിവസമല്ലാത്തതുമായ ദിവസമോ ആയിരിക്കേണ്ടതാണ്;

(ഘ) ആവശ്യകമാണെങ്കിൽ വോട്ടെടുപ്പുനടത്തുന്നതിനുള്ള തീയതിയും അല്ലെങ്കിൽ തീയതികളും,—അതോ, അവയിൽ ആദ്യത്തേതോ, സ്ഥാനാർത്ഥിത്വങ്ങൾ പിൻവലിക്കാനുള്ള അവസാന ത്തീയതിയ്ക്കുശേഷമുള്ള ഇരുപതാമത്തെ ദിവസത്തിലും മുമ്പല്ലാത്ത ഒരു തീയതി ആയിരിക്കേണ്ടതാകുന്നു;

(ങ) തിരഞ്ഞെടുപ്പ് പൂർത്തിയാക്കേണ്ടത് ഏതു തീയതിയ്ക്ക് മുമ്പാണോ ആ തീയതിയും, നിശ്ചയിക്കേണ്ടതാകുന്നു.

31. <u>തിരഞ്ഞെടുപ്പിന്റെ പബ്ളിക് നോട്ടീസ്.</u>— 30-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിൻമേൽ, വരണാധികാരി, ഉദ്ദിഷ്ട തിരഞ്ഞെടുപ്പിന്റെ പബ്ളിക് നോട്ടീസ്, അങ്ങനെയുള്ള തിരഞ്ഞെടുപ്പിന് സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശങ്ങൾ ക്ഷണിച്ചുകൊണ്ടും നാമനിർദ്ദേശ പത്രങ്ങൾ സമർപ്പിക്കുന്നതിനുള്ള സ്ഥലം വിനിർദ്ദേശിച്ചുകൊണ്ടും നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലും രീതിയിലും നല്കേണ്ടതാകുന്നു.

32. <u>തിരഞ്ഞെടുപ്പിന് സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശം.</u>— ഏതെങ്കിലും ആൾ, അതതുസംഗതിപോലെ, ഭരണഘടനയിലേയും ഈ ആക്റ്റിലേയും വ്യവസ്ഥകൾക്കു കീഴിലോ, യൂണിയൻ രാജ്യക്ഷേത്രങ്ങളുടെ ഗവൺമെൻറ് ആക്റ്റ്, 1963 (1963-ലെ 20) ലെ വ്യവസ്ഥകൾക്കു കീഴിലോ ഒരു സ്ഥാനം പൂരിപ്പിക്കുന്നതിന് വരണം ചെയ്യപ്പെടാൻ യോഗ്യനാണെങ്കിൽ, അയാളെ ആ സ്ഥാനം പൂരിപ്പിക്കുന്നതിനുള്ള തിരഞ്ഞെടുപ്പിന് സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

33. <u>നാമനിർദ്ദേശപത്രം സമർപ്പിക്കലും സാധുവായ നാമനിർദ്ദേശത്തിനു വേണ്ട സംഗതികളും.</u>— (1) 30-ാം വകുപ്പ് (ക) ഖണ്ഡത്തിൻകീഴിൽ നിശ്ചയിക്കപ്പെടുന്ന തീയതിയോ അതിനുമുൻപോ ഓരോ സ്ഥാനാർത്ഥിയും, നേരിട്ടോ തന്റെ നിർദ്ദേശകൻവഴിയോ 31-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള നോട്ടീസ്സിൽ ഇതിലേയ്ക്കു വിനിർദ്ദേശിച്ചിട്ടുള്ള സ്ഥലത്തുവച്ച് ഉച്ചയ്ക്കുമുൻപ് പതിനൊന്നുമണിക്കും ഉച്ചതിരിഞ്ഞു മൂന്നുമണിക്കും ഇടയിൽ വരണാധികാരിക്ക്, നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ പൂർത്തീകരിച്ചിട്ടുള്ളതും, സ്ഥാനാർത്ഥിയും നിർദ്ദേശകനായി നിയോജകമണ്ഡലത്തിലെ ഒരു നിയോജകനും ഒപ്പിട്ടതുമായ ഒരു നാമനിർദ്ദേശപത്രം സമർപ്പിക്കേണ്ടതാകുന്നു;

എന്നാൽ, യാതൊരു നാമനിർദ്ദേശപത്രവും വരണാധികാരിക്ക ഒരു പൊതു ഒഴിവുദിവസമായ ഒരു ദിവസം സമർപ്പിക്കാൻ പാടുള്ളതല്ല.

(2) ഏതെങ്കിലും സ്ഥാനം സംവരണംചെയ്യപ്പെട്ടിട്ടുള്ള ഒരു നിയോജകമണ്ഡലത്തിൽ, ആ സ്ഥാനം പൂരിപ്പിക്കുന്നതിന് വരണംചെയ്യപ്പെടാൻ ഒരു സ്ഥാനാർത്ഥി, താൻ അംഗമായിട്ടുള്ള പ്രത്യേക ജാതിയും അല്ലെങ്കിൽ ഗോത്രവർഗ്ഗവും ഏതു പ്രദേശം സംബന്ധിച്ചാണ്, ആ ജാതിയോ, ഗോത്രവർഗ്ഗമോ ആ സ്റ്റേറ്റിലെ, അതതു സംഗതിപോലെ,

പട്ടിക ജാതിയോ പട്ടിക ഗോത്രവർഗ്ഗമോ ആയിരിക്കുന്നു എന്നുള്ളതു വിനിർദ്ദേശിക്കുന്ന ഒരു പ്രഖ്യാപനം, തന്റെ നാമനിർദ്ദേശപത്രത്തിൽ അടങ്ങാത്തപക്ഷം., യോഗ്യനായി കരുതപ്പെടുന്നതല്ല.

(3) ഒരു സ്ഥാനാർത്ഥി, 7-ാം വകുപ്പ് (ച) ഖണ്ഡത്തിൽ പരാമർശിച്ച ഏതെങ്കിലും ഉദ്യോഗം വഹിച്ചിരിക്കെ ഡിസ്മിസ് ചെയ്യപ്പെട്ടിട്ടുള്ള ആളായിരിക്കുകയും, ഡിസ്മിസ് ചെയ്യപ്പെട്ടതിനുശേഷം അഞ്ചുവർഷ കാലം കഴിഞ്ഞിട്ടില്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ആൾ, അയാളുടെ നാമനിർദ്ദേശപത്രത്തോടൊപ്പം, അഴിമതിപ്രവൃത്തിക്കോ സ്റ്റേററിനോടുള്ള കൂറില്ലായ്മയ്ക്കോ, അയാൾ ഡിസ്മിസ് ചെയ്യപ്പെട്ടിട്ടില്ലെന്ന അർത്ഥത്തിലുള്ളതും, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ തിരഞ്ഞെടുപ്പു കമ്മീഷൻ നല്കുന്നതുമായ ഒരു സർട്ടിഫിക്കററ് ഉണ്ടായിരിക്കാത്തപക്ഷം, സ്ഥാനാർത്ഥിയായി മുറപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടതായി കരുതപ്പെടുന്നതല്ല.

(4) നാമനിർദ്ദേശപത്രം സമർപ്പിക്കുന്നതിൻമേൽ, വരണാധികാരി നാമനിർദ്ദേശപത്രത്തിൽ ചേർത്തിരിക്കുന്ന സ്ഥാനാർത്ഥിയുടേയും അയാളുടെ നിർദ്ദേശകന്റേയും പേരുകളും, തിരഞ്ഞെടുപ്പ് പട്ടിക നമ്പരുകളും, തിരഞ്ഞെടുപ്പു പട്ടികകളിൽ ചേർത്ത അതേപ്രകാരം ആണെന്ന് സ്വയം ബോദ്ധ്യപ്പെടുത്തേണ്ടതാകുന്നു:

എന്നാൽ, സ്ഥാനാർത്ഥിയുടേയോ അയാളുടെ നിർദ്ദേശകന്റേയോ മറേറതെങ്കിലും ആളുടേയോ പേര് സംബന്ധിച്ചോ തിരഞ്ഞെടുപ്പു പട്ടികയിലോ നാമനിർദ്ദേശപത്രത്തിലോ പറഞ്ഞിട്ടുള്ള ഏതെങ്കിലും സ്ഥലം സംബന്ധിച്ചോ ഉള്ള, പേരിലെ തെറേറാ, ശരിയല്ലാത്ത വിവരണമോ, കൈത്തെറേറാ, സാങ്കേതികമായതോ അച്ചടിയിലുള്ളതോ ആയ പിശകോ, തിരഞ്ഞെടുപ്പ് പട്ടികയിലോ നാമനിർദ്ദേശപത്രത്തിലോ ഉള്ള ഏതെങ്കിലും ആളുടെ തിരഞ്ഞെടുപ്പു പട്ടിക നമ്പരുകൾ സംബന്ധിച്ച കൈത്തെറേറാ, സാങ്കേതികമായതോ അച്ചടിയിലുള്ളതോ ആയ പിശകോ, അങ്ങനെയുള്ള ആളുടെ പേരോ, അങ്ങനെയുള്ള സ്ഥലമോ സംബന്ധിച്ച വിവരണം സാധാരണമായി മനസ്സിലാകുന്ന വിധത്തിലുള്ള ഒന്നായിട്ടുള്ള ഏതെങ്കിലും സംഗതിയിൽ, ആ ആളേയോ സ്ഥലത്തേയോ സംബന്ധിച്ച് തിരഞ്ഞെടുപ്പു പട്ടികയുടേയോ നാമനിർദ്ദേശപത്രത്തിന്റേയോ പൂർണ്ണമായ പ്രവർത്തനത്തെ ബാധിക്കുന്നതല്ലാത്തതും; വരണാധികാരി, അങ്ങനെയുള്ള ഏതെങ്കിലും പേരിലെ തെറേറാ, ശരിയല്ലാത്ത വിവരണമോ, കൈത്തെറേറാ, സാങ്കേതികമായതോ അച്ചടിയിലുള്ളതോ ആയ പിശകോ തിരുത്താൻ അനുവദിക്കേണ്ടതും, ആവശ്യമുള്ളിടത്ത്, തിരഞ്ഞെടുപ്പ് പട്ടികയിലോ നാമനിർദ്ദേശപത്രത്തിലോ ഉള്ള അങ്ങനെയുള്ള പേരിലെ തെറേറാ, ശരിയല്ലാത്ത വിവരണമോ, കൈത്തെറേറാ, സാങ്കേതികമായതോ അച്ചടിയിലുള്ളതോ ആയ പിശകോ അവഗണിക്കേണ്ടതാണെന്നു നിർദേശിക്കേണ്ടതും ആകുന്നു.

(5) സ്ഥാനാർത്ഥി ഒരു വ്യത്യസ്ത നിയോജക മണ്ഡലത്തിലെ സമ്മതിദായകനായിരിക്കുന്നിടത്ത്, ആ നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പു പട്ടികയുടേയോ അതിന്റെ പ്രസക്തഭാഗത്തിന്റേയോ ഒരു പകർപ്പോ അല്ലെങ്കിൽ അങ്ങനെയുള്ള പട്ടികയിലെ പ്രസക്തമായ ഉൾക്കുറിപ്പുകളുടെ സർട്ടിഫൈചെയ്ത പകർപ്പോ, അതു നാമനിർദ്ദേശപത്രികസഹിതം സമർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ, പരിശോധന സമയത്ത് വരണാധികാരി മുമ്പാകെ ഹാജരാക്കേണ്ടതാകുന്നു.

(6) ഈ വകുപ്പിലെ യാതൊന്നും, ഏതെങ്കിലും സ്ഥാനാർത്ഥിയെ ഒന്നിലധികം നാമനിർദ്ദേശപത്രങ്ങൾവഴി നാമനിർദ്ദേശം ചെയ്യപ്പെടുന്നതിൽ നിന്ന്, തടയുന്നതല്ല:

എന്നാൽ, ഒരേ നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പിന് നാലിലധികം നാമനിർദ്ദേശപത്രങ്ങൾ സ്ഥാനാർത്ഥിയാലോ സ്ഥാനാർത്ഥിക്കുവേണ്ടിയോ ബോധിപ്പിക്കപ്പെടുകയോ വരണാധികാരിയാൽ സ്വീകരിക്കപ്പെടുകയോചെയ്യാൻ പാടുള്ളതല്ല.

34. കെട്ടിവയ്പുകൾ.— (1) ഒരു സ്ഥാനാർത്ഥി,—

(ക) പാർലമെൻറ് നിയോജകമണ്ഡലത്തിൽനിന്നുള്ള തിരഞ്ഞെടുപ്പിൻെറ സംഗതിയിൽ, അഞ്ഞൂറുരൂപയും, അല്ലെങ്കിൽ സ്ഥാനാർത്ഥി പട്ടികജാതിയിലേയോ പട്ടിക ഗോത്രവർഗ്ഗത്തിലേയോ അംഗമായിട്ടുള്ളിടത്ത് ഇരുനൂററൻപതു രൂപയും;

(ഖ) നിയമസഭാനിയോജകമണ്ഡലത്തിൽനിന്നോ, നിയമസമിതി നിയോജകമണ്ഡലത്തിൽനിന്നോ ഉള്ള തിരഞ്ഞെടുപ്പിൻെറ സംഗതിയിൽ, ഇരുനൂററൻപതു രൂപയും, അല്ലെങ്കിൽ സ്ഥാനാർത്ഥി പട്ടികജാതിയിലേയോ പട്ടികഗോത്രവർഗ്ഗത്തിലേയോ അംഗമായിട്ടുള്ളിടത്ത്, നൂററിഇരുപത്തഞ്ചു രൂപയും,

കെട്ടിവയ്ക്കുകയോ കെട്ടിവയ്പിക്കുകയോ ചെയ്യാത്തപക്ഷം, ഒരു നിയോജകമണ്ഡലത്തിൽനിന്ന് തിരഞ്ഞെടുപ്പിന് മുറപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടതായി കരുതപ്പെടുന്നതല്ല:

എന്നാൽ, ഒരേ നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പിന് ഒരു സ്ഥാനാർത്ഥിയെ, ഒന്നിലധികം നാമനിർദ്ദേശപത്രങ്ങൾവഴി നാമനിർദ്ദേശം ചെയ്തിട്ടുള്ളിടത്ത്, ഈ ഉപവകുപ്പിൻകീഴിൽ അയാളിൽനിന്ന ഒന്നിലധികം കെട്ടിവയ്പ് വേണ്ടതായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ കെട്ടിവയ്ക്കേണ്ട ഏതെങ്കിലും തുക 33-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ നാമനിർദ്ദേശപത്രം സമർപ്പിക്കുന്ന സമയത്ത്, സ്ഥാനാർത്ഥി ആ തുക ഭരണാധികാരിപക്കൽ രൊക്കം കെട്ടിവയ്ക്കുകയോ കെട്ടിവയ്പിക്കുകയോ, അല്ലെങ്കിൽ അയാളോ അയാൾക്കുവേണ്ടിയോ മുൻപറഞ്ഞ തുക റിസർവ് ബാങ്ക് അഫ് ഇൻഡ്യയിലോ, ഒരു ഗവൺമെൻറ് ട്രഷറിയിലോ കെട്ടിവച്ചിട്ടുണ്ടെന്നു കാണിക്കുന്ന ഒരു രസീത് നാമനിർദ്ദേശപത്രത്തോടൊപ്പം അടക്കം ചെയ്തിരിക്കുകയോ ചെയ്തിട്ടില്ലാത്ത പക്ഷം, (1)-ാം ഉപവകുപ്പിൻകീഴിൽ കെട്ടിവെച്ചതായി കരുതപ്പെടുന്നതല്ല.

35. നാമനിർദ്ദേശങ്ങളെക്കുറിച്ചുള്ള നോട്ടീസ്സും അവയുടെ സൂക്ഷ്മപരിശോധനയ്ക്കുള്ള സമയവും സ്ഥലവും.—33-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ നാമനിർദ്ദേശപത്രം സ്വീകരിക്കുന്നതിൻമേൽ, വരണാധികാരി, അത് സമർപ്പിക്കുന്ന ആളേയോ ആളുകളേയോ നാമനിർദ്ദേശങ്ങളുടെ സൂക്ഷ്മപരിശോധനയ്ക്കു നിജപ്പെടുത്തിയിട്ടുള്ള തീയതിയും സമയവും സ്ഥലവും അറിയിക്കേണ്ടതും, നാമനിർദ്ദേശപത്രത്തിൽ, അതിൻെറ ക്രമനമ്പർ ചേർക്കേണ്ടതും, നാമനിർദ്ദേശപത്രത്തിൻമേൽ. അതു തനിക്കു സമർപ്പിച്ച തീയതിയും സമയവും പ്രസ്താവിക്കുന്ന ഒരു സർട്ടിഫിക്കററ് ചേർത്ത് ഒപ്പുവയ്ക്കേണ്ടതും; അതിനുശേഷം ആകുന്നത്ര വേഗത്തിൽ, നാമനിർദ്ദേശത്തേക്കുറിച്ച്, അതിൽഅടങ്ങിയ സ്ഥാനാർത്ഥി, നിർദ്ദേശകൻ എന്നീ രണ്ടുപേരുടേയും

വിവരണങ്ങൾക്കു സദൃശമായ വിവരണങ്ങൾ അടങ്ങിയ ഒരു നോട്ടീസ്, തന്റെ ആഫീസിൽ ശ്രദ്ധയാകർഷിക്കത്തക്ക ഏതെങ്കിലും സ്ഥലത്ത് പതിക്കേണ്ടതും ആകുന്നു.

36. നാമനിർദ്ദേശപത്രങ്ങളുടെ സൂക്ഷ്മപരിശോധന.—(1) 30-ാം വകുപ്പിൻകീഴിൽ നാമനിർദ്ദേശങ്ങളുടെ സൂക്ഷ്മപരിശോധനയ്ക്ക് നിജപ്പെടുത്തിയിട്ടുള്ള തീയതി, സ്ഥാനാർത്ഥികൾക്കും, അവരുടെ തിരഞ്ഞെടുപ്പ് ഏജൻറുമാർക്കും, ഓരോ സ്ഥാനാർത്ഥിയുടേയും ഒരു നിർദ്ദേശകനും, ഓരോ സ്ഥാനാർത്ഥിയും ലിഖിതമായി മുറപ്രകാരം പ്രാധികാരപ്പെടുത്തിയിട്ടുള്ള മറെറാരാൾക്കും വരണാധികാരി നിശ്ചയിക്കുന്ന സമയത്തും സ്ഥലത്തും ഹാജരാകാവുന്നതും, എന്നാൽ മററാർക്കും അങ്ങനെ ഹാജരാകാൻ പാടില്ലാത്തതും; 33-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള സമയത്തിനുള്ളിലും രീതിയിലും സമർപ്പിക്കപ്പെട്ടിട്ടുള്ള എല്ലാ സ്ഥാനാർത്ഥികളുടേയും നാമനിർദ്ദേശപത്രങ്ങൾ പരിശോധിക്കുന്നതിനുവേണ്ട ന്യായമായ എല്ലാ സൗകര്യങ്ങളും വരണാധികാരി അവർക്ക് നല്കേണ്ടതും ആകുന്നു.

(2) പിന്നീട്, വരണാധികാരി നാമനിർദ്ദേശപത്രങ്ങൾ പരിശോധിക്കേണ്ടതും, ഏതെങ്കിലും നാമനിർദ്ദേശത്തെക്കുറിച്ച് നല്കുന്ന എല്ലാ ആക്ഷേപങ്ങളിലും തീരുമാനം എടുക്കേണ്ടതും, അങ്ങനെയുള്ള ആക്ഷേപത്തിൻമേൽ, അല്ലെങ്കിൽ സ്വയമേവ ആവശ്യകമെന്നു തോന്നുന്ന സമ്മറി അന്വേഷണവിചാരണ വല്ലതുമുണ്ടെങ്കിൽ, അതിനുശേഷം, അയാൾക്ക് ഏതെങ്കിലും നാമനിർദ്ദേശം താഴെ പറയുന്ന കാരണങ്ങളിൽ ഏതിൻമേലെങ്കിലും തിരസ്കരിക്കാവുന്നതും ആണ്;

(ക) നാമനിർദ്ദേശങ്ങളുടെ സൂക്ഷ്മപരിശോധനയ്ക്ക് നിജപ്പെടുത്തിയിട്ടുള്ള തീയതി സ്ഥാനാർത്ഥിസ്ഥാനം പൂരിപ്പിക്കുന്നതിന് വരണം ചെയ്യപ്പെടാൻ താഴെപറയുന്ന വ്യവസ്ഥകളിൽ, അതായത്:—

അനുച്ഛേദങ്ങൾ 84, 102, 173, 191,

ഈ ആക്ററിലെ II-ാം ഭാഗവും യൂണിയൻ രാജ്യക്ഷേത്രങ്ങൾ ഗവൺമെൻറ് ആക്ററ്, 1963-ലെ 4-ം, 14-ം വകുപ്പുകളും;

എന്നിവയിൽ ബാധകമാകുന്ന ഏതിനെങ്കിലും കീഴിൽ യോഗ്യനല്ലെന്നോ അയോഗ്യനാണെന്നോ ഉള്ളത്; അല്ലെങ്കിൽ

(ഖ) 33-ാം വകുപ്പിലേയോ 34-ാം വകുപ്പിലേയോ വ്യവസ്ഥകളിൽ ഏതെങ്കിലും അനുസരിക്കാതിരുന്നിട്ടുണ്ടെന്നുള്ളത്; അല്ലെങ്കിൽ

(ഗ) നാമനിർദ്ദേശ പത്രത്തിൻമേലുള്ള സ്ഥാനാർത്ഥിയുടേയോ നിർദ്ദേശകന്റേയോ ഒപ്പ് യഥാർത്ഥമല്ലെന്നുള്ളത്.

(3) ഏതു നാമനിർദ്ദേശം സംബന്ധിച്ചാണോ യാതൊരു ക്രമക്കേടും ചെയ്യപ്പെട്ടിട്ടില്ലാത്തത്, അങ്ങനെയുള്ള ഒരു നാമനിർദ്ദേശപത്രം വഴി ഏതെങ്കിലും സ്ഥാനാർത്ഥി മുറപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ, (2)-ാം ഉപവകുപ്പു (ഖ) ഖണ്ഡത്തിലോ (ഗ) ഖണ്ഡത്തിലോ അടങ്ങിയ യാതൊന്നും മറെറാരു നാമനിർദ്ദേശപത്രം സംബന്ധിച്ചുള്ള ഏതെങ്കിലും ക്രമക്കേടിന്റെ കാരണത്തിൻമേൽ, ആ സ്ഥാനാർത്ഥിയുടെ നാമനിർദ്ദേശം തിരസ്കരിക്കുന്നതിനെ പ്രാധികാരപ്പെടുത്തുന്നതായി കരുതപ്പെടുന്നതല്ല.

(4) വരണാധികാരി ഏതെങ്കിലും നാമനിർദ്ദേശപത്രം സാരമായ, സ്വഭാവത്തോടു കൂടിയതല്ലാത്ത ഏതെങ്കിലും ന്യൂനതയുടെ കാരണത്തിൻമേൽ, തിരസ്കരിക്കാൻ പാടുള്ളതല്ല.

(5) വരണാധികാരി സൂക്ഷ്മ പരിശോധന, 30-ാം വകുപ്പു് (ഖ) ഖണ്ഡത്തിൻകീഴിൽ ഇതിലേക്ക് നിശ്ചയിച്ചിട്ടുള്ള തീയതി നടത്തേണ്ടതും, നടപടികൾ, ലഹളയാലോ പരസ്യമായ അക്രമത്താലോ തന്റെ നിയന്ത്രണത്തിന് അതീതമായ കാരണങ്ങളാലോ വിഘാതപ്പെടുത്തുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുമ്പോഴൊഴികെ, അങ്ങനെയുള്ള നടപടികളുടെ ഏതെങ്കിലും നീട്ടിവയ്ക്കൽ അനുവദിക്കാൻ പാടില്ലാത്തതും ആകുന്നു:

എന്നാൽ, ഒരു ആക്ഷേപം വരണാധികാരി ഉന്നയിക്കുകയോ മറ്റെതെങ്കിലും ആൾ നല്കുകയോ ചെയ്യുന്നതായാൽ, അതു ഖണ്ഡിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാനാർത്ഥിക്ക് സൂക്ഷ്മപരിശോധനയ്ക്ക് നിജപ്പെടുത്തിയ തീയതിയുടെ പിറ്റേതിന്റെ പിറ്റേന്നിനും വൈകാതെ സമയം അനുവദിക്കാവുന്നതും, നടപടികൾ നീട്ടിവയ്ക്കപ്പെട്ടിട്ടുള്ള തീയതി വരണാധികാരി തന്റെ തീരുമാനം റിക്കാർഡാക്കേണ്ടതും ആകുന്നു.

(6) വരണാധികാരി, ഓരോ നാമനിർദ്ദേശപത്രത്തിൻമേലും, അതു സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്തുകൊണ്ടുള്ള തന്റെ തീരുമാനം എൻഡോഴ്സ് ചെയ്യേണ്ടതും, നാമനിർദ്ദേശപത്രം തിരസ്കരിക്കുന്നുവെങ്കിൽ, അങ്ങനെതിരസ്കരിക്കുന്നതിന് തനിക്കുള്ള കാരണങ്ങളുടെ ഒരു സംക്ഷിപ്ത പ്രസ്താവന ലിഖിതമായി റിക്കാർഡാക്കേണ്ടതും ആകുന്നു.

(7) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്, ഒരു നിയോജകമണ്ഡലത്തിന്റെ, തൽസമയം പ്രാബല്യത്തിലുള്ള തിരഞ്ഞെടുപ്പു പട്ടികയിലെ ഒരു ഉൾക്കുറിപ്പിന്റെ സർട്ടിഫൈ ചെയ്ത പകർപ്പ്, ആ ഉൾക്കുറിപ്പിൽ പരാമർശിക്കുന്ന ആൾ ആ നിയോജകമണ്ഡലത്തിനുള്ള ഒരു നിയോജകനാണെന്ന വസ്തുതയ്ക്ക്, അയാൾ ജനപ്രാതിനിധ്യ ആക്റ്റ്, 1950 (1950-ലെ 43)-ലെ 16-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഒരു അയോഗ്യതയ്ക്ക് വിധേയനാണെന്ന് തെളിയിക്കപ്പെടാത്തപക്ഷം, നിശ്ചായകത്തെളിവായിരിക്കുന്നതാണ്.

(8) എല്ലാ നാമനിർദ്ദേശപത്രങ്ങളുടേയും സൂക്ഷ്മപരിശോധന നടത്തുകയും അവ സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്തുകൊണ്ടുള്ള തീരുമാനങ്ങൾ റിക്കാർഡാക്കുകയും ചെയ്തതിനുശേഷം, വരണാധികാരി, സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടെ, അതായത്, നാമനിർദ്ദേശപത്രങ്ങൾ സാധുവായതായി കാണപ്പെട്ട സ്ഥാനാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കുകയും, അത് തന്റെ നോട്ടീസ് ബോർഡിൽ പതിക്കുകയും ചെയ്യേണ്ടതാണ്.

37. <u>സ്ഥാനാർത്ഥിത്വം പിൻവലിക്കൽ.—(1)</u> ഏതെങ്കിലും സ്ഥാനാർത്ഥിക്ക്, തന്റെ സ്ഥാനാർത്ഥിത്വം ലിഖിതമായ നോട്ടീസു വഴി പിൻവലിക്കാവുന്നതും, ആ നോട്ടീസിൽ നിർണ്ണയിക്കപ്പെടുന്ന വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതും, അത് അയാൾ ഒപ്പിടുകയും നേരിട്ടോ തന്റെ നിർദ്ദേശകനോ താൻ ലിഖിതമായി ഇതിലേക്കു പ്രാധികാരപ്പെടുത്തുന്ന തിരഞ്ഞെടുപ്പ് ഏജന്റോ മുഖേന 30-ാം വകുപ്പ് (ഗ) ഖണ്ഡത്തിൻകീഴിൽ നിജപ്പെടുത്തിയിട്ടുള്ള തീയതി ഉച്ചതിരിഞ്ഞ് മൂന്നുമണിക്കു മുമ്പ് വരണാധികാരിക്ക് ഡെലിവർ ചെയ്യുകയും ചെയ്യേണ്ടതും ആകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ തന്റെ സ്ഥാനാർത്ഥിത്വം പിൻവലിക്കുന്ന നോട്ടീസ് നല്കിയിട്ടുള്ള യാതൊരാളും, ആ നോട്ടീസ് റദ്ദാക്കാൻ അനുവദിക്കപ്പെടുന്നതല്ല.

(3) ഒരു പിൻവലിക്കൽ നോട്ടീസിന്റെ യഥാർത്ഥതയെക്കുറിച്ചും (1)-ാം ഉപവകുപ്പിൻകീഴിൽ അതു ഡെലിവർ ചെയ്യുന്ന ആളുടെ അനന്യതയെക്കുറിച്ചും ബോദ്ധ്യപ്പെടുന്നതിൻമേൽ, വരണാധികാരി, ആ നോട്ടീസ് തന്റെ ആഫീസിൽ ശ്രദ്ധയാകർഷിക്കത്തക്ക ഏതെങ്കിലും സ്ഥലത്ത് പതിപ്പിക്കേണ്ടതാകുന്നു.

38 മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തൽ.—(1) 37-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ സ്ഥാനാർത്ഥിത്വങ്ങൾ പിൻവലിക്കാവുന്ന കാലാവധി കഴിഞ്ഞ ഉടൻ, വരണാധികാരി, മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ, അതായത്, സാധുവായി നാമനിർദ്ദേശം ഒപ്പിട്ട സ്ഥാനാർത്ഥികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നവരും മുൻപറഞ്ഞ കാലാവധിക്കുള്ളിൽ തങ്ങളുടെ സ്ഥാനാർത്ഥിത്വം പിൻവലിച്ചിട്ടില്ലാത്തവരുമായ, സ്ഥാനാർത്ഥികളുടെ ഒരു ലിസ്റ്റ് നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലും രീതിയിലും തയ്യാറാക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു.

(2) മുൻപറഞ്ഞ ലിസ്റ്റിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ അക്ഷരമാലാക്രമത്തിലുള്ള പേരുകളും, നാമനിർദ്ദേശപത്രത്തിൽ നല്കിയ പ്രകാരമുള്ള അവരുടെ മേൽവിലാസങ്ങളും, നിർണ്ണയിക്കപ്പെടുന്ന മററുവിവരങ്ങൾ സഹിതം അടങ്ങിയിരിക്കേണ്ടതാകുന്നു.

39. മററു തിരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശം.—(1) ഒരു സ്റ്റേററ് നിയമസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളോടോ, അംഗങ്ങളോടോ, ഒരു യൂണിയൻ രാജ്യക്ഷേത്രത്തിന്റെ നിയോജകഗണത്തിലെ അംഗങ്ങളോടോ, ഒരംഗത്തേയോ അംഗങ്ങളേയോ തിരഞ്ഞെടുക്കാൻ ആവശ്യപ്പെടുന്ന വിജ്ഞാപനം പുറപ്പെടുവിച്ച ഉടൻ തിരഞ്ഞെടുപ്പു കമ്മീഷൻ ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി.—

(ക) നാമനിർദ്ദേശങ്ങൾ നല്കുന്നതിനുള്ള അവസാനത്തീയതിയും—അത് ആദ്യം പറഞ്ഞ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയതീയതിക്കു ശേഷമുള്ള ഏഴാമത്തെ ദിവസമോ, ആ ദിവസം പൊതുഒഴിവുദിവസമാണെങ്കിൽ, അടുത്തു പിന്നീടുവരുന്നതും പൊതുഒഴിവുദിവസമല്ലാത്തതുമായ ദിവസമോ ആയിരിക്കേണ്ടതാണ് ;

(ഖ) നാമനിർദ്ദേശങ്ങളുടെ സൂക്ഷ്മപരിശോധനയ്ക്കുള്ള തീയതിയും, അത് നാമനിർദ്ദേശങ്ങൾ നല്കുന്നതിനുള്ള അവസാനത്തീയതിക്കു തൊട്ടു പിന്നീടുവരുന്ന ദിവസമോ, ആ ദിവസം പൊതുഒഴിവുദിവസമാണെങ്കിൽ, അടുത്തു പിന്നീടുവരുന്നതും ഒരു പൊതുഒഴിവുദിവസമല്ലാത്തതുമായ ദിവസമോ ആയിരിക്കേണ്ടതാണ്;

(ഗ) സ്ഥാനാർത്ഥിത്വങ്ങൾ പിൻവലിക്കുന്നതിനുള്ള അവസാനത്തീയതിയും—; അത് നാമനിർദ്ദേശങ്ങളുടെ പരിശോധനയ്ക്കുള്ള തീയതിക്കുശേഷമുള്ള രണ്ടാം ദിവസമോ ആ ദിവസം പൊതുഒഴിവുദിവസമാണെങ്കിൽ, അടുത്തു പിന്നീടുവരുന്നതും പൊതുഒഴിവുദിവസമല്ലാത്തതുമായ ദിവസമോ ആയിരിക്കേണ്ടതാണ് ;

(ഘ) ആവശ്യമാണെങ്കിൽ വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയും അല്ലെങ്കിൽ തീയതികളും—അവയോ, അവയിൽ ആദ്യത്തേതോ സ്ഥാനാർത്ഥിത്വങ്ങൾ പിൻവലിക്കാനുള്ള അവസാനത്തീയതിക്കുശേഷമുള്ള ഏഴാമത്തെ ദിവസത്തിലും മുമ്പല്ലാത്ത ഒരു തീയതി ആയിരിക്കേണ്ടതാകുന്നു ;

(ങ) തിരഞ്ഞെടുപ്പു പൂർത്തിയാക്കേണ്ടത് ഏതു തീയതിക്കുമുമ്പാണോ ആ തീയതിയും,

നിശ്ചയിക്കേണ്ടതാകുന്നു.

(2) അങ്ങനെയുള്ള ഏതെങ്കിലും തിരഞ്ഞെടുപ്പ് സംബന്ധിച്ച് 33-ാം വകുപ്പ് (2)-ം (5)-ം ഉപവകുപ്പുകളും 34-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ക) ഖണ്ഡവും ഒഴിച്ചുള്ള 31 മുതൽ 38 വരെയുള്ള വകുപ്പിലെ വ്യവസ്ഥകൾ, അവ ഏതെങ്കിലും നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പു സംബന്ധിച്ച് ബാധകമാകുന്നതുപോലെ, ബാധകമാകുന്നതാണ്:

എന്നാൽ—

(ക) സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, നിയോജകമണ്ഡലത്തിന്റെ തിരഞ്ഞെടുപ്പു പട്ടികയെക്കുറിച്ചുള്ള മുൻപറഞ്ഞ വ്യവസ്ഥകളിലെ ഏതെങ്കിലും പരാമർശങ്ങൾക്ക്, സ്റേററ് നിയമസഭയിലെ അംഗങ്ങളാലോ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാലോ ഉള്ള ഒരു തിരഞ്ഞെടുപ്പിന്റെ സംഗതിയിൽ, ആ നിയമസഭയിലെ, അതതുസംഗതിപോലെ, അംഗങ്ങളുടേയോ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടേയോ, 152-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ വച്ചുപോരുന്ന ലിസ്ററിനെക്കുറിച്ചുള്ള പരാമർശങ്ങളായും, ഒരു യൂണിയൻ രാജ്യക്ഷേത്രത്തിലെ നിയോജകഗണത്തിലെ അംഗങ്ങളാലുള്ള തിരഞ്ഞെടുപ്പിന്റെ സംഗതിയിൽ, അങ്ങനെയുള്ള നിയോജകഗണത്തിലെ അംഗങ്ങളുടെ, ആ വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ വച്ചുപോരുന്ന ലിസ്ററിനെക്കുറിച്ചുള്ള പരാമർശങ്ങളായും അർത്ഥം കല്പിക്കപ്പെടുന്നതും;

(കക) ഒരു സ്റേററിലെ നിയമസമിതിയിലേയ്ക്കുള്ള, ആ സ്റേററിലെ നിയമസഭയിലെ അംഗങ്ങളാലുള്ള തിരഞ്ഞെടുപ്പിന്റെ സംഗതിയിൽ, 36-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൽ, 171-ാം അനുച്ഛേദം (3)-ാം ഖണ്ഡം (ഘ) ഉപഖണ്ഡത്തെക്കുറിച്ചുള്ള പരാമർശം ഉൾപ്പെടുന്നതായി അർത്ഥം കല്പിക്കപ്പെടുന്നതും;

(ഖ) മുൻപറഞ്ഞ വ്യവസ്ഥകളിൽ 30-ാം വകുപ്പിനെക്കുറിച്ചുള്ള ഏതെങ്കിലും പരാമർശങ്ങൾക്ക് ഈ വകുപ്പ് (1)-ാം ഉപവകുപ്പിലെ പരാമർശങ്ങളായി അർത്ഥം കല്പിക്കപ്പെടുന്നതും;

(ഗ) നാമനിർദ്ദേശപത്രം സമർപ്പിക്കുന്ന സമയത്ത്, വരണാധികാരിക്ക് അതു സമർപ്പിക്കുന്ന ആളോട്, തിരഞ്ഞെടുപ്പു പട്ടികയുടേയോ തിരഞ്ഞെടുപ്പു പട്ടികയിൽ സ്ഥാനാർത്ഥിയുടെ പേരുൾപ്പെടുന്ന ഭാഗത്തിന്റേയോ ഒരു പകർപ്പോ, അല്ലെങ്കിൽ അങ്ങനെയുള്ള പട്ടികയിലെ പ്രസക്തമായ ഉൾക്കുറിപ്പുകളുടെ സർട്ടിഫൈചെയ്ത ഒരു പകർപ്പോ ഹാജരാക്കാൻ ആവശ്യപ്പെടാവുന്നതും, ആണ്.

## അദ്ധ്യായം II

## സ്ഥാനാർത്ഥികളും അവരുടെ ഏജൻറുമാരും

40. തിരഞ്ഞെടുപ്പ് ഏജൻറുമാർ.— തിരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥിക്ക്, താനല്ലാത്ത ഏതെങ്കിലും ഒരൊററ ആളെ തന്റെ തിരഞ്ഞെടുപ്പ് ഏജൻറായി, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നിയമിക്കാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും നിയമനം നടത്തുമ്പോൾ, വരണാധികാരിക്ക്, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നിയമനത്തിന്റെ നോട്ടീസ് നല്കേണ്ടതും ആകുന്നു.

41. തിരഞ്ഞെടുപ്പ് ഏജൻറായിരിക്കുന്നതിനുള്ള അയോഗ്യത.— പാർലമെൻറിന്റെ ഇരു സഭകളിൽ ഏതിലേയെങ്കിലുമോ, ഒരു സ്റേററിലെ നിയമനിർമ്മാണമണ്ഡലത്തിന്റെ സഭയിലേയോ ഇരുസഭകളിൽ ഏതിലേയെങ്കിലുമോ

അംഗമായിരിക്കാനോ തിരഞ്ഞെടുപ്പുകളിൽ വോട്ടുചെയ്യാനോ, ഭരണഘടനയ്ക്കു കീഴിലോ ഈ ആക്റ്റിൻകീഴിലോ തൽസമയം അയോഗ്യനായിരിക്കുന്ന ഏതെങ്കിലും ആൾ, ആ അയോഗ്യത നിലനില്ക്കുന്നിടത്തോളം ഏതെങ്കിലും തിരഞ്ഞെടുപ്പിൽ, തിരഞ്ഞെടുപ്പ് ഏജന്റായിരിക്കുന്നതിനും അയോഗ്യനായിരിക്കുന്നതാണ്.

42. തിരഞ്ഞെടുപ്പ് ഏജന്റിന്റെ നിയമനം പിൻവലിക്കൽ അല്ലെങ്കിൽ മരണം.— (1) തിരഞ്ഞെടുപ്പ് ഏജന്റിന്റെ നിയമനത്തിന്റെ ഏതു പിൻവലിക്കലും സ്ഥാനാർത്ഥി ഒപ്പുവയ്ക്കേണ്ടതും വരണാധികാരിയുടെ പക്കൽ അത് ഏല്പിക്കുന്ന തീയതി മുതൽ പ്രവർത്തനത്തിൽ വരുന്നതും ആകുന്നു.

(2) അങ്ങനെയുള്ള പിൻവലിക്കലോ, തിരഞ്ഞെടുപ്പ് ഏജന്റിന്റെ മരണമോ സംഭവിക്കുന്നതായാൽ, ആ സംഭവം തിരഞ്ഞെടുപ്പിന് മുമ്പോ തിരഞ്ഞെടുപ്പിനിടയിലോ, അല്ലെങ്കിൽ തിരഞ്ഞെടുപ്പിന് ശേഷവും, എന്നാൽ 78-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് ഏല്പിക്കുന്നതിന് മുൻപുമായോ ഉണ്ടാകുന്നതായാലും സ്ഥാനാർത്ഥിക്ക്, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ മറ്റൊരാളെ തന്റെ തിരഞ്ഞെടുപ്പ് ഏജന്റായി നിയമിക്കാവുന്നതും, അങ്ങനെയുള്ള നിയമനം നടത്തുമ്പോൾ വരണാധികാരിക്ക് നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നിയമനത്തിന്റെ നോട്ടീസ് നല്കേണ്ടതും ആകുന്നു.

43. 42-ാം വകുപ്പിൻകീഴിൽ തിരഞ്ഞെടുപ്പ് ഏജന്റിനെ നിയമിക്കാതിരുന്നാലുള്ള പ്രഭാവം.— 1956-ലെ ജനപ്രാതിനിധ്യ (രണ്ടാം ഭേദഗതി) ആക്റ്റ്, (1956-ലെ 27) 25-ാം വകുപ്പ് വഴി റദ്ദാക്കപ്പെട്ടു.

44. കണക്കു വയ്ക്കുന്നതു തിരഞ്ഞെടുപ്പ് ഏജന്റിന്റെ ജോലിയാണ്.— മുൻപറഞ്ഞ 25-ാം വകുപ്പു വഴി റദ്ദാക്കപ്പെട്ടു.

45. തിരഞ്ഞെടുപ്പ് ഏജന്റുമാരുടെ ചുമതലകൾ.— തിരഞ്ഞെടുപ്പ് ഏജന്റിന് തിരഞ്ഞെടുപ്പ് സംബന്ധിച്ച്, ഈ ആക്റ്റിനാലോ ആക്റ്റിൻകീഴിലോ തിരഞ്ഞെടുപ്പ് ഏജന്റ് നിർവ്വഹിക്കേണ്ടതായി പ്രാധികാരപ്പെടുത്തിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കാവുന്നതാണ്.

46. വോട്ടെടുപ്പ് ഏജന്റുമാരുടെ നിയമനം.— മല്സരിക്കുന്ന സ്ഥാനാർത്ഥിക്കോ, അയാളുടെ തിരഞ്ഞെടുപ്പ് ഏജന്റിനോ 25-ാം വകുപ്പിൻകീഴിൽ ഏർപ്പെടുത്തിയിട്ടുള്ള ഓരോ പോളിംങ്ങ് സ്റ്റേഷനിലും, അല്ലെങ്കിൽ 29-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ വോട്ടെടുപ്പിന് നിജപ്പെടുത്തിയിട്ടുള്ള സ്ഥലത്തും, അങ്ങനെയുള്ള സ്ഥാനാർത്ഥിയുടെ വോട്ടെടുപ്പ് ഏജന്റുമാരായി പ്രവർത്തിക്കുന്നതിന്, നിർണ്ണയിക്കപ്പെടുന്നത്ര ഏജന്റുമാരേയും റിലീഫ് ഏജന്റുമാരേയും നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നിയമിക്കാവുന്നതാണ്.

47. വോട്ടെണ്ണൽ ഏജന്റുമാരുടെ നിയമനം.— മത്സരിക്കുന്ന സ്ഥാനാർത്ഥിക്കോ, അയാളുടെ തിരഞ്ഞെടുപ്പ് ഏജന്റിനോ, വോട്ടെണ്ണലിന്, തന്റെ വോട്ടെണ്ണൽ ഏജന്റോ വോട്ടെണ്ണൽ ഏജന്റുമാരോ ആയി സന്നിഹിതരാകുന്നതിന്, ഒന്നോ അതിലധികമോ, എന്നാൽ നിർണ്ണയിക്കപ്പെടുന്ന എണ്ണത്തിലും കവിയാത്തത്ര ആളുകളെ, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നിയമിക്കാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും നിയമനം നടത്തുമ്പോൾ വരണാധികാരിക്ക് നിയമനത്തിന്റെ നോട്ടീസ് നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നല്കേണ്ടതും ആകുന്നു.

48. ഒരു വോട്ടെടുപ്പ് ഏജന്റിന്റെയോ വേട്ടെണ്ണൽ ഏജന്റിന്റെയോ നിയമനം പിൻവലിക്കൽ, അല്ലെങ്കിൽ മരണം.—(1) വോട്ടെടുപ്പ് ഏജന്റിന്റെ നിയമനത്തിന്റെ ഏതു പിൻവലിക്കലും, സ്ഥാനാർത്ഥിയോ അയാളുടെ തിരഞ്ഞെടുപ്പ് ഏജന്റോ ഒപ്പുവയ്ക്കേണ്ടതും, നിർണ്ണയിക്കപ്പെടുന്ന ഉദ്യോഗസ്ഥന്റെ പക്കൽ അത് ഏല്പിക്കുന്ന തീയതി മുതൽ അത് പ്രവർത്തനത്തിൽ വരുന്നതും, വോ ട്ടടുപ്പു സമാപിക്കുന്നതിനു മുൻപ്, അങ്ങനെയുള്ള പിൻവലിക്കലോ വോട്ടെടുപ്പ് ഏജന്റിന്റെ മരണമോ സംഭവിക്കുന്നതായാൽ, സ്ഥാനാർത്ഥിയ്ക്കോ അയാളുടെ തിരഞ്ഞെടുപ്പ് ഏജന്റിനോ വോട്ടെടുപ്പ് സമാപിക്കുന്നതിനുമുൻപ് ഏതു സമയത്തും, മറ്റൊരു വോട്ടെടുപ്പു ഏജന്റിനെ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നിയമിക്കാവുന്നതും, സ്ഥാനാർത്ഥിയോ അയാളുടെ തിരഞ്ഞെടുപ്പ് ഏജന്റോ ഉടനടി നിർണ്ണയിക്കപ്പെടുന്ന ഉദ്യോഗസ്ഥന് നിർണ്ണയിക്കപ്പെടുന്ന രീതിയിൽ അങ്ങനെയുള്ള നിയമനത്തിന്റെ നോട്ടീസ് നല്കേണ്ടതും ആകുന്നു.

(2) വോട്ടെണ്ണൽ ഏജന്റിന്റെ നിയമനത്തിന്റെ ഏതു പിൻവലിക്കലും, സ്ഥാനാർത്ഥിയോ അയാളുടെ തിരഞ്ഞെടുപ്പ് ഏജന്റോ ഒപ്പുവയ്ക്കേണ്ടതും, വരണാധികാരിയുടെ പക്കൽ അത് ഏല്പിക്കുന്ന തീയതി മുതൽ അത് പ്രവർത്തനത്തിൽ വരുന്നതും, വോട്ടെണ്ണലിന്റെ പ്രാരംഭത്തിന് മുൻപ് അങ്ങനെയുള്ള പിൻവലിക്കലോ വോട്ടെണ്ണൽ ഏജന്റിന്റെ മരണമോ സംഭവിക്കുന്നതായാൽ സ്ഥാനാർത്ഥിക്കോ അയാളാൽ തിരഞ്ഞെടുക്കപ്പെട്ട ഏജന്റിനോ വോട്ടെണ്ണൽ ആരംഭിക്കുന്നതിനു മുൻപ് ഏതു സമയത്തും, മറ്റൊരു വോട്ടെണ്ണൽ ഏജന്റിനെ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നിയമിക്കാവുന്നതും, സ്ഥാനാർത്ഥിയോ അയാളുടെ തിരഞ്ഞെടുപ്പ് ഏജന്റോ ഉടനടി വരണാധികാരിക്ക്, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ അങ്ങനെയുള്ള നിയമനത്തിന്റെ നോട്ടീസ് നല്കേണ്ടതും ആകുന്നു.

49. വോട്ടെടുപ്പ് ഏജന്റുമാരുടേയും വോട്ടെണ്ണൽ ഏജന്റുമാരുടേയും ചുമതലകൾ.—(1) വോട്ടെടുപ്പ് ഏജന്റിന് വോട്ടെടുപ്പു സംബന്ധിച്ച് ഈ ആക്റ്റിനാലോ ആക്റ്റിൻ കീഴിലോ വോട്ടെടുപ്പ് ഏജന്റ് നിർവ്വഹിക്കേണ്ടതായി പ്രാധികാരപ്പെടുത്തിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കാവുന്നതാണ്.

(2) വോട്ടെണ്ണൽ ഏജന്റിന് വോട്ടെണ്ണൽ സംബന്ധിച്ച്, ഈ ആക്റ്റിനാലോ ആക്റ്റിൻകീഴിലോ വോട്ടെണ്ണൽ ഏജന്റ് നിർവ്വഹിക്കേണ്ടതായി പ്രാധികാരപ്പെടുത്തിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കാവുന്നതാണ്.

50. മൽസരിക്കുന്ന സ്ഥാനാർത്ഥിയോ അയാളുടെ തിരഞ്ഞെടുപ്പ് ഏജന്റോ പോളിങ്ങ് സ്റ്റേഷനുകളിൽ ഹാജരാകുന്നതും വോട്ടെടുപ്പ് ഏജന്റിന്റെയോ വോട്ടെണ്ണൽ ഏജന്റിന്റെയോ ചുമതലകൾ നിർവ്വഹിക്കുന്നതും.—(1) വോട്ടെടുപ്പു നടക്കുന്ന ഏതൊരു തിരഞ്ഞെടുപ്പിലും, ആ തിരഞ്ഞെടുപ്പിലെ ഓരോ മൽസരിക്കുന്ന സ്ഥാനാർത്ഥിക്കും, അയാളുടെ തിരഞ്ഞെടുപ്പ് ഏജന്റിനും വോട്ടെടുപ്പ് നടത്തുന്നതിന് 25-ാം വകുപ്പിൻ കീഴിൽ ഏർപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും പോളിങ്ങ് സ്റ്റേഷനിലോ വോട്ടെടുപ്പിനുവേണ്ടി 29-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ നിജപ്പെടുത്തിയിട്ടുള്ള സ്ഥലത്തോ സന്നിഹിതനാകാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(2) മൽസരിക്കുന്ന സ്ഥാനാർത്ഥിയ്ക്കോ അയാളുടെ തിരഞ്ഞെടുപ്പ് ഏജന്റിനോ, അങ്ങനെയുള്ള മൽസരിക്കുന്ന സ്ഥാനാർത്ഥിയുടെ ഏതെങ്കിലും വോട്ടെടുപ്പ് ഏജന്റോ, വോട്ടെണ്ണൽ ഏജന്റോ, നിയമിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, ഈ ആക്റ്റ്, അല്ലെങ്കിൽ ഈ ആക്റ്റിൻ കീഴിൽ, ചെയ്യാൻ അയാളെ പ്രാധികാര

പ്പെടുത്തുന്ന ഏതു കൃത്യവും, അല്ലെങ്കിൽ സംഗതിയും, സ്വയം ചെയ്യുകയോ അല്ലെങ്കിൽ അങ്ങനെയുള്ള മൽസരിക്കുന്ന സ്ഥാനാർത്ഥിയുടെ ഏതെങ്കിലും, വോട്ടെടുപ്പ് ഏജൻറിനേയോ വോട്ടെണ്ണൽ ഏജൻറിനേയോ, അങ്ങനെയുള്ള ഏതെങ്കിലും കൃത്യമോ സംഗതിയോ ചെയ്യുന്നതിൽ സഹായിക്കുകയോ ചെയ്യാവുന്നതാണ്.

51. വോട്ടെടുപ്പ് ഏജൻറുമാരോ വോട്ടെണ്ണൽ ഏജൻറുമാരോ ഹാജരാകാതിരിക്കൽ.—ഏതെങ്കിലും കൃത്യമോ സംഗതിയോ വോട്ടെടുപ്പ് ഏജൻറുമാരുടേയോ വോട്ടെണ്ണൽ ഏജൻറുമാരുടേയോ സാന്നിദ്ധ്യത്തിൽ ചെയ്യാൻ ഈ ആക്റ്റിനാലോ ആക്റ്റിൻ കീഴിലോ അവശ്യപ്പെടുകയോ പ്രാധികാരപ്പെടുത്തുകയോ ചെയ്യുന്നുണ്ടെങ്കിൽ, അതിനുവേണ്ടി നിശ്ചയിച്ചിട്ടുള്ള സമയത്തും സ്ഥലത്തും അങ്ങനെയുള്ള ഏതെങ്കിലും ഏജൻേറാ ഏജൻറുമാരോ ഹാജരാകാതിരിക്കുന്നത്, ചെയ്യപ്പെട്ട ആ കൃത്യത്തേയോ, സംഗതിയേയോ അതു മററു പ്രകാരത്തിൽ മുറപ്രകാരം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ, സാധുവാക്കുന്നതല്ല.

## അദ്ധ്യായം III

## തിരഞ്ഞെടുപ്പുകളിലെ സാമാന്യ നടപടിക്രമം

52. വോട്ടെടുപ്പിന് മുമ്പു സ്ഥാനാർത്ഥിയുടെ മരണം.—36-ാം വകുപ്പിൻ കീഴിലെ സൂക്ഷ്മ പരിശോധനയിൻമേൽ നാമനിർദ്ദേശം സാധുവാണെന്ന് കാണപ്പെട്ടിരിക്കുകയും, 37-ാം വകുപ്പിൻകീഴിൽ തൻെറ സ്ഥാനാർത്ഥിത്വം പിൻവലിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുന്ന ഒരു സ്ഥാനാർത്ഥി മരിക്കുകയും, അയാളുടെ മരണത്തെക്കുറിച്ചുള്ള റിപ്പോർട്ട് 38-ാം വകുപ്പിൻകീഴിൽ മൽസരിക്കുന്ന സ്ഥാനാർത്ഥികളുടെ പട്ടിക പ്രസിദ്ധപ്പെടുത്തുന്നതിനു മുമ്പ് കിട്ടുകയും ചെയ്യുകയോ, അല്ലെങ്കിൽ ഒരു മൽസരിക്കുന്ന സ്ഥാനാർത്ഥി മരിക്കുകയും അയാളുടെ മരണത്തെക്കുറിച്ചുള്ള റിപ്പോർട്ട് വോട്ടെടുപ്പിൻെറ പ്രാരംഭത്തിനു മുമ്പു കിട്ടുകയും ചെയ്യുകയോ ചെയ്യുന്നുവെങ്കിൽ, സ്ഥാനാർത്ഥി മരിച്ചു എന്ന വസ്തുതയെക്കുറിച്ച് ബോദ്ധ്യപ്പെടുന്നതിൻമേൽ, വരണാധികാരി വോട്ടെടുപ്പിനുള്ള ഉത്തരവ് റദ്ദാക്കുകയും, വസ്തുത തിരഞ്ഞെടുപ്പു കമ്മീഷനും, കൂടാതെ സമുചിത അധികാരസ്ഥാനത്തിനും റിപ്പോർട്ട്ചെയ്യുകയും ചെയ്യേണ്ടതും, തിരഞ്ഞെടുപ്പു സംബന്ധിച്ച എല്ലാ നടപടികളും, ഒരു പുതിയ തിരഞ്ഞെടുപ്പിനെന്നപോലെ എല്ലാ പ്രകാരത്തിലും പുതുതായി ആരംഭിക്കപ്പെടേണ്ടതും ആകുന്നു:

എന്നാൽ, വോട്ടെടുപ്പിനുള്ള ഉത്തരവ് റദ്ദാക്കുന്ന സമയത്ത്, ഒരു മൽസരിക്കുന്ന സ്ഥാനാർത്ഥി ആയിരുന്ന ആളുടെ സംഗതിയിൽ, വീണ്ടുമുള്ള നാമനിർദ്ദേശം ആവശ്യമായിരിക്കുന്നതല്ല:

എന്നുമാത്രമല്ല, വോട്ടെടുപ്പിനുള്ള ഉത്തരവ് റദ്ദാക്കുന്നതിനു മുമ്പ് 37-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ തൻെറ സ്ഥാനാർത്ഥിത്വം പിൻവലിക്കുന്ന നോട്ടീസ് കൊടുത്തിട്ടുള്ള യാതൊരാളും, അങ്ങനെയുള്ള റദ്ദാക്കലിനുശേഷം ആ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്യപ്പെടാൻ അനർഹനായിരിക്കുന്നതല്ല.

53. മൽസരമുള്ളവയും മൽസരമില്ലാത്തവയുമായ തിരഞ്ഞെടുപ്പുകളിലെ നടപടിക്രമം.—(1) മൽസരിക്കുന്ന സ്ഥാനാർത്ഥികളുടെ എണ്ണം, പൂരിപ്പിക്കപ്പെടേണ്ട സ്ഥാനങ്ങളുടെ എണ്ണത്തേക്കാൾ അധികമാണെങ്കിൽ ഒരു വോട്ടെടുപ്പ് നടത്തേണ്ടതാകുന്നു.

(2) അങ്ങനെയുള്ള സ്ഥാനാർത്ഥികളുടെ എണ്ണം പൂരിപ്പിക്കപ്പെടേണ്ട സ്ഥാനങ്ങളുടെ എണ്ണത്തിനു സമമാണെങ്കിൽ, വരണാധികാരി, ഉടനടി അങ്ങനെയുള്ള എല്ലാ സ്ഥാനാർത്ഥികളും, ആ സ്ഥാനങ്ങൾ പൂരിപ്പിക്കാൻ ന്യുറ പ്രകാരം തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ടതാകുന്നു.

(3) അങ്ങനെയുള്ള സ്ഥാനാർത്ഥികളുടെ എണ്ണം പൂരിപ്പിക്കപ്പെടേണ്ട സ്ഥാനങ്ങളുടെ എണ്ണത്തിലും കുറവാണെങ്കിൽ, വരണാധികാരി, ഉടനടി അങ്ങനെയുള്ള എല്ലാ സ്ഥാനാർത്ഥികളും തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ടതും, തിരഞ്ഞെടുപ്പു കമ്മീഷൻ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, അതതു സംഗതിപോലെ, നിയോജകമണ്ഡലത്തോടോ, സ്റേററ് നിയമസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളോടോ, അംഗങ്ങളോടോ, ബന്ധപ്പെട്ട നിയോജകഗണത്തിലെ അംഗങ്ങളോടോ ബാക്കിയുള്ള സ്ഥാനമോ സ്ഥാനങ്ങളോ പൂരിപ്പിക്കാൻ ഒരാളേയോ ആളുകളേയോ തിരഞ്ഞെടുക്കാൻ ആവശ്യപ്പെടേണ്ടതും ആകുന്നു:

എന്നാൽ, ഈ ഉപവകുപ്പിൻകീഴിൽ ആവശ്യപ്പെട്ടു കഴിഞ്ഞിരിക്കേ, നിയോജകമണ്ഡലമോ, സ്റേററ് നിയമസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളോ, അംഗങ്ങളോ, നിയോജകഗണത്തിലെ അംഗങ്ങളോ, ആ ഒഴിവോ, ഒഴിവുകളോ പൂരിപ്പിക്കാൻ, അതതു സംഗതിപോലെ, ഒരാളേയോ വേണ്ടത്ര ആളുകളേയോ തിരഞ്ഞെടുക്കാതിരിക്കുന്നിടത്ത്, നിയോജകമണ്ഡലത്തോടോ അങ്ങനെയുള്ള അംഗങ്ങളോടോ, ഒരാളേയോ അളുകളേയോ തിരഞ്ഞെടുക്കുന്നതിന് വീണ്ടും ആവശ്യപ്പെടുന്നുവെങ്കിൽ നിയോജക ഗണത്തിൻേറയോ അങ്ങനെയുള്ള അംഗങ്ങളുടേയോ ഭാഗത്തു നിന്ന്, അങ്ങനെയുള്ള തിരഞ്ഞെടുക്കാതിരിക്കൽ ഉണ്ടാകുന്നതല്ലെന്ന് ബോദ്ധ്യമാകുന്നതുവരെ, തിരഞ്ഞെടുപ്പു കമ്മീഷൻ ബാദ്ധ്യസ്ഥമല്ല.

54. പട്ടികജാതിക്കാർക്കോ പട്ടികഗോത്രവർഗ്ഗക്കാർക്കോ സ്ഥാനങ്ങൾ സംവരണം ചെയ്തിട്ടുള്ള നിയോജകമണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പുകൾക്കുള്ള പ്രത്യേക നടപടിക്രമം ജനപ്രാതിനിദ്ധ്യ (ഭേദഗതി) ആക്ററ്, 1961 (1961-ലെ 40)-ലെ 12-ാം വകുപ്പിനാൽ (20-9-1961 മുതൽ) റദ്ദാക്കപ്പെട്ടു.

55. <u>പട്ടികജാതികളിലേയോ പട്ടികഗോത്രവർഗ്ഗങ്ങളിലേയോ അംഗങ്ങൾക്ക്, ആ ജാതികൾക്കോ ഗോത്രവർഗ്ഗങ്ങൾക്കോ സംവരണം ചെയ്യപ്പെട്ടിട്ടില്ലാത്ത സ്ഥാനങ്ങൾ വഹിക്കുന്നതിനുള്ള അർഹത.</u>—പട്ടികജാതികളിലേയോ പട്ടികഗോത്രവർഗ്ഗങ്ങളിലേയോ ഒരു അംഗം, ആ ജാതികളിലേയോ ഗോത്രവർഗ്ഗങ്ങളിലേയോ അംഗങ്ങൾക്ക് സംവരണം ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു സ്ഥാനം വഹിക്കുന്നതിന്, മററുപ്രകാരത്തിൽ അങ്ങനെയുള്ള സ്ഥാനങ്ങൾ വഹിക്കാൻ, അയാൾ, അതതുസംഗതിപോലെ, ഭരണഘടനയ്ക്കും ഈ ആക്ററിനും കീഴിൽ, അല്ലെങ്കിൽ യൂണിയൻ രാജ്യക്ഷേത്ര ഗവൺമെൻറ് ആക്ററ്, 1963 (1963-ലെ 20)-നും കീഴിൽ, യോഗ്യനാണെങ്കിൽ, അയോഗ്യനായിരിക്കുന്നതല്ലെന്ന്, സംശയം ഒഴിവാക്കാനായി ഇതിനാൽ പ്രഖ്യാപിച്ചിരിക്കുന്നു.

55ക. <u>പാർലമെൻറ് നിയോജകമണ്ഡലങ്ങളിലേയും നിയമ സഭാ നിയോജക മണ്ഡലങ്ങളിലേയും തിരഞ്ഞെടുപ്പുകളിൽ മൽസരത്തിൽനിന്ന് വിരമിക്കൽ.</u>—ജനപ്രാതിനിദ്ധ്യ (ഭേദഗതി) ആക്ററ്, 1958 (1958-ലെ 58)-ലെ 22-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

## അദ്ധ്യായം IV

## വോട്ടെടുപ്പ്

56. വോട്ടെടുപ്പിന് സമയം നിജപ്പെടുത്തൽ.—വോട്ടെടുപ്പ് നടത്തുന്നത് എത്ര മണിക്കും എത്ര മണിക്കും ഇടയിലായിരിക്കുമെന്ന് തിരഞ്ഞെടുപ്പു കമ്മീഷൻ നിജപ്പെടുത്തേണ്ടതും, അങ്ങനെ നിജപ്പെടുത്തുന്ന മണിക്കൂറുകൾ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ പ്രസിദ്ധപ്പെടുത്തേണ്ടതും ആണ്:

എന്നാൽ, ഒരു പാർലമെൻറ് നിയോജകമണ്ഡലത്തിലേയോ നിയമസഭാ നിയോജകമണ്ഡലത്തിലേയോ ഒരു തിരഞ്ഞെടുപ്പിൽ വോട്ടെടുപ്പിന്, ഏതെങ്കിലും ഒരൊററ ദിവസം തിരിച്ചു വച്ചിട്ടുള്ള ആകെ സമയം എട്ടുമണിക്കൂറിൽ കുറയാൻ പാടുള്ളതല്ല.

57. അടിയന്തരാവസ്ഥകളിൽ വോട്ടെടുപ്പ് നീട്ടിവയ്ക്കുന്നത്.—(1) ഒരു തിരഞ്ഞെടുപ്പിൽ 25-ാം വകുപ്പിൻ കീഴിൽ ഏർപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും പോളിങ്ങ് സ്റേറഷനിലേയോ അല്ലെങ്കിൽ, 29-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ വോട്ടെടുപ്പിന് നിജപ്പെടുത്തിയിട്ടുള്ള സ്ഥലത്തേയോ നടപടികൾ ഏതെങ്കിലും ലഹളയാലോ തുറന്ന അക്രമത്താലോ വിഘാതപ്പെടുകയോ തടസ്സപ്പെടുകയോ ചെയ്യുന്നുവെങ്കിലോ, അല്ലെങ്കിൽ ഒരു തിരഞ്ഞെടുപ്പിൽ, പ്രാകൃതികമായ ഏതെങ്കിലും ആപത്തുകാരണമോ മതിയായ മറേറതെങ്കിലും കാരണത്താലോ ഏതെങ്കിലും പോളിങ്ങ് സ്റേറഷനിലോ അങ്ങനെയുള്ള സ്ഥലത്തോ വച്ച് വോട്ടെടുപ്പ് നടത്താൻ സാധിക്കുന്നില്ലെങ്കിലോ, അതതു സംഗതിപോലെ, ആ പോളിങ്ങ്സ്റേറഷന്നുള്ള പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥനോ, അങ്ങനെയുള്ള സ്ഥലത്ത് ആദ്ധ്യക്ഷ്യം വഹിക്കുന്ന വരണാധികാരിയോ വോട്ടെടുപ്പ് പിന്നീട് വിജ്ഞാപനം ചെയ്യപ്പെടുന്ന ഒരു തീയതിക്ക് നീട്ടിവച്ചതായി അറിയിക്കേണ്ടതും, ഒരു പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥൻ അപ്രകാരം വോട്ടെടുപ്പ് നീട്ടിവയ്ക്കുന്നിടത്ത്, അയാൾ ഉടനടി ബന്ധപ്പെട്ട വരണാധികാരിയെ വിവരം അറിയിക്കേണ്ടതും ആകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ വോട്ടെടുപ്പ് നീട്ടിവയ്ക്കുമ്പോഴെല്ലാം, വരണാധികാരി ഉടനെ സമുചിതാധികാരസ്ഥാനത്തിനും, തിരഞ്ഞെടുപ്പു കമ്മീഷനും പരിതഃസ്ഥിതികൾ റിപ്പോർട്ട് ചെയ്യേണ്ടതും, തിരഞ്ഞെടുപ്പു കമ്മീഷൻെറ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, ആകുന്നത്ര വേഗത്തിൽ വോട്ടെടുപ്പ് പുനരാരംഭിക്കേണ്ട ദിവസം നിശ്ചയിക്കുകയും വോട്ടെടുപ്പ് നടത്തുന്ന പോളിങ്ങ സ്റേറഷനും അല്ലെങ്കിൽ സ്ഥലവും, അതു നടത്തുന്നത് എത്ര മണിക്കും എത്ര മണിക്കും ഇടയിലായിരിക്കുമെന്നുള്ളതും നിജപ്പെടുത്തുകയും ചെയ്യേണ്ടതും, നീട്ടിവയ്ക്കപ്പെട്ട അങ്ങനെയുള്ള വോട്ടെടുപ്പ് പൂർത്തിയാക്കപ്പെടുന്നതുവരെ അങ്ങനെയുള്ള തിരഞ്ഞെടുപ്പിൽ ചെയ്യപ്പെട്ടിട്ടുള്ള വോട്ടുകൾ എണ്ണാൻ പാടില്ലാത്തതും ആകുന്നു.

(3) മുൻപറഞ്ഞതുപോലെയുള്ള ഏതൊരു സംഗതിയിലും വരണാധികാരി വോട്ടെടുപ്പിൻെറ (2)-ാം ഉപവകുപ്പിൻ കീഴിൽ നിജപ്പെടുത്തുന്ന തീയതിയും സ്ഥലവും മണിക്കൂറുകളും തിരഞ്ഞെടുപ്പുകമ്മീഷൻ നിദേശിക്കുന്ന രീതിയിൽ വിജ്ഞാപനം ചെയ്യേണ്ടതാകുന്നു.

58. ബാലററ്പെട്ടികൾ നശിപ്പിക്കപ്പെടൽ മുതലായവ ഉണ്ടായാൽ പുതിയ വോട്ടെടുപ്പ്.—(1) ഏതെങ്കിലും തിരഞ്ഞെടുപ്പിൽ—

(ക) ഒരു പോളിങ്ങ് സ്റ്റേഷനിലോ വോട്ടെടുപ്പിന നിജപ്പെടുത്തിയിട്ടുള്ള ഒരു സ്ഥലത്തോ ഉപയോഗിക്കപ്പെടുന്ന ഏതെങ്കിലും ബാലററ് പെട്ടി പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥൻേറയോ വരണാധികാരിയുടേയോ കസ്ററഡിയിൽ നിന്ന് നിയമവിരുദ്ധമായി എടുത്തുമാററുകയോ, അല്ലെങ്കിൽ യാദൃച്ഛികമായോ ഉദ്ദേശ പൂർവ്വകമായോ നശിപ്പിക്കപ്പെടുകയോ, നഷ്ടപ്പെടുകയോ, അല്ലെങ്കിൽ അത്രത്തോളം നാശനഷ്ടപ്പെടുത്തുകയോ തകരാറുചെയ്യപ്പെടുകയോ ആ പോളിങ്ങ് സ്റ്റേഷനിലേയോ സ്ഥലത്തേയോ വോട്ടെടുപ്പിൻെറ ഫലം തിട്ടപ്പെടുത്താൻ കഴിയാത്തവിധം അത്രത്തോളം നാശനഷ്ടപ്പെടുത്തുകയോ, തകരാറു ചെയ്യപ്പെടുകയോ, അല്ലെങ്കിൽ

(ഖ) പോളിങ്ങ് സ്റ്റേഷനിലോ വോട്ടെടുപ്പിന് നിജപ്പെടുത്തിയിട്ടുള്ള സ്ഥലത്തോ വച്ച് നടപടിക്രമത്തിലെ, വോട്ടെടുപ്പ് അസാധുവാക്കാൻ ഇടയുള്ള ഏതെങ്കിലും പിശകോ ക്രമക്കേടോ വരുത്തുകയോ,

ചെയ്യുന്നുവെങ്കിൽ, വരണാധികാരി ഉടനടി തിരഞ്ഞെടുപ്പു കമ്മീഷന് ആ വിഷയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(2) അതോടെ, തിരഞ്ഞെടുപ്പു കമ്മീഷൻ സാരവത്തായ എല്ലാ പരിത:സ്ഥിതികളും കണക്കിലെടുത്തതിനുശേഷം—

(ക) ആ പോളിങ്ങ് സ്റ്റേഷനിലേയോ സ്ഥലത്തേയോ വോട്ടെടുപ്പ് ശൂന്യമാണെന്ന് പ്രഖ്യാപിക്കുകയും, ആ പോളിങ്ങ് സ്റ്റേഷനിലോ സ്ഥലത്തോ ഒരു പുതിയ വോട്ടെടുപ്പ് നടത്തുന്നതിന് ഒരു ദിവസം നിശ്ചയിക്കുകയും മണിക്കൂറുകൾ നിജപ്പെടുത്തുകയും ചെയ്യുകയും, അപ്രകാരം നിശ്ചയിക്കപ്പെട്ട ദിവസവും നിജപ്പെടുത്തിയ മണിക്കൂറുകളും യുക്തമെന്നു കരുതുന്ന രീതിയിൽ വിജ്ഞാപനം ചെയ്യുകയും ചെയ്യുകയോ,

(ഖ) ആ പോളിങ്ങ് സ്റ്റേഷനിലേയോ സ്ഥലത്തേയോ ഒരു പുതിയ വോട്ടെടുപ്പിൻെറ ഫലം, ആ തിരഞ്ഞെടുപ്പിൻെറ ഫലത്തെ ഏതെങ്കിലും വിധത്തിൽ ബാധിക്കുകയില്ലെന്നോ, അല്ലെങ്കിൽ നടപടിക്രമത്തിലെ ആ പിശകോ ക്രമക്കേടോ സാരവത്തായതല്ലെന്നോ ബോദ്ധ്യപ്പെടുന്നുവെങ്കിൽ, തിരഞ്ഞെടുപ്പിൻെറ തുടർന്നുള്ള നടത്തിപ്പിനും പൂർത്തീകരണത്തിനും സമുചിതമെന്നു കരുതുന്ന നിദേശങ്ങൾ വരണാധികാരിക്ക് നല്കുകയോ ചെയ്യേണ്ടതാകുന്നു.

(3) ഈ ആക്ററിലേയും അതിൻകീഴിൽ ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങളിലേയും, അല്ലെങ്കിൽ ഉത്തരവുകളിലേയും വ്യവസ്ഥകൾ, അങ്ങനെയുള്ള ആദ്യത്തെ ഏതൊരു പുതിയ വോട്ടെടുപ്പിനും ബാധകമാകുന്നതുപോലെ ബാധകമായിരിക്കുന്നതാണ്.

59. <u>തിരഞ്ഞെടുപ്പുകളിൽ വോട്ടുചെയ്യുന്ന രീതി.</u>—വോട്ടെടുപ്പ് നടത്തുന്ന ഏതൊരു തിരഞ്ഞെടുപ്പിലും വോട്ടുകൾ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ ബാലററുവഴി നല്കപ്പെടേണ്ടതും, യാതൊരു വോട്ടും പ്രാക്സിവഴി സ്വീകരിക്കാൻ പാടില്ലാത്തതും ആകുന്നു.

60. <u>ചിലതരത്തിൽപെട്ട ആളുകൾ വോട്ടു ചെയ്യുന്നതിനുള്ള പ്രത്യേക നടപടിക്രമം.</u>—59-ാം വകുപ്പിൽ അടങ്ങിയ വ്യവസ്ഥകളുടെ സാമാന്യതയ്ക്കു ഭംഗം വരാത്ത വിധം, ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾക്ക്—

(ക) വോട്ടെടുപ്പ് നടത്തുന്ന ഒരു നിയോജക മണ്ഡലത്തിലെ തിരഞ്ഞെടുപ്പിൽ താഴെ പറയുന്ന ആളുകളിൽ, അതായത്:—

(i) ജനപ്രാതിനിദ്ധ്യ ആക്ററ്, 1950 (1950-ലെ 43)-ലെ 20-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്ന ഏതെങ്കിലും ആൾ;

(ii) (1)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ചതുപോലെയുള്ള ഏതെങ്കിലും ആളുടെ ഭാര്യയും, മുൻപറഞ്ഞ 20-ാം വകുപ്പ് (6 -ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നവളുമായ ആൾ;

എന്നിവരിൽ ആർക്കെങ്കിലും പോസ്ററ് വഴിയായും മറേറതെങ്കിലും രീതിയിലല്ലാതേയും തൻെറ വോട്ട് നല്കാൻ കഴിവുണ്ടാക്കുന്നതിനും;

(ഖ) വോട്ടെടുപ്പു നടത്തുന്ന ഒരു നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പിൽ, തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ നിവാരകത്തടങ്കലിന് വിധേയനാക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ആൾക്ക്, ആ ചട്ടങ്ങളിൽ വിനിർദ്ദേശിക്കുന്ന ആവശ്യകതകൾ നിറവേററുന്നതിനു വിധേയമായി, പോസ്ററ് വഴിയായും മറേറതെങ്കിലും രീതിയിലല്ലാതേയും തൻെറ വോട്ട് നല്കാൻ കഴിവുണ്ടാക്കുന്നതിനും,

വ്യവസ്ഥ ചെയ്യാവുന്നതാണ്.

61. <u>നിയോജകരുടെ ആൾമാറാട്ടം തടയുന്നതിനുള്ള പ്രത്യേക നടപടിക്രമം.</u>—നിയോജകരുടെ ആൾമാറാട്ടം തടയുക എന്ന ലക്ഷ്യത്തോടെ—

(ക) ഒരു പോളിങ്ങ് സ്റേറഷനിൽ വോട്ടുചെയ്യുന്നതിനുവേണ്ടി ബാലററ് പേപ്പറിനോ ബാലററ്പേപ്പറുകൾക്കോ അപേക്ഷിക്കുന്ന ഏതൊരു നിയോജകനും, അങ്ങനെയുള്ള പേപ്പറോ പേപ്പറുകളോ നല്കുന്നതിനു മുമ്പ്, അയാളുടെ തള്ളവിരലോ മറേറതെങ്കിലും വിരലോ മായാത്ത മഷി കൊണ്ടു അടയാളപ്പെടുത്തുന്നതിനും;

(ഖ) ജനപ്രാതിനിദ്ധ്യ ആക്ററ്, 1950 (1950-ലെ 43) ൻ കീഴിൽ പോളിങ്ങ് സ്റേറഷൻ സ്ഥിതിചെയ്യുന്ന നിയോജകമണ്ഡലത്തിലെ സമ്മതിദായകർക്ക് അടയാളച്ചീട്ടുകൾ നല്കുന്നതിലേയ്ക്കായി ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങൾക്ക് കീഴിൽ, അവർക്ക് അങ്ങനെ അടയാളച്ചീട്ടുകൾ, അതോടൊപ്പം അവരവരുടെ യഥാക്രമമുള്ള ഫോട്ടോ അനുബന്ധിച്ചോ അനുബന്ധിക്കാതേയോ നല്കിയിട്ടുണ്ടെങ്കിൽ, മുൻപറഞ്ഞതുപോലെയുള്ള ഏതൊരു നിയോജകനും ബാലററ് പേപ്പറോ ബാലററ് പേപ്പറുകളോ അയാൾക്കു നല്കുന്നതിനു മുമ്പ് തൻെറ അടയാളച്ചീട്ട് പോളിങ്ങ് സ്റേറഷനിലെ പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥൻേറയോ പോളിങ്ങ് ഉദ്യോഗസ്ഥൻേറയോ മുമ്പാകെ ഹാജരാക്കുന്നതിനും;

(ഗ) ഒരു പോളിങ്ങ് സ്റേറഷനിൽ വോട്ട്ചെയ്യുന്നതിന് ഏതെങ്കിലും ആൾ ഏതെങ്കിലും ബാലററ്പേപ്പർ ആവശ്യപ്പെടുന്ന സമയത്ത്, അയാളുടെ തള്ള വിരലിലോ മറേറതെങ്കിലും വിരലിലോ അപ്രകാരമുള്ള ഒരടയാളം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ ആവശ്യപ്പെടുമ്പോൾ അയാൾ പോളിങ്ങ് സ്റേറഷനിലെ പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥൻേറയോ പോളിങ്ങ് ഉദ്യോഗസ്ഥൻേറയോ മുമ്പാകെ തൻെറ അടയാളച്ചീട്ട് ഹാജരാക്കാതിരുക്കുകയോ ചെയ്യുന്നുവെങ്കിൽ അയാൾക്ക് അങ്ങനെയുള്ള ബാലററ് പേപ്പർ നല്കുന്നത് നിരോധിക്കുന്നതിന് ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾക്ക് വ്യവസ്ഥ ഉണ്ടാക്കാവുന്നതാണ്.

62. <u>വോട്ട്ചെയ്യാനുള്ള അവകാശം.</u>— (1) ഏതെങ്കിലും നിയോജകമണ്ഡലത്തിൽ വോട്ട് ചെയ്യാൻ ആ നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പു പട്ടികയിൽ തൽസമയം ചേർക്കപ്പെട്ടിട്ടില്ലാത്ത യാതൊരാൾക്കും, അവകാശമുണ്ടായിരിക്കുന്നതല്ലാത്തതും, ഈ ആക്ററിൽ പ്രകടമായി വ്യവസ്ഥ ചെയ്യുന്നവിധമൊഴികെ, അങ്ങനെ ചേർക്കപ്പെട്ടിട്ടുള്ള ഏതൊരാൾക്കും അവകാശം ഉണ്ടായിരിക്കുന്നതും ആകുന്നു.

(2) യാതൊരാളും, താൻ ജനപ്രാതിനിദ്ധ്യ ആക്ററ്, 1950 (1950-ലെ 43)-ലെ 16-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള അയോഗ്യതകളിൽ ഏതിനെങ്കിലും വിധേയനാണെങ്കിൽ, ഏതെങ്കിലും നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പിൽവോട്ട് ചെയ്യാൻ പാടുള്ളതല്ല.

(3) യാതൊരാളും ഒരു പൊതുതിരഞ്ഞെടുപ്പിൽ, ഒരു തരത്തിൽപ്പെട്ട ഒന്നിലധികം നിയോജകമണ്ഡലങ്ങളിൽ വോട്ട്ചെയ്യാൻ പാടില്ലാത്തതും, ഒരാൾ അങ്ങനെയുള്ള ഒന്നിലധികം നിയോജകമണ്ഡലങ്ങളിൽ വോട്ട്ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള എല്ലാ നിയോജകമണ്ഡലങ്ങളിലേയും അയാളുടെ വോട്ടുകൾ ശൂന്യമായിരിക്കുന്നതുമാണ്.

(4) യാതൊരാളും ഏതെങ്കിലും തിരഞ്ഞെടുപ്പിൽ ഒരേ നിയോജകമണ്ഡലത്തിൽ ആ നിയോജകമണ്ഡലത്തിലേക്കുള്ള തിരഞ്ഞെടുപ്പു പട്ടികയിൽ തൻെറ പേർ ഒന്നിലധികം പ്രാവശ്യം രജിസ്ററർ ചെയ്തിട്ടുണ്ടെന്നിരുന്നാലും ഒന്നിലധികം പ്രാവശ്യം വോട്ടു ചെയ്യാൻ പാടില്ലാത്തതും, അയാൾ അപ്രകാരം വോട്ട് ചെയ്യുന്നുവെങ്കിൽ ആ നിയോജകമണ്ഡലത്തിലെ അയാളുടെ എല്ലാ വോട്ടുകളും ശൂന്യമായിരിക്കുന്നതുമാണ്.

(5) യാതൊരാളും, താൻ കാരാഗൃഹത്തിൽ തടഞ്ഞുവെയ്ക്കപ്പെട്ടിരിക്കുകയാണെങ്കിലോ, അത് തടവിനോ നാടുകടത്തലിനോ ഉള്ള ഒരു ശിക്ഷാവിധിക്കു കീഴിലോ മററു വിധത്തിലോ ആയിരുന്നാലും, അല്ലെങ്കിൽ നിയമാനുസൃതമായ പോലീസ് കസ്ററഡിയിൽ ആയിരിക്കുകയാണെങ്കിലോ, യാതൊരു തിരഞ്ഞെടുപ്പിലും വോട്ട് ചെയ്യുവാൻ പാടുള്ളതല്ല;

എന്നാൽ, ഈ ഉപവകുപ്പിലെ യാതൊന്നും തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ നിവാരകത്തടങ്കലിനു വിധേയനാക്കപ്പെട്ട ആൾക്ക് ബാധകമാകുന്നതല്ല.

63. വോട്ട് ചെയ്യുന്ന രീതി.— ജനപ്രാതിനിദ്ധ്യ (ഭേദഗതി) ആക്ററ് 1961 (1961-ലെ 40)-ലെ 14-ാം വകുപ്പിനാൽ (20-9-1961 മുതൽ പ്രാബല്യത്തോടുകൂടി) റദ്ദാക്കപ്പെട്ടു.

## അദ്ധ്യായം V

## വോട്ടെണ്ണൽ

64. വോട്ടെണ്ണൽ.— വോട്ടെടുപ്പ് നടത്തുന്ന ഏതൊരു തിരഞ്ഞെടുപ്പിലും വോട്ടുകൾ വരണാധികാരിയാലോ അയാളുടെ മേൽനോട്ടത്തിനും നിദേശത്തിനും കീഴിലോ എണ്ണപ്പെടേണ്ടതും, ഓരോ മൽസരിക്കുന്ന സ്ഥാനാർത്ഥിക്കും അയാളുടെ തിരഞ്ഞെടുപ്പ് ഏജൻറിനും വോട്ടെണ്ണൽ ഏജൻറിനും, എണ്ണൽ സമയത്ത് സന്നിഹിതരായിരിക്കാൻ അവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

64ക. എണ്ണൽ സമയത്ത് ബാലററ് പേപ്പറുകളുടെ നാശം, നഷ്ടം മുതലായവ.— (1) വോട്ടെണ്ണൽ പൂർത്തിയാകുന്നതിന് മുമ്പ്, ഏതെങ്കിലും സമയത്ത് ഒരു പോളിങ്ങ് സ്റേറഷനിലോ, വോട്ടെടുപ്പിന് നിജപ്പെടുത്തിയിട്ടുള്ള ഒരു സ്ഥലത്തോ ഉപയോഗിക്കപ്പെടുന്ന ഏതെങ്കിലും ബാലററ്പേപ്പറുകൾ, വരണാധികാരിയുടെ കസ്ററഡിയിൽനിന്ന് നിയമവിരുദ്ധമായി എടുത്തു മാററുകയോ, അല്ലെങ്കിൽ യാദൃച്ഛികമായോ, ഉദ്ദേശപൂർവ്വകമായോ നശിപ്പിക്കപ്പെടുകയോ, നഷ്ടപ്പെടുത്തുകയോ അല്ലെങ്കിൽ ആ പോളിങ്ങ് സ്റേറഷനിലേയൊ, സ്ഥലത്തേയൊ, വോട്ടെടുപ്പിൻെറ ഫലം തിട്ടപ്പെടുത്താൻ കഴിയാത്ത

വിധം അത്രത്തോളം നാശനഷ്ടപ്പെടുത്തുകയോ തകരാർ ചെയ്യപ്പെടുകയോ ചെയ്യുന്നുവെങ്കിൽ, വരണാധികാരി ഉടനടി തിരഞ്ഞെടുപ്പു കമ്മീഷന് ആ വിഷയം റിപ്പോർട്ട് ചെയ്യേണ്ടതാകുന്നു.

(2) അതോടെ തിരഞ്ഞെടുപ്പു കമ്മീഷൻ സാരവത്തായ എല്ലാ പരിതഃസ്ഥിതികളും കണക്കിലെടുത്തതിനുശേഷം—

(ക) വോട്ടെണ്ണൽ നിറുത്തണമെന്ന് നിദേശിക്കുകയും, ആ പോളിങ്ങ് സ്റ്റേഷനിലേയോ സ്ഥലത്തേയോ വോട്ടെടുപ്പ് ശൂന്യമാണെന്ന് പ്രഖ്യാപിക്കുകയും, ആ പോളിങ്ങ് സ്റ്റേഷനിലോ സ്ഥലത്തോ ഒരു പുതിയ വോട്ടെടുപ്പു നടത്തുന്നതിന് ഒരു ദിവസം നിശ്ചയിക്കുകയും മണിക്കൂറുകരം നിജപ്പെടുത്തുകയും ചെയ്യുകയും അപ്രകാരം നിശ്ചയിക്കപ്പെട്ട തീയതിയും നിജപ്പെടുത്തിയ മണിക്കൂറുകളും യുക്തമെന്നു കരുതുന്ന രീതിയിൽ വിജ്ഞാപനം ചെയ്യുകയും ചെയ്യുകയോ, അല്ലെങ്കിൽ

(ഖ) ആ പോളിങ്ങ് സ്റ്റേഷനിലേയോ സ്ഥലത്തിലേയോ ഒരു പുതിയ വോട്ടെടുപ്പിന്റെ ഫലം തിരഞ്ഞെടുപ്പിന്റെ ഫലത്തെ ഏതെങ്കിലും വിധത്തിൽ ബാധിക്കുകയില്ലെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, വോട്ടെണ്ണൽ പുനരാരംഭിക്കുകയും പൂർത്തിയാക്കുകയും ചെയ്യുന്നതിനും, ഏതു തിരഞ്ഞെടുപ്പു സംബന്ധിച്ചാണോ വോട്ടുകരം എണ്ണപ്പെട്ടത്, ആ തിരഞ്ഞെടുപ്പിന്റെ തുടർന്നുള്ള നടത്തിപ്പിനും പൂർത്തീകരണത്തിനും സമുചിതമെന്ന് കരുതുന്ന നിദേശങ്ങരം വരണാധികാരിക്ക് നല്കുകയോ

ചെയ്യേണ്ടതാകുന്നു.

(3) ഈ ആക്ററിലേയും അതിൻ കീഴിൽ ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങളിലേയും, അല്ലെങ്കിൽ ഉത്തരവുകളിലേയും വ്യവസ്ഥകരം ഏതൊരു പുതിയ വോട്ടെടുപ്പിനും, ആദ്യത്തെ വോട്ടെടുപ്പിന് ബാധകമാകുന്നതു പോലെ ബാധകമായിരിക്കുന്നതാണ്.

65. <u>വോട്ടുകളുടെ സമത.</u>— വോട്ടെണ്ണൽ പൂർത്തിയാക്കിയതിനുശേഷം, ഏതെങ്കിലും സ്ഥാനാർത്ഥികരം തമ്മിൽ വോട്ടുകളുടെ സമത ഉള്ളതായി കാണപ്പെടുകയും, ഒരൊററ വോട്ടു കൂട്ടിയാൽ ആ സ്ഥാനാർത്ഥികളിൽ ആർക്കെങ്കിലും തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെടാൻ അവകാശമുണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, വരണാധികാരി ഉടനടി നറുക്കെടുപ്പുവഴി ആ സ്ഥാനാർത്ഥികരം തമ്മിലെ കാര്യം തീരുമാനിക്കേണ്ടതും നറുക്ക് കിട്ടുന്ന സ്ഥാനാർത്ഥിക്ക് ഒരൊററ വോട്ടു കൂടുതൽ ലഭിച്ചിരുന്നാലെന്നപോലെ നടപടി തുടരേണ്ടതും ആകുന്നു.

66. <u>ഫലപ്രഖ്യാപനം.</u>— വോട്ടെണ്ണൽ പൂർത്തിയായിക്കഴിയുമ്പോരം വരണാധികാരി, തിരഞ്ഞെടുപ്പു കമ്മീഷന്റെ വിപരീതമായ ഏതെങ്കിലും നിർദ്ദേശത്തിന്റെ അഭാവത്തിൽ, ഉടനടി തിരഞ്ഞെടുപ്പു ഫലം ഈ ആക്ററോ അതിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളോ വ്യവസ്ഥ ചെയ്യുന്ന രീതിയിൽ പ്രഖ്യാപിക്കേണ്ടതാകുന്നു.

67. <u>ഫലം റിപ്പോർട്ട് ചെയ്യൽ.</u>— ഒരു തിരഞ്ഞെടുപ്പിന്റെ ഫലം പ്രഖ്യാപിച്ചതിനുശേഷം, ആകുന്നത്ര വേഗത്തിൽ, വരണാധികാരി, ഫലം സമുചിതാധികാരസ്ഥാനത്തിനും തിരഞ്ഞെടുപ്പു കമ്മീഷനും, പാർലമെൻറിൻേറയോ സഭയുടേയോ ഒരു സ്റേററിലെ നിയമനിർമ്മാണ മണ്ഡലത്തിൻേറയോ ഒരു സഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന്റെ സംഗതിയിൽ, ആ സഭയുടെ സെക്രട്ടറിയ്ക്കും റിപ്പോർട്ട് ചെയ്യേണ്ടതും, ആ സമുചിതാധികാരസ്ഥാനം, തിരഞ്ഞെടുക്കപ്പെട്ട സ്ഥാനാർഥികളുടെ പേരുകളടങ്ങിയ പ്രഖ്യാപനങ്ങരം ഔദ്യോഗീക ഗസററിൽ പ്രസിദ്ധപ്പെടുത്തിക്കേണ്ടതും ആകുന്നു.

67ക. സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെട്ട തീയതി.— ഈ ആക്ററിലെ ആവശ്യങ്ങൾക്ക് ഒരു സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെടുന്ന തീയതി 53-ാം വകുപ്പിലേയൊ 66-ാം വകുപ്പിലേയൊ വ്യവസ്ഥകൾക്കു കീഴിൽ പാർലമെൻറിൻേറയോ സ്റേററ് നിയമനിർമ്മാണ മണ്ഡലത്തിൻേറയോ ഒരു സഭയിലേക്കുളള ആ സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി പ്രഖ്യാപിക്കുന്ന തീയതി ആയിരിക്കുന്നതാണ്.

## അദ്ധ്യായം VI

## ബഹുപദീയ തിരഞ്ഞെടുപ്പുകൾ

68. പാർലിമെൻറിൻെറ ഇരു സഭകളിലേക്കും തിരഞ്ഞെടുക്കപ്പെടുമ്പോൾ സ്ഥാനങ്ങൾ ഒഴിയുന്നത്.— (1) ലോകസഭയിലേക്കും രാജ്യസഭയിലേക്കും അംഗമായി വരണം ചെയ്യപ്പെട്ടിരിക്കുകയും, ഇരു സഭകളിൽ ഏതിലെങ്കിലുമുളള തൻെറ സ്ഥാനത്ത് ഉപവേശിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും ആൾക്ക്, അയാൾ അപ്രകാരം വരണം ചെയ്യപ്പെട്ട തീയതിയോ തീയതികളിൽ ഒടുവിലത്തെ തീയതിയോ മുതൽ പത്തുദിവസത്തിനുളളിൽ ആ സഭകളിൽ ഏതിലാണ് താൻ സേവനം അനുഷ്ഠിക്കാൻ ആഗ്രഹിക്കുന്നത് എന്ന്, താൻ ഒപ്പിട്ടതും തിരഞ്ഞെടുപ്പു കമ്മീഷൻെറ സെക്രട്ടറിക്ക് ഡെലിവർ ചെയ്യുന്നതുമായ ലിഖിതമായ നോട്ടീസ് വഴി അറിയിക്കാവുന്നതും, അതോടെ അയാൾ, സേവനം അനുഷ്ഠിക്കാൻ ആഗ്രഹിക്കാത്തത് ഏത് സഭയിലാണോ ആ സഭയിലെ അയാളുടെ സ്ഥാനം ഒഴിവായിത്തീരുന്നതുമാകുന്നു.

(2) മുൻപറഞ്ഞ കാലാവധിക്കുളളിൽ അങ്ങനെ അറിയിക്കാൻ വീഴ്ച വരുത്തുന്നപക്ഷം, രാജ്യസഭയിലെ അയാളുടെ സ്ഥാനം ആ കാലാവധി അവസാനിക്കുന്നതോടെ ഒഴിവായിത്തീരുന്നതാകുന്നു.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ നല്കുന്ന ഏതെങ്കിലും അറിയിപ്പ്, അന്തിമവും പിൻവലിക്കാവുന്നതല്ലാത്തതും ആയിരിക്കുന്നതാണ്.

(4) ഈ വകുപ്പിൻേറയും 69-ാം വകുപ്പിൻേറയും ആവശ്യങ്ങൾക്ക് ഒരാൾ പാർലമെൻറിൻെറ ഇരുസഭകളിലേതിലേക്കെങ്കിലും അംഗമായി തിരഞ്ഞെടുക്കപ്പെട്ട തീയതി, തിരഞ്ഞെടുക്കപ്പെട്ട ഒരു അംഗത്തിൻെറ സംഗതിയിൽ, അയാൾ തിരഞ്ഞെടുക്കപ്പെട്ട തീയതിയും, നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു അംഗത്തിൻെറ സംഗതിയിൽ അയാളുടെ നാമനിർദ്ദേശം ഇൻഡ്യാ ഗസററിൽ ആദ്യം പ്രസിദ്ധപ്പെടുത്തിയ തീയതിയും ആയിരിക്കുന്നതാണ്.

69. പാർലമെൻറിൻെറ ഒരു സഭയിൽ മുമ്പേ അംഗങ്ങളായിരിക്കുന്ന ആളുകൾ മറേറ സഭയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിൻമേൽ സ്ഥാനങ്ങൾ ഒഴിയുന്നത്.—(1) ലോകസഭയിൽ മുൻപേ ഒരംഗമായിരിക്കുന്നവനും, ആ സഭയിലെ തൻെറ സ്ഥാനത്ത് ഉപവേശിച്ചിട്ടുളളവനുമായ ഒരാൾ, രാജ്യസഭയിലെ അംഗമായി വരണം ചെയ്യപ്പെടുന്നുവെങ്കിൽ ലോകസഭയിലെ അയാളുടെ സ്ഥാനം, അയാൾ അപ്രകാരം വരണം ചെയ്യപ്പെടുന്ന തീയതി ഒഴിവായിത്തീരുന്നതാകുന്നു.

(2) രാജ്യസഭയിൽ മുൻപേ അംഗമായിരിക്കുന്നവനും, ആ സഭയിലെ സ്ഥാനത്ത് ഉപവേശിച്ചിട്ടുളളവനുമായ ഒരാൾ ലോകസഭയിലെ അംഗമായി വരണം ചെയ്യപ്പെടുന്നുവെങ്കിൽ രാജ്യസഭയിലെ അയാളുടെ സ്ഥാനം, അയാൾ അപ്രകാരം വരണം ചെയ്യപ്പെടുന്ന തീയതി ഒഴിവായിത്തീരുന്നതാകുന്നു.

70. പാർലമെൻറിൻെറ ഇരുസഭകളിൽ ഏതിലേയെങ്കിലുമോ ഒരു സ്റേറററിലെ നിയമനിർമ്മാണമണ്ഡലത്തിൻെറ സഭയിലേയോ, ഇരുസഭകളിൽ ഏതിലേയെങ്കിലുമോ ഒന്നിലധികം സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നത്.—പാർലമെൻറിൻെറ ഇരുസഭകളിൽ ഏതിലേയെങ്കിലുമോ, ഒരു സ്റേററിലെ നിയമനിർമ്മാണമണ്ഡലത്തിൻെറ സഭയിലേയോ, ഇരുസഭകളിൽ ഏതിലേയെങ്കിലുമോ ഒന്നിലധികം സ്ഥാനങ്ങളിലേക്ക് ഒരാൾ തിരഞ്ഞെടുക്കപ്പെടുന്നുവെങ്കിൽ, നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിൽ, അയാൾ ആ സ്ഥാനങ്ങളിൽ ഒന്ന് ഒഴികെയുള്ളതെല്ലാം, അതതുസംഗതിപോലെ, സ്പീക്കറേയോ അദ്ധ്യക്ഷനേയോ, അല്ലെങ്കിൽ നിർണ്ണയിക്കപ്പെടുന്ന മററ് അധികാരസ്ഥാനത്തേയോ ഉദ്യോഗസ്ഥനേയോ സംബോധനം ചെയ്തു സ്വഹസ്താക്ഷരത്തിൽ എഴുതി അയച്ചു രാജിവയ്ക്കാത്തപക്ഷം, എല്ലാ സ്ഥാനങ്ങളിലും ഒഴിവായിത്തീരുന്നതാകുന്നു.

## അദ്ധ്യായം VII

## തിരഞ്ഞെടുപ്പുഫലങ്ങളും നാമനിർദ്ദേശങ്ങളും പ്രസിദ്ധപ്പെടുത്തുന്നത്

71. രാജ്യസഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകളുടെ ഫലങ്ങളും രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുന്ന ആളുകളുടെ പേരുകളും പ്രസിദ്ധപ്പെടുത്തുന്നത്.—12-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾക്ക് അനുസൃതമായി ഏതെങ്കിലും വർഷത്തിൽ നടത്തപ്പെടുന്ന തിരഞ്ഞെടുപ്പുകൾക്കുശേഷം, സമുചിതാധികാരസ്ഥാനം മുൻപറഞ്ഞ തിരഞ്ഞെടുപ്പുകളിൽ സ്റേററ് നിയമസഭകളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാലും വ്യത്യസ്തയൂണിയൻ രാജ്യക്ഷേത്രത്തിലേക്കുള്ള നിയോജകഗണങ്ങളിലെ അംഗങ്ങളാലും തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ പേരുകൾ, രാഷ്ട്രപതി 80-ാം അനുച്ഛേദം (1)-ാം ഖണ്ഡം (ക) ഉപഖണ്ഡത്തിൻകീഴിലോ മറേറതെങ്കിലും വ്യവസ്ഥകൾക്കുകീഴിലോ രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്യുന്ന ഏതെങ്കിലും ആളുകളുടെ പേരുകളോടൊപ്പം, ഔദ്യോഗികഗസററിൽ വിജ്ഞാപനം ചെയ്യേണ്ടതാകുന്നു.

72. [ചില യൂണിയൻ രാജ്യക്ഷേത്രങ്ങളിലെ നിയോജക ഗണങ്ങളുടെ പുനഃസംവിധാനത്തിനായി തിരഞ്ഞെടുപ്പുകളുടെ ഫലങ്ങൾ പ്രസിദ്ധപ്പെടുത്തൽ] ടെറിറേറാറിയൽ കൗൺസിൽസ് ആക്ററ്, 1956 (1956-ലെ 103)-ലെ 66-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

73. ലോകസഭയിലേയ്ക്കും സ്റേററ് നിയമസഭകളിലേയ്ക്കും ഉള്ള പൊതുതിരഞ്ഞെടുപ്പുകളുടെ ഫലങ്ങൾ പ്രസിദ്ധപ്പെടുത്തുന്നത്.—പുതിയ ലോകസഭയോ പുതിയ സ്റേററ് നിയമസഭയോ സംവിധാനം ചെയ്യുന്നതിനുവേണ്ടി ഒരു പൊതുതിരഞ്ഞെടുപ്പ് നടത്തുന്നിടത്ത്, തിരഞ്ഞെടുപ്പുകമ്മീഷൻ [30-ാം വകുപ്പ് (ഘ) ഖണ്ഡത്തിൻകീഴിൽ ആദ്യം നിജപ്പെടുത്തിയ തീയതിയിൽ ഏതെങ്കിലും കാരണത്താൽ വോട്ടെടുപ്പ് നടത്താൻ കഴിയാതിരുന്നവയോ അല്ലെങ്കിൽ തിരഞ്ഞെടുപ്പിൻെറ പൂർത്തീകരണത്തിനുള്ള സമയം 153-ാം വകുപ്പിലെ വ്യവസ്ഥകൾക്കുകീഴിൽ നീട്ടിക്കൊടുത്തിട്ടുള്ളവയോ അല്ലാത്ത] എല്ലാ നിയോജകമണ്ഡലങ്ങളിലേയും തിരഞ്ഞെടുപ്പുഫലങ്ങൾ, അതതു സംഗതിപോലെ,

5-ാം വകുപ്പിലേയോ, 66-ാം വകുപ്പിലേയോ വ്യവസ്ഥകൾക്കു കീഴിൽ വരണാധികാരിയാൽ പ്രഖ്യാപിക്കപ്പെട്ടതിനുശേഷം, ആകുന്നത്ര വേഗത്തിൽ, ആനിയോജകമണ്ഡലങ്ങൾക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ പേരുകൾ ഔദ്യോഗികഗസററിൽ വിജ്ഞാപനം ചെയ്യേണ്ടതും, അങ്ങനെയുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിൻമേൽ ആ ലോകസഭയോ ആ നിയമസഭയോ മുറപ്രകാരം സംവിധാനം ചെയ്യപ്പെട്ടതായി കരുതപ്പെടുന്നതും ആകുന്നു:

എന്നാൽ അങ്ങനെയുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നത്—

(ക) (i) 30-ാം വകുപ്പ് (ഘ) ഖണ്ഡത്തിൻ കീഴിൽ ആദ്യം നിജപ്പെടുത്തിയ തീയതി ഏതെങ്കിലും കാരണത്താൽ വോട്ടെടുപ്പ് നടത്താൻ കഴിയാതിരുന്ന ഏതെങ്കിലും പാർലമെൻറ് നിയോജകമണ്ഡലത്തിലോ, നിയോജകമണ്ഡലങ്ങളിലോ അല്ലെങ്കിൽ നിയമസഭാനിയോജകമണ്ഡലത്തിലോ നിയോജകമണ്ഡലങ്ങളിലോ വോട്ടെടുപ്പുനടത്തുകയും തിരഞ്ഞെടുപ്പ് പൂർത്തീകരിക്കുകയും ചെയ്യുന്നതിനേയോ, അല്ലെങ്കിൽ

(ii) 153-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് കീഴിൽ സമയം നീട്ടികൊടുത്തിട്ടുള്ള ഏതെങ്കിലും പാർലമെൻറ് നിയോജകമണ്ഡലത്തിനോ നിയോജകമണ്ഡലങ്ങളിലോ അല്ലെങ്കിൽ നിയമസഭാ നിയോജകമണ്ഡലത്തിലോ നിയോജകമണ്ഡലങ്ങളിലോ തിരഞ്ഞെടുപ്പ് പൂർത്തീകരിക്കുന്നതിനേയോ, തടയുന്നതായോ; അല്ലെങ്കിൽ

(ഖ) മുൻപറഞ്ഞ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു തൊട്ടുമുൻപ്, പ്രവർത്തിച്ചിരുന്ന ലോകസഭയോ സ്റേറററ് നിയമസഭയോ, വല്ലതും ഉണ്ടെങ്കിൽ അതിൻെറ കാലാവധിയെ ബാധിക്കുന്നതായോ കരുതപ്പെടുന്നതല്ല.

74. <u>സ്റേറററ് നിയമസമിതിയിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകളുടെ ഫലങ്ങളും അങ്ങനെയുള്ള സമിതികളിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന ആളുകളുടെ പേരുകളും പ്രസിദ്ധപ്പെടുത്തുന്നത്.</u>—15 ക വകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾക്ക് അനുസൃതമായോ, അല്ലെങ്കിൽ ഏതെങ്കിലും വർഷത്തിൽ 16-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾക്ക് അനുസൃതമായോ നടത്തപ്പെടുന്ന തിരഞ്ഞെടുപ്പുകൾക്കുശേഷം, സമുചിതാധികാരസ്ഥാനം മുൻപറഞ്ഞ തിരഞ്ഞെടുപ്പുകളിൽ വ്യത്യസ്ത നിയമസമിതി നിയോജകമണ്ഡലങ്ങൾക്ക് തിരഞ്ഞെടുക്കപ്പെടുന്നവരും സ്റേറററ് നിയമസഭയിലെ അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്നവരും ആയ അംഗങ്ങളുടെ പേരുകൾ 171-ാം അനുച്ഛേദം (3)-ാം ഖണ്ഡം (ങ) ഉപഖണ്ഡത്തിൻകീഴിൽ ഗവർണ്ണർ നാമനിർദ്ദേശം ചെയ്യുന്ന ഏതെങ്കിലും ആളുകളുടെ പേരുകളോടൊപ്പം ഔദ്യോഗിക ഗസററിൽ വിജ്ഞാപനം ചെയ്യേണ്ടതാകുന്നു.

## അദ്ധ്യായം VIII

## തിരഞ്ഞെടുപ്പു ചെലവുകൾ

76. <u>അദ്ധ്യായത്തിൻെറ ബാധകത.</u>—ഈ അദ്ധ്യായം ലോകസഭയിലേയ്ക്കും സ്റേറററ് നിയമസഭയിലേയ്ക്കും ഉള്ള തിരഞ്ഞെടുപ്പുകൾക്കുമാത്രം ബാധകമായിരിക്കുന്നതാണ്.

77. തിരഞ്ഞെടുപ്പു ചെലവുകളുടെ കണക്കും പരമാവധി തിരഞ്ഞെടുപ്പു ചെലവും.—(1) തിരഞ്ഞെടുപ്പിലെ ഏതൊരു സ്ഥാനാർത്ഥിയും, താൻ നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതിക്കും, അതിന്റെ ഫലം പ്രഖ്യാപിക്കുന്ന തീയതിക്കും ഇടയിൽ, രണ്ടു തീയതികളും ഉൾപ്പെടെ, തിരഞ്ഞെടുപ്പു സംബന്ധമായി താനോ തന്റെ തിരഞ്ഞെടുപ്പ് ഏജന്റോ, നേരിടുന്നതോ പ്രാധികാരപ്പെടുത്തുന്നതോ ആയ എല്ലാ ചെലവിന്റേയും പ്രത്യേകമായതും ശരിയായതുമായ ഒരു കണക്ക്, താൻതന്നെയോ തന്റെ തിരഞ്ഞെടുപ്പ് ഏജന്റ് മുഖേനയോ, വച്ചുപോരേണ്ടതാകുന്നു.

വിശദീകരണം 1.—ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായമോ ഉത്തരവോ തീരുമാനമോ വിപരീതമായി ഉണ്ടെന്നിരുന്നാലും, ഒരു സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പു സംബന്ധിച്ച് ഒരു രാഷ്ട്രീയകക്ഷിയോ, അല്ലെങ്കിൽ ആളുകളുടെ മറേറതെങ്കിലും സമാജമോ നികായമോ, അല്ലെങ്കിൽ (സ്ഥാനാർത്ഥിയോ അയാളുടെ തിരഞ്ഞെടുപ്പ് ഏജന്റോ അല്ലാത്ത) ഏതെങ്കിലും പ്രാധികാരപ്പെടുത്തുന്നതോ ആയ ഏതെങ്കിലും ചെലവ്, ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക്, തിരഞ്ഞെടുപ്പുസംബന്ധിച്ച് സ്ഥാനാർത്ഥിയോ അയാളുടെ തിരഞ്ഞെടുപ്പ് ഏജന്റോ നേരിടുന്നതോ പ്രാധികാരപ്പെടുത്തുന്നതോ ആയ ചെലവായി കരുതപ്പെടുന്നതോ, എപ്പോഴെങ്കിലും അങ്ങനെയുള്ള ചെലവായിരുന്നതായി കരുതപ്പെടുന്നതോ അല്ല :

എന്നാൽ ഈ വിശദീകരണത്തിൽ അടങ്ങിയ യാതൊന്നും.—

(ക) ജനപ്രാതിനിദ്ധ്യ (ഭേദഗതി) ആർഡിനൻസ്, 1974 (1974-ലെ 13)-ന്റെ പ്രാരംഭത്തിനു മുമ്പ് ലോകസഭയിലേയ്ക്കോ, ഒരു സ്റേററ് നിയമസഭയിലേയ്ക്കോ ഉള്ള ഒരു സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പു ശൂന്യമായി പ്രഖ്യാപിച്ചിട്ടുള്ളതോ, ദുർബ്ബലപ്പെടുത്തിയിട്ടുള്ളതോ ആയ സുപ്രീംകോടതിയുടെ ഏതെങ്കിലും വിധിന്യായത്തേയോ ഉത്തരവിനേയോ തീരുമാനത്തേയോ ; അല്ലെങ്കിൽ

(ഖ) മുൻപറഞ്ഞ ആർഡിനൻസിന്റെ പ്രാരംഭത്തിനു മുമ്പ്, അങ്ങനെയുള്ള ഏതെങ്കിലും സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ശൂന്യമായി പ്രഖ്യാപിച്ചിട്ടുള്ളതോ ദുർബ്ബലപ്പെടുത്തിയിട്ടുള്ളതോ ആയ ഒരു ഹൈക്കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിനോ ഉത്തരവിനോ തീരുമാനത്തിനോ എതിരായി അങ്ങനെയുള്ള പ്രാരംഭത്തിനു മുമ്പ് സുപ്രീംകോടതിയിൽ അപ്പീൽകൊടുത്തിട്ടില്ലാതിരിക്കുകയും, അങ്ങനെയുള്ള പ്രാരംഭത്തിനു മുൻപ് അങ്ങനെയുള്ള അപ്പീൽ ഫയൽ ചെയ്യാനുള്ള കാലഹരണകാലം കഴിഞ്ഞിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള വിധിന്യായത്തേയോ ഉത്തരവിനേയോ തീരുമാനത്തേയോ ;

ബാധിക്കുന്നതല്ല.

വിശദീകരണം 2.—വിശദീകരണം 1-ന്റെ ആവശ്യങ്ങൾക്ക്, രാഷ്ട്രീയകക്ഷിക്ക് തൽസമയം പ്രാബല്യത്തിലുള്ള പ്രകാരമുള്ള തിരഞ്ഞെടുപ്പ് ചിഹ്നങ്ങൾ (നീക്കിവയ്ക്കലും തിരിച്ചുവയ്ക്കലും) ആർഡർ, 1968-ലെ അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

വിശദീകരണം 3.—ഗവൺമെന്റിന്റെ സർവ്വീസിലുള്ളവനും 123-ാം വകുപ്പ് 7-ാം ഖണ്ഡത്തിൽ പറഞ്ഞ തരങ്ങളിൽ ഏതിലെങ്കിലും പെട്ടതുമായ ഏതെങ്കിലും ആളാൽ ആ ഖണ്ഡത്തിനുള്ള പരിമിതിവ്യവസ്ഥയിൽ

പറഞ്ഞിട്ടുള്ളതുപോലെ തന്റെ ഔദ്യോഗിക കർത്തവ്യത്തിന്റെ നിർവ്വഹണത്തിലോ നിർവ്വഹണമായി കരുതപ്പെടാവുന്ന ഒന്നിലോ ചെയ്യപ്പെടുന്ന ഏർപ്പാടുകളോ നല്കപ്പെടുന്ന സൗകര്യങ്ങളോ ചെയ്യപ്പെടുന്ന മറേറതെങ്കിലും കൃത്യമോ കാര്യമോ സംബന്ധിച്ച് നേരിടുന്ന ഏതെങ്കിലും ചെലവ്, ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക് തിരഞ്ഞെടുപ്പ് സംബന്ധിച്ച് സ്ഥാനാർത്ഥിയോ അയാളുടെ തിരഞ്ഞെടുപ്പ് ഏജൻേറാ നേരിടുന്നതോ പ്രാധികാരപ്പെടുത്തുന്നതോ ആയ ചെലവായി കരുതപ്പെടുന്നതല്ലെന്ന്, സംശയം നീക്കാനായി ഇതിനാൽ പ്രഖ്യാപിച്ചിരിക്കുന്നു.

(2) ആ കണക്കിൽ നിർണ്ണയിക്കപ്പെടുന്ന വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്.

(3) മുൻപറഞ്ഞ ചെലവിന്റെ ആകെത്തുക, നിർണ്ണയിക്കപ്പെടുന്ന തുകയിൽ കവിയാൻ പാടുള്ളതല്ല.

78. <u>ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ പക്കൽ കണക്ക് ഏല്പിക്കുന്നത്.</u>—(1) ഒരു തിരഞ്ഞെടുപ്പിലെ, ഏതൊരു മൽസരിക്കുന്ന സ്ഥാനാർത്ഥിയും, വരണം ചെയ്യപ്പെട്ടസ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെട്ട തീയതി മുതല്ക്കോ, അല്ലെങ്കിൽ തിരഞ്ഞെടുപ്പിൽ ഒന്നിലധികം വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥികൾ ഉണ്ടായിരിക്കുകയും, അവർ തിരഞ്ഞെടുക്കപ്പെട്ട തീയതികൾ വ്യത്യസ്തമായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, ആ രണ്ടു തീയതികളിൽ ഒടുവിലത്തേതു മുതല്ക്കോ, മുപ്പതു ദിവസത്തിനുള്ളിൽ തന്റെ തിരഞ്ഞെടുപ്പ് ചെലവുകളുടെ ഒരു കണക്ക്, ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ പക്കൽ ഏല്പിക്കേണ്ടതും, അത് താനോ തന്റെ തിരഞ്ഞെടുപ്പ് ഏജൻേറാ 77-ാം വകുപ്പിൻ കീഴിൽ വച്ചുപോരുന്ന കണക്കിന്റെ ശരിപ്പകർപ്പ് ആയിരിക്കേണ്ടതും ആണ്.

(2) (1)-ാം ഉപവകുപ്പിലെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെക്കുറിച്ചുള്ള പരാമർശത്തിന് ഒരു യൂണിയൻ രാജ്യക്ഷേത്രത്തിലെ ഒരു നിയോജകമണ്ഡലം സംബന്ധിച്ച്, ആ നിയോജകമണ്ഡലത്തിനുള്ള വരണാധികാരിയെ സംബന്ധിച്ച പരാമർശമായി അർത്ഥം കല്പിക്കപ്പെടുന്നതാകുന്നു.

## ഭാഗം VI

## തിരഞ്ഞെടുപ്പുകൾ സംബന്ധിച്ചുള്ള തർക്കങ്ങൾ

### അദ്ധ്യായം I

### വ്യാഖ്യാനം

79. <u>നിർവ്വചനങ്ങൾ.</u>—ഈ ഭാഗത്തിലും VII-ാം ഭാഗത്തിലും സന്ദർഭം മററുവിധം ആവശ്യപ്പെടാത്തപക്ഷം—

(ക) ഒരു ഹൈക്കോടതിയേയോ ഒരു ഹൈക്കോടതിയിലെ ചീഫ് ജസ്ററീസിനേയോ ജഡ്ജിയേയോ കുറിച്ചുള്ള ഏതെങ്കിലും പരാമർശത്തിനു ജൂഡിഷ്യൽ കമ്മീഷണറുടെ കോടതിയുള്ള യൂണിയൻ രാജ്യക്ഷേത്രം സംബന്ധിച്ച്, അതതുസംഗതിപോലെ, മുൻപറഞ്ഞ ജുഡീഷ്യൽ കമ്മീഷണറുടെ കോടതിയേയോ ജുഡീഷ്യൽ കമ്മീഷണറേയോ ഏതെങ്കിലും അഡീഷണൽ ജുഡീഷ്യൽ കമ്മീഷണറേയോ കുറിച്ചുള്ള പരാമർശമായി അർത്ഥം കല്പിക്കപ്പെടുന്നതും;

(ഖ) ''സ്ഥാനാർത്ഥി''ക്ക്, ഏതെങ്കിലും തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി മുറപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ളതോ ചെയ്യപ്പെട്ടിട്ടുള്ളതാണെന്ന് അവകാശപ്പെടുന്നതോ ആയ ആൾ എന്ന് അർത്ഥമാകുന്നതും;

(ഗ) ''കോടതിച്ചെലവി'' ന്, ഒരു തിരഞ്ഞെടുപ്പ് ഹർജിയുടെ വിചാരണയുടേതോ, അതിന് ആനുഷംഗികമായതോ ആയ എല്ലാ കോടതിച്ചെലവും ചാർജ്ജുകളും വ്യയങ്ങളും എന്നർത്ഥമാകുന്നതും;

(ഘ) ''തിരഞ്ഞെടുപ്പവകാശ'' ത്തിന്, ഒരു തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി നില്ക്കാനോ നില്ക്കാതിരിക്കാനോ സ്ഥാനാർത്ഥിത്വം പിൻവലിക്കാനോ പിൻവലിക്കാതിരിക്കാനോ, അല്ലെങ്കിൽ തിരഞ്ഞെടുപ്പിൽ വോട്ട്ചെയ്യാനോ വോട്ട്ചെയ്യുന്നതിൽ നിന്ന് ഒഴിഞ്ഞുനില്ക്കാനോ ഒരാൾക്കുള്ള അവകാശം എന്നർത്ഥമാകുന്നതും;

(ങ) ''ഹൈക്കോടതി''ക്ക്, തിരഞ്ഞെടുപ്പു് ഹർജി ഏതു തിരഞ്ഞെടുപ്പ് സംബന്ധിച്ചാണോ, ആ തിരഞ്ഞെടുപ്പ് ഏത് ഹൈക്കോടതിയുടെ അധികാരിയുടെ തദ്ദേശാതിർത്തികൾക്കുള്ളിലാണോ നടത്തപ്പെട്ടിട്ടുള്ളത്, ആ ഹൈക്കോടതി എന്നർത്ഥമാകുന്നതും;

(ച) ''വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥി'' ക്ക്, മുറപ്രകാരം തിരഞ്ഞെടുക്കപ്പെട്ടതായി 67-ാം വകുപ്പിൻ കീഴിൽ പ്രസിദ്ധപ്പെടുത്തപ്പെട്ട സ്ഥാനാർത്ഥി എന്നർത്ഥമാകുന്നതും,

ആണ്.

അദ്ധ്യായം II

## തിരഞ്ഞെടുപ്പു കമ്മിഷന് തിരഞ്ഞെടുപ്പു ഹർജികൾ ബോധിപ്പിക്കുന്നത്

80. തിരഞ്ഞെടുപ്പ് ഹർജികൾ.—യാതൊരു തിരഞ്ഞെടുപ്പും ഈ ഭാഗത്തിലെ വ്യവസ്ഥകൾ അനുസരിച്ച് ബോധിപ്പിക്കുന്ന ഒരു തിരഞ്ഞെടുപ്പു ഹർജിവഴിയൊഴികെ ചോദ്യം ചെയ്യപ്പെടാൻ പാടുള്ളതല്ല.

80ക. ഹൈക്കോടതി തിരഞ്ഞെടുപ്പു ഹർജികൾ വിചാരണ ചെയ്യണമെന്ന്.—(1) തിരഞ്ഞെടുപ്പ് ഹർജി വിചാരണ ചെയ്യാൻ അധികാരിതയുള്ള കോടതി ഹൈക്കോടതി ആയിരിക്കുന്നതാണ്.

(2) അങ്ങനെയുള്ള അധികാരിത സാധാരണമായി ഹൈക്കോടതിയിലെ ഒരു സിംഗിൾ ജഡ്ജി പ്രയോഗിക്കേണ്ടതും, അതിനുവേണ്ടി ചീഫ് ജസ്റ്റീസ് അപ്പോഴപ്പോൾ ഒന്നോ അതിലധികമോ ജഡ്ജിമാരെ നിശ്ചയിക്കേണ്ടതുമാണ്:

എന്നാൽ, ഹൈക്കോടതി ഒരൊററ ജഡ്ജി മാത്രം അടങ്ങിയതായിട്ടുള്ളിടത്ത് ആ കോടതിയ്ക്ക് ബോധിപ്പിക്കുന്ന എല്ലാ തിരഞ്ഞെടുപ്പു ഹർജികളും അദ്ദേഹം വിചാരണ ചെയ്യേണ്ടതാകുന്നു.

(3) ഹൈക്കോടതിയ്ക്ക് സ്വവിവേകം ഉപയോഗിച്ച് നീതിയുടേയോ സൗകര്യത്തിൻേറയോ താൽപര്യങ്ങൾ മുൻനിറുത്തി തിരഞ്ഞെടുപ്പുഹർജി പൂർണ്ണമായോ ഭാഗികമായോ ഹൈക്കോടതിയുടെ ആസ്ഥാനമല്ലാത്ത സ്ഥലത്തുവച്ച് വിചാരണ ചെയ്യാവുന്നതാണ്.

81. <u>ഹർജികൾ ബോധിപ്പിക്കുന്നത്</u>.—(1) ഏതെങ്കിലും തിരഞ്ഞെടുപ്പിനെ ചോദ്യംചെയ്യുന്ന ഒരു തിരഞ്ഞെടുപ്പു ഹർജി, അങ്ങനെയുള്ള തിരഞ്ഞെടുപ്പിലെ ഏതെങ്കിലും സ്ഥാനാർത്ഥിയ്ക്കോ ഏതെങ്കിലും നിയോജകനോ 100-ാം വകുപ്പ് (1)-ാം ഉപഖണ്ഡത്തിലും 101-ാം വകുപ്പിലും നിർദ്ദേശിക്കപ്പെടുന്ന കാരണങ്ങളിൽ ഒന്നിൻമേലോ അതിലധികം കാരണങ്ങളിൻമേലോ, വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെട്ട തീയതിയോ, അല്ലെങ്കിൽ തിരഞ്ഞെടുപ്പിൽ വരണം ചെയ്യപ്പെട്ട ഒന്നിലധികം സ്ഥാനാർത്ഥികൾ ഉണ്ടായിരിക്കുകയും, അവർ തിരഞ്ഞെടുക്കപ്പെട്ട തീയതികൾ വ്യത്യസ്തമായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, ആ രണ്ടു തീയതികളിൽ ഒടുവിലത്തെ തീയതിയോ മുതൽ നാല്പത്തഞ്ചു ദിവസത്തിനുള്ളിലും, എന്നാൽ ആ തീയതിയ്ക്ക് മുമ്പല്ലാതെയും, ഹൈക്കോടതിയ്ക്ക് ബോധിപ്പിക്കാവുന്നതാണ്.

വിശദീകരണം.—ഈ ഉപവകുപ്പിൽ "നിയോജക"ന്, ഏതു തിരഞ്ഞെടുപ്പ് സംബന്ധിച്ചുള്ളതാണോ ആ തിരഞ്ഞെടുപ്പു ഹർജി, ആ തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാൻ അവകാശമുണ്ടായിരുന്ന ആൾ, അയാൾ ആ തിരഞ്ഞെടുപ്പിൽ വോട്ടു ചെയ്തിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും എന്നർത്ഥമാകുന്നു.

(2) * * *

(3) ഏതൊരു തിരഞ്ഞെടുപ്പ് ഹർജിയുടേയും ഒപ്പം ഹർജിയിൽ പറഞ്ഞിട്ടുള്ള എതിർ കക്ഷികൾ എത്രയുണ്ടോ, അത്രയും പകർപ്പുകൾ ഉണ്ടായിരിക്കേണ്ടതും, അങ്ങനെയുള്ള ഏതൊരു പകർപ്പും ഹർജിയുടെ ശരിപ്പകർപ്പാണെന്ന് ഹർജിക്കാരൻ സ്വന്തം ഒപ്പിൻ കീഴിൽ സാക്ഷ്യപ്പെടുത്തേണ്ടതും ആകുന്നു.

82. ഹർജിയിലെ കക്ഷികൾ.—ഹർജിക്കാരൻ തന്റെ ഹർജിയിൽ—

(ക) ഹർജിക്കാരൻ, വരണം ചെയ്യപ്പെട്ട സ്ഥാനാർഥികൾ എല്ലാവരുടേയുമോ, അവരിൽ ആരുടേയെങ്കിലുമോ തിരഞ്ഞെടുപ്പ് ശൂന്യമാണെന്നുള്ള ഒരു പ്രഖ്യാപനം അവകാശപ്പെടുന്നതിനു പുറമേ, താൻ തന്നെയോ മറ്റേതെങ്കിലും സ്ഥാനാർത്ഥിയോ മുറപ്രകാരം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നുവെന്നുള്ള ഒരു കൂടുതൽ പ്രഖ്യാപനം അവകാശപ്പെടുന്നിടത്ത്, ഹർജിക്കാരനല്ലാത്ത എല്ലാ മത്സരിക്കുന്ന സ്ഥാനാർഥികളേയും, അങ്ങനെയുള്ള കൂടുതൽ പ്രഖ്യാപനം അവകാശപ്പെടാത്തിടത്ത്, എല്ലാ വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളേയും ;

(ഖ) ഹർജിയിൽ ഏതു സ്ഥാനാർത്ഥിക്കെതിരായിട്ടാണോ ഏതെങ്കിലും അഴിമതിപ്രവർത്തിയെക്കുറിച്ചുള്ള ആരോപണങ്ങൾ ഉന്നയിച്ചിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും സ്ഥാനാർത്ഥിയേയും,

എതിർ കക്ഷികളായിച്ചേർക്കേണ്ടതാകുന്നു.

83. <u>ഹർജിയിലെ ഉള്ളടക്കം</u>.—(1) ഒരു തിരഞ്ഞെടുപ്പു ഹർജി—

(ക) ഹർജിക്കാരൻ ആശ്രയിക്കുന്ന സാരവത്തായ വസ്തുതകളുടെ ഒരു സംക്ഷിപ്ത പ്രസ്താവന അടങ്ങിയതായിരിക്കേണ്ടതും;

(ഖ) ഹർജിക്കാരൻ ആരോപിക്കുന്ന ഏതെങ്കിലും അഴിമതിപ്രവൃത്തിയെക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ കൊടുത്തിരിക്കേണ്ടതും, അതിൽ അങ്ങനെയുള്ള അഴിമതിപ്രവൃത്തി ചെയ്തിട്ടുള്ളതായി ആരോപിക്കപ്പെടുന്ന കക്ഷികളുടെ പേരുകളേയും അങ്ങനെയുള്ള ഓരോ പ്രവൃത്തിയും ചെയ്ത തീയതിയേയും സ്ഥലത്തേയും കുറിച്ചുള്ള കഴിയുന്നത്ര പൂർണ്ണമായ ഒരു പ്രസ്താവന ഉൾപ്പെട്ടിരിക്കേണ്ടതും;

(ഗ) ഹർജിക്കാരൻ ഒപ്പിടുകയും, അന്യായ പത്രികകഠം സത്യബോധപ്പെടുത്തുന്നതിൽ സിവിൽ നടപടി നിയമസംഹിത 1908 (1908-ലെ 5)-ൽ കൊടുത്തിട്ടുള്ള രീതിയിൽ സത്യബോധപ്പെടുത്തുകയും ചെയ്യേണ്ടതും,

ആകുന്നു:

എന്നാൽ, ഹർജിക്കാരൻ ഏതെങ്കിലും അഴിമതി പ്രവൃത്തി ആരോപിക്കുന്നിടത്ത്, ഹർജിയോടൊപ്പം അങ്ങനെയുള്ള അഴിമതി പ്രവൃത്തിയെക്കുറിച്ചുള്ള ആരോപണത്തിനും അതിന്റെ വിവരങ്ങഠംക്കും താങ്ങായി നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ ഒരു സത്യവാങ്മൂലവും ഉണ്ടായിരിക്കേണ്ടതാകുന്നു.

(2) ഹർജിയിലെ ഏതെങ്കിലും പട്ടികയോ അനുബന്ധമോ കൂടി ഹർജിക്കാരൻ ഒപ്പിടുകയും, ഹർജി എന്നപോലെ അതേരീതിയിൽ സത്യബോധപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു.

84. <u>ഹർജിക്കാരന് അവകാശപ്പെടാവുന്ന നിവൃത്തി</u>.— ഹർജിക്കാരന്, വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥികഠം എല്ലാവരുടേയുമോ, അവരിൽ ആരുടേയെങ്കിലുമോ, തിരഞ്ഞെടുപ്പ് ശൂന്യമാണെന്നുള്ള ഒരു സ്ഥാപനയ്ക്ക് അവകാശപ്പെടുന്നതിനു പുറമേ, താൻ തന്നെയോ മറേറതെങ്കിലും സ്ഥാനാർത്ഥിയോ മുറപ്രകാരം തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെന്നുള്ള ഒരു കൂടുതൽ പ്രഖ്യാപനം അവകാശപ്പെടാവുന്നതാകുന്നു.

85. [ഹർജി കിട്ടുന്നതിൻമേലുള്ള നടപ്പടിക്രമം] ജനപ്രാതിനിദ്ധ്യ(ഭേദഗതി) ആക്ററ്, 1966 (1966-ലെ 47)-ലെ 40-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

## അദ്ധ്യായം III

## തിരഞ്ഞെടുപ്പു ഹർജികളുടെ വിചാരണ

86. <u>തിരഞ്ഞെടുപ്പു ഹർജികളുടെ വിചാരണ</u>.—(1) ഹൈക്കോടതി 81-ാം വകുപ്പിലേയോ, 82-ാം വകുപ്പിലേയോ, 117-ാം വകുപ്പിലേയോ വ്യവസ്ഥകഠം അനുസരിച്ചുള്ളതല്ലാത്ത ഒരു തിരഞ്ഞെടുപ്പ് ഹർജി തള്ളിക്കളയേണ്ടതാകുന്നു.

വിശദീകരണം.— ഈ ഉപവകുപ്പിൻകീഴിൽ ഒരുതിരഞ്ഞെടുപ്പ് ഹർജി തള്ളിക്കളഞ്ഞുകൊണ്ടുള്ള ഹൈക്കോടതി ഉത്തരവ്, 98-ാം വകുപ്പ് (ക) ഖണ്ഡത്തിൻ കീഴിലെ ഉത്തരവായി കരുതപ്പെടുന്നതാകുന്നു.

(2) ഒരു തിരഞ്ഞെടുപ്പു ഹർജി ഹൈക്കോടതിക്ക് ബോധിപ്പിച്ചതിനു ശേഷം, ആകുന്നത്ര വേഗത്തിൽ, അത് 80 ക വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ തിരഞ്ഞെടുപ്പു ഹർജികഠം വിചാരണ ചെയ്യുന്നതിന് ചീഫ് ജസ്ററീസ് നിശ്ചയിച്ചിട്ടുള്ള ജഡ്ജിക്കോ ജഡ്ജിമാരിൽ ഒരാഠംക്കോ റഫർ ചെയ്യപ്പെടേണ്ടതാകുന്നു.

(3) ഒരേ തിരഞ്ഞെടുപ്പ് സംബന്ധിച്ച് ഒന്നിലധികം തിരഞ്ഞെടുപ്പു ഹർജികഠം ഹൈക്കോടതിയ്ക്ക് ബോധിപ്പിച്ചിട്ടുള്ളിടത്ത്, അവയെല്ലാം വിചാരണയ്ക്കായി ഒരേ ജഡ്ജിക്ക് റഫർചെയ്യേണ്ടതും, അദ്ദേഹത്തിന് സ്വ വിവേകം ഉപയോഗിച്ച് അവ വെവ്വേറെയായോ, ഒന്നോ ഒന്നിലധികം ഗ്രൂപ്പുകളായോ വിചാരണ ചെയ്യാവുന്നതും ആണ്.

(4) എതിർകക്ഷിയായി കഴിഞ്ഞിട്ടില്ലാത്ത ഏതെങ്കിലും സ്ഥാനാർത്ഥിക്ക്, വിചാരണ ആരംഭിക്കുന്ന തീയതി മുതൽ പതിനാലു ദിവസത്തിനുള്ളിൽ ഹൈക്കോടതിക്ക് താൻ കൊടുക്കുന്ന അപേക്ഷയിൻമേലും, കോടതിച്ചെലവിനുള്ള ജാമ്യം സംബന്ധിച്ച് ഹൈക്കോടതി പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവിനു വിധേയമായും, എതിർകക്ഷിയായി ചേർക്കപ്പെടാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിൻേറയും 97-ാം വകുപ്പിൻേറയും ആവശ്യങ്ങൾക്ക്, ഒരു ഹർജിയുടെ വിചാരണ, എതിർകക്ഷികൾ ഹൈക്കോടതിയുടെ മുൻപാകെ ഹാജരാക്കുകയും, ഹർജിയിൽ ഉന്നയിച്ചിട്ടുള്ള അവകാശവാദത്തിനോ അവകാശവാദങ്ങൾക്കോ മറുപടി പറയുകയും ചെയ്യുന്നതിന് നിജപ്പെടുത്തിയിട്ടുള്ള തീയതി ആരംഭിക്കുന്നതായി കരുതപ്പെടുന്നതാകുന്നു.

(5) ഹൈക്കോടതിക്ക്, കോടതിച്ചെലവു സംബന്ധിച്ചതും മററുവിധത്തിലുള്ളതുമായ യുക്തമെന്നു കരുതുന്ന നിബന്ധനകളിൻമേൽ, ഹർജിയിൽ ആരോപിച്ചിട്ടുള്ള ഏതെങ്കിലും അഴിമതി പ്രവൃത്തിയെക്കുറിച്ചുള്ള വിവരങ്ങൾ ഹർജിയുടെ നീതിപൂർവ്വകവും ഫലപ്രദവും ആയ വിചാരണ ഉറപ്പു വരുത്തുന്നതിന് ഹൈക്കോടതിയുടെ അഭിപ്രായത്തിൽ ആവശ്യകമായ രീതിയിൽ ഭേദഗതി ചെയ്യുന്നതിനോ വിപുലീകരിക്കുന്നതിനോ അനുവദിക്കാവുന്നതും, എന്നാൽ, ഹർജിയിൽ മുൻപേ ആരോപിച്ചിട്ടില്ലാതിരുന്ന ഒരു അഴിമതി പ്രവൃത്തിയുടെ വിവരങ്ങൾ അവതരിപ്പിക്കുന്ന ഫലമുണ്ടാക്കുന്ന ഏതെങ്കിലും ഹർജിഭേദഗതി അനുവദിക്കാൻ പാടില്ലാത്തതും ആകുന്നു.

(6) ഒരു തിരഞ്ഞെടുപ്പ് ഹർജിയുടെ വിചാരണ, അത് സമാപിക്കുന്നതുവരെ, നീതിയുടെ താത്പര്യങ്ങൾക്ക് സംഗതമായി പ്രായോഗികമായിടത്തോളം, റിക്കാർഡാക്കേണ്ട കാരണങ്ങളാൽ പിറേറ ദിവസത്തിനുശേഷമുള്ള ഒരു ദിവസത്തേക്ക് വിചാരണ നീട്ടിവയ്ക്കുന്നത് ആവശ്യമാണെന്ന് ഹൈക്കോടതി കാണാത്തപക്ഷം അനുദിനം തുടരേണ്ടതാകുന്നു.

(7) ഏതൊരു തിരഞ്ഞെടുപ്പ് ഹർജിയും, സാദ്ധ്യമായിടത്തോളം സത്വരമായി വിചാരണ ചെയ്യേണ്ടതും, തിരഞ്ഞെടുപ്പ് ഹർജി വിചാരണയ്ക്കായി ഹൈക്കോടതിയ്ക്ക് ബോധിപ്പിച്ച തീയതി മുതൽ ആറുമാസത്തിനുള്ളിൽ വിചാരണ സമാപിപ്പിക്കാൻ യത്നിക്കേണ്ടതും ആകുന്നു.

87. ഹൈക്കോടതി മുമ്പാകെയുള്ള നടപടിക്രമം.—(1) ഈ ആക്ററിലെയും അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, ഏതൊരു തിരഞ്ഞെടുപ്പ് ഹർജിയും, ഹൈക്കോടതി ആകാവുന്നിടത്തോളം അടുത്ത് വരുന്നത്ര സിവിൽ നടപടി നിയമസംഹിത 1908 (1908-ലെ 5)-ൻ കീഴിൽ വ്യവഹാരങ്ങളുടെ വിചാരണയ്ക്ക് ബാധകമാകുന്ന നടപടി ക്രമമനുസരിച്ച്, വിചാരണ ചെയ്യേണ്ടതാണ്:

എന്നാൽ, ഏതെങ്കിലും സാക്ഷിയുടേയോ സാക്ഷികളുടേയോ തെളിവ് ഹർജിയുടെ തീരുമാനത്തിന് സാരമായിട്ടുള്ളതല്ലെന്നോ, അങ്ങനെയുള്ള സാക്ഷിയേയോ സാക്ഷികളേയോ സാക്ഷികൊടുക്കുന്ന കക്ഷി അങ്ങനെ ചെയ്യുന്നത് നിസ്സാരമായ കാരണങ്ങളിൻമേലോ നടപടികൾ താമസിപ്പിക്കുക എന്ന ലക്ഷ്യത്തോടേയോ ആണെന്ന് അഭിപ്രായമുണ്ടെങ്കിൽ, ഹൈക്കോടതിയ്ക്ക് അങ്ങനെയുള്ള സാക്ഷിയേയോ സാക്ഷികളേയോ വിസ്തരിക്കാൻ, സ്വവിവേകം ഉപയോഗിച്ച്, റിക്കാർഡാക്കേണ്ട കാരണങ്ങളാൽ വിസമ്മതിക്കാവുന്നതാണ്.

(2) ഒരു തിരഞ്ഞെടുപ്പ് ഹർജിയുടെ വിചാരണയ്ക്ക് ഇൻഡ്യൻ തെളിവ് ആക്ററ്, 1872-ലെ വ്യവസ്ഥകൾ, ഈ ആക്ററിലെ വ്യവസ്ഥകൾക്ക് വിധേയമായി, എല്ലാപ്രകാരത്തിലും ബാധകമാകുന്നതായി കരുതപ്പെടുന്നതാകുന്നു.

*　　*　　*　　*　　*

93. രേഖാമൂലമായ തെളിവ്.—ഏതെങ്കിലും അധിനിയമത്തിൽ, വിപരീതമായി എന്തുതന്നെയുണ്ടായിരുന്നാലും, ഒരു തിരഞ്ഞെടുപ്പ് ഹർജിയുടെ വിചാരണയിൽ, യാതൊരു രേഖയും, അതു മുറപ്രകാരം സ്ററാമ്പ് ചെയ്തതോ രജിസ്ററർ ചെയ്തതോ അല്ലെന്ന കാരണത്തിൻമേൽ തെളിവിൽ അസ്വീകാര്യമായിരിക്കുന്നതല്ല.

94 വോട്ട്ചെയ്യലിന്റെ രഹസ്യം അതിലംഘിക്കപ്പെടരുതെന്ന്.—യാതൊരു സാക്ഷിയോടും അല്ലെങ്കിൽ മററ് ആളോടും, അയാൾ തിരഞ്ഞെടുപ്പിൽ ആർക്കാണ് വോട്ടുചെയ്തതെന്ന് പറയുന്നതിന് ആവശ്യപ്പെടാൻ പാടുള്ളതല്ല.

95. ഉത്തരം കുററക്കാരനാക്കാവുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതും പരിത്രാണ സർട്ടിഫിക്കററും.—(1) ഒരു തിരഞ്ഞെടുപ്പ് ഹർജിയുടെ വിചാരണയിൽ, വിവാദ്യ വിഷയത്തിന് പ്രസക്തമായ ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഏതെങ്കിലും ചോദ്യത്തിന് ഉത്തരം പറയുന്നതിൽനിന്ന് യാതൊരു സാക്ഷിയും, അങ്ങനെയുള്ള ചോദ്യത്തിനുള്ള ഉത്തരം, തന്നെ കുററക്കാരനാക്കുകയോ കുററക്കാരനാക്കുന്ന പ്രവണതയുളവാക്കുകയോ ചെയ്യാവുന്നതാണെന്നോ, അല്ലെങ്കിൽ അത്, തന്നെ ഏതെങ്കിലും ദണ്ഡത്തിനോ കണ്ടുകെട്ടലിനോ വിധേയനാക്കുകയോ വിധേയനാക്കുന്ന പ്രവണതയുളവാക്കുകയോ ചെയ്യാവുന്നതാണെന്നോ ഉള്ള കാരണത്തിൻമേൽ ഒഴിവാക്കപ്പെടുന്നതല്ല:

എന്നാൽ—

(ക) തന്നോട് ഉത്തരം പറയാൻ ആവശ്യപ്പെടുന്ന എല്ലാ ചോദ്യങ്ങൾക്കും, സത്യസന്ധമായി ഉത്തരംപറയുന്ന ഒരു സാക്ഷിക്ക് ഹൈക്കോടതിയിൽനിന്ന് ഒരു പരിത്രാണ സർട്ടിഫിക്കററ് കിട്ടാൻ അവകാശമുണ്ടായിരിക്കുന്നതും,

(ഖ) ഹൈക്കോടതിയോ ഹൈക്കോടതിയുടെ മുമ്പാകെയോവച്ച് ചോദിക്കുന്ന ചോദ്യത്തിന്, സാക്ഷി നല്കുന്ന ഉത്തരം, ആ തെളിവ് സംബന്ധിച്ച കള്ളസാക്ഷി പറയുന്ന ഏതെങ്കിലും ക്രിമിനൽ നടപടിയുടെ സംഗതിയിലൊഴികെ, അയാൾക്കെതിരായുള്ള ഏതെങ്കിലും സിവിൽ നടപടിയിലോ ക്രിമിനൽ നടപടിയിലോ തെളിവായി സ്വീകരിക്കപ്പെടുന്നതല്ലാത്തതും,

ആകുന്നു.

(2) ഏതെങ്കിലും സാക്ഷിയ്ക്ക്, പരിത്രാണ സർട്ടിഫിക്കററ് നല്കിയിട്ടുള്ളപ്പോൾ അയാൾക്ക് അത് ഏതെങ്കിലും കോടതിയിൽ വാദമായി ഉദ്ധരിക്കാവുന്നതും, അത് ഏതു വിഷയത്തെക്കുറിച്ചുള്ളതാണോ, ആ വിഷയത്തിൽ നിന്ന് ഉത്ഭവിക്കുന്ന, ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)-യിലെ അദ്ധ്യായം IX കയ്ക്കോ ഈ ആക്ററ്, ഭാഗം VII-നോ കീഴിലെ ഏതെങ്കിലും ചാർജ്ജിനോ ചാർജ്ജിൻമേലോ പൂർണ്ണവും സമഗ്രവുമായ പ്രതിവാദം ആയിരിക്കുന്നതും, എന്നാൽ അത് അയാളെ തിരഞ്ഞെടുപ്പ് സംബന്ധിച്ച്, ഈ ആക്ററോ മററേതെങ്കിലും നിയമമോ ചുമത്തുന്ന ഏതെങ്കിലും അയോഗ്യതയിൽനിന്ന് വിമുക്തനാക്കുന്നതായി കരുതപ്പെടുന്നതല്ലാത്തതും ആകുന്നു.

96. സാക്ഷികളുടെ ചെലവുകൾ.— ഹൈക്കോടതിക്ക് തെളിവ് നല്കാൻ ഹാജരാകുന്നതിൽ ഏതെങ്കിലും ആൾക്ക് നേരിടുന്ന ന്യായമായ ചെലവുകൾ, ആ ആൾക്ക് അനുവദിച്ചുകൊടുക്കാവുന്നതും, ഹൈക്കോടതി മററു വിധത്തിൽ നിദേശിക്കാത്തപക്ഷം, അത് കോടതിച്ചെലവിന്റെ ഭാഗമായി കരുതപ്പെടുന്നതും ആകുന്നു.

97. സ്ഥാനം അവകാശപ്പെടുമ്പോഴുള്ള പ്രത്യാരോപണം.—(1) ഒരു തിരഞ്ഞെടുപ്പു ഹർജിയിൽ, വരണംചെയ്യപ്പെട്ട സ്ഥാനാർത്ഥിയല്ലാത്ത ഏതെങ്കിലും സ്ഥാനാർത്ഥി മുറപ്രകാരം തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെന്നുള്ള ഒരു പ്രഖ്യാപനം അവകാശപ്പെടുമ്പോൾ, അങ്ങനെയുള്ള സ്ഥാനാർത്ഥി വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയായിരിക്കുകയും അയാളുടെ തിരഞ്ഞെടുപ്പ്, ചോദ്യംചെയ്തുകൊണ്ട് ഒരു ഹർജി ബോധിപ്പിച്ചിട്ടുണ്ടായിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ, അയാളുടെ തിരഞ്ഞെടുപ്പ് ശൂന്യമാകുമായിരുന്നു എന്ന് തെളിയിക്കാൻ വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിക്കോ മറേറതെങ്കിലും കക്ഷിക്കോ തെളിവ് നല്കാവുന്നതാണ്:

എന്നാൽ, മുൻപറഞ്ഞ വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിക്കോ ആ മറേറ കക്ഷിക്കോ താൻ അങ്ങനെയുള്ള തെളിവ് നല്കാനുള്ള തന്റെ ഉദ്ദേശത്തെക്കുറിച്ച് വിചാരണ ആരംഭിക്കുന്ന തീയതി മുതൽ പതിനാല് ദിവസത്തിനുള്ളിൽ, ഹൈക്കോടതിക്ക് നോട്ടീസ് നല്കുകയും, യഥാക്രമം 117-ം 118-ം വകുപ്പുകളിൽ പരാമർശിച്ചിട്ടുള്ള ജാമ്യവും കൂടുതൽ ജാമ്യവും നല്കുകയും കൂടി ചെയ്തിട്ടില്ലാത്തപക്ഷം അപ്രകാരം തെളിവ് നല്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതൊരു നോട്ടീസ്സിനോടുമൊപ്പം ഒരു തിരഞ്ഞെടുപ്പു ഹർജിയുടെ സംഗതിയിൽ, 83-ാം വകുപ്പ് ആവശ്യപ്പെടുന്ന പ്രസ്താവനയും വിവരങ്ങളും ഉണ്ടായിരിക്കേണ്ടതും, അത് സദൃശരീതിയിൽ ഒപ്പിടുകയും സത്യബോധപ്പെടുത്തുകയും ചെയ്യേണ്ടതും ആകുന്നു.

98. ഹൈക്കോടതിയുടെ തീരുമാനം.—ഒരു തിരഞ്ഞെടുപ്പു ഹർജിയുടെ വിചാരണ സമാപിക്കുമ്പോൾ, ഹൈക്കോടതി—

(ക) തിരഞ്ഞെടുപ്പു ഹർജി തള്ളിക്കളയുന്നതോ; അല്ലെങ്കിൽ

(ഖ) വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥികൾ എല്ലാവരുടേയുമോ അവരിൽ ആരുടേയെങ്കിലുമോ തിരഞ്ഞെടുപ്പ് ശൂന്യമാണെന്ന് സ്ഥാപിക്കുന്നതോ; അല്ലെങ്കിൽ

(ഗ) വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥികൾ എല്ലാവരുടേയുമോ അവരിൽ ആരുടെയെങ്കിലുമോ തിരഞ്ഞെടുപ്പ് ശൂന്യമാണെന്നും, ഹർജിക്കാരനോ മറേറതെങ്കിലും സ്ഥാനാർത്ഥിയോ മുറപ്രകാരം തിരഞ്ഞെടുക്കപ്പെട്ടിരുന്നു എന്നും സ്ഥാപിക്കുന്നതോ,

*　*　*　*　*

ആയ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാകുന്നു.

99. ഹൈക്കോടതി പാസ്സാക്കേണ്ട മററ് ഉത്തരവുകൾ.—(1) 98-ാം വകുപ്പിൻകീഴിലെ ഒരു ഉത്തരവ് പുറപ്പെടുവിക്കുന്ന സമയത്ത്, ഹൈക്കോടതി,—

(ക) തിരഞ്ഞെടുപ്പിൽ ഏതെങ്കിലും അഴിമതി പ്രവൃത്തി ചെയ്തിട്ടുണ്ടെന്നുള്ളതിനെക്കുറിച്ച് ഹർജിയിൽ ഏതെങ്കിലും ചാർജ് ഉന്നയിക്കപ്പെട്ടിട്ടുള്ളിടത്ത്—

(i) തിരഞ്ഞെടുപ്പിൽ ഏതെങ്കിലും അഴിമതി പ്രവൃത്തി ചെയ്തിട്ടുണ്ടെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ടോ ഇല്ലയോ എന്നുള്ള തീർപ്പും, ആ അഴിമതി പ്രവൃത്തിയുടെ പ്രകൃതവും;

(ii) ഏതെങ്കിലും അഴിമതി പ്രവൃത്തിക്ക് അപരാധികളായിട്ടുള്ളതായി വിചാരണയിൽ തെളിയിക്കപ്പെട്ടിട്ടുള്ള ആളുകൾ വല്ലവരുമുണ്ടെങ്കിൽ, അവരെല്ലാവരുടേയും പേരുകളും ആ പ്രവൃത്തിയുടെ പ്രകൃതവും

റിക്കാർഡാക്കുന്നതും;

(ഖ) കൊടുക്കപ്പെടേണ്ട ആകെ കോടതിച്ചെലവ് തുകകൾ നിജപ്പെടുത്തുകയും, കോടതിച്ചെലവ് ആര് ആർക്ക് കൊടുക്കേണ്ടതാണെന്ന് വിനിർദ്ദേശിക്കുകയും ചെയ്യുന്നതുമായ,

ഉത്തരവുകൂടി പുറപ്പെടുവിക്കേണ്ടതാണ്:

എന്നാൽ, (ക) ഖണ്ഡം (11)-ാം ഉപഖണ്ഡത്തിൻകീഴിലെ ഒരു ഉത്തരവിൽ ഹർജിയിൽ കക്ഷിയല്ലാത്ത ഒരാളെ,—

(ക) അയാളോട്, ഹൈക്കോടതി മുമ്പാകെ ഹാജരാവുകയും അയാളെ, അങ്ങനെയുള്ള ഉത്തരവിൽ, പേര് പറയാതിരിക്കാൻ കാരണം കാണിക്കുകയും ചെയ്യാൻ അയാൾക്ക് നോട്ടീസ് നല്കിയിരിക്കുകയും;

(ഖ) അയാൾ നോട്ടീസനുസരിച്ച് ഹാജരാകുന്നുവെങ്കിൽ, ഹൈക്കോടതിയാൽ വിസ്തരിക്കപ്പെട്ടു കഴിഞ്ഞിരിക്കുകയും, അയാൾക്കെതിരായി തെളിവ് നല്കിയിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും സാക്ഷിയെ എതിർവിസ്താരം ചെയ്യാനും തന്റെ പ്രതിവാദത്തെളിവ് കൊണ്ടുവരാനും തനിക്ക് പറയാനുള്ളത് പറയാനും അയാൾക്ക് അവസരം നല്കിയിരിക്കുകയും,

ചെയ്യാത്തപക്ഷം, അപ്രകാരം പേർ പറയാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിലും 100-ാം വകുപ്പിലും "ഏജന്റ്" എന്ന പദത്തിന്, 123-ാം വകുപ്പിലെ അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

100. <u>തിരഞ്ഞെടുപ്പ് ശൂന്യമാണെന്ന് പ്രഖ്യാപിക്കുന്നതിന് വേണ്ട കാരണങ്ങൾ.</u>—(1) ഹൈക്കോടതിക്ക്—

(ക) സ്ഥാനം പൂരിപ്പിക്കുന്നതിന് വരണം ചെയ്യപ്പെടാൻ ഒരു വരണംചെയ്യപ്പെട്ട സ്ഥാനാർത്ഥി, താൻ തിരഞ്ഞെടുക്കപ്പെട്ട തീയതി ഭരണഘടനയ്ക്കോ, ഈ ആക്ററിനോ, യൂണിയൻ രാജ്യക്ഷേത്രങ്ങൾ ഗവൺമെൻറ് ആക്ററ്, 1963-നോ കീഴിൽ യോഗ്യനായിരുന്നില്ലെന്നോ, അയോഗ്യനായിരുന്നുവെന്നോ; അല്ലെങ്കിൽ

(ഖ) വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയോ, അയാളുടെ തിരഞ്ഞെടുപ്പ് ഏജന്റോ, അല്ലെങ്കിൽ വരണംചെയ്യപ്പെട്ട സ്ഥാനാർത്ഥിയുടേയോ അയാളുടെ തിരഞ്ഞെടുപ്പ് ഏജന്റിന്റേയോ സമ്മതത്തോടുകൂടി മറേറതെങ്കിലും ആളോ ഏതെങ്കിലും അഴിമതി പ്രവൃത്തി ചെയ്തിട്ടുണ്ടെന്നോ; അല്ലെങ്കിൽ

(ഗ) ഏതെങ്കിലും നാമനിർദ്ദേശം, ശരിയല്ലാത്തവിധം തിരസ്ക്കരിക്കപ്പെട്ടിട്ടുണ്ടെന്നോ; അല്ലെങ്കിൽ

(ഘ) തിരഞ്ഞെടുപ്പിന്റെ ഫലത്തെ, അത് വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയെ സംബന്ധിക്കുന്നിടത്തോളം—

(i) ഏതെങ്കിലും നാമനിർദ്ദേശം ശരിയല്ലാത്തവിധം സ്വീകരിച്ചതോ, അല്ലെങ്കിൽ

(ii) വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയുടെ താത്പര്യങ്ങൾ മുൻനിറുത്തി അയാളുടെ തിരഞ്ഞെടുപ്പ് ഏജൻറല്ലാത്ത ഒരു ഏജൻറ് ചെയ്ത ഏതെങ്കിലും അഴിമതി പ്രവൃത്തിയോ, അല്ലെങ്കിൽ

(iii) ഏതെങ്കിലും വോട്ട് ശരിയല്ലാത്തവിധം സ്വീകരിക്കുകയോ നിരസിക്കുകയോ തിരസ്കരിക്കുകയോ ചെയ്തതോ അല്ലെങ്കിൽ ശൂന്യമായ ഏതെങ്കിലും വോട്ട് സ്വീകരിച്ചതോ, അല്ലെങ്കിൽ

(iv) ഭരണഘടനയിലേയോ ഈ ആക്ററിലേയോ ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങളിലേയോ ഉത്തരവുകളിലേയോ വ്യവസ്ഥകൾ ഏതെങ്കിലും വിധത്തിൽ അനുസരിക്കാതിരുന്നതോ, സാരമായി ബാധിച്ചിട്ടുണ്ടെന്നോ,

അഭിപ്രായമുണ്ടെങ്കിൽ, ഹൈക്കോടതി വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ശൂന്യമാണെന്ന് സ്ഥാപന ചെയ്യേണ്ടതും, ഇത് (2)-ാം ഉപ വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതും ആണ്.

(2) ഹൈക്കോടതിയുടെ അഭിപ്രായത്തിൽ, വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥി തന്റെ തിരഞ്ഞെടുപ്പ് ഏജൻറ് അല്ലാത്ത ഒരു ഏജൻറ്വഴി ഏതെങ്കിലും അഴിമതി പ്രവൃത്തിക്ക് അപരാധിയായിരിക്കുകയും, എന്നാൽ—

(ക) അങ്ങനെയുള്ള യാതൊരു അഴിമതി പ്രവൃത്തിയും സ്ഥാനാർത്ഥിയോ അയാളുടെ തിരഞ്ഞെടുപ്പ് ഏജൻേറാ തിരഞ്ഞെടുപ്പിൽ ചെയ്തിട്ടില്ലെന്നും, അങ്ങനെയുള്ള ഏതൊരു അഴിമതി പ്രവൃത്തിയും സ്ഥാനാർത്ഥിയുടേയോ അയാളുടെ തിരഞ്ഞെടുപ്പ് ഏജൻറിൻേറയോ ആദേശങ്ങൾക്ക് വിപരീതമായും സമ്മതം കൂടാതേയും ആണ് ചെയ്തതെന്നും;

* * * *

(ഗ) തിരഞ്ഞെടുപ്പിൽ അഴിമതി പ്രവൃത്തികൾ ചെയ്യുന്നത് തടയാൻ സ്ഥാനാർത്ഥിയും അയാളുടെ തിരഞ്ഞെടുപ്പ് ഏജൻറും ന്യായമായ എല്ലാ മാർഗ്ഗങ്ങളും കൈക്കൊണ്ടു എന്നും;

(ഘ) മറെറല്ലാവിധത്തിലും തിരഞ്ഞെടുപ്പ്, സ്ഥാനാർത്ഥിയുടേയോ അയാളുടെ ഏജൻറുമാരിൽ ആരുടേയെങ്കിലുമോ ഭാഗത്തുനിന്നുള്ള ഏതെങ്കിലും അഴിമതി പ്രവൃത്തിയില്ലാത്തതായിരുന്നു എന്നും,

ഹൈക്കോടതിക്ക് ബോദ്ധ്യപ്പെടുകയും ചെയ്യുന്നുവെങ്കിൽ, ഹൈക്കോടതിക്ക്, വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ശൂന്യമല്ലെന്ന് തീരുമാനിക്കാവുന്നതാണ്.

101. <u>വരണംചെയ്യപ്പെട്ട സ്ഥാനാർത്ഥിയല്ലാത്ത ഒരു സ്ഥാനാർത്ഥിയെ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കാവുന്നത് ഏതെല്ലാം കാരണങ്ങളിൻമേലെന്ന്.</u>—ഒരു ഹർജി കൊടുത്തിട്ടുള്ള ഏതെങ്കിലും ആൾ വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചോദ്യംചെയ്യുന്നതിന് പുറമെ, താനോ മറേറതെങ്കിലും സ്ഥാനാർത്ഥിയോ മുറപ്രകാരം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു എന്നുള്ള സ്ഥാപന അവകാശപ്പെട്ടിരിക്കുകയും, ഹൈക്കോടതിക്ക്,—

(ക) ഹർജിക്കാരനോ അങ്ങനെയുള്ള മററു സ്ഥാനാർത്ഥിക്കോ സാധുവായ വോട്ടുകളുടെ ഭൂരിപക്ഷം വാസ്തവത്തിൽ കിട്ടി എന്നോ,

(ഖ) വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിക്ക് അഴിമതി പ്രവൃത്തികൾ വഴി ലഭിച്ച വോട്ടുകൾ ഇല്ലായിരുന്നുവെങ്കിൽ ഹർജ്ജിക്കാരനോ അങ്ങനെയുള്ള മററു സ്ഥാനാർത്ഥിക്കോ സാധുവായ വോട്ടുകളുടെ ഭൂരിപക്ഷം ലഭിക്കുമായിരുന്നു എന്നോ,

അഭിപ്രായമുണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, ഹൈക്കോടതി, വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ശൂന്യമാണെന്ന് സ്ഥാപന ചെയ്തതിനുശേഷം, അതതുസംഗതിപോലെ, ഹർജ്ജിക്കാരനോ, അങ്ങനെയുള്ള മററു സ്ഥാനാർത്ഥിയോ മുറപ്രകാരം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു എന്ന് പ്രഖ്യാപിക്കേണ്ടതാകുന്നു.

102. വോട്ടുകൾ സമമായാലുള്ള നടപടിക്രമം.—ഒരു തിരഞ്ഞെടുപ്പു ഹർജിയുടെ വിചാരണയ്ക്കിടയിൽ, തിരഞ്ഞെടുപ്പിലെ ഏതെങ്കിലും സ്ഥാനാർത്ഥികൾ തമ്മിൽ വോട്ടുകളുടെ സമതയുള്ളതായി കാണപ്പെടുകയും ഒരു ഒററ വോട്ടുകൂടിയാൽ ആ സ്ഥാനാർത്ഥികളിൽ ആർക്കെങ്കിലും തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെടുവാൻ അവകാശമുണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ,—

(ക) ഈ ആക്ററിലെ വ്യവസ്ഥകൾക്കുകീഴിൽ വരണാധികാരി ചെയ്തിട്ടുള്ള ഏതെങ്കിലും തീരുമാനം, അത് ആ സ്ഥാനാർത്ഥികൾ തമ്മിലുള്ള പ്രശ്നം തീർപ്പാക്കുന്നിടത്തോളം, ഹർജ്ജിയുടെ ആവശ്യങ്ങൾക്കും കൂടി പ്രഭാവമുള്ളതായിരിക്കുകയും;

(ഖ) ആ പ്രശ്നം അങ്ങനെയുള്ള ഒരു തീരുമാനത്താൽ തീർപ്പാക്കപ്പെട്ടിട്ടില്ലാത്തിടത്തോളം, ഹൈക്കോടതി, നറുക്കെടുപ്പുവഴി, അവർ തമ്മിലെ കാര്യം തീരുമാനിക്കേണ്ടതും, അപ്പോൾ നറുക്ക് കിട്ടുന്നവന് ഒരു ഒററവോട്ട് കൂടുതലായി ലഭിച്ചിരുന്നാലെന്നപോലെ നടപടി തുടരേണ്ടതും,

ആകുന്നു.

103. ഹൈക്കോടതിയുടെ ഉത്തരവുകൾ അറിയിക്കുന്നത്.— ഹൈക്കോടതി, ഒരു തിരഞ്ഞെടുപ്പു ഹർജ്ജിയുടെ വിചാരണ സമാപിച്ചതിനുശേഷം, ആകുന്നത്ര വേഗത്തിൽ, തീരുമാനത്തിൻെറ സാരം തിരഞ്ഞെടുപ്പു കമ്മീഷനേയും, അതതു സംഗതി പോലെ, പാർലമെൻറ് സഭയുടെയോ ബന്ധപ്പെട്ട സ്റേററ് നിയമനിർമ്മാണ മണ്ഡലത്തിൻേറയോ സ്പീക്കറേയോ ചെയർമാനേയോ അറിയിക്കേണ്ടതും, അതിനുശേഷം കഴിയുന്നത്ര വേഗത്തിൽ, തീരുമാനത്തിൻെറ ഒരു പ്രമാണീകൃത പകർപ്പ്, തിരഞ്ഞെടുപ്പു കമ്മീഷന് അയച്ചുകൊടുക്കേണ്ടതും ആണ്.

104. [ട്രിബ്യൂണലിലെ അംഗങ്ങൾക്കിടയ്ക്കുള്ള അഭിപ്രായവ്യത്യാസം] ജനപ്രാതിനിദ്ധ്യ (രണ്ടാം ഭേദഗതി) ആക്ററ്, 1956 (1956-ലെ 27) 57-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

105. [ട്രിബ്യൂണലിൻെറ ഉത്തരവുകൾ അന്തിമവും നിശ്ചായകവുമായിരിക്കുന്നതാണെന്ന്] മുകളിലുദ്ധരിച്ച ആക്ററിലെ 58-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

106. ഉത്തരവ് സമുചിതാധികാരസ്ഥാനത്തിനും മററും അയച്ചുകൊടുക്കുന്നതും അതു പ്രസിദ്ധപ്പെടുത്തുന്നതും.— 98-ാം വകുപ്പിനോ, 99-ാം വകുപ്പിനോ കീഴിൽ ഹൈക്കോടതി പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവ് കിട്ടിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, തിരഞ്ഞെടുപ്പു കമ്മീഷൻ, ആ ഉത്തരവിൻെറ പകർപ്പുകൾ സമുചിതാധികാരസ്ഥാനത്തിനും, അങ്ങനെയുള്ള ഉത്തരവ് പാർലമെൻറിൻെറ ഒരു സഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിനേയോ, സ്റേററ് നിയമനിർമ്മാണ മണ്ഡലത്തിൻെറ സഭയിലേയ്ക്കോ സഭകളിലൊന്നിലേയ്ക്കോ ഉള്ള തിരഞ്ഞെടുപ്പിനേയോ സംബന്ധിക്കുന്നിടത്ത്, അതതു സംഗതിപോലെ, ബന്ധപ്പെട്ട സഭയുടെ സ്പീക്കർക്കോ ചെയർമാനോ കൂടിയും അയക്കേണ്ടതും, ആ ഉത്തരവ്—

(ക) ഉത്തരവ്, പാർലിമെൻറിൻെറ ഒരു സഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിനെ സംബന്ധിക്കുന്നിടത്ത്, ഇൻഡ്യാ ഗസററിലും കൂടാതെ ബന്ധപ്പെട്ട സ്റേററിലെ ഔദ്യോഗിക ഗസററിലും;

(ഖ) ഉത്തരവ്, സ്റേററ് നിയമനിർമ്മാണമണ്ഡലത്തിൻെറ സഭയിലേയ്ക്കോ, സഭകളിൽ ഒന്നിലേയ്ക്കോ ഉള്ള തിരഞ്ഞെടുപ്പിനെ സംബന്ധിക്കുന്നിടത്ത്, സ്റേററിലെ ഔദ്യോഗിക ഗസററിലും,

പ്രസിദ്ധപ്പെടുത്തിക്കേണ്ടതുമാകുന്നു.

107. ഹൈക്കോടതിയുടെ ഉത്തരവുകളുടെ പ്രഭാവം.— (1) അങ്ങനെയുള്ള ഏതൊരു ഉത്തരവും, ഹൈക്കോടതി അത് പ്രസ്താവിച്ച ഉടൻ പ്രഭാവത്തിൽ വരുന്നതും, ഇത് 98-ാം വകുപ്പിനോ, 99-ാം വകുപ്പിനോ കീഴിലുള്ള ഹൈക്കോടതിയുടെ ഉത്തരവിൻെറ പ്രവർത്തനം നിറുത്തിവയ്ക്കുന്നത് സംബന്ധിച്ച് അദ്ധ്യായം IV ക-യിൽ അടങ്ങിയ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതും ആകുന്നു.

(2) ഒരു വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് 98-ാം വകുപ്പിൻ കീഴിലെ ഒരു ഉത്തരവിനാൽ ശൂന്യമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളിടത്ത്, അതിൻെറ തീയതിക്കുമുമ്പ്, ആ വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥി പാർലമെൻറിലെ അംഗമെന്നനിലയിലോ, ഒരു സ്റേററിലെ നിയമനിർമ്മാണമണ്ഡലത്തിലെ അംഗമെന്ന നിലയിലോ പങ്കെടുത്തിട്ടുള്ള കൃത്യങ്ങളും നടപടികളും ആ ഉത്തരവുകാരണമായി അസാധുവാക്കപ്പെടുന്നതല്ലാത്തതും, അങ്ങനെ പങ്കെടുത്തു എന്ന കാരണത്തിൻമേൽ ആ സ്ഥാനാർത്ഥി ഏതെങ്കിലും ബാദ്ധ്യതയ്ക്കോ ദണ്ഡനത്തിനോ വിധേയനാക്കപ്പെടുന്നതല്ലാത്തതും ആകുന്നു.

## അദ്ധ്യായം IV

## തിരഞ്ഞെടുപ്പു ഹർജികൾ പിൻവലിക്കുന്നതും അവയുടെ ഉപശമനവും

108. [ട്രിബ്യൂണലിനെ നിയമിക്കുന്നതിനു മുമ്പ് ഹർജികൾ പിൻവലിക്കുന്നത്] ജനപ്രാതിനിദ്ധ്യ (ഭേദഗതി) ആക്ററ്, 1966 (1966-ലെ 47) 45-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

109. തിരഞ്ഞെടുപ്പു ഹർജികൾ പിൻവലിക്കുന്നത്.— (1) ഒരു തിരഞ്ഞെടുപ്പു ഹർജി ഹൈക്കോടതിയുടെ അനുമതിയോടുകൂടി മാത്രം പിൻവലിക്കപ്പെടാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ പിൻവലിക്കലിനുള്ള ഒരു അപേക്ഷ കൊടുത്തിട്ടുള്ളിടത്ത്, അപേക്ഷ കേൾക്കുന്നതിൻെറ തീയതി നിജപ്പെടുത്തിക്കൊണ്ടുള്ള അതിൻെറ നോട്ടീസ് ഹർജിയിലെ മററെല്ലാ കക്ഷികൾക്കും കൊടുക്കുകയും, ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു.

110. തിരഞ്ഞെടുപ്പു ഹർജികൾ പിൻവലിക്കുന്നതിനുള്ള നടപടിക്രമം.— (1) ഒന്നിലധികം ഹർജിക്കാരുണ്ടെങ്കിൽ, ഒരു തിരഞ്ഞെടുപ്പു ഹർജി പിൻവലിക്കാനുള്ള യാതൊരു അപേക്ഷയും എല്ലാ ഹർജിക്കാരുടേയും സമ്മതത്തോടുകൂടിയല്ലാതെ കൊടുക്കാൻ പാടുള്ളതല്ല.

(2) പിൻവലിക്കാനുള്ള യാതൊരു അപേക്ഷയും, അങ്ങനെയുള്ള അപേക്ഷ ഹൈക്കോടതിയുടെ അഭിപ്രായത്തിൽ, അനുവദിച്ചു കൊടുക്കാൻ പാടില്ലാത്ത ഏതെങ്കിലും ഇടപാടു കരാറിനാലോ പ്രതിഫലത്താലോ പ്രചോദിപ്പിക്കപ്പെട്ടിട്ടുള്ളതാണെങ്കിൽ, അനുവദിക്കപ്പെടാൻ പാടുള്ളതല്ല.

(3) അപേക്ഷ അനുവദിക്കപ്പെടുന്നുവെങ്കിൽ—

(ക) ഹർജിക്കാരനോട് അതിനുമുമ്പ് നേരിട്ടിട്ടുള്ള എതിർകക്ഷികളുടെ കോടതിച്ചെലവോ ഹൈക്കോടതിക്ക് യുക്തമെന്നു തോന്നുന്ന അതിന്റെ ഭാഗമോ കൊടുക്കാൻ ഉത്തരവ് ചെയ്യേണ്ടതും;

(ഖ) പിൻവലിക്കൽ നോട്ടീസ് ഔദ്യോഗിക ഗസററിലും, ഹൈക്കോടതി വിനിർദ്ദേശിക്കുന്ന മററു രീതിയിലും പ്രസിദ്ധപ്പെടുത്തേണ്ടതാണെന്ന് ഹൈക്കോടതി നിദേശിക്കേണ്ടതും അതോടെ നോട്ടീസ് അതനുസരിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതും;

(ഗ) തനിക്കുതന്നെ ഹർജിക്കാരനാകാമായിരുന്ന ഒരാൾക്ക്, പിൻവലിക്കുന്ന കക്ഷിയുടെ സ്ഥാനത്ത് ഹർജിക്കാരനായി പകരം ചേർക്കപ്പെടാൻ, അങ്ങനെ പ്രസിദ്ധപ്പെടുത്തിയതിന്റെ പതിന്നാലു ദിവസത്തിനുള്ളിൽ അപേക്ഷിക്കാവുന്നതും, ജാമ്യം സംബന്ധിച്ചുള്ള ഉപാധികൾ, വല്ലതും ഉണ്ടെങ്കിൽ, അവ നിറവേററുന്നതോടെ, അപ്രകാരം പകരം ചേർക്കപ്പെടാനും ഹൈക്കോടതി യുക്തമെന്നു കരുതുന്ന നിബന്ധനകളിന്മേൽ നടപടികൾ തുടരാനും അവകാശമുണ്ടായിരിക്കുന്നതും,

ആകുന്നു.

111. <u>പിൻവലിക്കലിനെക്കുറിച്ച് തിരഞ്ഞെടുപ്പ് കമ്മീഷന് ഹൈക്കോടതി റിപ്പോർട്ട് ചെയ്യുന്നത്.</u>— പിൻവലിക്കാനുള്ള അപേക്ഷ ഹൈക്കോടതി അനുവദിക്കുകയും, പിൻവലിക്കുന്ന കക്ഷിയുടെ സ്ഥാനത്ത് 110-ാം വകുപ്പ് (3-ാം) ഉപവകുപ്പ് (ഗ) ഖണ്ഡത്തിൻ കീഴിൽ യാതൊരാളേയും ഹർജിക്കാരനായി പകരം ചേർത്തിട്ടില്ലാതിരിക്കുകയും ചെയ്യുമ്പോൾ, ഹൈക്കോടതി, ആ വസ്തുത തിരഞ്ഞെടുപ്പു കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതും, അതോടെ തിരഞ്ഞെടുപ്പു കമ്മീഷൻ ആ റിപ്പോർട്ട് ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും ആകുന്നു.

112. <u>തിരഞ്ഞെടുപ്പ് ഹർജികളുടെ ഉപശമനം.</u>— (1) ഒരു തിരഞ്ഞെടുപ്പ് ഹർജി, ഒരു ഏക ഹർജിക്കാരനോ പല ഹർജിക്കാരിൽ അതിജീവിക്കുന്ന ആളോ മരിക്കുന്നതിന്മേൽ മാത്രം ഉപശമിക്കുന്നതാകുന്നു.

(2) ഒരു തിരഞ്ഞെടുപ്പു ഹർജി (1)-ാം ഉപവകുപ്പിൻ കീഴിൽ ഉപശമിക്കുന്നിടത്ത്, ഹൈക്കോടതി, ആ വസ്തുത, യുക്തമെന്നു കരുതുന്ന രീതിയിൽ പ്രസിദ്ധപ്പെടുത്തിക്കേണ്ടതാകുന്നു.

(3) തനിക്ക് തന്നെ ഹർജിക്കാരനാകാമായിരുന്ന ഏതൊരാൾക്കും, ഹർജിക്കാരനായി പകരം ചേർക്കപ്പെടാൻ, അങ്ങനെ പ്രസിദ്ധപ്പെടുത്തിയതിന്റെ പതിനാലുദിവസത്തിനുള്ളിൽ, അപേക്ഷിക്കാവുന്നതും, ജാമ്യം സംബന്ധിച്ചുള്ള ഉപാധികൾ വല്ലതും ഉണ്ടെങ്കിൽ, അവ നിറവേററുന്നതോടെ അപ്രകാരം പകരം ചേർക്കപ്പെടാനും, ഹൈക്കോടതി യുക്തമെന്നു കരുതുന്ന നിബന്ധനകളിന്മേൽ, നടപടികൾ തുടരാനും അവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

116. <u>എതിർകക്ഷി മരിക്കുന്നതിന്മേൽ ഉപശമനം അല്ലെങ്കിൽ പകരം ചേർക്കൽ.</u>— ഒരു തിരഞ്ഞെടുപ്പ് ഹർജിയുടെ വിചാരണ സമാപിക്കുന്നതിനു മുൻപ്, ഏക എതിർകക്ഷി മരിക്കുകയോ, താൻ ഹർജിയെ എതിർക്കാൻ ഉദ്ദേശിക്കിന്നില്ലെന്ന് നോട്ടീസ് നല്കുകയോ, അല്ലെങ്കിൽ എതിർകക്ഷികളിൽ

ആരെങ്കിലും മരിക്കുകയോ അങ്ങനെയുള്ള നോട്ടീസ് നല്കുകയോ ചെയ്യു കയും, ഹർജിയെ എതിർക്കുന്ന മററ് എതിർകക്ഷി ഇല്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, ഹൈക്കോടതി ആ സംഭവവികാസത്തെക്കുറിച്ചുള്ള നോട്ടീസ് ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തിക്കേണ്ടതും, അതോടെ, ഹർജിക്കാരൻ ആകാമായിരുന്ന ഏതെങ്കിലും ആരംക്ക്, ഹർജിയെ എതിർക്കുന്നതിനായി ആ എതിർകക്ഷികളുടെ സ്ഥാനത്ത് പകരം ചേർക്കപ്പെടുന്നതിന്, അങ്ങനെ പ്രസിദ്ധപ്പെടുത്തിയതിൻെറ പതിനാലുദിവസത്തിനുള്ളിൽ അപേക്ഷിക്കാവുന്നതും, യുക്തമെന്നു ഹൈക്കോടതിക്ക് തോന്നുന്ന നിബന്ധനകളിന്മേൽ നടപടി തുടരാൻ അവകാശമുണ്ടായിരിക്കുന്നതും ആണ്.

## അദ്ധ്യായം IV ക

## അപ്പീലുകാം

116 ക. സുപ്രീംകോടതിയിലേയ്ക്കുള്ള അപ്പീലുകാം.— തൽസമയം പ്രാബല്യത്തിലുള്ള മറെറതെങ്കിലും നിയമത്തിൽ എന്തുതന്നെയടങ്ങിയിരുന്നാലും, 98-ാം വകുപ്പിനോ 99-ാം വകുപ്പിനോ കീഴിൽ ഹൈക്കോടതി പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവിൽനിന്നും, ഏതെങ്കിലും പ്രശ്നത്തിന്മേൽ (അത് നിയമപ്രശ്നമോ വസ്തുതാപ്രശ്നമോ ആയാലും) സുപ്രീംകോടതിയിലേയ്ക്ക് അപ്പീൽ ഉണ്ടായിരിക്കുന്നതാണ്.

(2) ഈ അദ്ധ്യായത്തിൻകീഴിലെ ഏതൊരു അപ്പീലും, 98-ാം വകുപ്പിനോ 99-ാം വകുപ്പിനോ കീഴിലെ ഹൈക്കോടതിയുടെ ഉത്തരവിൻെറ തീയതി മുതൽ മുപ്പതു ദിവസത്തിനുള്ളിൽ കൊടുക്കേണ്ടതാണ്:

എന്നാൽ, അങ്ങനെയുള്ള കാലാവധിക്കുള്ളിൽ അപ്പീൽ കൊടുക്കാതിരിക്കുവാൻ അപ്പീൽവാദിക്ക് മതിയായ കാരണം ഉണ്ടായിരുന്നുവെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ സുപ്രീംകോടതിക്ക്, മുൻപറഞ്ഞ മുപ്പതുദിവസക്കാലാവധി കഴിഞ്ഞിരുന്നാലും, അപ്പീൽ പരിഗണനയ്ക്ക് സ്വീകരിക്കാവുന്നതാണ്.

116 ഖ. ഹൈക്കോടതിയുടെ ഉത്തരവിൻെറ പ്രവർത്തനം നിറുത്തിവയ്ക്കുന്നത്.— (1) 98-ാം വകുപ്പിനോ 99-ാം വകുപ്പിനോ കീഴിൽ ഹൈക്കോടതി പുറപ്പെടുവിച്ച ഒരു ഉത്തരവിൻെറ പ്രവർത്തനം നിറുത്തിവയ്ക്കാൻ, അതിൽ നിന്ന് അപ്പീൽ കൊടുക്കാൻ അനുവദിച്ചിട്ടുള്ള സമയം കഴിയുന്നതിന് മുമ്പ്, ഹൈക്കോടതിക്ക് അപേക്ഷ കൊടുക്കാവുന്നതും, ഹൈക്കോടതിക്ക് മതിയായ കാരണം കാണിക്കുന്നതിന്മേലും യുക്തമെന്നു തോന്നുന്ന നിബന്ധകളിന്മേലും ഉപാധികളിന്മേലും ആ ഉത്തരവിൻെറ പ്രവർത്തനം നിറുത്തിവയ്ക്കാവുന്നതും; എന്നാൽ സുപ്രീംകോടതിക്ക് അപ്പീൽ കൊടുത്തതിനുശേഷം നിറുത്തി വയ്ക്കാനുള്ള യാതൊരു അപേക്ഷയും ഹൈക്കോടതിക്ക് കൊടുക്കാൻ പാടില്ലാത്തതും ആകുന്നു.

(2) 98-ാം വകുപ്പിനോ, 99-ാം വകുപ്പിനോ കീഴിൽ പുറപ്പെടുവിച്ച ഒരു ഉത്തരവിനെതിരായി അപ്പീൽ കൊടുത്തിട്ടുള്ളിടത്ത്, സുപ്രീംകോടതിക്ക് മതിയായ കാരണം കാണിക്കുന്നതിന്മേലും, യുക്തമെന്നു തോന്നുന്ന നിബന്ധനകളിന്മേലും ഉപാധികളിന്മേലും അപ്പീൽ കൊടുക്കപ്പെട്ടിട്ടുള്ള ഉത്തരവിൻെറ പ്രവർത്തനം നിറുത്തി വയ്ക്കാവുന്നതാണ്.

(3) ഒരു ഉത്തരവിൻെറ പ്രവർത്തനം, അതതു സംഗതിപോലെ, ഹൈക്കോടതിയോ സുപ്രീംകോടതിയോ നിറുത്തിവയ്ക്കുമ്പോാം, ആ ഉത്തരവ് 107-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ ഒരിക്കലും പ്രാവത്തിൽ

വന്നിട്ടില്ലാത്തതായി കരുതപ്പെടുന്നതും; നിറുത്തിവയ്ക്കൽ ഉത്തരവിന്റെ ഒരു പകർപ്പ്, അതതു സംഗതിപോലെ, ഹൈക്കോടതിയോ സുപ്രീംകോടതിയോ ഉടനെ തിരഞ്ഞെടുപ്പു കമ്മീഷനും, പാർലമെന്റിന്റേയോ ബന്ധപ്പെട്ട സ്റേററ് നിയമനിർമ്മാണ മണ്ഡലത്തിന്റേയോ സഭയുടെ, അതതുസംഗതി പോലെ, സ്പീക്കർക്കോ ചെയർമാനോ അയക്കേണ്ടതും ആകുന്നു.

116 ഗ. അപ്പീലിലെ നടപടിക്രമം.— ഏതൊരു അപ്പീലും, സുപ്രീം കോടതി, ആകുന്നത്ര അടുത്തുവരുന്നിടത്തോളം, ഹൈക്കോടതി അതിന്റെ സിവിൽ ആദ്യാധികാരിതയുടെ പ്രയോഗത്തിൽ പാസ്സാക്കുന്ന ഏതെങ്കിലും അന്തിമ ഉത്തരവിൽനിന്നുള്ള അപ്പീൽ കേൾക്കുകയും തീർപ്പാക്കുകയും ചെയ്യുന്നതിന് ബാധകമാകുന്ന നടപടിക്രമം അനുസരിച്ച് കേൾക്കുകയും തീർപ്പാക്കുകയും ചെയ്യേണ്ടതും; സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ലെ എല്ലാ വ്യവസ്ഥകളും കോടതിച്ചട്ടങ്ങളും (ജാമ്യം നല്കുന്നതും കോടതിയുടെ ഏതെങ്കിലും ഉത്തരവ് നടത്തുന്നതും സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടെ) ആകുന്നത്ര അങ്ങനെയുള്ള അപ്പീൽ സംബന്ധിച്ച് ബാധകമാകുന്നതും, ഇത് ഈ ആക്ററിലേയും, അതിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾ വല്ലതുമുണ്ടെങ്കിൽ, അവയിലേയും വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതും, ആണ്.

(2) അപ്പീൽ തീരുമാനിച്ച ഉടൻ, സുപ്രീംകോടതി, ആ തീരുമാനത്തിന്റെ സാരാംശം തിരഞ്ഞെടുപ്പു കമ്മീഷനേയും, പാർലമെന്റിന്റേയോ ബന്ധപ്പെട്ട സ്റേററ് നിയമനിർമ്മാണമണ്ഡലത്തിന്റേയോ സഭയുടെ, അതതുസംഗതി പോലെ, സ്പീക്കറേയും അല്ലെങ്കിൽ ചെയർമാനേയും അറിയിക്കേണ്ടതും, അതിനുശേഷം ആകുന്നത്ര വേഗത്തിൽ, ആ തീരുമാനത്തിന്റെ ഒരു പ്രമാണീകൃത പകർപ്പ് തിരഞ്ഞെടുപ്പു കമ്മീഷന് അയച്ചുകൊടുക്കേണ്ടതും, അതു കിട്ടുന്നതിൻമേൽ തിരഞ്ഞെടുപ്പു കമ്മീഷൻ—

(ക) അതിന്റെ പകർപ്പുകൾ 106-ാം വകുപ്പിൻ കീഴിൽ ഹൈക്കോടതിയുടെ ഉത്തരവിന്റെ പകർപ്പുകൾ അയച്ചുകൊടുക്കപ്പെട്ടിട്ടുള്ള അധികാര സ്ഥാനങ്ങൾക്ക് അയച്ചുകൊടുക്കേണ്ടതും; അല്ലെങ്കിൽ

(ഖ) ആ തീരുമാനം മുൻപറഞ്ഞ വകുപ്പിൻ കീഴിൽ ആ ഉത്തരവ് പ്രസിദ്ധപ്പെടുത്തിയ ഗസററിലോ ഗസററുകളിലോ പ്രസിദ്ധപ്പെടുത്തിക്കേണ്ടതും ആകുന്നു.

## അദ്ധ്യായം V

## കോടതിച്ചെലവും കോടതിച്ചെലവിനുള്ള ജാമ്യവും

117. കോടതിച്ചെലവിനുള്ള ജാമ്യം.— (1) ഒരു തിരഞ്ഞെടുപ്പു ഹർജി ബോധിപ്പിക്കുന്ന സമയത്ത്, ഹർജിക്കാരൻ ഹർജിയുടെ കോടതിച്ചെലവിനുള്ള ജാമ്യമായി രണ്ടായിരം രൂപ ഹൈക്കോടതിയിൽ, ഹൈക്കോടതിച്ചട്ടങ്ങൾ അനുസരിച്ച്, കെട്ടിവയ്ക്കേണ്ടതാകുന്നു.

(2) ഒരു തിരഞ്ഞെടുപ്പു ഹർജിയുടെ വിചാരണയുടെ ഗതിക്കിടയിൽ, ഹൈക്കോടതിക്ക്, ഏതു സമയത്തും, കോടതിച്ചെലവിന്, ഹൈക്കോടതി നിദേശിക്കുന്ന കൂടുതൽ ജാമ്യം നല്കാൻ ഹർജിക്കാരനോട് ആവശ്യപ്പെടാവുന്നതാണ്.

118. എതിർകക്ഷിയിൽ നിന്ന് കോടതിച്ചെലവിനുള്ള ജാമ്യം.— കോടതിച്ചെലവിന് ഹൈക്കോടതി നിദേശിക്കുന്ന ജാമ്യം നല്കിയിട്ടില്ലാത്തപക്ഷം, യാതൊരാൾക്കും 86-ാം വകുപ്പ് (4)-ാം ഉപവകുപ്പിൻ കീഴിൽ എതിർകക്ഷിയായി ചേർക്കപ്പെടാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

119. കോടതിച്ചെലവ്.— കോടതിച്ചെലലവ് ഹൈക്കോടതിക്ക് സ്വവിവേകം ഉപയോഗിച്ച് നിശ്ചയിക്കാവുന്ന ഒന്നായിരിക്കുന്നതാണ് :

എന്നാൽ 98-ാം വകുപ്പ് (ക) ഖണ്ഡത്തിൻ കീഴിൽ ഒരു ഹർജി തള്ളിക്കളയുന്നിടത്ത്, വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിക്ക് ആ ഹർജി എതിർവാദം ചെയ്യുന്നതിൽ തനിക്കു നേരിട്ട കോടതിച്ചെലവിന് അവകാശമുണ്ടായിരിക്കുന്നതും, അതനുസരിച്ച് ഹൈക്കോടതി വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിക്ക് അനുകൂലമായി കോടതിച്ചെലവിന് ഉത്തരവു ചെയ്യേണ്ടതും ആകുന്നു.

121. ജാമ്യം കെട്ടിവച്ചതിൽ നിന്ന് കോടതിച്ചെലവ് കൊടുക്കുന്നതും, അങ്ങനെ കെട്ടിവച്ചത് മടക്കികൊടുക്കുന്നതും.—(1) കോടതിച്ചെലവ് സംബന്ധിച്ച് ഈ ഭാഗത്തിലെ വ്യവസ്ഥകൾക്ക് കീഴിലെ ഏതെങ്കിലും ഉത്തരവിൽ ഏതെങ്കിലും കക്ഷികൾ, ഏതെങ്കിലും ആൾക്ക് കോടതിച്ചെലവ് കൊടുക്കാൻ നിദേശമുണ്ടെങ്കിൽ, അങ്ങനെയുള്ള കോടതിച്ചെലവ് കൊടുത്തു കഴിഞ്ഞിട്ടില്ലെങ്കിൽ, ഹൈക്കോടതിക്ക്, അങ്ങനെയുള്ള ഉത്തരവിൻെറ തീയതി മുതൽ ഒരു വർഷക്കാലാവധിക്കുള്ളിൽ, കോടതിച്ചെലവ് അവാർഡ് ചെയ്യപ്പെട്ടിട്ടുള്ള ആൾ അതിലേയ്ക്ക് ലിഖിതമായി കൊടുക്കുന്ന അപേക്ഷയിൽമേൽ, അതു മുഴുവനുമോ കഴിയുന്നിടത്തോളമോ, ഈ ഭാഗത്തിൻ കീഴിൽ ആ കക്ഷി ജാമ്യം കെട്ടിവച്ചതിൽനിന്നോ, കൂടുതൽ വല്ല ജാമ്യവും കെട്ടിവച്ചിട്ടുണ്ടെങ്കിൽ അതിൽ നിന്നോ, കൊടുക്കേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ, അതിൽ പരാമർശിച്ച കോടതിച്ചെലവു കൊടുത്തതിനുശേഷം, മുൻപറഞ്ഞ ജാമ്യം കെട്ടിവച്ചതിൽ ഏതിലെങ്കിലും വല്ല ബാക്കിയുമുണ്ടെങ്കിൽ, ആ ബാക്കിയോ, അല്ലെങ്കിൽ കോടതിച്ചെലവ് അവാർഡ് ചെയ്തിട്ടില്ലാതിരിക്കുകയോ, മുൻപറഞ്ഞ ഒരു വർഷക്കാലാവധിക്കുള്ളിൽ മുൻപറഞ്ഞതുപോലെ അപേക്ഷ കൊടുത്തിട്ടില്ലാതിരിക്കുകയോ ചെയ്യുന്നിടത്ത്, മുൻപറഞ്ഞ ജാമ്യം കെട്ടിവച്ചതു മുഴുവനുമോ, അതു കെട്ടിവച്ച ആളോ, അങ്ങനെയുള്ള ആൾ അങ്ങനെ കെട്ടിവച്ചതിനുശേഷം മരിച്ചുപോകുന്നുവെങ്കിൽ, അയാളുടെ നിയമാനുസൃത പ്രതിനിധിയോ അതിലേയ്ക്ക് ലിഖിതമായി ഹൈക്കോടതിയിൽ കൊടുക്കുന്ന അപേക്ഷയിൽമേൽ, അതതുസംഗതിപോലെ, മുൻപറഞ്ഞ ആൾക്കോ അയാളുടെ നിയമാനുസൃത പ്രതിനിധിക്കോ മടക്കിക്കൊടുക്കാവുന്നതാണ്.

122. കോടതിച്ചെലവ് സംബന്ധിച്ച ഉത്തരവുകൾ നടത്തുന്നത്.— കോടതിച്ചെലവ് സംബന്ധിച്ച ഈ ഭാഗത്തിലെ വ്യവസ്ഥകൾക്ക് കീഴിലെ ഏതെങ്കിലും ഉത്തരവ്, ആദ്യാധികാരിതയുള്ള ഏത് പ്രിൻസിപ്പൽ സിവിൽ കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിലാണോ അങ്ങനെയുള്ള ഉത്തരവിനാൽ ഏതെങ്കിലും തുക കൊടുക്കാൻ നിദേശിക്കപ്പെടുന്ന ഏതെങ്കിലും ആൾക്ക് വാസസ്ഥലമോ, ബിസിനസ്സ് സ്ഥലമോ ഉള്ളത്, ആ കോടതി മുമ്പാകെയോ, അല്ലെങ്കിൽ ആ സ്ഥലം ഒരു പ്രസിഡൻസി ടൗണിലുള്ളിലാണെങ്കിൽ, അവിടെ അധികാരിതയുള്ള സ്മാൾ കാസ്കോടതി മുമ്പാകെയോ ഹാജരാക്കാവുന്നതും, അങ്ങനെയുള്ള കോടതി, ആ ഉത്തരവ് ആ കോടതി തന്നെ ഒരു വ്യവഹാരത്തിൽ പാസ്സാക്കുന്ന പണം കൊടുക്കാനുള്ള ഒരു വിധി ആയിരുന്നാലെന്നപോലെ, അതേ രീതിയിലും അതേ നടപടിക്രമപ്രകാരവും, നടത്തുകയോ നടത്തിക്കുകയോ ചെയ്യേണ്ടതും ആകുന്നു:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും കോടതിച്ചെലവോ, അതിൻെറ ഏതെങ്കിലും ഭാഗമോ, 121-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൻ കൊടുക്കുന്ന അപേക്ഷ വഴി വസൂലാക്കാവുന്നിടത്ത്, അങ്ങനെയുള്ള ഉത്തരവിൻെറ

തീയതി മുതൽ ഒരു വർഷക്കാലാവധിക്കുള്ളിൽ, ഈ വകുപ്പിൻകീഴിലെ യാതൊരു അപേക്ഷയും, അത് ആ ഉപവകുപ്പിൽ പരാമർശിച്ച കെട്ടിവച്ച ജാമ്യത്തുക മതിയാകാത്തതു കാരണം ആ ഉപവകുപ്പിൻ കീഴിൽ അപേക്ഷ കൊടുത്തതിനുശേഷം വസൂലാകാതെ ബാക്കിയായിട്ടുള്ള ഏതെങ്കിലും കോടതിച്ചെലവ് വസൂലാക്കാനുള്ളതല്ലാത്തപക്ഷം, നിലനില്ക്കുന്നതല്ല.

## ഭാഗം VII

## അഴിമതി പ്രവൃത്തികളും തിരഞ്ഞെടുപ്പു കുററങ്ങളും

### അദ്ധ്യായം I

### അഴിമതി പ്രവൃത്തികൾ

**123. അഴിമതി പ്രവൃത്തികൾ.—** ഈ ആക്ററിന്റെ ആവശ്യങ്ങൾക്ക് താഴെ പറയുന്നവ അഴിമതി പ്രവൃത്തികളായി കരുതപ്പെടുന്നതാണ്:—

(1) കൈക്കൂലി കൊടുക്കലോ വാങ്ങലോ, അതായത്,—

(ക) ഒരു സ്ഥാനാർത്ഥിയോ അയാളുടെ ഏജന്റോ അല്ലെങ്കിൽ സ്ഥാനാർത്ഥിയുടേയോ അയാളുടെ തിരഞ്ഞെടുപ്പ് ഏജന്റിന്റേയോ സമ്മതത്തോടുകൂടി മറേറതെങ്കിലും ആളോ, ഏതെങ്കിലും ആൾക്ക്, അയാൾ ആരായിരുന്നാലും—

(ക) ഒരാളെ ഒരു തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി നില്ക്കാനോ നില്ക്കാതിരിക്കാനോ സ്ഥാനാർത്ഥിത്വം പിൻവലിക്കാനോ പിൻവലിക്കാതിരിക്കാനോ, അല്ലെങ്കിൽ

(ഖ) ഒരു നിയോജകനെ ഒരു തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാനോ വോട്ടുചെയ്യുന്നതിൽനിന്ന് ഒഴിഞ്ഞു നില്ക്കാനോ,

നേരിട്ടോ നേരിട്ടല്ലാതേയോ പ്രചോദിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടേയോ, അല്ലെങ്കിൽ—

(i) അങ്ങനെ നിന്നതിനോ നില്ക്കാതിരുന്നതിനോ തന്റെ സ്ഥാനാർത്ഥിത്വം പിൻവലിച്ചതിനോ പിൻവലിക്കാതിരുന്നതിനോ, ഒരാൾക്ക്; അല്ലെങ്കിൽ

(ii) വോട്ട് ചെയ്തതിനോ വോട്ട് ചെയ്യുന്നതിൽനിന്ന് ഒഴിഞ്ഞു നിന്നതിനോ ഒരു നിയോജകന്;

പ്രതിഫലമെന്ന നിലയിലോ;

നല്കുന്ന ദാനം, അല്ലെങ്കിൽ ആഫർ അല്ലെങ്കിൽ വാഗ്ദാനം.

(ഖ) ഏതെങ്കിലും പരിതോഷണം, അതു ഒരു പ്രേരകമായിട്ടോ പ്രതിഫലമായിട്ടോ ആയിരുന്നാലും—

(ക) സ്ഥാനാർത്ഥിയായി നില്ക്കുകയോ നില്ക്കാതിരിക്കുകയോ സ്ഥാനാർത്ഥിത്വം പിൻവലിക്കുകയോ പിൻവലിക്കാതിരിക്കുകയോ ചെയ്യാൻ ഒരാളോ; അല്ലെങ്കിൽ

(ഖ) വോട്ട് ചെയ്യുകയോ വോട്ട് ചെയ്യുന്നതിൽനിന്ന് ഒഴിഞ്ഞു നില്ക്കുകയോ ചെയ്യുന്നതിനോ വോട്ട്ചെയ്യാനോ വോട്ട്ചെയ്യുന്നതിൽനിന്ന് ഒഴിഞ്ഞുനില്ക്കാനോ ഏതെങ്കിലും നിയോജകനേയോ, തന്റെ സ്ഥാനാർത്ഥിത്വം പിൻവലിക്കാനോ പിൻവലിക്കാതിരിക്കാനോ ഏതെങ്കിലും

സ്ഥാനാർത്ഥിയേയോ പ്രചോദിപ്പിക്കുകയോ പ്രചോദിപ്പിക്കാൻ ശ്രമിക്കു
കയോ ചെയ്യുന്നതിനോ തനിക്ക് വേണ്ടിയോ മറ്റേതെങ്കിലും ആൾക്ക്
വേണ്ടിയോ, ഏതെങ്കിലും ആളോ,

അയാൾ ആരായിരുന്നാലും,
സ്വീകരിക്കുകയോ സ്വീകരിക്കാൻ കരാർ ചെയ്യുകയോ ചെയ്യുന്നത്.

വിശദീകരണം.—ഈ ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്ക്,
"പരിതോഷണം" എന്ന പദം, ധനപരമായ പരിതോഷണങ്ങൾക്കോ പണമായി
മതിക്കാവുന്ന പരിതോഷണങ്ങൾക്കോ ആയി പരിമിതിപ്പെടുത്തിയിട്ടുള്ളതല്ലാ
ത്തതും, അതിൽ എല്ലാ രൂപത്തിലുമുള്ള സത്കാരവും പ്രതിഫലത്തിനുള്ള
എല്ലാ രൂപത്തിലുമുള്ള നിയോജനങ്ങളും ഉൾപ്പെടുന്നതും, എന്നാൽ അതിൽ
ഏതെങ്കിലും തിരഞ്ഞെടുപ്പിലോ തിരഞ്ഞെടുപ്പിനുവേണ്ടിയോ ഉത്തമവിശ്വാസ
പൂർവ്വം നേരിട്ടിട്ടുള്ളതും 78-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള തിരഞ്ഞെടുപ്പ്
ചെലവുകളുടെ കണക്കിൽ മുറപ്രകാരം ചേർത്തിട്ടുള്ളതുമായ ഏതെങ്കിലും
ചെലവുകൾ കൊടുക്കുന്നത് ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു.

(2) അനുചിതമായ സ്വാധീനം ചെലുത്തൽ, അതായത്, ഏതെങ്കിലും
തിരഞ്ഞെടുപ്പവകാശം സ്വതന്ത്രമായി പ്രയോഗിക്കുന്നതിൽ സ്ഥാനാർത്ഥി
യുടേയോ അയാളുടെ ഏജന്റിന്റേയോ അല്ലെങ്കിൽ സ്ഥാനാർത്ഥിയുടേയോ
അയാളുടെ തിരഞ്ഞെടുപ്പ് ഏജന്റിന്റേയോ സമ്മതത്തോടുകൂടി മറ്റേതെങ്കിലും
ആളുടേയോ ഭാഗത്തു നിന്നുള്ള, നേരിട്ടുള്ളതോ നേരിട്ടുള്ളതല്ലാത്തതോ ആയ
ഏതെങ്കിലും ഇടപെടൽ, അല്ലെങ്കിൽ ഇടപെടലിനുള്ള ശ്രമം:

എന്നാൽ—

(ക) ഈ ഖണ്ഡത്തിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം
കൂടാതെ, അതിൽ പരാമർശിച്ചിട്ടുള്ളതും—

(i) ഏതെങ്കിലും സ്ഥാനാർത്ഥിയേയോ നിയോജകനേയോ
അല്ലെങ്കിൽ സ്ഥാനാർത്ഥിയ്ക്കോ നിയോജകനോ താൽപര്യമുള്ള
ഏതെങ്കിലും ആളേയോ അയാൾക്ക് സാമൂഹ്യ ബഹിഷ്കരണവും ഏതെ
ങ്കിലും ജാതിയിൽ നിന്നോ സമുദായത്തിൽനിന്നോ ഭ്രഷ്ട് കല്പിക്കലും,
അല്ലെങ്കിൽ പുറത്താക്കലും ഉൾപ്പെടെ ഏതെങ്കിലും ക്ഷതിയുളവാക്കുമെന്ന്
ഭീഷണിപ്പെടുത്തുകയോ;

(ii) സ്ഥാനാർത്ഥിയേയോ, നിയോജകനേയോ അയാളോ,
അല്ലെങ്കിൽ അയാൾക്ക് താത്പര്യമുള്ള ഏതെങ്കിലും ആളോ, ദൈവികമായ
അപ്രീതിക്കോ ആദ്ധ്യാത്മികമായ ഗർഹണത്തിനോ പാത്രമാവുകയോ
പാത്രമാക്കപ്പെടുകയോ ചെയ്യുമെന്ന് വിശ്വസിക്കാൻ പ്രചോദിപ്പിക്കുകയോ
പ്രചോദിപ്പിക്കാൻ ശ്രമിക്കുകയോ;

ചെയ്യുന്നതുമായ ഏതെങ്കിലും ആൾ ഈ ഖണ്ഡത്തിന്റെ അർത്ഥത്തിൽ,
അങ്ങനെയുള്ള സ്ഥാനാർത്ഥിയുടേയോ നിയോജകന്റേയോ തിരഞ്ഞെടുപ്പ്
അവകാശം സ്വതന്ത്രമായി പ്രയോഗിക്കുന്നതിൽ ഇടപെടുന്നതായി കരുതപ്പെടു
ന്നതാണ്;

(ഖ) ഒരു പൊതുനയത്തിന്റെ പ്രഖ്യാപനമോ, പൊതുനടപടിയെടുത്തു
കൊള്ളാമെന്നുള്ള വാഗ്ദാനമോ, അല്ലെങ്കിൽ തിരഞ്ഞെടുപ്പവകാശത്തിൽ ഇട
പെടാനുള്ള ഉദ്ദേശ്യം കൂടാതെയുള്ള നിയമപരമായ അവകാശത്തിന്റെ കേവല
പ്രയോഗമോ ഈ ഖണ്ഡത്തിന്റെ അർത്ഥത്തിൽ ഇടപെടലായി കരുതപ്പെടു
ന്നതല്ല.

(3) ഒരു സ്ഥാനാർത്ഥിയോ, അയാളുടെ ഏജൻറോ, അല്ലെങ്കിൽ സ്ഥാനാർത്ഥിയുടേയോ അയാളുടെ തിരഞ്ഞെടുപ്പ് ഏജൻറിൻേറയോ സമ്മതത്തോടുകൂടി മറേറതെങ്കിലും ആളോ, ഏതെങ്കിലും ആളുടെ മതമോ വംശമോ ജാതിയോ സമുദായമോ ഭാഷയോ കാരണമാക്കി, അയാാക്ക് വോട്ട്ചെയ്യാനോ വോട്ട്ചെയ്യുന്നതിൽനിന്ന് ഒഴിഞ്ഞു നില്ക്കാനോ അഭ്യർത്ഥിക്കുന്നത്, അല്ലെങ്കിൽ ആ സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പിൻെറ സാദ്ധ്യതകാ പുരോഗമിപ്പിക്കുന്നതിനോ ഏതെങ്കിലും സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പിനെ ദോഷകരമായി ബാധിക്കുന്നതിനോ വേണ്ടി മതപരമായ ചിഹ്നം ഉപയോഗിക്കുകയോ, അതിൻെറ പേരിൽ അഭ്യർത്ഥിക്കുകയോ, ദേശീയപതാകയോ ദേശീയ പ്രതീകമോ പോലുള്ള ദേശീയ ചിഹ്നങ്ങാ ഉപയോഗിക്കുകയോ അതിൻെറ പേരിൽ അഭ്യർത്ഥിക്കുകയോ ചെയ്യുന്നത്:

എന്നാൽ ഒരു സ്ഥാനാർത്ഥിയ്ക്ക്, ഈ ആക്ററിൻകീഴിൽ തിരിച്ചുവയ്ക്കപ്പെടുന്ന യാതൊരു ചിഹ്നവും ഈ ഖണ്ഡത്തിൻെറ ആവശ്യങ്ങാക്ക് മതപരമായ ചിഹ്നമോ ദേശീയചിഹ്നമോ ആയി കരുതപ്പെടുന്നതല്ല;

(3ക) ഒരു സ്ഥാനാർത്ഥിയോ അയാളുടെ ഏജൻേറാ, അല്ലെങ്കിൽ സ്ഥാനാർത്ഥിയുടേയോ അയാളുടെ തിരഞ്ഞെടുപ്പ് ഏജൻറിൻേറയോ സമ്മതത്തോടുകൂടി മറേറതെങ്കിലും ആളോ, ആ സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പിൻെറ സാദ്ധ്യത പുരോഗമിപ്പിക്കുന്നതിനോ, ഏതെങ്കിലും സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പിനെ ദോഷകരമായി ബാധിക്കുന്നതിനോ വേണ്ടി, മതമോ വംശമോ ജാതിയോ സമുദായമോ ഭാഷയോ കാരണമാക്കി ഇൻഡ്യൻ പൗരൻമാരുടെ വ്യത്യസ്തവർഗ്ഗങ്ങാ തമ്മിൽ ശത്രുതപരമായ വികാരങ്ങളോ വെറുപ്പോ പുലർത്തുകയോ പുലർത്താൻ ശ്രമിക്കുകയോ ചെയ്യുന്നത്.

(4) ഒരു സ്ഥാനാർത്ഥിയോ അയാളുടെ ഏജൻേറാ, അല്ലെങ്കിൽ സ്ഥാനാർത്ഥിയുടേയോ അയാളുടെ തിരഞ്ഞെടുപ്പ് ഏജൻറിൻേറയോ സമ്മതത്തോടുകൂടി മറേറതെങ്കിലും ആളോ, ഏതെങ്കിലും സ്ഥാനാർത്ഥിയുടെ വ്യക്തിപരമായ സ്വഭാവമോ പെരുമാററമോ സംബന്ധിച്ചോ, ഏതെങ്കിലും സ്ഥാനാർത്ഥിയുടെ സ്ഥാനാർത്ഥിത്വമോ പിൻവലിക്കലോ സംബന്ധിച്ചോ, വ്യാജമായതും വ്യാജമാണെന്ന് താൻ വിശ്വസിക്കുകയോ സത്യമാണെന്ന് താൻ വിശ്വസിക്കാതിരിക്കുകയോ ചെയ്യുന്നതുമായ ഏതെങ്കിലും വസ്തുതാ പ്രസ്താവന ആ സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പിൻെറ സാദ്ധ്യതയ്ക്ക് ദൂഷ്യം വരുത്താൻ ന്യായമായി കണക്കാക്കപ്പെട്ടതായിരിക്കെ, പ്രസിദ്ധപ്പെടുത്തുന്നത്.

(5) ഒരു സ്ഥാനാർത്ഥിയോ, അയാളുടെ ഏജൻേറാ, അല്ലെങ്കിൽ സ്ഥാനാർത്ഥിയുടേയോ അയാളുടെ തിരഞ്ഞെടുപ്പ് ഏജൻറിൻേറയോ സമ്മതത്തോടുകൂടി മറേറതെങ്കിലും ആളോ 25-ാം വകുപ്പിൻകീഴിൽ ഏർപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും പോളിങ്ങ് സ്റേറഷനിലേയ്ക്കോ പോളിങ്ങ് സ്റേറഷനിൽനിന്നോ, അല്ലെങ്കിൽ വോട്ടെടുപ്പിനു 29-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ നിജപ്പെടുത്തിയിട്ടുള്ള ഒരു സ്ഥലത്തേയ്ക്കോ സ്ഥലത്തുനിന്നോ (സ്ഥാനാർത്ഥിതന്നെയോ, അയാളുടെ കുടുംബത്തിലെ അംഗങ്ങളോ അയാളുടെ ഏജൻേറാ അല്ലാത്ത) ഏതെങ്കിലും നിയോജകനെ സൗജന്യമായി വഹിച്ചുകൊണ്ടുപോകുന്നതിനുവേണ്ടി ഏതെങ്കിലും വാഹനമോ ജലയാനമോ, പണം കൊടുത്തോ അല്ലാതേയോ കൂലിക്കെടുക്കുകയോ സമ്പാദിക്കുകയോ ചെയ്യുന്നത്, അല്ലെങ്കിൽ മുൻപറഞ്ഞ സ്ഥാനാർത്ഥിയോ ഏജൻേറാ ആളോ പണം കൊടുത്തോ അല്ലാതേയോ കൂലിക്കെടുക്കുകയോ സമ്പാദിക്കുകയോ ചെയ്യുന്ന വാഹനമോ ജലയാനമോ മുൻപറഞ്ഞ ആവശ്യത്തിനുവേണ്ടി ഉപയോഗിക്കപ്പെടുന്നത്:

എന്നാൽ, ഒരു നിയോജകനോ, അല്ലെങ്കിൽ തങ്ങളുടെ കൂട്ടു ചെലവിൻമേൽ പല നിയോജകൻമാരുമോ; തന്നെയോ തങ്ങളേയോ അങ്ങനെയുള്ള ഏതെങ്കിലും പോളിങ്ങ് സ്റ്റേഷനിലേക്കും അവിടെ നിന്നും, അല്ലെങ്കിൽ വോട്ടെടുപ്പിന് നിജപ്പെടുത്തിയിട്ടുള്ള സ്ഥലത്തേക്കും അവിടെനിന്നും വഹിച്ചുകൊണ്ടുപോകുന്നതിനു വേണ്ടി ഒരു വാഹനമോ ജലയാനമോ കൂലിയ്ക്കെടുക്കുന്നത്, അങ്ങനെ കൂലിയ്ക്കെടുത്ത വാഹനമോ ജലയാനമോ യന്ത്രശക്തിയിൽ ചലിപ്പിക്കുന്നതല്ലാത്ത വാഹനമോ ജലയാനമോ ആണെങ്കിൽ, ഈ ഖണ്ഡത്തിൻകീഴിൽ, അഴിമതിപ്രവൃത്തിയായി കരുതപ്പെടുന്നതല്ല:

എന്നുമാത്രമല്ല, ഏതെങ്കിലും നിയോജകൻ സ്വന്തം ചെലവിൻമേൽ, അങ്ങനെയുള്ള ഏതെങ്കിലും പോളിങ്ങ് സ്റ്റേഷനിലേക്കോ വോട്ടെടുപ്പിന് നിജപ്പെടുത്തിയിട്ടുള്ള സ്ഥലത്തേയ്ക്കോ പോകുന്നതിനോ അവിടെ നിന്നു വരുന്നതിനോ, ഏതെങ്കിലും പബ്ലിക് ട്രാൻസ്പോർട്ട് വാഹനമോ, പബ്ലിക് ട്രാൻസ്പോർട്ട് ജലയാനമോ, ഏതെങ്കിലും ട്രാംകാറോ, റയിൽ വണ്ടിയോ ഉപയോഗിക്കുന്നത് ഈ ഖണ്ഡത്തിൻ കീഴിൽ അഴിമതിപ്രവൃത്തിയായി കരുതപ്പെടുന്നതല്ല.

വിശദീകരണം.—ഈ ഖണ്ഡത്തിൽ "വാഹനം" എന്ന പദത്തിന്, റോഡ് വഴിയുള്ള പരിവഹണത്തിന് ഉപയോഗിക്കപ്പെടുന്നതോ ഉപയോഗിക്കാൻ കഴിയുന്നതോ ആയ ഏതെങ്കിലും വാഹനം, അത് യന്ത്രശക്തിയാൽ ചലിപ്പിക്കുന്നതോ അല്ലാത്തതോ മററു വാഹനങ്ങൾ വലിക്കാൻ ഉപയോഗിക്കുന്നതോ അല്ലാത്തതോ ആയാലും, എന്നർത്ഥമാകുന്നു.

(6) 77-ാം വകുപ്പ് ഉല്ലംഘിച്ചുകൊണ്ട് ചെലവ് നേരിടുകയോ പ്രാധികാരപ്പെടുത്തുകയോ ചെയ്യുന്നത്.

(7) ഒരു സ്ഥാനാർത്ഥിയോ അയാളുടെ ഏജൻേറാ, അല്ലെങ്കിൽ ഒരു സ്ഥാനാർത്ഥിയുടേയോ അയാളുടെ തിരഞ്ഞെടുപ്പ് ഏജൻറിൻേറയോ സമ്മതത്തോടുകൂടി മറേറതെങ്കിലും ആളൊ, ആ സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പിൻെറ സാദ്ധ്യത പുരോഗമിപ്പിക്കുന്നതിനുവേണ്ടി ഗവൺമെൻറിൻെറ സർവ്വീസിലുള്ളതും താഴെ പറയുന്ന തരങ്ങളിൽ അതായത്—

(ക) ഗസററഡ് ഉദ്യോഗസ്ഥൻമാർ;

(ഖ) ശമ്പളം പററുന്ന (സ്റ്റൈപെൻഡ്യറി) ജഡ്ജിമാരും മജിസ്ട്രേററുമാരും;

(ഗ) യൂണിയൻ സായുധസേനകളിലെ അംഗങ്ങൾ;

(ഘ) പോലീസ് സേനയിലെ അംഗങ്ങൾ;

(ങ) എക്സൈസ് ഉദ്യോഗസ്ഥൻമാർ;

(ച) ലംബാർദാർമാർ, മാൽഗുസാർമാർ, പട്ടേൽമാർ, ദേശ്മുഖ്മാർ എന്ന പേരിലോ, മറേറതെങ്കിലും പേരിലോ അറിയപ്പെടുന്നവരും, തങ്ങളുടെ കർത്തവ്യം ഭൂമിക്കരം പിരിക്കുകയായിരിക്കുകയും, തങ്ങൾ പിരിക്കുന്ന ഭൂമിക്കരത്തുകയുടെ ഒരു ഓഹരിയോ അതിൻമേൽ ഒരു കമ്മീഷനോ വേതനമായി ലഭിക്കുകയും ചെയ്യുന്നവരും, എന്നാൽ ഏതെങ്കിലും പോലീസ് ചുമതലകൾ നിർവഹിക്കാത്തവരും ആയ ഗ്രാമ റവന്യൂ ഉദ്യോഗസ്ഥൻമാർ ഒഴികെയുള്ള റവന്യൂഉദ്യോഗസ്ഥൻമാർ;

(ഛ) ഗവൺമെൻറ് സർവ്വീസിലുള്ള നിർണ്ണയിക്കപ്പെടുന്ന മററു തരത്തിൽപെട്ട ആളുകൾ;

എന്നീ തരങ്ങളിൽ ഏതിലെങ്കിലും പെട്ടതുമായ ഏതെങ്കിലും ആളിൽനിന്നു (വോട്ട് നല്കൽ അല്ലാത്ത) ഏതെങ്കിലും സഹായം നേടുകയോ സമ്പാദിക്കുകയോ, അല്ലെങ്കിൽ നേടാനോ സമ്പാദിക്കാനോ പ്രേരിപ്പിക്കുകയോ ശ്രമിക്കുകയോ ചെയ്യുന്നത്:

എന്നാൽ, ഗവൺമെൻറിൻെറ സർവ്വീസിലുള്ളവനും മുൻപറഞ്ഞ തരങ്ങളിൽ ഏതിലെങ്കിലും പെട്ടവനുമായ ഏതെങ്കിലും ആരം, തൻെറ ഔദ്യോഗികകർത്തവ്യത്തിൻെറ നിർവ്വഹണത്തിലോ നിർവ്വഹണമായി കരുതപ്പെടാവുന്ന ഒന്നിലോ, ഏതെങ്കിലും സ്ഥാനാർത്ഥിക്കോ അയാളുടെ ഏജൻറിനോ, അല്ലെങ്കിൽ സ്ഥാനാർത്ഥിയുടേയോ ഏജൻറിൻേറയോ സമ്മതത്തോടുകൂടി പ്രവർത്തിക്കുന്ന ഏതെങ്കിലും ആരംക്കോ വേണ്ടിയോ, അല്ലെങ്കിൽ അവർക്കോ അവരെ സംബന്ധിച്ചോ ഏതെങ്കിലും ഏർപ്പാടുകരം ചെയ്യുകയോ സൗകര്യങ്ങരം നല്കുകയോ, അല്ലെങ്കിൽ മറേറതെങ്കിലും കൃത്യമോ കാര്യമോ ചെയ്യുകയോ ചെയ്യുന്നിടത്ത്, (അത് സ്ഥാനാർത്ഥി വഹിക്കുന്ന ഉദ്യോഗം കാരണമായോ മറേറതെങ്കിലും കാരണത്താലോ ആയാലും) അങ്ങനെയുള്ള ഏർപ്പാടുകളോ സൗകര്യങ്ങളോ കൃത്യമോ കാര്യമോ ആ സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പിൻെറ സാദ്ധ്യത പുരോഗമിപ്പിക്കുന്നതിനുള്ള സഹായമായി കരുതപ്പെടുന്നതല്ല.

വിശദീകരണം.—(1) ഈ വകുപ്പിൽ "ഏജൻറ്" എന്ന പദത്തിൽ, തിരഞ്ഞെടുപ്പ് ഏജൻറും; വോട്ടെടുപ്പ് ഏജൻറും, സ്ഥാനാർത്ഥിയുടെ സമ്മതത്തോടുകൂടി തിരഞ്ഞെടുപ്പ് സംബന്ധിച്ച് ഒരു ഏജൻറായി പ്രവർത്തിച്ചിട്ടുണ്ടെന്നു കണ്ടിട്ടുള്ള ഏതെങ്കിലും ആളും ഉരംപ്പെടുന്നു.

(2) (7)-ാം ഖണ്ഡത്തിൻെറ ആവശ്യങ്ങരംക്ക്, ഒരാരം, ഒരു സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ഏജൻറായി പ്രവർത്തിക്കുന്നുവെങ്കിൽ,അയാരം ആ സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പിൻെറ സാദ്ധ്യത പുരോഗമിപ്പിക്കുന്നതിൽ സഹായിക്കുന്നതായി കരുതപ്പെടുന്നതാകുന്നു.

(3) 7-ാം ഖണ്ഡത്തിൻെറ ആവശ്യങ്ങരംക്ക്, മറേറതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, (ഒരു യൂണിയൻ രാജ്യക്ഷേത്രത്തിൻെറ ഭരണം സംബന്ധിച്ച് സേവനമനുഷ്ഠിക്കുന്നആരം ഉരംപ്പെടെ) കേന്ദ്രഗവൺമെൻറിൻേറയോ ഒരു സ്റേററ്ഗവൺമെൻറിൻേറയോ സർവ്വീസിൽ ഉള്ള ഒരാളുടെ നിയമനമോ, രാജിയോ, സർവ്വീസ് അവസാനിപ്പിക്കലോ, ഡിസ്മിസ്സലോ, സർവ്വീസിൽനിന്ന് നീക്കം ചെയ്യലോ ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നത്,—

(i) അതതുസംഗതിപോലെ, അങ്ങനെയുള്ള നിയമനത്തിൻേറയും രാജിയുടേയും സർവ്വീസ് അവസാനിപ്പിക്കലിൻേറയും ഡിസ്മിസലിൻേറയും അല്ലെങ്കിൽ സർവ്വീസിൽനിന്നു നീക്കംചെയ്യലിൻേറയും,

(ii) അതതുസംഗതിപോലെ, അങ്ങനെയുള്ള നിയമനത്തിൻേറയോ രാജിയുടേയോ സർവ്വീസ് അവസാനിപ്പിക്കലിൻേറയോ ഡിസ്മിസ്സലിൻേറയോ സർവ്വീസിൽനിന്നു നീക്കംചെയ്യലിൻേറയോ പ്രഭാവത്തിൽവരുന്ന തീയതി, അങ്ങനെ പ്രസിദ്ധപ്പെടുത്തിയതിൽ പ്രസ്താവിക്കുന്നിടത്ത്, അങ്ങനെയുള്ള ആരം അങ്ങനെയുള്ള തീയതി മുതൽക്കുള്ള പ്രഭാവത്തോടുകൂടി നിയമിക്കപ്പെട്ടു എന്നോ അല്ലെങ്കിൽ രാജിയുടേയോ സർവ്വീസ് അവസാനിപ്പിക്കലിൻേറയോ ഡിസ്മിസ്സലിൻേറയോ സർവ്വീസിൽ

നിന്ന് നീക്കംചെയ്യലിൻേറയോ സംഗതിയിൽ അങ്ങനെയുള്ള ആരം അങ്ങനെയുള്ള തീയതി മുതൽ അങ്ങനെയുള്ള സർവ്വീസിൽ ഇല്ലാതായിത്തീർന്നു എന്നോ ഉള്ളതിൻേറയും,

നിശ്ചായകത്തെളിവ് ആയിരിക്കുന്നതാണ്.

അദ്ധ്യായം III

## തിരഞ്ഞെടുപ്പു കുററങ്ങരം

125. തിരഞ്ഞെടുപ്പ് സംബന്ധിച്ച് വർഗ്ഗങ്ങരം തമ്മിൽ ശത്രുത്വം പുലർത്തുന്നത്.—ഈ ആക്ററിൻകീഴിലെ ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച്, മതമോ വംശമോ ജാതിയോ സമുദായമോ ഭാഷയോ കാരണമാക്കി ഇൻഡ്യൻ പൗരൻമാരുടെ വ്യത്യസ്ത വർഗ്ഗങ്ങരം തമ്മിൽ, ശത്രുത്വപരമായ വികാരങ്ങളോ വെറുപ്പോ പുലർത്തുകയോ പുലർത്താൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുവർഷത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

126. തിരഞ്ഞെടുപ്പ് ദിവസത്തിൻെറ തലേദിവസവും തിരഞ്ഞെടുപ്പ് ദിവസവും പൊതുയോഗങ്ങളുടെ നിരോധം.—(1) ഏതെങ്കിലും വോട്ടെടുപ്പ് പ്രദേശത്തെ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പിൻെറ സമാപനത്തിന് നിജപ്പെടുത്തിയിട്ടുള്ള മണിക്കൂറോടെ അവസാനിക്കുന്ന നാൽപത്തെട്ടു മണിക്കൂർ കാലയളവിനുള്ളിൽ യാതൊരാളും ആ വോട്ടെടുപ്പു പ്രദേശത്ത് ഏതെങ്കിലും പൊതുയോഗം വിളിച്ചുകൂട്ടുകയോ നടത്തുകയോ അതിൽ സന്നിഹതരാവുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകരം ഉല്ലംഘിക്കുന്ന ഏതൊരാളും ഇരുനൂററൻപതു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

127. തിരഞ്ഞെടുപ്പു യോഗങ്ങളിൽ കലക്കമുണ്ടാക്കുന്നത്.— (1) ഈ വകുപ്പ് ബാധകമാകുന്ന ഒരു പൊതുയോഗത്തിൽ, ഏത് കാര്യങ്ങളുടെ നടത്തിപ്പിനുവേണ്ടിയാണോ ആ യോഗം വിളിച്ചുകൂട്ടിയിട്ടുള്ളത്, ആ കാര്യങ്ങളുടെ നടത്തിപ്പ് തടയുന്നതിനുവേണ്ടി, ക്രമരഹിതമായ രീതിയിൽ പ്രവർത്തിക്കുകയോ, പ്രവർത്തിക്കുവാൻ മററുള്ളവരെ ഇളക്കിവിടുകയോ ചെയ്യുന്ന ഏതൊരാളും ഇരുനൂററൻപതു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) ഈ വകുപ്പ് ഏതെങ്കിലും നിയോജകമണ്ഡലത്തോട്, ഒരംഗത്തെയോ അംഗങ്ങളേയോ തിരഞ്ഞെടുക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഈ ആക്ററിൻകീഴിലെ ഒരു വിജ്ഞാപനം, പുറപ്പെടുവിക്കുന്ന തീയതിക്കും അങ്ങനെയുള്ള തിരഞ്ഞെടുപ്പ് നടത്തപ്പെടുന്ന തീയതിക്കും ഇടയ്ക്ക്, ആ നിയോജകമണ്ഡലത്തിൽ നടത്തപ്പെടുന്ന രാഷ്ട്രീയ സ്വഭാവമുള്ള ഏതു പൊതുയോഗത്തിനും ബാധകമാകുന്നതാണ്.

(3) ഏതെങ്കിലും ആരം, (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു കുററം ചെയ്യുന്നതായി ന്യായമായി സംശയിക്കുന്നുവെങ്കിൽ, ഒരു പോലീസ് ഉദ്യോഗസ്ഥന് ആ ആളോട് ഉടൻതന്നെ അയാളുടെ പേരും മേൽവിലാസവും പ്രഖ്യാപിക്കുന്നതിന് ആവശ്യപ്പെടാൻ യോഗത്തിലെ അദ്ധ്യക്ഷൻ തന്നോട് അപേക്ഷിക്കുന്നുവെങ്കിൽ, അപ്രകാരം ആവശ്യപ്പെടാവുന്നതും, ആ ആരം അപ്രകാരം പേരും മേൽവിലാസവും പ്രഖ്യാപിക്കാൻ വിസമ്മതിക്കുകയോ പ്രഖ്യാപിക്കാതിരിക്കു

കയോ അല്ലെങ്കിൽ, അയാരം വ്യാജമായ പേരോ മേൽവിലാസമോ നല്കുന്ന തായി പോലീസ് ഉദ്യോഗസ്ഥൻ ന്യായമായി സംശയിക്കുകയോ ചെയ്യുന്നു വെങ്കിൽ, പോലീസ് ഉദ്യോഗസ്ഥന് അയാളെ വാറന്റ് കൂടാതെ അറസ്റ്റ് ചെയ്യാവുന്നതും ആണ്.

127ക. ലഘുലേഖകരം, പോസ്റ്ററുകരം മുതലായവയുടെ അച്ചടിയിൻമേലുള്ള നിയന്ത്രണങ്ങരം.—(1) യാതൊരാളും, മുൻവശത്ത് അച്ചടിക്കാരന്റെയും പ്രസാധകന്റെയും പേരും മേൽവിലാസവും വയ്ക്കാത്ത ഏതെങ്കിലും തിര ഞ്ഞെടുപ്പ് ലഘുലേഖയോ തിരഞ്ഞെടുപ്പ് പോസ്റ്ററോ, അച്ചടിക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ, അച്ചടിപ്പിക്കുകയോ പ്രസിദ്ധപ്പെടുത്തിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) യാതൊരാളും ഏതെങ്കിലും തിരഞ്ഞെടുപ്പു ലഘുലേഖയോ പോസ്റ്ററോ—

(ക) അതിന്റെ പ്രസാധകൻ, തന്റെ അനന്യതയെക്കുറിച്ച് താൻ ഒപ്പിട്ടതും, തന്നെ നേരിട്ട് അറിയുന്ന രണ്ടു ആളുകരം സാക്ഷ്യപ്പെടുത്തിയതുമായ ഒരു പ്രഖ്യാപനം ഡ്യൂപ്ലിക്കേററിൽ അച്ചടിക്കാരന് നല്കാത്തപക്ഷവും;

(ഖ) ആ രേഖ അച്ചടിച്ചതിനുശേഷം, ന്യായമായ സമയത്തിനുള്ളിൽ, പ്രഖ്യാപനത്തിന്റെ ഒരു പകർപ്പ്, അവയുടെ പകർപ്പോടുകൂടി, അച്ചടിക്കാരൻ—

(i) അത് സ്റ്റേററിന്റെ തലസ്ഥാനത്ത് അച്ചടിക്കുന്നതായിട്ടുള്ളിടത്ത്, മുഖ്യതിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനും;

(ii) മററ് ഏതെങ്കിലും സംഗതിയിൽ, അത് അച്ചടിക്കുന്ന ജില്ലയിലെ ജില്ലാമജിസ്ട്രേററിനും;

അയച്ചുകൊടുക്കാത്തപക്ഷവും;

അച്ചടിക്കുകയോ അച്ചടിപ്പിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(3) ഈ വകുപ്പിന്റെ ആവശ്യങ്ങരംക്ക്,—

(ക) രേഖ കൈകൊണ്ട് പകർത്തുകയല്ലാത്ത അതിന്റെ പകർപ്പു കളുടെ എണ്ണം പെരുപ്പിക്കുന്ന ഏതു പ്രക്രിയയും അച്ചടിയായി കരുതപ്പെടു ന്നതും, 'അച്ചടിക്കാരൻ' എന്ന പദത്തിന് അതനുസരിച്ച് അർത്ഥം കല്പി ക്കേണ്ടതും;

(ഖ) "തിരഞ്ഞെടുപ്പ് ലഘുലേഖ അല്ലെങ്കിൽ തിരഞ്ഞെടുപ്പ് പോസ്റ്റർ" എന്നതിന്, ഒരു സ്ഥാനാർത്ഥിയുടേയോ സ്ഥാനാർത്ഥി കളുടെ ഒരു ഗ്രൂപ്പിന്റേയോ തിരഞ്ഞെടുപ്പ് പുരോഗമിപ്പിക്കുന്നതിനോ അതിന് ദൂഷ്യം വരുത്തുന്നതിനോ വേണ്ടി വിതരണം ചെയ്യപ്പെടുന്നതും അച്ചടി ച്ചതുമായ ഏതെങ്കിലും ലഘുലേഖയോ കൈനോട്ടീസോ മററു രേഖയോ, അല്ലെങ്കിൽ തിരഞ്ഞെടുപ്പിനെ സംബന്ധിക്കുന്ന ഏതെങ്കിലും പ്ലാക്കാർഡോ പോസ്റ്ററോ എന്നർത്ഥമാകുന്നതും, എന്നാൽ അതിൽ ഒരു തിരഞ്ഞെടുപ്പു യോഗത്തിന്റെ തീയതിയും സമയവും, സ്ഥലവും മററു വിവരങ്ങളും അല്ലെങ്കിൽ തിരഞ്ഞെടപ്പ് ഏജൻറുമാർക്കോ തിരഞ്ഞെടുപ്പു പ്രവൃത്തിക്കാർക്കോ ഉള്ള പതിവ് ആദേശങ്ങളും അറിയിക്കുക മാത്രം ചെയ്യുന്ന ഏതെങ്കിലും കൈനോട്ടീസോ പ്ലാക്കാർഡോ പോസ്റ്ററോ ഉരംപ്പെടുന്നതല്ലാത്തതും ആകുന്നു.

(4) (1)-ാം ഉപവകുപ്പിലേയോ (2)-ാം ഉപവകുപ്പിലേയോ വ്യവസ്ഥ കളിൽ ഏതെങ്കിലും ഉല്ലംഘിക്കുന്ന ഏതൊരാളും, ആറുമാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ രണ്ടായിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

128. വോട്ട്ചെയ്യൽ സംബന്ധിച്ച രഹസ്യപാലനം നിലനിറുത്തണമെന്ന്.—(1) ഒരു തിരഞ്ഞെടുപ്പിൽ വോട്ട് റിക്കാർഡ് ചെയ്യുകയോ എണ്ണുകയോ ചെയ്യുന്നതു സംബന്ധിച്ച് ഏതെങ്കിലും കർത്തവ്യം നിർവ്വഹിക്കുന്ന ഏതൊരു ഉദ്യോഗസ്ഥനും, ക്ലാർക്കും, ഏജൻറും, അല്ലെങ്കിൽ മററു ആളും, വോട്ടുചെയ്യൽ സംബന്ധിച്ച രഹസ്യപാലനം നിലനിറുത്തുകയും നിലനിറുത്താൻ സഹായിക്കുകയും ചെയ്യേണ്ടതും, അങ്ങനെയുള്ള രഹസ്യപാലനം ലംഘിക്കാൻ പററിയ യാതൊരു വിവരത്തെക്കുറിച്ചും (ഏതെങ്കിലും നിയമത്താലോ നിയമത്തിൻകീഴിലോ പ്രാധികാരം നല്കപ്പെട്ടിട്ടുള്ള വല്ല ഉദ്ദേശത്തിനുമല്ലാതെ) ആർക്കും അറിവ് കൊടുക്കാൻ പാടില്ലാത്തതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ഉല്ലംഘിക്കുന്ന ഏതൊരാളും മൂന്നുമാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

129. ആഫീസർമാർ, മുതലായവർ തിരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥികൾക്കുവേണ്ടി പ്രവർത്തിക്കുകയോ വോട്ടുചെയ്യുന്നതിനെ സ്വാധീനിക്കുകയോ ചെയ്യാൻ പാടില്ലെന്ന്.—(1) ഒരു ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനോ അല്ലെങ്കിൽ വരണാധികാരിയോ, അസിസ്ററൻറ് വരണാധികാരിയോ ഒരു തിരഞ്ഞെടുപ്പ് പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥനോ അല്ലെങ്കിൽ പോളിങ്ങ് ഉദ്യോഗസ്ഥനോ അല്ലെങ്കിൽ വരണാധികാരിയാലോ പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥനാലോ ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച് ഏതെങ്കിലും കർത്തവ്യം നിർവഹിക്കുന്നതിനു നിയമിക്കുന്ന ആഫീസറോ ക്ലാർക്കോ ആയ യാതൊരാളും തിരഞ്ഞെടുപ്പിൻെറ നടത്തിപ്പിലോ, മാനേജ്മെൻറിലോ, ഒരു സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പിൻെറ സാദ്ധ്യത പുരോഗമിപ്പിക്കാനുള്ള (തൻെറ വോട്ടു നല്കുന്നതല്ലാത്ത) ഏതെങ്കിലും കൃത്യം ചെയ്യാൻ പാടുള്ളതല്ല.

(2) മുൻപറഞ്ഞതുപോലെയുള്ള യാതൊരാളും, പോലീസ് സേനയിലെ യാതൊരംഗവും—

(ക) ഒരു തിരഞ്ഞെടുപ്പിൽ ഏതെങ്കിലും ആളെ അയാളുടെ വോട്ടു നല്കാൻ പ്രചോദിപ്പിക്കുകയോ;

(ഖ) ഏതെങ്കിലും ആളെ ഒരു തിരഞ്ഞെടുപ്പിൽ തൻെറ വോട്ടുനല്കുന്നതിൽനിന്ന് പിൻതിരിപ്പിക്കുകയോ;

(ഗ) ഒരു തിരഞ്ഞെടുപ്പിൽ ഏതെങ്കിലും ആരം വോട്ടുചെയ്യുന്നതിനെ ഏതെങ്കിലും രീതിയിൽ സ്വാധീനിക്കുകയോ,

ചെയ്യുന്നതിന് യത്നിക്കുവാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പിൻേറയോ (2)-ാം ഉപവകുപ്പിൻേറയോ വ്യവസ്ഥകൾ ഉല്ലംഘിക്കുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(4) (3)-ാം ഉപവകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററം, കോഗ്നൈസബിൾ ആയിരിക്കുന്നതാണ്.

130. പോളിങ്ങ് സ്റേറഷനിലോ അതിനടുത്തോ വച്ച് വോട്ടുപിടിക്കുന്നതിൻെറ നിരോധം.—(1) യാതൊരാളും ഏതെങ്കിലും പോളിങ്ങ് സ്റേറഷനിൽ, വോട്ടെടുപ്പ് നടത്തുന്ന തീയതിയോ തീയതികളിലോ, ആ പോളിങ്ങ്

സ്റ്റേഷനകത്തുവച്ചോ പോളിങ്ങ്സ്റ്റേഷന്റെ നൂറുമീററർ ചുരത്തിനകത്തുള്ള ഏതെങ്കിലും പൊതുസ്ഥലത്തോ സ്വകാര്യസ്ഥലത്തോവച്ചോ താഴെപ്പറയുന്ന കൃത്യങ്ങളിൽ ഏതെങ്കിലും അതായത്:—

(ക) വോട്ട്പിടിക്കുകയോ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും നിയോജകന്റെ വോട്ടിന് അഭ്യർത്ഥിക്കുകയോ; അല്ലെങ്കിൽ

(ഗ) ഏതെങ്കിലും പ്രത്യേക സ്ഥാനാർത്ഥിക്കുവേണ്ടി വോട്ട് ചെയ്യാതിരിക്കാൻ ഏതെങ്കിലും നിയോജകനെ പ്രചോദിപ്പിക്കുകയോ; അല്ലെങ്കിൽ

(ഘ) ആ തിരഞ്ഞെടുപ്പിൽ വോട്ട്ചെയ്യാതിരിക്കാൻ ഏതെങ്കിലും നിയോജകനെ പ്രചോദിപ്പിക്കുകയോ; അല്ലെങ്കിൽ

(ങ) ആ തിരഞ്ഞെടുപ്പ് സംബന്ധിച്ച് (ഒരു ഔദ്യോഗിക നോട്ടീസല്ലാത്ത) ഏതെങ്കിലും നോട്ടീസോ ചിഹ്നമോ പ്രദർശിപ്പിക്കുകയോ; ചെയ്യാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകരം ഉല്ലംഘിക്കുന്ന ഏതൊരാളും ഇരുനൂററമ്പത് രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(3) ഈ വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടുന്ന കുററം കോഗ്നൈസബിറം ആയിരിക്കുന്നതാണ്.

131. പോളിങ്ങ് സ്റ്റേഷനുകളിലോ അടുത്തോ വച്ചുള്ള ക്രമരഹിതമായ പെരുമാററത്തിന് ദണ്ഡനം.—(1) യാതൊരാളും, ഏതെങ്കിലും പോളിങ്ങ് സ്റ്റേഷനിൽ, വോട്ടെടുപ്പ് നടത്തുന്ന തീയതിയോ തീയതികളിലോ വോട്ടെടുപ്പിനുവേണ്ടി പോളിങ്ങ് സ്റ്റേഷൻ സന്ദർശിക്കുന്ന ഏതെങ്കിലും ആരക്ക്, അലട്ട് ഉണ്ടാക്കുന്നവിധമോ അല്ലെങ്കിൽ പോളിങ്ങ് സ്റ്റേഷനിൽ ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥൻമാരുടേയും മററ് ആളുകളുടേയും പ്രവൃത്തിയിൽ ഇടപെടുന്നവിധമോ—

(ക) പോളിങ്ങ് സ്റ്റേഷന്റെ അകത്തോ, പ്രവേശനദ്വാരത്തിലോ, അതിന്റെ അയൽപക്കത്തുള്ള ഏതെങ്കിലും പൊതുസ്ഥലത്തോ സ്വകാര്യസ്ഥലത്തോ മനുഷ്യശബ്ദത്തിന്റെ പ്രവർത്തനത്തിനോ പുനരുത്പാദനത്തിനോ ഉള്ള മെഗാഫോണോ ഉച്ചഭാഷിണിയോ പോലുള്ള ഏതെങ്കിലും ഉപകരണം ഉപയോഗിക്കുകയോ പ്രവർത്തിപ്പിക്കുകയോ; അല്ലെങ്കിൽ;

(ഖ) പോളിങ്ങ് സ്റ്റേഷന്റെ അകത്തോ പ്രവേശനദ്വാരത്തിലോ അതിന്റെ അയൽപക്കത്തുള്ള ഏതെങ്കിലും പൊതു സ്ഥലത്തോ സ്വകാര്യസ്ഥലത്തോ ഒച്ചവയ്ക്കുകയോ മററു വിധത്തിൽ ക്രമരഹിതമായ രീതിയിൽ പ്രവർത്തിക്കുകയോ,

ചെയ്യാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകരം ഉല്ലംഘിക്കുകയോ ഉല്ലംഘനത്തെ മനഃപൂർവ്വം സഹായിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുമാസത്തോളമാകാവുന്ന കാലത്തെ തടവു ശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(3) ഏതെങ്കിലും ആരം ഈ വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം ചെയ്യുകയാണെന്നോ ചെയ്തിട്ടുണ്ടെന്നോ തനിക്കു വിശ്വസിക്കാൻ

കാരണമുണ്ടെങ്കിൽ, ഒരു പോളിങ്ങ് സ്റ്റേഷനിലെ പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥന്, ആ ആളെ അറസ്റ്റ് ചെയ്യാൻ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോട് നിർദേശിക്കാവുന്നതും, അതോടെ പോലീസ് ഉദ്യോഗസ്ഥൻ അയാളെ അറസ്റ്റ് ചെയ്യേണ്ടതുമാകുന്നു.

(4) ഒരു പോലീസ് ഉദ്യോഗസ്ഥന്, (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ ഏതെങ്കിലും ഉല്ലംഘനം തടയുന്നതിന് ന്യായമായ, ആവശ്യകമായ നടപടികൾ എടുക്കുകയും, ബലംപ്രയോഗിക്കുകയും ചെയ്യാവുന്നതും, അങ്ങനെയുള്ള ലംഘനത്തിന് ഉപയോഗിച്ച ഏതെങ്കിലും ഉപകരണം പിടിച്ചെടുക്കാവുന്നതുമാണ്.

132. <u>പോളിങ്ങ് സ്റ്റേഷനിലെ അനുചിതമായ പെരുമാററത്തിനുള്ള ശിക്ഷ.</u>—(1) ഏതെങ്കിലും പോളിങ്ങ് സ്റ്റേഷനിൽ വോട്ടെടുപ്പിന് നിജപ്പെടുത്തിയിട്ടുള്ള മണിക്കൂറുകൾക്കിടയിൽ അനുചിതമായവിധം പെരുമാറുകയോ, പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥന്റെ നിയമാനുസൃതമായ നിദേശങ്ങൾ അനുസരിക്കാതിരിക്കുകയോ ചെയ്യുന്ന ഏതൊരാളേയും പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥന്നോ, ഡ്യൂട്ടിയിലിരിക്കുന്ന ഒരു പോലീസ് ഉദ്യോഗസ്ഥന്നോ അങ്ങനെയുള്ള പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥൻ ഇതിലേക്ക് പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ആൾക്കോ പോളിങ്ങ് സ്റ്റേഷനിൽനിന്ന് നീക്കം ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ നല്കിയിട്ടുള്ള അധികാരങ്ങൾ, ഒരു പോളിങ്ങ് സ്റ്റേഷനിൽ വോട്ട്ചെയ്യാൻ മററു വിധത്തിൽ അവകാശപ്പെട്ട ഏതെങ്കിലും നിയോജകനെ, ആ സ്റ്റേഷനിൽ വോട്ട് ചെയ്യുന്നതിന് ഒരവസരം കിട്ടുന്നതിൽനിന്ന് തടയുന്നവിധം പ്രയോഗിക്കാൻ പാടുള്ളതല്ല.

(3) ഒരു പോളിങ്ങ് സ്റ്റേഷനിൽനിന്ന് അപ്രകാരം നീക്കംചെയ്യപ്പെട്ട ഏതെങ്കിലും ആൾ, പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥന്റെ അനുവാദംകൂടാതെ ആ പോളിങ്ങ് സ്റ്റേഷനിൽ വീണ്ടും പ്രവേശിക്കുന്നുവെങ്കിൽ, അയാൾ മൂന്നു മാസത്തോളമാകാവുന്ന തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(4) (3)-ാം ഉപവകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററം കോഗ്നൈസബിളായിരിക്കുന്നതാണ്.

133. <u>തിരഞ്ഞെടുപ്പുകളിൽ വാഹനങ്ങൾ നിയമവിരുദ്ധമായി കൂലിയ്ക്കെടുക്കുകയോ, സമ്പാദിക്കുകയോ ചെയ്യുന്നതിനുള്ള ദണ്ഡനം.</u>— ഒരു തിരഞ്ഞെടുപ്പിലോ തിരഞ്ഞെടുപ്പുസംബന്ധിച്ചോ ഏതെങ്കിലും ആൾ 123-ാം വകുപ്പ് (5)-ാം ഖണ്ഡത്തിൽ വിനിർദ്ദേശിച്ചതുപോലെയുള്ള ഏതെങ്കിലും അഴിമതി പ്രവൃത്തിക്ക് അപരാധിയാണെങ്കിൽ അയാൾ ആയിരത്തിഅഞ്ഞൂറ് രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

134. <u>തിരഞ്ഞെടുപ്പുകൾ സംബന്ധിച്ച ഔദ്യോഗിക കർത്തവ്യലംഘനങ്ങൾ.</u>— (1) ഈ വകുപ്പ് ബാധകമാകുന്ന ഏതെങ്കിലും ആൾ, ന്യായമായ കാരണം കൂടാതെ, തന്റെ ഔദ്യോഗികകർത്തവ്യം ലംഘിച്ചുകൊണ്ടുള്ള ഏതെങ്കിലും കൃത്യത്തിനോ കൃത്യവിലോപത്തിനോ അപരാധിയാണെങ്കിൽ അയാൾ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(1എ) (1) ാം ഉപവകുപ്പിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററം കോഗ്നൈസബിൾ ആയിരിക്കുന്നതാണ്.

(2) അങ്ങനെയുള്ള ഏതെങ്കിലും ആൾക്കെതിരായി, അങ്ങനെയുള്ള ഏതെങ്കിലും കൃത്യമോ കൃത്യവിലോപമോ സംബന്ധിച്ച് നഷ്ടത്തിനുള്ള യാതൊരു വ്യവഹാരവും അല്ലെങ്കിൽ മററു നിയമാനുസൃത നടപടിയും നിലനില്ക്കുന്നതല്ല.

(3) ഈ വകുപ്പ് ബാധകമാകുന്ന ആളുകൾ, ജില്ലാതിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്മാരും, വരണാധികാരികളും, അസിസ്ററൻറ് വരണാധികാരികളും, പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥൻമാരും, പോളിങ്ങ് ഉദ്യോഗസ്ഥന്മാരും തിരെഞ്ഞെടുപ്പിൽ നാമനിർദ്ദേശങ്ങൾ സ്വീകരിക്കുന്നതോ സ്ഥാനാർത്ഥിത്വങ്ങൾ പിൻവലിക്കുന്നതോ വോട്ടുകൾ റിക്കാർഡാക്കുകയോ എണ്ണുകയോ ചെയ്യുന്നതോ സംബന്ധിച്ച് ഏതെങ്കിലും കർത്തവ്യം നിർവ്വഹിക്കുവാൻ നിയമിക്കപ്പെട്ടിട്ടുള്ള മറേറതെങ്കിലും ആളും ആകുന്നു; "ഔദ്യോഗികകർത്തവ്യം" എന്നപദത്തിന്, ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക് അതനുസരിച്ച് അർത്ഥം കല്പിക്കേണ്ടതും, എന്നാൽ അതിൽ ഈ ആക്ററിനാലോ ആക്ററിൻകീഴിലോ അല്ലാതെ ചുമത്തപ്പെടുന്ന കർത്തവ്യങ്ങൾ ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

134ക. ഗവൺമെൻറ് ജീവനക്കാരൻ തിരഞ്ഞെടുപ്പ് ഏജൻറാ വോട്ടെടുപ്പ് ഏജൻറാ വോട്ടെണ്ണൽ ഏജൻറാ ആയി പ്രവർത്തിക്കുന്നതിനുള്ള ദൺഡനം.—ഗവൺമെൻറ് സർവ്വീസിലുള്ള ഏതെങ്കിലും ആൾ, ഒരു തിരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ഏജൻറാ, വോട്ടെടുപ്പ് ഏജൻറാ വോട്ടെണ്ണൽ ഏജൻറാ ആയി പ്രവർത്തിക്കുന്നുവെങ്കിൽ, അയാൾ മൂന്നുമാസത്തോളമാകാവുന്ന കാലത്തെ തടവു ശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ അവ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

135. പോളിങ്ങ് സ്റേറഷനിൽ നിന്ന് ബാലററ് പേപ്പറുകൾ നീക്കം ചെയ്യുന്നത് കുററമായിരിക്കുമെന്ന്.—(1) ഒരു തിരഞ്ഞെടുപ്പിൽ, ഒരു ബാലററ് പേപ്പർ വഞ്ചനാപൂർവ്വം പോളിങ്ങ് സ്റേറഷനിൽ നിന്ന് പുറത്ത് എടുക്കുകയോ, പുറത്ത് എടുക്കാൻ ശ്രമിക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും കൃത്യം ചെയ്യുന്നതിനെ മനഃപൂർവ്വം സഹായിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും, ഒരു വർഷത്തോളമാകാവുന്ന തടവു ശിക്ഷയോ അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) ഏതെങ്കിലും ആൾ (1)-ാം ഉപവകുപ്പിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരുകുററം ചെയ്യുകയാണെന്നോ ചെയ്തിട്ടുണ്ടെന്നോ തനിക്ക് വിശ്വസിക്കുവാൻ ന്യായമായ കാരണമുണ്ടെങ്കിൽ, ഒരു പോളിങ്ങ് സ്റേറഷനിലെ പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥന് അങ്ങനെയുള്ള ആൾ പോളിങ്ങ് സ്റേറഷൻ വിടുന്നതിനു മുമ്പ് അയാളെ അറസ്ററ് ചെയ്യുകയോ, അറസ്ററ്ചെയ്യുവാൻ ഒരു പോലീസ് ഉദ്യോഗസ്ഥനെ നിർദേശിക്കുകയോ ചെയ്യാവുന്നതും, അയാളെ ശോധനചെയ്യുകയോ ഒരു പോലീസ് ഉദ്യോഗസ്ഥനെക്കൊണ്ട ശോധന ചെയ്യിക്കുകയോ ചെയ്യാവുന്നതുമാണ്:

എന്നാൽ, ഒരു സ്ത്രീയെ ശോധന ചെയ്യിക്കുന്നത് ആവശ്യമാകുമ്പോൾ, ആ ശോധന സഭ്യത ശരിയ്ക്കും ആദരിച്ചുകൊണ്ട് മറെറാരു സ്ത്രീയാൽ ചെയ്യപ്പെടേണ്ടതാകുന്നു.

(3) അറസ്ററ് ചെയ്യപ്പെടുന്ന ആളുകളുടെ ശരീരത്തിൽ ശോധനയിൽ കാണുന്ന ഏതെങ്കിലും ബാലററ് പേപ്പർ പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥൻ സുരക്ഷിതമായ കസ്ററഡിയ്ക്കായി ഒരു പോലീസ് ഉദ്യോഗസ്ഥനെ ഏല്പ്പിക്കേണ്ടതോ, അല്ലെങ്കിൽ, ശോധന ഒരു പോലീസ് ഉദ്യോഗസ്ഥൻ ചെയ്യുമ്പോൾ, ആ ഉദ്യോഗസ്ഥൻ അത് സുരക്ഷിതമായ കസ്ററഡിയിൽ വയ്ക്കേണ്ടതോ ആകുന്നു.

(4) (1)-ാം ഉപവകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററം കോഗ്നൈസബിൾ ആയിരിക്കുന്നതാണ്.

136. മററു കുററങ്ങളും അവയ്ക്കുള്ള ശിക്ഷകളും.—(1) ആരെങ്കിലും ഏതെങ്കിലും തിരഞ്ഞെടുപ്പിൽ,—

(ക) ഏതെങ്കിലും നാമനിർദ്ദേശപത്രം വഞ്ചനാപൂർവ്വം വിരൂപമാക്കുകയോ, വഞ്ചനാപൂർവ്വം നശിപ്പിക്കുകയോ; അല്ലെങ്കിൽ

(ഖ) ഒരു വരണാധികാരിയുടെ പ്രാധികാരപ്രകാരമോ, പ്രാധികാരത്തിൻകീഴിലോ പതിച്ചിട്ടുള്ള ഏതെങ്കിലും ലിസ്ററോ, നോട്ടീസോ മററു രേഖയോ, വഞ്ചനാപൂർവ്വം വിരൂപമാക്കുകയോ നശിപ്പിക്കുകയോ നീക്കം ചെയ്യുകയോ; അല്ലെങ്കിൽ

(ഗ) ഏതെങ്കിലും ബാലററ് പേപ്പറോ, ഏതെങ്കിലും ബാലററ്പേപ്പറിൻമേലുള്ള ഔദ്യോഗിക അടയാളമോ, പോസ്ററൽ ബാലററ് വഴിയുള്ള വോട്ട്ചെയ്യൽ സംബന്ധിച്ച് ഉപയോഗിക്കപ്പെടുന്ന ഏതെങ്കിലും അനന്യതാപ്രഖ്യാപനമോ ഔദ്യോഗിക ലക്കോട്ടോ വഞ്ചനാപൂർവ്വം വിരൂപമാക്കുകയോ, വഞ്ചനാപൂർവ്വം നശിപ്പിക്കുകയോ; അല്ലെങ്കിൽ

(ഘ) മുറയ്ക്കുള്ള പ്രാധികാരം കൂടാതെ, ഏതെങ്കിലും ആൾക്ക് ഏതെങ്കിലും ബാലററ് പേപ്പർ കൊടുക്കുകയോ, ഏതെങ്കിലും ആളിൽനിന്ന് ഏതെങ്കിലും ബാലററ് പേപ്പർ സ്വീകരിക്കയോ എത്രയെങ്കിലും ബാലററ് പേപ്പർ കൈവശം വയ്ക്കുകയോ; അല്ലെങ്കിൽ

(ങ) ഏതെങ്കിലും ബാലററ്പെട്ടിയിൽ, അതിൽ ഇടാൻ നിയമം തനിക്കു പ്രാധികാരം നല്കുന്ന ബാലററ് പേപ്പറല്ലാത്ത എന്തെങ്കിലും, വഞ്ചനാപൂർവ്വം ഇടുകയോ; അല്ലെങ്കിൽ

(ച) തിരഞ്ഞെടുപ്പിൻെറ ആവശ്യങ്ങൾക്കായി, അപ്പോൾ ഉപയോഗത്തിലിരിക്കുന്ന ഏതെങ്കിലും ബാലററ് പെട്ടിയോ, ബാലററ് പേപ്പറുകളോ മുറയ്ക്കുള്ള പ്രാധികാരം കൂടാതെ നശിപ്പിക്കുകയോ, എടുക്കുകയോ, തുറക്കുകയോ, മററുവിധത്തിൽ അതിൽ ഇടപെടുകയോ; അല്ലെങ്കിൽ

(ഛ) അതതുസംഗതിപോലെ, വഞ്ചനാപൂർവ്വകമായോ മുറയ്ക്കുള്ള പ്രാധികാരം കൂടാതെയോ മുൻപറഞ്ഞ കൃത്യങ്ങളിൽ ഏതെങ്കിലും ചെയ്യുവാൻ ശ്രമിക്കുകയോ, അങ്ങനെയുള്ള ഏതെങ്കിലും കൃത്യം ചെയ്യുന്നതിനെ മനഃപൂർവ്വം സഹായിക്കുകയോ പ്രേരിപ്പിക്കുകയോ;
ചെയ്യുന്നുവെങ്കിൽ അയാൾ ഒരു തിരഞ്ഞെടുപ്പു കുററത്തിന് അപരാധിയായിരിക്കുന്നതാണ്.

(2) ഈ വകുപ്പിൻകീഴിൽ ഒരു തിരഞ്ഞെടുപ്പ് കുററത്തിന് അപരാധിയായ ഏതെങ്കിലും ആൾ,—

(ക) അയാൾ ഒരു പോളിങ്ങ് സ്റേറഷനിലെ വരണാധികാരിയോ അസിസ്ററൻറ് വരണാധികാരിയോ പ്രിസൈഡിങ്ങ് ഉദ്യോഗസ്ഥനോ, അല്ലെങ്കിൽ തിരഞ്ഞെടുപ്പു സംബന്ധിച്ച് ഔദ്യോഗികഡ്യൂട്ടിയിൽ നിയോജിക്കപ്പെട്ടിട്ടുള്ള മറേറതെങ്കിലും ആഫീസറോ ക്ലാർക്കോ ആണെങ്കിൽ, രണ്ടു വർഷത്തോളമാകാവുന്നകാലത്തെ തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും;

(ഖ) അയാൾ, മറേറതെങ്കിലും ആളാണെങ്കിൽ, ആറുമാസത്തോളമാകാവുന്ന തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും;
ആകുന്നു.

(3) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്, ഒരാളുടെ ഡ്യൂട്ടി വോട്ടെണ്ണൽ ഉൾപ്പെടെ ഒരു തിരഞ്ഞെടുപ്പിന്റേയോ തിരഞ്ഞെടുപ്പിന്റെ ഭാഗത്തിന്റേയോ നടത്തിപ്പിൽ പങ്കെടുക്കുകയോ, അല്ലെങ്കിൽ ഒരു തിരഞ്ഞെടുപ്പിനുശേഷം, ആ തിരഞ്ഞെടുപ്പ് സംബന്ധിച്ച് ഉപയോഗിക്കപ്പെട്ട ബാലററുപേപ്പറുകൾക്കും മററു രേഖകൾക്കും ഉത്തരവാദി ആയിരിക്കണമെങ്കിൽ, അയാൾ ഔദ്യോഗിക ഡ്യൂട്ടിയിൽ ആണെന്നു കരുതപ്പെടുന്നതും എന്നാൽ 'ഔദ്യോഗിക ഡ്യൂട്ടി' എന്ന പദത്തിൽ, ഈ ആക്ററിനാലോ ആക്ററിൻകീഴിലോ അല്ലാതെ ചുമത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും ഡ്യൂട്ടി ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

(4) (2)-ാം ഉപവകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം കോഗ്നൈസബിൾ ആയിരിക്കുന്നതാണ്.

137. [ചില കുററങ്ങൾ സംബന്ധിച്ചുള്ള പ്രാസിക്യൂഷൻ നടപടി] ജനപ്രാതിനിദ്ധ്യ (ഭേദഗതി) ആക്ററ്, 1966 (1966-ലെ 47), 61-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

138. [1898-ലെ 5-ാം ആക്ററിന്റെ ഭേദഗതി] റദ്ദാക്കലും ഭേദഗതി ചെയ്യലും ആക്ററ്, 1957 (1957-ലെ 36) 2-ാം വകുപ്പിനാലും 1-ാം പട്ടികയാലും റദ്ദാക്കപ്പെട്ടു.

## ഭാഗം VIII

## അയോഗ്യതകൾ

139-145 [അദ്ധ്യായങ്ങൾ I മുതൽ III വരെ] ജനപ്രാതിനിധ്യ (ഭേദഗതി) ആക്ററ്, 1966 (1966-ലെ 47) 62-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

## അദ്ധ്യായം IV

## അംഗങ്ങളുടെ അയോഗ്യതകളെക്കുറിച്ച് ഉള്ള അന്വേഷണ വിചാരണകൾ സംബന്ധിച്ച് തിരഞ്ഞെടുപ്പ് കമ്മിഷനുള്ള അധികാരങ്ങൾ

146 തിരഞ്ഞെടുപ്പു കമ്മിഷന്റെ അധികാരങ്ങൾ.—(1) അതത് സംഗതി പോലെ, 103-ാം അനുച്ഛേദത്തിൻകീഴിലോ, യൂണിയൻ രാജ്യക്ഷേത്ര ഗവൺമെന്റ് ആക്ററ്, 1963, 14-ാം വകുപ്പ് (4)-ാം ഉപവകുപ്പിൻ കീഴിലോ, രാഷ്ട്രപതിക്കോ അല്ലെങ്കിൽ 192-ാം അനുച്ഛേദത്തിൻകീഴിൽ ഗവർണ്ണർക്കോ, ഏതെങ്കിലും അഭിപ്രായം നല്കുന്നതുസംബന്ധിച്ച് ഒരു അന്വേഷണവിചാരണ നടത്തുന്നത് ആവശ്യകമാണെന്നോ ഉചിതമാണെന്നോ തിരഞ്ഞെടുപ്പു കമ്മിഷൻ കരുതുകയും, അങ്ങനെയുള്ള അന്വേഷണവിചാരണയിൽ ബന്ധപ്പെട്ട കക്ഷികൾ സ്വമേധയാ ഫയൽ ചെയ്യുന്ന സത്യവാങ്മൂലങ്ങളുടേയും, ഹാജരാക്കുന്ന രേഖകളുടേയും അടിസ്ഥാനത്തിൽ അന്വേഷണവിചാരണ നടത്തുന്ന വിഷയത്തിൻമേൽ നിർണ്ണായകമായ അഭിപ്രായത്തിൽ എത്തിച്ചേരാൻ കമ്മിഷന് കഴിയുകയില്ലെന്ന് കമ്മിഷന് ബോദ്ധ്യപ്പെടുകയും ചെയ്യുന്നിടത്ത്, കമ്മിഷന് അങ്ങനെയുള്ള അന്വേഷണവിചാരണയുടെ ആവശ്യങ്ങൾക്ക്, താഴെപറയുന്ന വിഷയങ്ങൾ സംബന്ധിച്ച് ഒരു സിവിൽക്കോടതിക്ക്, സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ൻ കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഉണ്ടായിരിക്കുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്—

(ക) ഏതെങ്കിലും ആളെ സമൺ ചെയ്യുകയും ഹാജരാക്കിക്കുകയും അയാളെ ശപഥത്തിൻമേൽ വിസ്തരിക്കുകയും ചെയ്യുന്നത്;

(ഖ) ഏതെങ്കിലും രേഖയോ തെളിവായി ഹാജരാക്കാവുന്ന മററു ലക്ഷ്യവസ്തുവോ വെളിപ്പെടുത്താനും ഹാജരാക്കാനും ആവശ്യപ്പെടുന്നത ;

(ഗ) സത്യവാങ്മൂലങ്ങളിൻമേൽ തെളിവ് സ്വീകരിക്കുന്നത്;

(ഘ) ഏതെങ്കിലും കോടതിയിൽനിന്നോ ആഫീസിൽനിന്നോ ഏതെങ്കിലും പബ്ലിക് റിക്കാർഡോ, അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നത്;

(ങ) സാക്ഷികളെ വിസ്തരിക്കുന്നതിനോ രേഖകൾ പരിശോധിക്കുന്നതിനോ കമ്മിഷനുകളെ നിയമിക്കുന്നത്;

(2) കമ്മിഷന്, ഏതെങ്കിലും ആളോട് തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ അയാൾക്ക് അവകാശപ്പെടാവുന്ന ഏതെങ്കിലും പ്രത്യേകാവകാശത്തിനുവിധേയമായി, കമ്മിഷന്റെ അഭിപ്രായത്തിൽ അന്വേഷണവിചാരണയുടെ വിഷയവസ്തുവിന് ഉപയോഗപ്രദമോ പ്രസക്തമോ ആകാവുന്ന പ്രശ്നങ്ങളിൻമേലോ വിഷയങ്ങളിൻമേലോ വിവരം നല്കാൻ ആവശ്യപ്പെടുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതും ആണ്.

(3) കമ്മിഷൻ ഒരു സിവിൽക്കോടതിയായി കരുതപ്പെടുന്നതും, ഇൻഡ്യൻ ശിക്ഷാനിയമ സംഹിത (1860-ലെ 45)-യിലെ 175-ാം വകുപ്പിലോ 178-ാം വകുപ്പിലോ 179-ാം വകുപ്പിലോ 18-ാം വകുപ്പിലോ 228-ാം വകുപ്പിലോ വിവരിച്ചതുപോലെയുള്ള ഏതെങ്കിലും കുററം കമ്മിഷൻ കാൺകെയോ കമ്മിഷന്റെ സാന്നിദ്ധ്യത്തിൽ വച്ചോ ചെയ്യുന്നിടത്ത്, കമ്മിഷന് ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898-ലെ 5)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളവിധം, കുററത്തെ കുററമാക്കുന്ന വസ്തുതകളും, പ്രതിയുടെ സ്റേറററ്മെൻറും റിക്കാർഡാക്കിയതിനുശേഷം, കേസ്, അത് വിചാരണചെയ്യാൻ അധികാരിതയുള്ള ഒരു മജിസ്ട്രേററിന് അയച്ചുകൊടുക്കാവുന്നതും അങ്ങനെയുള്ള ഏതെങ്കിലും കേസ് അയച്ചുകൊടുക്കപ്പെട്ടിട്ടുള്ള മജിസ്ട്രേററ്, പ്രതിക്ക് എതിരായുള്ള പരാതി കേസ് തനിക്ക് ക്രിമിനൽ നടപടി നിയമ സംഹിത, 1898, 482-ാം വകുപ്പിൻ കീഴിൽ അയച്ചുകിട്ടിയതായിരുന്നാലെന്നപോലെ കേൾക്കാൻ നടപടി തുടരേണ്ടതും ആകുന്നു.

(4) കമ്മീഷൻ മുമ്പാകെയുള്ള ഏതെങ്കിലും നടപടിയും ഇൻഡ്യൻ ശിക്ഷാനിയമ സംഹിത (1860-ലെ 45) 193-ാം വകുപ്പിൻേറയും 228-ാം വകുപ്പിൻേറയും അർത്ഥത്തിൽ നീതന്യായ നടപടിയായി കരുതപ്പെടുന്നതാകുന്നു.

146 ക. <u>ആളുകൾ തിരഞ്ഞെടുപ്പു കമ്മീഷനോട് ചെയ്യുന്ന പ്രസ്താവനകൾ.</u>—ഒരാൾ തിരഞ്ഞെടുപ്പു കമ്മീഷൻ മുമ്പാകെ തെളിവു നല്കുന്നതിന്റെ ഗതിയിൽ ചെയ്യുന്ന യാതൊരു പ്രസ്താവനയും, അങ്ങനെയുള്ള പ്രസ്താവന വഴി വ്യാജമായ തെളിവു നല്കുന്നതിനുള്ള പ്രോസിക്യൂഷനൊഴിച്ചുള്ള, ഏതെങ്കിലും സിവിലോ ക്രിമിനലോ ആയ നടപടിയ്ക്ക് അയാളെ വിധേയനാക്കുന്നതോ അങ്ങനെയുള്ള നടപടിയിൽ അയാൾക്കെതിരായി ഉപയോഗിക്കാൻ പാടുള്ളതോ അല്ല :

എന്നാൽ അതിന്, ആ പ്രസ്താവന—

(ക) കമ്മീഷൻ ആളോട് ഉത്തരം പറയാൻ ആവശ്യപ്പെടുന്ന ചോദ്യത്തിനുള്ള മറുപടി ആയിരിക്കുകയോ ; അല്ലെങ്കിൽ

(ഖ) അന്വേഷണ വിചാരണയുടെ വിഷയവസ്തുവിന് പ്രസക്തമായിരിക്കുകയോ ;

ചെയ്യണം.

146 ഖ. തിരഞ്ഞെടുപ്പു കമ്മീഷൻ അനുവർത്തിക്കേണ്ട നടപടി.—തിരഞ്ഞെടുപ്പു കമ്മീഷന്° (അതിന്റെ ഉപവേശനങ്ങൾക്കുള്ള സ്ഥലങ്ങളും സമയങ്ങളും നിജപ്പെടുത്തുകയും ഉപവേശനം പരസ്യമായി വേണമോ സ്വകാര്യമായി വേണമോ എന്ന്° നിശ്ചയിക്കുന്നതും ഉൾപ്പടെ) സ്വന്തം നടപടി ക്രമപ്പെടുത്താൻ അധികാരം ഉണ്ടായിരിക്കുന്നതാണ്°.

146 ഗ. ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്ന പ്രവൃത്തിക്കുള്ള സംരക്ഷണം.—കമ്മീഷനോ കമ്മീഷന്റെ നിദേശത്തിൻകീഴിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും ആൾക്കോ എതിരായി, ഈ അദ്ധ്യായത്തിലെ മുൻപറഞ്ഞ വ്യവസ്ഥകളോ, അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ഉത്തരവോ അനുസരിച്ച്° ഉത്തമവിശ്വാസത്തിൽ ചെയ്യുന്നതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ എന്തെങ്കിലും സംബന്ധിച്ചോ, അതതുസംഗതിപോലെ, രാഷ്ട്രപതിക്കോ ഗവർണ്ണർക്കോ കമ്മീഷൻ ഏതെങ്കിലും അഭിപ്രായം നല്കുന്നതു സംബന്ധിച്ചോ, കമ്മീഷന്റെ പ്രാധികാരപ്രകാരമോ പ്രാധികാരത്തിൻ കീഴിലോ അങ്ങനെയുള്ള ഏതെങ്കിലും അഭിപ്രായമോ പേപ്പറോ നടപടികളോ പ്രസിദ്ധപ്പെടുത്തുന്നത്° സംബന്ധിച്ചോ യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മററു നിയമ നടപടിയോ നിലനില്ക്കുന്നതല്ല.

## ഭാഗം IX

## ഉപ തിരഞ്ഞെടുപ്പുകൾ

147. രാജ്യസഭയിലെ യാദൃച്ഛികമായ ഒഴിവുകൾ.—(1) രാജ്യ സഭയിലേയ്ക്കു തിരഞ്ഞെടുക്കപ്പെടുന്ന ഒരു അംഗത്തിന്റെ ഉദ്യോഗ കാലാവധി കഴിയുന്നതിനു മുമ്പ്, അയാളുടെ സ്ഥാനം ഒഴിവാകുകയോ, ഒഴിവായതായി പ്രഖ്യാപിക്കപ്പെടുകയോ, അല്ലെങ്കിൽ രാജ്യ സഭയിലേയ്ക്കുള്ള അയാളുടെ തിരഞ്ഞെടുപ്പു ശൂന്യമാണെന്നു പ്രഖ്യാപിക്കപ്പെടുകയോ ചെയ്യുമ്പോൾ, തിരഞ്ഞെടുപ്പു കമ്മീഷൻ, ഇൻഡ്യാ ഗസററിലെ വിജ്ഞാപനം വഴി, അതതുസംഗതിപോലെ, നിയമ സഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളോടോ ബന്ധപ്പെട്ട നിയോജക ഗണങ്ങളിലെ അംഗങ്ങളോടോ, അപ്രകാരം ഉണ്ടായിട്ടുള്ള ഒഴിവ്° പൂരിപ്പിക്കുന്നതിനുവേണ്ടി വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന തിയതിക്കു മുൻപ്° ഒരാളെ തിരഞ്ഞെടുക്കാൻ ആവശ്യപ്പെടേണ്ടതും, ഈ ആക്ററിലേയും അതിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയും ഉത്തരവുകളിലേയും വ്യവസ്ഥകൾ ആകാവുന്നത്ര അങ്ങനെയുള്ള ഒഴിവു പൂരിപ്പിക്കുന്നതിന്° ഒരു അംഗത്തെ തിരഞ്ഞെടുക്കപ്പെടുന്നതു സംബന്ധിച്ച്° ബാധകമായിരിക്കുന്നതും ആണ്°.

(2) ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്°, 1956-ന്റെ പ്രാരംഭത്തീയതിക്കുശേഷം ആകാവുന്നത്ര വേഗത്തിൽ, ആസ്സാം, ഒറീസ്സാ, ഉത്തർപ്രദേശ്° എന്നീ സ്റേററുകളിലേക്കും, ഡൽഹി, ഹിമാചൽപ്രദേശ്°, മണിപ്പുർ എന്നീ യൂണിയൻ രാജ്യക്ഷേത്രങ്ങളിലേയ്ക്കും തിരിച്ചുവച്ചിട്ടുള്ള സ്ഥാനങ്ങളിൽ, ആ തീയതി നിലവിലുള്ള ഒഴിവുകൾ പൂരിപ്പിക്കുന്നതിന്° ഉപതിരഞ്ഞെടുപ്പുകൾ നടത്തേണ്ടതാകുന്നു.

148. [ചില യൂണിയൻ രാജ്യ ക്ഷേത്രങ്ങളിലെ നിയോജക ഗണങ്ങളിലെ യാദൃച്ഛിക ഒഴിവുകൾ] ടെറിറേറാറിയൽ കൗൺസിൽസ്° ആക്ററ്°, 1956 (1956-ലെ 103) 66-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

149. ലോക സഭയിലെ യാദൃച്ഛിക ഒഴിവുകൾ.—(1) ലോക സഭയിലേയ്ക്കു തിരഞ്ഞെടുക്കപ്പെടുന്ന ഒരംഗത്തിന്റെ സ്ഥാനം ഒഴിവാക്കുകയോ ഒഴിവായതായി പ്രഖ്യപിക്കപ്പെടുകയോ, അല്ലെങ്കിൽ ലോക സഭയിലേയ്ക്കുള്ള

അയാളുടെ തിരഞ്ഞെടുപ്പ് ശൂന്യമാണെന്നു പ്രഖ്യാപിക്കപ്പെടുകയോ ചെയ്യുമ്പോൾ, തിരഞ്ഞെടുപ്പു കമ്മീഷൻ (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഇൻഡ്യാ ഗസററിലെ വിജ്ഞാപനം വഴി, ബന്ധപ്പെട്ട പാർലമെൻറ് നിയോജക മണ്ഡലത്തോട് അപ്രകാരം ഉണ്ടായിട്ടുള്ള ഒഴിവ് പൂരിപ്പിക്കുന്നതിനുവേണ്ടി വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന തീയതിക്കു മുൻപ് ഒരാളെ തിരഞ്ഞെടുക്കാൻ ആവശ്യപ്പെടേണ്ടതും, ഈ ആക്ററിലേയും അതിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയും ഉത്തരവുകളിലേയും വ്യവസ്ഥകൾ ആകാവുന്നത്ര, അങ്ങനെയുള്ള ഒഴിവു പൂരിപ്പിക്കുന്നതിന് ഒരംഗത്തെ തിരഞ്ഞെടുക്കുന്നതു സംബന്ധിച്ചു ബാധകമായിരിക്കുന്നതും ആണ്.

(2) അപ്രകാരം ഉണ്ടായിട്ടുള്ള ഒഴിവു അങ്ങനെയുള്ള ഏതെങ്കിലും നിയോജക മണ്ഡലത്തിൽ പട്ടികജാതികൾക്കോ, ഏതെങ്കിലും പട്ടിക ഗോത്ര വർഗ്ഗങ്ങൾക്കോ വേണ്ടി സംവരണം ചെയ്തിട്ടുള്ള ഒരു സ്ഥാനത്തിലെ ഒഴിവാണെങ്കിൽ, (1)-ാം ഉപ വകുപ്പിൻ കീഴിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനം ആ സ്ഥാനം പൂരിപ്പിക്കപ്പെടുന്നതിനുള്ള ആൾ, അതതു സംഗതിപോലെ, പട്ടിക ജാതികളിലോ അങ്ങനെയുള്ള പട്ടികഗോത്ര വർഗ്ഗങ്ങളിലോ പെട്ട ആളായിരിക്കണമെന്ന് വിനിർദ്ദേശിക്കേണ്ടതാകുന്നു.

150. സ്റേററ് നിയമസഭകളിലെ യാദൃച്ഛിക ഒഴിവുകൾ.—(1) ഒരു സ്റേററിലെ നിയമ സഭയിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ട ഒരു അംഗത്തിൻെറ സ്ഥാനം ഒഴിവാകുകയോ, ഒഴിവായതായി പ്രഖ്യാപിക്കപ്പെടുകയോ, അല്ലെങ്കിൽ നിയമസഭയിലേക്കുള്ള അയാളുടെ തിരഞ്ഞെടുപ്പ് ശൂന്യമാണെന്നു പ്രഖ്യാപിക്കപ്പെടുകയോ ചെയ്യുമ്പോൾ, തിരഞ്ഞെടുപ്പു കമ്മീഷൻ (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഔദ്യോഗിക ഗസററിലെ വിജ്ഞാപനം വഴി, ബന്ധപ്പെട്ട അസംബ്ലി നിയോജക മണ്ഡലത്തോട് അപ്രകാരം ഉണ്ടായിട്ടുള്ള ഒഴിവു പൂരിപ്പിക്കുന്നതിനുവേണ്ടി വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന തീയതിക്കു മുൻപ് ഒരാളെ തിരഞ്ഞെടുക്കാൻ ആവശ്യപ്പെടേണ്ടതും, ഈ ആക്ററിലേയും അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയും ഉത്തരവുകളിലേയും വ്യവസ്ഥകൾ ആകാവുന്നത്ര അങ്ങനെയുള്ള ഒഴിവ് പൂരിപ്പിക്കുന്നതിന് ഒരു അംഗത്തെ തിരഞ്ഞെടുക്കപ്പെടുന്നതു സംബന്ധിച്ചു ബാധകമായിരിക്കുന്നതും ആണ്.

(2) അപ്രകാരം ഉണ്ടായിട്ടുള്ള ഒഴിവ്, അങ്ങനെയുള്ള ഏതെങ്കിലും നിയോജക മണ്ഡലത്തിൽ, പട്ടികജാതികൾക്കോ ഏതെങ്കിലും പട്ടിക ഗോത്ര വർഗ്ഗങ്ങൾക്കോ സംവരണം ചെയ്തിട്ടുള്ള ഒരു സ്ഥാനത്തിലെ ഒഴിവാണെങ്കിൽ, (1)-ാം ഉപ വകുപ്പിൻ കീഴിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനം ആ സ്ഥാനം പൂരിപ്പിക്കപ്പെടുന്നതിനുള്ള ആൾ, അതതു സംഗതിപോലെ, പട്ടിക ജാതികളിലോ, അങ്ങനെയുള്ള പട്ടികഗോത്ര വർഗ്ഗങ്ങളിലോ പെട്ട ആളായിരിക്കണമെന്ന് വിനിർദ്ദേശിക്കേണ്ടതാകുന്നു.

151. സ്റേററ് നിയമ സമിതികളിലെ യാദൃച്ഛിക ഒഴിവുകൾ.—ഒരു സ്റേററിലെ നിയമസമിതിയിലേയ്ക്കു തിരഞ്ഞെടുക്കപ്പെടുന്ന ഒരംഗത്തിൻെറ ഉദ്യോഗ കാലാവധി കഴിയുന്നതിനുമുമ്പ് അയാളുടെ സ്ഥാനം ഒഴിവാകുകയോ ഒഴിവായതായി പ്രഖ്യാപിക്കപ്പെടുകയോ, അല്ലെങ്കിൽ നിയമ സമിതിയിലേക്കുള്ള അയാളുടെ തിരഞ്ഞെടുപ്പ് ശൂന്യമാണെന്നു പ്രഖ്യാപിക്കപ്പെടുകയോ ചെയ്യുമ്പോൾ, തിരഞ്ഞെടുപ്പു കമ്മീഷൻ, ഔദ്യോഗിക ഗസററിലെ വിജ്ഞാപനംവഴി, അതതു സംഗതിപോലെ, ബന്ധപ്പെട്ട നിയമസമിതി നിയോജക മണ്ഡലത്തോടോ സ്റേററിലെ നിയമ സഭയിലെ അംഗങ്ങളോടോ

ത്തപകാരം ഉണ്ടായിട്ടുള്ള ഒഴിവ് പൂരിപ്പിക്കുന്നതിനുവേണ്ടി വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന തീയതിക്ക് മുൻപ് ഒരാളെ തിരഞ്ഞെടുക്കാൻ ആവശ്യപ്പെടേണ്ടതും, ഈ ആക്റ്റിലേയും അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയും ഉത്തരവുകളിലേയും വ്യവസ്ഥകൾ ആകാവുന്നത്ര അങ്ങനെയുള്ള ഒഴിവു പൂരിപ്പിക്കുന്നതിന് ഒരംഗത്തെ തിരഞ്ഞെടുക്കുന്നതു സംബന്ധിച്ച് ബാധകമായിരിക്കുന്നതും ആണ്.

## ഭാഗം X

## പലവക

152. **സ്റ്റേറ്റ് നിയമസഭകളിലേയും നിയോജക ഗണങ്ങളിലേയും അംഗങ്ങളുടെ ലിസ്റ്റ് ബന്ധപ്പെട്ട വരണാധികാരികൾ വച്ചു പോരണമെന്ന്.**—

(1) രാജ്യസഭയിലെ ഒരു സ്ഥാനമോ സ്ഥാനങ്ങളോ പൂരിപ്പിക്കാൻ ഒരു സ്റ്റേറ്റിലെ നിയമസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാലുള്ള ഒരു തിരഞ്ഞെടുപ്പിനോ, അല്ലെങ്കിൽ ഒരു സ്റ്റേറ്റിലെ നിയമസമിതിയിലെ ഒരു സ്ഥാനമോ സ്ഥാനങ്ങളോ പൂരിപ്പിക്കാൻ ആ സ്റ്റേറ്റിലെ നിയമസഭയിലെ അംഗങ്ങളാലുള്ള ഒരു തിരഞ്ഞെടുപ്പിനോ ഉള്ള വരണാധികാരി, അങ്ങനെയുള്ള തിരഞ്ഞെടുപ്പിന്റെ ആവശ്യങ്ങൾക്കായി, അതതു സംഗതിപോലെ, ആ നിയമസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ ലിസ്റ്റോ, അല്ലെങ്കിൽ അംഗങ്ങളുടെ ലിസ്റ്റോ നിർണ്ണയിക്കപ്പെടുന്ന രീതിയിലും ഫാറത്തിലും തന്റെ ആഫീസിൽ വച്ചുപോരേണ്ടതാകുന്നു.

(2) രാജ്യസഭയിലെ ഒരു സ്ഥാനമോ സ്ഥാനങ്ങളോ പൂരിപ്പിക്കാൻ, ഒരു യൂണിയൻ രാജ്യക്ഷേത്രത്തിലുള്ള നിയോജക ഗണത്തിലെ അംഗങ്ങളാലുള്ള ഒരു തിരഞ്ഞെടുപ്പിനുള്ള വരണാധികാരി, അങ്ങനെയുള്ള തിരഞ്ഞെടുപ്പിന്റെ ആവശ്യങ്ങൾക്കായി, ആ നിയോജക ഗണത്തിലെ അംഗങ്ങളുടെ ലിസ്റ്റ് നിർണ്ണയിക്കപ്പെടുന്ന രീതിയിലും ഫാറത്തിലും തന്റെ ആഫീസിൽ വച്ചുപോരേണ്ടതാകുന്നു.

(3) (1)-ം, (2)-ം ഉപവകുപ്പുകളിൽ പരാമർശിച്ച ലിസ്റ്റുകളുടെ പകർപ്പുകൾ വില്പനയ്ക്ക് ലഭ്യമാക്കേണ്ടതാകുന്നു.

153. **തിരഞ്ഞെടുപ്പിന്റെ പൂർത്തീകരണത്തിന് സമയം നീട്ടിക്കൊടുക്കൽ.**—തിരഞ്ഞെടുപ്പുകമ്മീഷന്, മതിയായവയെന്ന് കരുതുന്ന കാരണങ്ങളാൽ, 30-ാം വകുപ്പിനോ 39-ാം വകുപ്പ് (1)-ാം ഉപ വകുപ്പിനോ കീഴിൽ, അത് പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിൽ, ആവശ്യകമായ ഭേദഗതികൾ വരുത്തിക്കൊണ്ട്, ഏതെങ്കിലും തിരഞ്ഞെടുപ്പിന്റെ പൂർത്തീകരണത്തിനുള്ള സമയം നീട്ടിക്കൊടുക്കാൻ ക്ഷമത ഉണ്ടായിരിക്കുന്നതാണ്.

154. **രാജ്യസഭയിലെ അംഗങ്ങളുടെ ഉദ്യോഗകാലാവധി.**—(1) രാജ്യസഭയിലെ, യാദൃച്ഛിക ഒഴിവ് പൂരിപ്പിക്കാൻ വരണം ചെയ്യപ്പെടുന്ന അംഗമല്ലാത്ത ഒരംഗത്തിന്റെ ഉദ്യോഗകാലാവധി (2), (2ക) എന്നീ ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ആറു വർഷമായിരിക്കുന്നതാണ്.

(2) രാജ്യസഭയുടെ പ്രഥമ സംവിധാനത്തോടെ അതിനുശേഷമുള്ള ഏതൊരു രണ്ടാംവർഷവും ഒരോ വിഭാഗത്തിലേയും സ്ഥാനങ്ങൾ വഹിക്കുന്ന ംഗങ്ങളുടെ മൂന്നിൽ ഒരു ഭാഗത്തിന് ആകുന്നിടത്തോളം അടുത്ത് വരുന്നത്ര

അംഗങ്ങൾ സ്ഥാനം ഒഴിയുന്നതിനുവേണ്ടി, രാഷ്ട്രപതി തിരഞ്ഞെടുപ്പുകമ്മീ
ഷനുമായി ആലോചിച്ചതിനുശേഷം, അപ്പോൾ വരണം ചെയ്യപ്പെട്ടിട്ടുള്ള അംഗ
ങ്ങളിൽ ചിലരുടെ ഉദ്യോഗകാലാവധി വെട്ടിക്കുറയ്ക്കുന്നതിന് യുക്തമെന്ന്
തോന്നുന്ന വ്യവസ്ഥ ഉത്തരവുവഴി ഉണ്ടാക്കേണ്ടതാകുന്നു.

(2ക) 1958 ഏപ്രിൽ രണ്ടാം ദിവസവും, അതിനുശേഷം ഏതൊരു
രണ്ടാംവർഷം കഴിയുന്നതോടെയും അംഗങ്ങളുടെ മൂന്നിലൊരുഭാഗത്തിന് ആകു
ന്നിടത്തോളം അടുത്തുവരുന്നത്ര അംഗങ്ങൾ, സ്ഥാനം ഒഴിയുന്നതിനുവേണ്ടി
രാഷ്ട്രപതി ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 1956-ന്റെ പ്രാരംഭ
ത്തിനുശേഷം ആകുന്നത്ര വേഗത്തിൽ, തിരഞ്ഞെടുപ്പുകമ്മീഷനുമായി ആലോ
ചിച്ചതിനുശേഷം, 147-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ തിരഞ്ഞെടുക്ക
പ്പെട്ട അംഗങ്ങളുടെ ഉദ്യോഗകാലാവധികൾ സംബന്ധിച്ച് യുക്തമെന്ന്
തോന്നുന്ന വ്യവസ്ഥകൾ ഉത്തരവുവഴി ഉണ്ടാക്കേണ്ടതാകുന്നു.

(3) ഒരു യാദൃച്ഛിക ഒഴിവ് പൂരിപ്പിക്കുന്നതിന് വരണം ചെയ്യപ്പെ
ടുന്ന അംഗം, അയാളുടെ മുൻഗാമിയുടെ ഉദ്യോഗകാലാവധിയുടെ ബാക്കി ഭാഗം
സേവനം അനുഷ്ഠിക്കാനായി വരണം ചെയ്യപ്പെടേണ്ടതാകുന്നു.

155. <u>രാജ്യസഭയിലെ അംഗങ്ങളുടെ ഉദ്യോഗകാലാവധിയുടെ പ്രാരംഭം.—</u>
(1) 71-ാം വകുപ്പിൻകീഴിൽ ഔദ്യോഗിക ഗസററിൽ പേര് വിജ്ഞാപനം ചെയ്യ
പ്പെടേണ്ടതായുള്ള ഒരു രാജ്യസഭാംഗത്തിന്റെ ഉദ്യോഗകാലാവധി, അങ്ങനെയുള്ള
വിജ്ഞാപനത്തിന്റെ തീയതി ആരംഭിക്കുന്നതാണ്.

(2) 71-ാം വകുപ്പിൻകീഴിൽ പേര് വിജ്ഞാപനം ചെയ്യപ്പെടേണ്ടത
ല്ലാത്ത ഒരു രാജ്യസഭാംഗത്തിന്റെ ഉദ്യോഗകാലാവധി, അതതുസംഗതിപോലെ,
തിരഞ്ഞെടുക്കപ്പെട്ടതായി അങ്ങനെയുള്ള ആളുടെ പേരടങ്ങുന്ന പ്രഖ്യാപനം
67-ാം വകുപ്പിൻ കീഴിൽ ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന തീയ
തിയോ 80-ാം അനുച്ഛേദം (1)-ാം ഖണ്ഡം (ക) ഉപഖണ്ഡത്തിനോ മറേറതെ
ങ്കിലും വ്യവസ്ഥയ്ക്കോ കീഴിൽ പുറപ്പെടുവിക്കുന്നതും രാജ്യസഭയിലേ
യ്ക്കുള്ള അങ്ങനെയുള്ള ആളുടെ നാമനിർദ്ദേശം അറിയിക്കുന്നതുമായ
വിജ്ഞാപനത്തിന്റെ തീയതിയോ ആരംഭിക്കുന്നതാണ്.

156. <u>സ്റേററ് നിയമസമിതികളിലെ അംഗങ്ങളുടെ ഉദ്യോഗകാലാവധി.—</u>
(1) സ്റേററ് നിയമസമിതിയിലെ യാദൃച്ഛിക ഒഴിവ് പൂരിപ്പിക്കാൻ
വരണം ചെയ്യപ്പെടുന്ന അംഗമല്ലാത്ത ഒരു അംഗത്തിന്റെ ഉദ്യോഗ കാലാവധി
ആറുവർഷമായിരിക്കുന്നതും, എന്നാൽ സമിതിയുടെ പ്രഥമസംവിധാനത്തോടെ,
അതിനുശേഷമുള്ള ഏതൊരു രണ്ടാം വർഷവും ഓരോവിഭാഗത്തിലേയും സ്ഥാന
ങ്ങൾ വഹിക്കുന്ന അംഗങ്ങളുടെ മൂന്നിലൊരു ഭാഗത്തിന് ആകുന്നിടത്തോളം
അടുത്തുവരുന്നത്ര അംഗങ്ങൾ, സ്ഥാനം ഒഴിയുന്നതിനുവേണ്ടി ഗവർണ്ണർ
തിരഞ്ഞെടുപ്പുകമ്മീഷനുമായി ആലോചിച്ചതിനുശേഷം, അപ്പോൾ വരണം
ചെയ്യപ്പെട്ടിട്ടുള്ള അംഗങ്ങളിൽ ചിലരുടെ ഉദ്യോഗ കാലാവധി വെട്ടിക്കുറയ്ക്കു
ന്നതിന് യുക്തമെന്നു തോന്നുന്ന വ്യവസ്ഥ ഉത്തരവുവഴി ഉണ്ടാക്കേണ്ടതും
ആകുന്നു.

(2) ഒരു യാദൃച്ഛിക ഒഴിവ് പൂരിപ്പിക്കുന്നതിന് വരണം ചെയ്യപ്പെ
ടുന്ന അംഗം, അയാളുടെ മുൻഗാമിയുടെ ഉദ്യോഗ കാലാവധിയുടെ ബാക്കി ഭാഗം
സേവനം അനുഷ്ഠിക്കാനായി തിരഞ്ഞെടുക്കപ്പെടേണ്ടതാകുന്നു.

157. <u>നിയമസമിതിയിലെ അംഗങ്ങളുടെ ഉദ്യോഗകാലാവധിയുടെ</u>
<u>പ്രാരംഭം.</u>—(1) 74-ാം വകുപ്പിൻകീഴിൽ ഔദ്യോഗിക ഗസററിൽ പേര് വിജ്ഞാ
പനം ചെയ്യപ്പെടേണ്ടതായിട്ടുള്ള ഒരു സ്റേററിലെ നിയമസമിതി അംഗത്തിന്റെ
ഉദ്യോഗ കാലാവധി, അങ്ങനെയുള്ള ആ വിജ്ഞാപനത്തിന്റെ തീയതി ആരംഭി
ക്കുന്നതാകുന്നു.

(2) 74-ാം വകുപ്പിൻകീഴിൽ പേര് വിജ്ഞാപനം ചെയ്യപ്പെടേണ്ടതല്ലാത്ത ഒരു സ്റേററ് നിയമസമിതിയംഗത്തിന്റെ ഉദ്യോഗകാലാവധി, അതതുസംഗതി പോലെ, തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതായി അങ്ങനെയുള്ള ആളുടെ പേര് അടങ്ങുന്ന പ്രഖ്യാപനം, 67-ാം വകുപ്പിൻകീഴിൽ ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതിയോ, 171-ാം അനുച്ഛേദം (3)-ാം ഖണ്ഡം (ങ) ഉപഖണ്ഡത്തിൻ കീഴിൽ പുറപ്പെടുവിക്കുന്നതും, നിയമസമിതിയിലേക്കുള്ള അങ്ങനെയുള്ള ആളുടെ നാമനിർദ്ദേശം അറിയിക്കുന്നതുമായ വിജ്ഞാപനത്തിന്റെ തീയതിയോ ആരംഭിക്കുന്നതാണ്.

158. <u>സ്ഥാനാർത്ഥിയുടെ കെട്ടിവച്ച പണം മടക്കിക്കൊടുക്കുകയോ കണ്ടുകെട്ടുകയോ ചെയ്യുന്നത്.</u>—(1) 34-ാം വകുപ്പിനോ, 39-ാം വകുപ്പ് (2)-ാം ഉപവകുപ്പിനോട് ചേർത്തു വായിക്കുന്ന 34-ാം വകുപ്പിനോ കീഴിൽ കെട്ടിവച്ച പണം, ഈ വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് അത് കെട്ടിവച്ച ആൾക്കോ അയാളുടെ നിയമാനുസൃത പ്രതിനിധിയ്ക്കോ മടക്കിക്കൊടുക്കുകയോ സമുചിതാധികാരസ്ഥാനത്തേയ്ക്ക് കണ്ടുകെട്ടുകയോ ചെയ്യേണ്ടതാകുന്നു.

(2) ഈ വകുപ്പിൽ ഇതിനുശേഷം പറയുന്ന സംഗതികളിലൊഴികെ, കെട്ടിവച്ച പണം തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചതിനുശേഷം പ്രായോഗികമായിടത്തോളം വേഗത്തിൽ മടക്കിക്കൊടുക്കേണ്ടതാകുന്നു.

(3) സ്ഥാനാർത്ഥിയെ മൽസരിക്കുന്ന സ്ഥാനാർത്ഥികളുടെ ലിസ്ററിൽ കാണിച്ചിട്ടില്ലാതിരിക്കുകയോ, അല്ലെങ്കിൽ വോട്ടെടുപ്പ് ആരംഭിക്കുന്നതിനു മുമ്പ് അയാൾ മരിക്കുകയോ ചെയ്യുന്നുവെങ്കിൽ, കെട്ടിവച്ച പണം, അതതുസംഗതിപോലെ, ലിസ്ററ് പ്രസിദ്ധപ്പെടുത്തിയതിനുശേഷമോ അയാളുടെ മരണത്തിനുശേഷമോ പ്രായോഗികമായിടത്തോളം വേഗത്തിൽ, മടക്കിക്കൊടുക്കേണ്ടതാകുന്നു.

(4) വോട്ടെടുപ്പ് നടത്തിയ ഒരു തിരഞ്ഞെടുപ്പിൽ, സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെടാതിരിക്കുകയും, അയാൾക്ക് ലഭിച്ച സാധുവായ വോട്ടുകളുടെ എണ്ണം, എല്ലാ സ്ഥാനാർത്ഥികൾക്കും കൂടി ലഭിച്ച സാധുവായ ആകെ വോട്ടുകളുടെ എണ്ണത്തിന്റെ ആറിലൊന്നിൽ കവിയാതിരിക്കുകയോ, അല്ലെങ്കിൽ ആ തിരഞ്ഞെടുപ്പിൽ ഒന്നിലധികം അംഗങ്ങൾ തിരഞ്ഞെടുക്കപ്പെടുന്ന സംഗതിയിൽ, അങ്ങനെ ലഭിച്ച സാധുവായ ആകെ വോട്ടുകളുടെ എണ്ണത്തെ തിരഞ്ഞെടുക്കപ്പെടേണ്ട സ്ഥാനാർത്ഥികളുടെ എണ്ണത്താൽ ഹരിച്ചുകിട്ടുന്നതിന്റെ ആറിലൊന്നിൽ കവിയാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, കെട്ടിവച്ച പണം കണ്ടുകെട്ടപ്പെടുന്നതും, എന്നാൽ ഇത് (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതുമാകുന്നു.

എന്നാൽ, കൈമാററം ചെയ്യാവുന്ന ഒററ വോട്ടുവഴി ആനുപാതിക പ്രാതിനിദ്ധ്യസമ്പ്രദായമനുസരിച്ച്, നടത്തപ്പെടുന്ന ഒരു തിരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെടാതിരിക്കുന്നിടത്ത്, ഒരു സ്ഥാനാർത്ഥി വരണം ചെയ്യപ്പെടാൻ മതിയായതായി ഇതിലേക്ക് നിർണ്ണയിക്കപ്പെടുന്ന വോട്ടുകളുടെ എണ്ണത്തിന്റെ ആറിലൊന്നിലും അധികം അയാൾക്ക് ലഭിക്കുന്നില്ലെങ്കിൽ, അയാൾ കെട്ടിവച്ച പണം കണ്ടുകെട്ടപ്പെടുന്നതാകുന്നു.

(5) (2), (3), (4) എന്നീ ഉപവകുപ്പുകളിൽ എന്തുതന്നെയിരുന്നാലും,—

(ക) ഒരു പൊതുതിരഞ്ഞെടുപ്പിൽ, സ്ഥാനാർത്ഥി, ഒന്നിലധികം പാർലമെന്ററി നിയോജകമണ്ഡലങ്ങളിലോ ഒന്നിലധികം അസംബ്ലി നിയോജകമണ്ഡലങ്ങളിലോ മൽസരിക്കുന്ന സ്ഥാനാർത്ഥിയാണെങ്കിൽ, കെട്ടിവച്ച പണത്തുകകളിൽ ഒന്നിലധികം മടക്കികൊടുക്കുന്നതല്ലാത്തതും മററുള്ളവ കണ്ടുകെട്ടപ്പെടുന്നതും;

(ഖ) സ്ഥാനാർത്ഥി ഒന്നിലധികം നിയമസമിതി നിയോജകമണ്ഡ
ലങ്ങളിലെ തിരഞ്ഞെടുപ്പിൽ, അല്ലെങ്കിൽ ഒരു നിയമസമിതി നിയോജകമണ്ഡ
ലത്തിലെ തിരഞ്ഞെടുപ്പിലും നിയമസമിതിയിലെ സ്ഥാനങ്ങൾ പൂരിപ്പി
ക്കാൻ സ്റ്റേററ് നിയമസഭാംഗങ്ങളാലുള്ള തിരഞ്ഞെടുപ്പിലും മൽസരിക്കുന്ന
സ്ഥാനാർത്ഥി ആണെങ്കിൽ, കെട്ടിവച്ച പണത്തുകകളിൽ ഒന്നിലധികം മടക്കി
ക്കൊടുക്കുന്നതല്ലാത്തതും, മററുള്ളവ കണ്ടുകെട്ടപ്പെടുന്നതും;
ആകുന്നു.

159. ഏതൊരു തദ്ദേശാധികാര സ്ഥാനങ്ങളിലേയും സ്റ്റാഫ് തിര
ഞ്ഞെടുപ്പ് പ്രവൃത്തിക്ക് ലഭ്യമാക്കപ്പെടണമെന്ന്.—ഒരു തിരഞ്ഞെടുപ്പ് സംബ
ന്ധിച്ച്, ഏതെങ്കിലും കർത്തവ്യങ്ങൾ നിർവഹിക്കുന്നതിന് ആവശ്യമായേക്കാ
വുന്ന സ്റ്റാഫിനെ ഏതെങ്കിലും വരണാധികാരിക്ക് ലഭ്യമാക്കിക്കൊടുക്കണ
മെന്ന്, 324-ാം അനുച്ഛേദം (4)-ാം ഖണ്ഡത്തിൻകീഴിൻ നിയമിക്കപ്പെടുന്ന
ഒരു പ്രാദേശിക കമ്മീഷണറോ ഒരു സ്റ്റേററിലെ മുഖ്യ തിരഞ്ഞെടുപ്പ് ഉദ്യോ
ഗസ്ഥനോ അപേക്ഷിക്കുമ്പോൾ, ആ സ്റ്റേററിലെ ഏതൊരു തദ്ദേശാധികാര
സ്ഥാനവും അപ്രകാരം ലഭ്യമാക്കികൊടുക്കേണ്ടതാകുന്നു.

160. തിരഞ്ഞെടുപ്പാവശ്യങ്ങൾക്കായി കെട്ടിടപരിസരങ്ങൾ, വാഹനങ്ങൾ
മുതലായവയുടെ അധിഗ്രഹണം.—(1) സ്റ്റേററിനകത്തുവെച്ച് നടത്തപ്പെടുന്ന
ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച്,—

(ക) ഏതെങ്കിലും കെട്ടിടപരിസരങ്ങൾ പോളിങ്ങ് സ്റ്റേഷനായോ
വോട്ടെടുപ്പു നടത്തിയതിനുശേഷം ബാലററ്പെട്ടികൾ സൂക്ഷിക്കുന്നതിനായോ
ഉപയോഗിക്കാൻ ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ;
അല്ലെങ്കിൽ

(ഖ) ഏതെങ്കിലും വാഹനമോ ജലയാനമോ മൃഗമോ ബാലററ്പെട്ടി
കളുടെ ഏതെങ്കിലും പോളിങ്ങ് സ്റ്റേഷനിലേക്കോ അവിടെനിന്നോ ഉള്ള പരിവ
ഹണത്തിന് വേണ്ടിയോ, അല്ലെങ്കിൽ അങ്ങനെയുള്ള തിരഞ്ഞെടുപ്പിന്റെ നടത്തി
പ്പിനിടയിൽ ക്രമസമാധാനപാലനത്തിനായുള്ള പോലീസ് സേനയിലെ അംഗ
ങ്ങളുടെ പരിവഹണത്തിനുവേണ്ടിയോ, അല്ലെങ്കിൽ അങ്ങനെയുള്ള തിരഞ്ഞെ
ടുപ്പുസംബന്ധമായ ഏതെങ്കിലും കർത്തവ്യങ്ങളുടെ നിർഹവ്വണത്തിനായുള്ള
ഏതെങ്കിലും ഉദ്യോഗസ്ഥന്റേയോ മററ് ആളുടേയോ പരിവഹണത്തിനു
വേണ്ടിയോ ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ;

തോന്നുന്നുവെങ്കിൽ, സ്റ്റേററ് ഗവൺമെൻറിന്, അതതുസംഗതിപോലെ,
അങ്ങനെയുള്ള കെട്ടിടപരിസരങ്ങളോ, അങ്ങനെയുള്ള വാഹനത്തേയോ, ജലയാന
ത്തേയോ, മൃഗത്തേയോ ലിഖിതമായ ഉത്തരവ് വഴി അധിഗ്രഹിക്കാവുന്നതും,
അധിഗ്രഹണം സംബന്ധിച്ച് ആവശ്യമാണെന്നോ സമീചീനമാണെന്നോ
തോന്നുന്ന കൂടുതൽ ഉത്തരവുകൾ പാസ്സാക്കാവുന്നതുമാണ്:

എന്നാൽ, ഒരു സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പു സംബന്ധിച്ചുള്ള
ഏതെങ്കിലും ആവശ്യത്തിന്, ആ സ്ഥാനാർത്ഥിയോ അയാളുടെ ഏജന്റോ
നിയമാനുസൃതം ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും വാഹനത്തേയോ
ജലയാനത്തേയോ മൃഗത്തേയോ അങ്ങനെയുള്ള തിരഞ്ഞെടുപ്പിലെ വോട്ടെടുപ്പ്
പൂർത്തിയാകുന്നതുവരെ, ഈ ഉപവകുപ്പിൻകീഴിൽ അധിഗ്രഹിക്കാൻ പാടുള്ള
തല്ല.

(2) അധിഗ്രഹണം, വസ്തുവിന്റെ ഉടമസ്ഥനോ അത് കൈവശമുള്ള
ആളോ ആണെന്ന് സ്റ്റേററ് ഗവൺമെൻറിനാൽ കരുതപ്പെടുന്ന ആളെ
അഭിസംബോധനം ചെയ്തുകൊണ്ടുള്ള ലിഖിതമായ ഉത്തരവുവഴി ചെയ്യേണ്ടതും,

അങ്ങനെയുള്ള ഉത്തരവ്, അത് ആരെ അഭിസംബോധനം ചെയ്തുകൊണ്ടുള്ളതാണോ, ആ ആരംക്ക് നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നടത്തേണ്ടതും ആകുന്നു.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും വസ്തു അധിഗ്രഹിക്കുമ്പോഴെല്ലാം, അങ്ങനെയുള്ള അധിഗ്രഹണത്തിൻെറ കാലാവധി, ആ ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങളിൽ ഏതിനെങ്കിലും അങ്ങനെയുള്ള വസ്തു വേണ്ടതായിട്ടുള്ള കാലാവധിക്ക് അപ്പുറം പോകാൻ പാടുള്ളതല്ല.

(4) ഈ വകുപ്പിൽ—

(ക) "കെട്ടിടപരിസരങ്ങരം"ക്ക്, ഏതെങ്കിലും ഭൂമിയോ കെട്ടിടമോ കെട്ടിടത്തിൻെറ ഭാഗമോ എന്നർത്ഥമാകുന്നതും, അതിൽ കുടിലോ ഷെഡ്ഡോ, മററു പണിപ്പാടോ, അതിൻെറ ഏതെങ്കിലും ഭാഗമോ ഉരംപ്പെടുന്നതും ആകുന്നു.

(ഖ) 'വാഹന'ത്തിന്, റോഡു വഴിയുള്ള പരിവഹണത്തിനുവേണ്ടി ഉപയോഗിക്കുന്നതോ ഉപയോഗിക്കാൻ കഴിയുന്നതോ ആയ ഏതെങ്കിലും വാഹനം, അത് ശക്തിയാൽ ചലിപ്പിക്കുന്നതോ അല്ലാത്തതോ ആയാലും, എന്നർത്ഥമാകുന്നു.

161. <u>പ്രതികരം കൊടുക്കൽ.</u>—(1) 160-ാം വകുപ്പിന് അനുസൃതമായി, സ്റേററ് ഗവൺമെൻറ് ഏതെങ്കിലും കെട്ടിടപരിസരങ്ങരം അധിഗ്രഹിക്കുമ്പോഴെല്ലാം, തൽപരരായ ആളുകരംക്ക്, പ്രതികരം കൊടുക്കേണ്ടതും പ്രതികരത്തിൻെറ തുക, താഴെപറയുന്നവ, അതായത്—

(i) ആ കെട്ടിടപരിസരം സംബന്ധിച്ച് കൊടുക്കേണ്ട വാടകയും അല്ലെങ്കിൽ അപ്രകാരം യാതൊരു വാടകയും കൊടുക്കേണ്ടതില്ലെങ്കിൽ, ആ പ്രദേശത്ത് സദൃശകെട്ടിട പരിസരങ്ങരംക്ക് കൊടുക്കേണ്ട വാടകയും ;

(ii) ആ കെട്ടിട പരിസരങ്ങളുടെ അധിഗ്രഹണത്തിൻെറ അനന്തരഫലമായി തൽപരനായ ആരം, തൻെറ വാസസ്ഥലമോ ബിസിനസ്സ് സ്ഥലമോ മാറാൻ നിർബന്ധനാകുന്നുവെങ്കിൽ, അപ്രകാരം മാററുന്നതിന് ആനുഷംഗികമായ ന്യായമായ ചെലവുകരം, (വല്ലതുമുണ്ടെങ്കിൽ) അതും ;

പരിഗണനയിലെടുത്തുകൊണ്ട് നിശ്ചയിക്കേണ്ടതും ആകുന്നു:

എന്നാൽ ഏതെങ്കിലും തൽപരനായ ആരം, അപ്രകാരം നിശ്ചയിക്കപ്പെട്ട പ്രതികരത്തിൻെറ തുകയെക്കുറിച്ച് സങ്കടക്കാരനായിരിക്കെ, ആ വിഷയം ഒരു മദ്ധ്യസ്ഥന് റഫർ ചെയ്യാൻ നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിൽ സ്റേററ് ഗവൺമെൻറിന് അപേക്ഷ കൊടുക്കുന്നിടത്ത്, കൊടുക്കേണ്ട പ്രതികരത്തുക, സ്റേററ് ഗവൺമെൻറ് ഇതിലേയ്ക്ക് നിയമിക്കുന്ന മദ്ധ്യസ്ഥൻ നിശ്ചയിക്കുന്ന ഒന്നായിരിക്കുന്നതാണ്:

എന്നുമാത്രമല്ല, പ്രതികരം കിട്ടാനുള്ള ഉടമാവകാശത്തെക്കുറിച്ചോ പ്രതികരത്തുക വീതിക്കുന്നതിനെക്കുറിച്ചോ ഏതെങ്കിലും തർക്കം ഉള്ളിടത്ത്, സ്റേററ് ഗവൺമെൻറ്, അത് തീർപ്പിനായി സ്റേററ് ഗവൺമെൻറ് ഇതിലേയ്ക്ക് നിയമിക്കുന്ന ഒരു മദ്ധ്യസ്ഥന് റഫർ ചെയ്യേണ്ടതും, ആ മദ്ധ്യസ്ഥൻെറ തീരുമാനമനുസരിച്ച് തീർപ്പാക്കപ്പെടേണ്ടതും ആകുന്നു.

വിശദീകരണം.—ഈ ഉപവകുപ്പിൽ 'തൽപരനായ ആരം' എന്ന പദത്തിന്, 160-ാം വകുപ്പിൻകീഴിൽ അധിഗ്രഹിക്കപ്പെട്ട കെട്ടിട പരിസരങ്ങരം, അധിഗ്രഹണത്തിന് തൊട്ടുമുമ്പ് യഥാർത്ഥ കൈവശത്തിൽ ഉണ്ടായിരുന്ന ആളോ, യാതൊരാരംക്കും അങ്ങനെ യഥാർത്ഥ കൈവശമുണ്ടായിരുന്നില്ലെങ്കിൽ, ആ കെട്ടിട പരിസരങ്ങളുടെ ഉടമസ്ഥനോ, എന്നർത്ഥമാകുന്നു.

(2) 160-ാം വകുപ്പിനനുസൃതമായി സ്റ്റേററ് ഗവൺമെൻറ്, ഏതെങ്കിലും വാഹനത്തേയോ ജലയാനത്തേയോ മൃഗത്തേയോ അധിഗ്രഹിക്കുമ്പോഴെല്ലാം, അതിൻെറ ഉടമസ്ഥന് പ്രതികരം കൊടുക്കേണ്ടതും, പ്രതികരം ആ വാഹനത്തിൻേറയോ, ജലയാനത്തിൻേറയോ, മൃഗത്തിൻേറയോ വാടകയായി, ആ പ്രദേശത്ത് നിലവിലുള്ള യാത്രക്കൂലികളുടേയോ നിരക്കുകളുടേയോ അടിസ്ഥാനത്തിൽ സ്റ്റേററ് ഗവൺമെൻറ് നിശ്ചയിക്കേണ്ടതുമാകുന്നു:

എന്നാൽ, അങ്ങനെയുള്ള വാഹനത്തിൻേറയോ, ജലയാനത്തിൻേറയോ, മൃഗത്തിൻേറയോ ഉടമസ്ഥൻ, അപ്രകാരം നിശ്ചയിക്കപ്പെട്ട പ്രതികരത്തിൻെറ തുകയെക്കുറിച്ച് സങ്കടക്കാരനായിരിക്കെ, ആ വിഷയം ഒരു മദ്ധ്യസ്ഥന് റഫർ ചെയ്യാൻ നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിൽ സ്റ്റേററ് ഗവൺമെൻറിന് അപേക്ഷ കൊടുക്കുന്നിടത്ത്, പ്രതികരത്തുക സ്റ്റേററ് ഗവൺമെൻറ് ഇതിലേയ്ക്കു നിയമിക്കുന്ന മദ്ധ്യസ്ഥൻ നിശ്ചയിക്കുന്ന ഒന്നായിരിക്കുന്നതാണ്:

എന്നുമാത്രമല്ല, അധിഗ്രഹണത്തിന് തൊട്ടുമുൻപ് വാഹനമോ ജലയാനമോ, ഒരു ഹയർപർച്ചേസ് കരാറിൻെറ ബലത്തിൽ ഉടമസ്ഥനല്ലാത്ത ഒരാളുടെ കൈവശത്തിലായിരുന്നുവെങ്കിൽ, അധിഗ്രഹണം സംബന്ധിച്ച് കൊടുക്കേണ്ട ആകെ പ്രതികരമായി, ഈ ഉപവകുപ്പിൻകീഴിൽ, നിശ്ചയിക്കുന്ന തുക ആ ആൾക്കും ഉടമസ്ഥനും ഇടയിൽ അവർ തമ്മിൽ കരാർ ചെയ്യുന്ന രീതിയിലും അപ്രകാരം കരാർ ചെയ്യുന്നില്ലെങ്കിൽ സ്റ്റേററ് ഗവൺമെൻറ് ഇതിലേയ്ക്ക് നിയമിക്കുന്ന മദ്ധ്യസ്ഥൻ തീരുമാനിക്കുന്ന രീതിയിലും, വീതിക്കേണ്ടതാകുന്നു.

162. വിവരം സമ്പാദിക്കാനുള്ള അധികാരം.—സ്റ്റേററ് ഗവൺമെൻറിന്, 160-ാം വകുപ്പിൻകീഴിൽ ഏതെങ്കിലും വസ്തു അധിഗ്രഹിക്കുകയോ 161-ാം വകുപ്പിൻകീഴിൽ കൊടുക്കേണ്ട പ്രതികരം നിശ്ചയിക്കുകയോ ചെയ്യുന്ന ലക്ഷ്യത്തോടെ ഏതെങ്കിലും ആളോട് ഉത്തരവു വഴി, ഉത്തരവിൽ വിനിർദ്ദേശിക്കുന്ന അധികാരസ്ഥാനത്തിന് അപ്രകാരം വിനിർദ്ദേശിക്കുന്ന വസ്തു സംബന്ധിച്ച്, അയാൾക്കുള്ള വിവരം നല്കാൻ ആവശ്യപ്പെടാവുന്നതാണ്.

163. കെട്ടിടപരിസരങ്ങൾ മുതലായവയിൽ പ്രവേശിക്കാനും പരിശോധന നടത്തുവാനുമുള്ള അധികാരം.—(1) സ്റ്റേററ് ഗവൺമെൻറ്, ഇതിലേയ്ക്ക് പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ആൾക്ക്, ഏതെങ്കിലും കെട്ടിട പരിസരങ്ങളോ ഏതെങ്കിലും വാഹനമോ ജലയാനമോ മൃഗമോ സംബന്ധിച്ച്, 160-ാം വകുപ്പിൻകീഴിൽ ഉത്തരവു ചെയ്യണമോ എന്നും, ചെയ്യണമെങ്കിൽ ഏതു രീതിയിലായിരിക്കണമെന്നും നിശ്ചയിക്കുന്നതിനുവേണ്ടിയോ, അല്ലെങ്കിൽ ആ വകുപ്പിൻകീഴിൽ ചെയ്യുന്ന ഏതെങ്കിലും ഉത്തരവ് അനുസരിക്കപ്പെടുന്നത് ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെയോ ആ കെട്ടിട പരിസരങ്ങളിൽ പ്രവേശിക്കുകയും അങ്ങനെയുള്ള കെട്ടിടപരിസരങ്ങളും അതിലുള്ള ഏതെങ്കിലും വാഹനത്തേയും ജലയാനത്തേയും അല്ലെങ്കിൽ മൃഗത്തേയും പരിശോധിക്കുകയും ചെയ്യാവുന്നതാണ്.

(2) ഈ വകുപ്പിൽ 'കെട്ടിട പരിസരങ്ങൾ', 'വാഹനം' എന്നീ പദങ്ങൾക്ക് 160-ാം വകുപ്പിലുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

164. അധിഗ്രഹിക്കപ്പെട്ട കെട്ടിടപരിസരങ്ങളിൽനിന്നുള്ള ഒഴിപ്പിക്കൽ.—(1) അധിഗ്രഹിക്കപ്പെട്ട ഏതെങ്കിലും കെട്ടിടപരിസരങ്ങളുടെ കൈവശം 160-ാം വകുപ്പിൻകീഴിൽ ചെയ്യുന്ന ഏതെങ്കിലും ഉത്തരവ് ഉല്ലംഘിച്ചുകൊണ്ട് വച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും ആളെ, ആ കെട്ടിടപരിസരങ്ങളിൽനിന്ന്, സ്റ്റേററ് ഗവൺമെൻറ് ഇതിലേക്ക് അധികാരപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥന് സമ്മറിയായി ഒഴിപ്പിക്കാവുന്നതാണ്.

(2) അപ്രകാരം അധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥന്, പൊതുസ്ഥലത്തു പ്രത്യക്ഷപ്പെടാത്ത ഏതെങ്കിലും സ്ത്രീക്ക് ന്യായമായ മുന്നറിയിപ്പും പിൻമാറാനുള്ള സൗകര്യവും നല്കിയതിനുശേഷം, ഏതെങ്കിലും കെട്ടിടത്തിന്റെ ഏതെങ്കിലും പൂട്ടോ ഓടാമ്പലോ നീക്കം ചെയ്യുകയോ തുറക്കുകയോ, ഏതെങ്കിലും വാതിൽ കുത്തിത്തുറക്കുകയോ, അങ്ങനെ ഒഴിപ്പിക്കുന്നതിനാവശ്യമായ മറ്റേതെങ്കിലും കൃത്യം ചെയ്യുകയോ ചെയ്യാവുന്നതാണ്.

165. അധിഗ്രഹണത്തിൽനിന്ന് കെട്ടിടപരിസരങ്ങൾ മോചിപ്പിക്കുന്നത്.— (1) 160-ാം വകുപ്പിൻകീഴിൽ അധിഗ്രഹിക്കപ്പെട്ട ഏതെങ്കിലും കെട്ടിടപരിസരങ്ങൾ അധിഗ്രഹണത്തിൽനിന്ന് മോചിപ്പിക്കേണ്ടിയിരിക്കുമ്പോൾ, അതിന്റെ കൈവശം ആ കെട്ടിടപരിസരങ്ങൾ അധിഗ്രഹിക്കപ്പെട്ട സമയത്ത് ആരിൽനിന്നാണോ കൈവശമെടുത്തത്, ആ ആൾക്കോ, അങ്ങനെയുള്ള ആൾ ഇല്ലെങ്കിൽ ആ കെട്ടിടപരിസരങ്ങളുടെ ഉടമസ്ഥനാണെന്ന് ഗവൺമെന്റിനാൽ കരുതപ്പെടുന്ന ആൾക്കോ ഡെലിവർചെയ്യേണ്ടതും, അങ്ങനെ കൈവശം ഡെലിവർചെയ്യുന്നത്, അങ്ങനെയുള്ള ഡെലിവറി സംബന്ധിച്ച് സ്റ്റേറ്റ്ഗവൺമെന്റിനെ എല്ലാ ബാദ്ധ്യതകളിൽനിന്നും പൂർണ്ണമായി വിടുത്തൽ ആയിരിക്കുന്നതും, എന്നാൽ, അത് ആ കെട്ടിടപരിസരങ്ങൾ സംബന്ധിച്ച്, ആ കെട്ടിടപരിസരങ്ങൾ അപ്രകാരം ഡെലിവർ ചെയ്തത് ആർക്കാണോ, ആ ആൾക്കെതിരായി മുറപ്രകാരമുള്ള നിയമപ്രക്രിയവഴി മറ്റേതെങ്കിലും ആൾക്ക് പ്രാവർത്തികമാക്കാൻ അവകാശമുള്ള ഏതെങ്കിലും അവകാശങ്ങൾക്ക് ഭംഗംവരുത്തുന്നതല്ലാത്തതും ആകുന്നു.

(2) 160-ാം വകുപ്പിൻകീഴിൽ അധിഗ്രഹിക്കപ്പെട്ട ഏതെങ്കിലും കെട്ടിടപരിസരങ്ങളുടെ കൈവശം, (1)-ാം ഉപവകുപ്പിൻകീഴിൽ നല്കപ്പെടേണ്ട ആളെ കണ്ടെത്താൻ കഴിയാതിരിക്കുകയോ, അയാൾ ആരാണെന്ന് എളുപ്പത്തിൽ തിട്ടപ്പെടുത്താൻ കഴിയാതിരിക്കുകയോ, അയാൾക്ക് ഏജൻേറാ അയാൾക്കുവേണ്ടി ഡെലിവറി സ്വീകരിക്കാൻ അധികാരപ്പെടുത്തപ്പെട്ട മറ്റേതെങ്കിലും ആളോ ഇല്ലാതിരിക്കുകയോ ചെയ്യുന്നിടത്ത്, സ്റ്റേറ്റ്ഗവൺമെന്റ്, ആ കെട്ടിടപരിസരങ്ങൾ അധിഗ്രഹണത്തിൽനിന്ന് മോചിപ്പിച്ചിരിക്കുന്നു എന്ന് പ്രഖ്യാപിക്കുന്ന ഒരു നോട്ടീസ് ആ കെട്ടിടപരിസരങ്ങളുടെ ശ്രദ്ധയാകർഷിക്കത്തക്ക വല്ലഭാഗത്തും പതിപ്പിക്കുകയും, ആ നോട്ടീസ് ഔദ്യോഗികഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു.

(3) (2)-ാം ഉപവകുപ്പിൽ പരാമർശിച്ച ഒരു നോട്ടീസ് ഔദ്യോഗികഗസററിൽ പ്രസിദ്ധപ്പെടുത്തുമ്പോൾ, അങ്ങനെയുള്ള നോട്ടീസിൽ വിനിർദ്ദേശിക്കുന്ന കെട്ടിടപരിസരങ്ങൾ, അങ്ങനെ പ്രസിദ്ധപ്പെടുത്തിയ തീയതിയും അതു മുതല്ക്കും, അധിഗ്രഹണത്തിന് വിധേയമല്ലാതായിത്തീരുന്നതും, അതിന്റെ കൈവശത്തിന് അവകാശപ്പെട്ട ആൾക്ക് ഡെലിവർ ചെയ്യപ്പെട്ടതായി കരുതപ്പെടുന്നതും, ആ കെട്ടിടപരിസരങ്ങൾ സംബന്ധിച്ച് മുൻപറഞ്ഞ തീയതിക്ക് ശേഷമുള്ള ഏതെങ്കിലും കാലത്തെ ഏതെങ്കിലും പ്രതികരത്തിനോ മററുതേർച്ചക്കോ സ്റ്റേറ്റ് ഗവൺമെന്റിന് ബാദ്ധ്യതയുണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു.

166. അധിഗ്രഹണം സംബന്ധിച്ച സ്റ്റേറ്റ്ഗവൺമെന്റിന്റെ ചുമതലകളുടെ പ്രത്യായോജനം.— സ്റ്റേറ്റ്ഗവൺമെന്റിന്, 160 മുതൽ 165 വരെയുള്ള വകുപ്പുകളിലെ വ്യവസ്ഥകളിൽ ഏതെങ്കിലും, ആ ഗവൺമെന്റിന് നല്കുന്ന ഏതെങ്കിലും അധികാരങ്ങളോ, അതിന്റെമേൽ ചുമത്തുന്ന ഏതെങ്കിലും കർത്തവ്യമോ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നല്കുന്ന നിദേശത്തിൽ വിനിർദ്ദേശിക്കുന്ന ഉപാധികൾ വല്ലതും ഉണ്ടെങ്കിൽ, അവയ്ക്കു കീഴിൽ

അപ്രകാരം വിനിർദ്ദേശിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനാലോ തരം ഉദ്യോഗസ്ഥൻമാരാലോ പ്രയോഗിക്കപ്പെടുകയോ നിർവ്വഹിക്കപ്പെടുകയോ ചെയ്യുന്നതാണെന്ന്, ഔദ്യോഗികഗസററിലെ ആ വിജ്ഞാപനംവഴി, നിർദേശിക്കാവുന്നതാണ്.

167. അധിഗ്രഹണം സംബന്ധിച്ച ഏതെങ്കിലും ഉത്തരവിന്റെ ഉല്ലംഘനത്തിനുള്ള ദണ്ഡനം.— ഏതെങ്കിലും ആൾ 160-ാം വകുപ്പിനോ 162-ാം വകുപ്പിനോകീഴിൽ ചെയ്യപ്പെടുന്ന ഏതെങ്കിലും ഉത്തരവ് ഉല്ലംഘിക്കുന്നുവെങ്കിൽ, ഉല്ലംഘിച്ച ആൾ ഒരു വർഷത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

168. [മുൻ ഇൻഡ്യൻ സ്റേററുകളിലെ ഭരണാധികാരികളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ] ഇൻഡ്യൻ സ്റേററുകളിലെ ഭരണാധികാരികൾ (വിശേഷാവകാശങ്ങൾ നിറുത്തലാക്കൽ) ആക്ററ്, 1972 (1972-ലെ 54)-നാൽ റദ്ദാക്കപ്പെട്ടു.

## ഭാഗം XI

## സാമാന്യം

169. ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം.— (1) കേന്ദ്രഗവൺമെൻറിന്, തിരഞ്ഞെടുപ്പ് കമ്മീഷനുമായി ആലോചിച്ചതിനുശേഷം, ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതേയും, ആ ചട്ടങ്ങൾക്ക് താഴെ പറയുന്ന എല്ലാ വിഷയങ്ങൾക്കും, അല്ലെങ്കിൽ അവയിൽ ഏതെങ്കിലും വിഷയത്തിന് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്,—

(ക) പോളിംങ്ങ് സ്റേറഷനുകളിൽ പ്രിസൈഡിംങ്ങ് ഉദ്യോഗസ്ഥൻമാരുടേയും പോളിംഗ് ഉദ്യോഗസ്ഥൻമാരുടേയും കർത്തവ്യങ്ങൾ;

(ഖ) തിരഞ്ഞെടുപ്പ് പട്ടികനോക്കി സമ്മതിദായകൻമാരെ ചെക്ക്ചെയ്യുന്നത്;

(ഗ) സാമാന്യമായും നിരക്ഷരരായ സമ്മതിദായകൻമാരുടേയോ, ശാരീരികമോ മറേറാ ആയ അവശതയുള്ള സമ്മതിദായകൻമാരുടേയോ സംഗതിയിലും, വോട്ടുകൾ നല്കപ്പെടേണ്ട രീതി;

(ഘ) ഒരു നിയോജകമണ്ഡലത്തിലേക്ക് ഉള്ള നിയോജകനായിരിക്കെ, തനിക്ക് വോട്ടുചെയ്യാൻ അവകാശമില്ലാത്ത ഒരു പോളിംങ്ങ് സ്റേറഷനിൽ ഡ്യൂട്ടിക്ക് പ്രാധികാരപ്പെടുത്തപ്പെടുകയോ നിയമിക്കപ്പെടുകയോ ചെയ്യുന്ന ഒരു പ്രിസൈഡിംങ്ങ് ഉദ്യോഗസ്ഥനോ, പോളിംങ്ങ് ഉദ്യോഗസ്ഥനോ വോട്ടെടുപ്പ് ഏജൻേറാ മറേറതെങ്കിലും ആളോ വോട്ടുകൾ നല്കേണ്ടരീതി;

(ങ) ഒരു നിയോജകനായി മറെറാരാൾ വോട്ടുചെയ്തതിനുശേഷം, താനാണ് ആ നിയോജകനെന്ന് ബോധിപ്പിക്കുന്ന ഒരാൾ വോട്ട് ടെൻഡർ ചെയ്യുന്നത് സംബന്ധിച്ച് അനുവർത്തിക്കേണ്ട നടപടി ക്രമം.

(ഘ) ംകൈമാററം ചെയ്യാവുന്ന ഒററവോട്ട് വഴി ആനുപാതിക പ്രാതിനിദ്ധ്യസം പ്രദായമനുസരിച്ച് നടത്തപ്പെടുന്ന തിരഞ്ഞെടുപ്പുകളിൽ വോട്ടിങ്ങ് സംബന്ധിച്ച് അനുവർത്തിക്കേണ്ട നടപടിക്രമം;

(ങ) തിരഞ്ഞെടുപ്പിൻെറ ഫലം പ്രഖ്യാപിക്കുന്നതിനുമുമ്പ് വോട്ടുകൾ വീണ്ടും എണ്ണപ്പെടുന്ന കേസുകൾ ഉൾപ്പെടെ വോട്ടുകളുടെ സൂക്ഷ്മപരിശോധനയും എണ്ണലും;

(ജ) ബാലററ്പെട്ടികളുടേയും ബാലററ്പേപ്പറുകളുടേയും മററു തിരഞ്ഞെടുപ്പു പേപ്പറുകളുടേയും ഭദ്രമായ സൂക്ഷിപ്പും, ആ വക കടലാസുകൾ വച്ചിരിക്കേണ്ട കാലാവധിയും ആ കടലാസുകളുടെ പരിശോധനയും ഹാജരാക്കലും;

(ഝ) ഈ ആക്ററിനാൽ നിർണ്ണയിക്കപ്പെടേണ്ട മറേറതെങ്കിലും വിഷയം.

(3) ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്രവേഗത്തിൽ, പാർലമെൻറ് സമ്മേളിച്ചിരിക്കുമ്പോൾ, അതിൻെറ ഓരോ സഭയുടേയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അതു അപ്രകാരം വയ്ക്കപ്പെടുന്ന സമ്മേളനമോ അല്ലെങ്കിൽ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് ഇരുസഭകളും ആ ചട്ടം രൂപഭേദപ്പെടുത്തുകയോ പ്രഭാവശൂന്യമാക്കുകയോ ചെയ്യേണ്ടതാണെന്നുള്ളതിൽ യോജിക്കുന്നുവെങ്കിൽ അതിനുശേഷം ആ ചട്ടത്തിന്, അതതുസംഗതി പോലെ, ആ ചട്ടത്തിന് രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു: എന്നാൽ അത്, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പു ചെയ്യപ്പെട്ടിട്ടുള്ള എന്തിൻേറയെങ്കിലും സാധുതക്ക് ഭംഗംവരാത്തവിധത്തിലായിരിക്കുന്നതാണ്.

170. <u>സിവിൽക്കോടതികളുടെ അധികാരിതക്ക് തടസ്സം.—</u> വരണാധികാരിയോ, ഈ ആക്ററിൻകീഴിൽ നിയമിക്കപ്പെട്ട മറേറതെങ്കിലും ആളോ, ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച് എടുത്തിട്ടുള്ള ഏതെങ്കിലും നടപടിയുടേയോ നല്കപ്പെട്ടിട്ടുള്ള ഏതെങ്കിലും തീരുമാനത്തിൻെറയോ നിയമസാധുത ചോദ്യം ചെയ്യാൻ യാതൊരു സിവിൽക്കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ല.

171. [1920-ലെ 39-ാം ആക്ററ് റദ്ദാക്കൽ] റദ്ദാക്കലും ഭേദഗതി ചെയ്യലും ആക്ററ്, 1957 (1957-ലെ 36) 2-ാം വകുപ്പിനാലും 1-ാം പട്ടികയാലും റദ്ദാക്കപ്പെട്ടു.